കേരള പാഠാവലി മലയാളം

സ്റ്റാൻഡേർഡ് 8

H.S. 6
2018

കേരള പാഠാവലി

മലയാളം

GOVT. HIGH SCHOOL
Date........................
KOTTAYAM

സ്റ്റാൻഡേർഡ് 8

Price - Re. 1

വില 80 നയാ പൈസ.

1962

പ്രതിജ്ഞ

ഭാരതം എൻെറ നാടാണ്. എൻെറ സഹോദരീ സഹോദരന്മാരാണ് എല്ലാ ഭാരതീയരും. ഞാൻ എൻെറ നാടിനെ സ്നേഹിക്കുന്നു. അതിൻെറ സമൃദ്ധവും വിവിധവുമായ പരമ്പരാഗതസമ്പത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ആ സമ്പത്തിനു് അർഹനാകുവാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നതാണ്.

എൻെറ മാതാപിതാക്കന്മാരെയും ഗുരുജനങ്ങളെയും ഞാൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. എല്ലാവരോടും ഞാൻ വിനയത്തോടുകൂടിയേ പെരുമാറുകയുള്ളു. എല്ലാ ജീവികളോടും ഞാൻ ദയാലുവായിരിക്കും.

എൻെറ നാട്ടിനും നാട്ടുകാർക്കും ഞാൻ എൻെറ സേവനം സമർപ്പിക്കുന്നു. അവരുടെ യോഗക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണ് എൻെറ സുഖം.

©

The Government of Kerala

1962

അനുക്രമണിക

			പേജ്
1.	തിരുവോണം —എൻ. ഗോപാലപിള്ള	—	1
2.	ജന്തുക്കൾ കുട്ടികളെ വളർത്തുന്ന വിധങ്ങൾ —സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള		7
3.	വിശ്രമവേളയിലെ വിനോദപ്രവൃത്തികൾ —കെ. പി. കേശവമേനോൻ		16
4.	സ്വപ്നഗ്രാഹിയന്ത്രത്തിൻെറ തിരപ്പുറപ്പാട് —എം. ബാലരാമമേനോൻ		23
5.	ഒരു സിംഹവേട്ട —സി. അന്തപ്പായി	...	33
6.	ശാന്തിനികേതനം —എ. എം. പി.	—	41
7.	ജീവികളും അവയുടെ പരിസരങ്ങളും —ഡാക്ടർ കെ. ഭാസ്കരൻനായർ	...	50
8.	എവറസ്റ്റാരോഹണം —വി. വി. മേനോൻ	...	58
9.	എൻെറ മകൻ —പി. സി. കുട്ടിക്കൃഷ്ണൻ	...	64
10.	ദില്ലിയിലെ ചുവന്ന കോട്ട —എസ്സ്. കെ. പൊറെറക്കാട്ട്	...	76
11.	പൂക്കൾ —ശൂരനാട്ട കുഞ്ഞൻപിള്ള	...	83
12.	പഞ്ചവൻ കാട്ടിൽ —സി. വി. രാമൻപിള്ള	...	91
13.	കേരളകാളിദാസൻ —ഏ. ഡി. ഹരിശർമ്മ	...	98
14.	ലങ്കയിൽനിന്നും അയോദ്ധ്യയിലേക്കു —പി. കെ. പരമേശ്വരൻ നായർ	...	106
15.	തോന്നയ്ക്കൽ കണ്ട കാഴ്ച —ജോസഫ് മുണ്ടശ്ശേരി	...	112

പേജ്

16. ധമ്മപരീക്ഷകൾ ... 121
—കുട്ടിക്കൃഷ്ണമാരാർ

പദ്യം

17. സൗഗന്ധികപ്പൊയ്ക ... 127
—കുഞ്ചൻനമ്പ്യാർ
18. മഞ്ഞുകാലം ... 129
—ചെറുശ്ശേരി
19. അമ്മയും മകനും ... 131
—എഴുത്തച്ഛൻ
20. സൗഹൃദമാതൃക ... 133
—പൂന്താനം
21. കുചേലൻെറ യാത്ര ... 135
—രാമപുരത്തു വാര്യർ
22. മാതൃഭൂമിയോട് ... 138
—വള്ളത്തോൾ
23. നാട്ടിൻപുറത്തെ പ്രഭാതം ... 139
—കുറ്റിപ്പുറത്തു കേശവൻനായർ
24. കാക്ക ... 141
—വൈലോപ്പിള്ളി ശ്രീധരമേനോൻ
25. അശ്രുധാര ... 143
—നാലാങ്കൽ
26. എൻെറ പിച്ചി ... 144
—മുതുകുളം പാർവ്വതിഅമ്മ
27. ഹൃദയസ്മിതം ... 146
—ഇടപ്പിള്ളി രാഘവൻപിള്ള
28. സന്ധ്യാംബരം ... 148
—വി. സി. ബാലകൃഷ്ണപ്പണിക്കർ
29. എൻെറ അമ്മ ... 150
—സി. എ. ജോസഫ്
30. പുരോഗതി ... 151
—ഉള്ളൂർ

2018

H.S.6.

പാഠം 1

തിരുവോണം

മലയാളികളുടെ മഹോത്സവങ്ങളിൽ ഏററവും പ്രധാനമാണു തിരുവോണം. ഏതു ഋതുവിലും വസന്തത്തുവിൻെറ മനോഹാരിത കലന്ന കേരളഭൂമിക്ക്, ഒരു പുതുമ പുരണ്ട പൂക്കാലഭംഗി കൈവരുന്ന കാലമാണു പൊന്നിൻചിങ്ങമാസം. തളിത്തും പൂത്തും നിന്നുലയുന്ന ചെടികളും, ലതകളും, മരങ്ങളും കൊണ്ടു കേരളാന്തരീക്ഷം അന്നു ശബളാഭമാകും. പൊൻകതിർക്കുലകൾ കൊണ്ടു തല കുനിക്കുന്ന നെല്ലു നിറഞ്ഞ പാടങ്ങളിൽ നിന്നും കൃഷകൻെറ അറ നിറഞ്ഞു സംതൃപ്തികൊണ്ട് അകം നിറയുന്ന കാലമാണ് അതു്. ചൂടു കുറഞ്ഞ വെയിൽ തെളിയുന്ന പകലും, സുഖശീതളമായ രാത്രിയും, മന്ദമായി വീശുന്ന കുളിർകാററും കൊണ്ടു സുന്ദരതരമായി പൂക്കളും കായ്കളും കനികളും കൊണ്ടു സുഭിക്ഷം തികഞ്ഞ ഇക്കാലം നമുക്ക് ഉത്സവകാലമായതിൽ അത്ഭുതത്തിനു് അവകാശമില്ല.

ഭാരതരാജ്യം ഒട്ടാകെ പണ്ടേയ്ക്കുപണ്ടേ കൊണ്ടാടാറുള്ളതാണു വസന്തോത്സവം. അല്ല, ലോകമൊട്ടുക്കുള്ള ജനസമുദായങ്ങൾ പ്രാചീനകാലം തുടങ്ങി ആചരിച്ചു വന്നിട്ടുള്ളതും ഇന്നും ആചരിക്കുന്നതുമാണു വസന്തോത്സവം. ഒരു പേരിൽ അല്ലെങ്കിൽ മറെറാരു പേരിൽ —ഒരു രൂപത്തിൽ അല്ലെങ്കിൽ മറെറാരു രൂപത്തിൽ. ഓരോ ഋതുവിനും അനുരൂപങ്ങളായ ചില ആചാരങ്ങളും ആഘോഷങ്ങളും, ഓരോ നാട്ടിലും നടപ്പുള്ളതാണ്. അഭിനവമായ "മേദിനാ" ഘോഷം പോലും പ്രാചീനമായ "മേദിനാ" ഘോഷത്തിൻെറ—വസന്തോത്സവത്തിൻെറ തുടച്ച് മാത്രമാണ്.

പ്രകൃതി അവളുടെ രൂപസൗഭാഗ്യംകൊണ്ടും, വിഭവസമ്പത്തുകൊണ്ടും മനുഷ്യൻെറ മനം മയക്കുന്ന ചില

കാലവിശേഷങ്ങൾ ഉണ്ടെന്നു സൂചിപ്പിക്കുകയാണു്. അങ്ങനെയുള്ള കാലങ്ങളിൽ ഏററവും ആകർഷകമായ കാലം വസന്തകാലമാണു്. വാസന്തകാന്തിക്കു മകുടം ചാർത്തുന്നതു മധുമാസരാത്രിയിലെ മുഴുതിങ്കളാണു്. മലയാളനാട്ടിനു മധുമാസമായ ആവണിമാസത്തിലെ തിരുവോണം നാളിലാണല്ലോ മിക്കവാറും ചന്ദ്രനു പൂർണ്ണത സിദ്ധിക്കുന്നതും. അങ്ങനെ ഏതുകൊണ്ടും സമുചിതമാണു് ഈ ആഘോഷമെന്നു വന്നുകൂടുന്നു.

നമ്മുടെ തിരുവോണത്തിൻെറ നിദാനം കുറിക്കുന്ന ചില ഐതിഹ്യങ്ങൾ പ്രസിദ്ധമാണല്ലോ. പണ്ടൊരു കാലം മലനാടു വാണിരുന്ന മാവേലിത്തമ്പുരാൻ ആണ്ടിൽ ഒരിക്കൽ തൻെറ വാത്സല്യഭാജനങ്ങളായ പ്രജകളെ തൃക്കൺ പാർക്കാൻ എഴുന്നെള്ളുന്ന മഹനീയ സന്ദർഭമാണു് ഈ ഓണക്കാലമെന്നു പഴമക്കാർ പറഞ്ഞു് ഇളം പൈതങ്ങളെ വിശ്വസിപ്പിക്കാറുണ്ടു് ഇന്നും.

"മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ.
ആമോദത്തോടെ വസിക്കുംകാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും.
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ലപൊളിവചനം."

എന്നിങ്ങനെ സമത്വസുന്ദരവും, സൗഭാഗ്യസമ്പൂർണ്ണവുമായ ആ കഴിഞ്ഞുപോയ സുവർണ്ണകാലത്തെ വർണ്ണിച്ചു്, ആ സൗഭാഗ്യവിധാതാവായിരുന്ന തിരുമേനിയുടെ പുനരാഗമനത്തെ പ്രതീക്ഷിച്ചുള്ള എത്ര മോഹനസങ്കല്പങ്ങളാണു്, എത്ര ജനകീയകലാരൂപങ്ങളാണു് ഉദയം ചെയ്തിട്ടുള്ളതു്! പിമ്പോട്ടു തിരിഞ്ഞുനോക്കി പണ്ടെങ്ങാണ്ടു കഴിഞ്ഞുപോയെന്നു കരുതുന്ന കാമനീയകത്തെ ആസ്വാദിക്കുകയും, അങ്ങനെയൊരു കാലം ഒന്നുകൂടി വന്നുചേരാൻ ആശിക്കുകയും, ആശംസിക്കുകയും ചെയ്യുക മനുഷ്യമനസ്സിൻെറ മായാപ്രയോഗങ്ങളിൽപ്പെടുന്നവയാണു്.

ഏതായാലും ഒന്നു തീച്ച്യയാണ്. മഹാനായ പ്രാചീന മലയാളിയുടെ മഹനീയമായ സങ്കല്പം സമത്വസുന്ദരമായ ഒരു ഭൂതവും തത്തുല്യമായ ഭാവിയും ആണെന്നുള്ളതിനു സംശയമില്ല, അഭിനവങ്ങളായ സാമൂഹികാദർശങ്ങൾ രൂപം കൊള്ളുന്നതിനു് എത്രയോ കാലം മുമ്പ്!

ആരാണീ മാവേലി? പ്രഹ്ളാദന്റെ പൗത്രനായ മഹാബലിതന്നെ ആ അസുരചക്രവത്തി. ത്രൈലോക്യം ജയിച്ചടക്കിയ അസുരചക്രവത്തിയുടെ ആധിപത്യം അസഹ്യമായിത്തോന്നിയ ഇന്ദ്രൻ ഇമ്മാതിരി ഘട്ടങ്ങളിൽ സാധാരണ ചെയ്യാറുള്ളതുപോലെ മഹാവിഷ്ണുവിനെ ശരണം പ്രാപിക്കുന്നു. കശ്യപന്റെയും അദിതിയുടെയും പുത്രനായി, വാമനനായി (ഒരു മുണ്ടന്റെ രൂപത്തിൽ) വിഷ്ണു അവതരിക്കുന്നു. ഉദാരശീലനായ മഹാബലിയെ വാമനൻ ബ്രഹ്മചാരിവേഷത്തിൽ സമീപിച്ച് മൂന്നടി ഭൂമി ദാനം വേണമെന്നു് അപേക്ഷിക്കുന്നു. നിഷ്കളങ്കനായ മഹാബലി നിർവ്വിശങ്കം സമ്മതം അരുളുന്നു. പെട്ടെന്നു വാമനൻ വളന്നു രണ്ടു ചുവടുകൊണ്ടു ഭൂമിയും സ്വഗ്ഗവും അളക്കുന്നു. മൂന്നാമത്തെ ചുവടു ദാതാവായ ബലിയുടെ ശിരസ്സിൽവെച്ചു പരമോദാരനായ പ്രതിജ്ഞാപാലകനെ പാതാളത്തിലേക്കു തള്ളിവിടുന്നു. അവിടെ നിന്നു ബലി പുറത്തുപോകാതിരിക്കാൻ വിഷ്ണു ഇന്നും കാവൽ കിടക്കുന്നതായാണു കഥ പോകുന്നതു്. കേരളീയർ ആ അസുരചക്രവത്തിയെ സ്വന്തം പുരാതന ചക്രവത്തിയായും, ആണ്ടിൽ ഒരിക്കൽ നാടു കാണാൻ വിഷ്ണുവിനോടൊത്തു് എഴുന്നെള്ളുന്ന സ്വരാജ്യസ്നേഹിയായും സങ്കല്പിച്ചു് ആരാധിക്കുന്നു. വിഷ്ണുവിന്റെ എന്തു മഹത്വമാണു് ഈ കഥകൊണ്ടു സിദ്ധമാകുന്നതെന്നു വ്യക്തമല്ല.

ഒരു ഉത്സവമെന്നോ ആഘോഷമെന്നോ ഉള്ള നിലയിൽ അല്ലെങ്കിലും ഒരു പവിത്രമായ അനുഷ്ഠാനത്തിനു ചേന്ന വിശിഷ്ടദിവസമായി ശ്രാവണമാസത്തിലെ ശ്രവണദിവസം ആദരിക്കപ്പെട്ടിരുന്നുവെന്നു തീച്ച്യയാണ്.

VIII—60/24—1a

ഓണാഘോഷം സാധാരണമായി ചിങ്ങമാസത്തിലെ അത്തം മുതല്ക്കാണ്. ഇന്നും കേരളത്തിന്റെ നാനാ ഭാഗങ്ങളിലും നാട്ടിൻപുറങ്ങളിൽ വിശേഷിച്ചും വെളുക്കുംമുമ്പു കുളികഴിഞ്ഞു കുട്ടികൾ കുതിച്ചു കൂത്താടി പുറപ്പെടുകയായി, അത്തം നാൾതൊട്ടു പൂക്കൾ പറിക്കാൻ. അടിച്ചുവാരി വെടിപ്പാക്കി ചാണകം മെഴുകിയ മുററത്തു വിചിത്രവൎണ്ണങ്ങളിലുള്ള പുഷ്പങ്ങൾ കൊണ്ടു വൃത്താകൃതിയിലുള്ള ശില്പരചനയായി അടുത്ത പടി. അത്തം മുതൽ പൂവിടുന്നതു മാവേലിത്തമ്പുരാനെ പൂജിച്ചു സൽക്കരിക്കാനാണെന്നാണു സങ്കല്പം. മാവേലിയുടെ അടുത്തുതന്നെ തൃക്കാക്കര അപ്പനെയും മണ്ണുമെനഞ്ഞു പ്രതിഷ്ഠിച്ചു പൂജിക്കുന്നുണ്ടു്. വാമനനായി അവതരിച്ച വിഷ്ണു തന്നെയാണു തൃക്കാക്കര അപ്പൻ. ആലുവായ്ക്കു് അടുത്തുള്ള തൃക്കാക്കരക്ഷേത്രത്തിലെ പ്രതിഷ്ഠയാണല്ലോ വാമനമൂൎത്തി. പെരുമാക്കന്മാരുടെ പ്രതാപകാലത്തു തൃക്കാക്കര അമ്പലത്തിൽ ഓണം സംബന്ധിച്ചു് ഇരുപത്തെട്ടു ദിവസത്തെ ഉത്സവം ഉണ്ടായിരുന്നുവെന്നാണു് ഐതിഹ്യം. ആ ഉത്സവത്തിനു കേരളത്തിലെ നാടുവാഴികൾ എല്ലാം പരിവാരസമേതം എഴുന്നെള്ളിയിരുന്നുവത്രെ. ഉത്സവത്തിൽ പങ്കുകൊള്ളുവാനുള്ള പുറപ്പാടാണു പണ്ടത്തെ ചിട്ട അനുസരിച്ചു് ഇന്നും അത്തച്ചമയം എന്ന പേരിൽ കൊച്ചിത്തമ്പുരാനും, കോഴിക്കോട്ടു സാമൂതിരിയും ആഘോഷിച്ചുവരുന്നതു്.

പണ്ടു കേരളത്തിൽ പലയിടത്തും ഓണത്തിനും, അവിട്ടത്തിനും വിപുലമായ തോതിലുള്ള ചേരിപ്പോർ ഓണാഘോഷത്തിന്റെ ഒരു പ്രധാന ചടങ്ങായി നടന്നിരുന്നുവെന്നു വൈദേശിക സഞ്ചാരികളുടെ പ്രസ്താവനകളിൽനിന്നും ചില പഴയ കൃതികളിൽനിന്നും തെളിയുന്നുണ്ടു്.

വലിയ പടയുടെ മട്ടിൽ അല്ലെങ്കിലും ചേരി തിരിഞ്ഞുള്ള മത്സരങ്ങളും കളിപ്പോരുകളും ഇന്നും പലയിടത്തും നടക്കുന്നുണ്ടു്. അമ്പലപ്പുഴ വേലകളി മുതലായവ ഈ ചടങ്ങിനെ അനുസ്മരിപ്പിക്കുന്നവയാണല്ലോ.

കുളിയും തേവാരവും കഴിഞ്ഞു് ഓണപ്പുടവ അണി ഞ്ഞു്, പാല്പായസം വരെയുള്ള വിഭവങ്ങൾ കലർന്ന സദ്യയും ഉണ്ടു്, കുരവയും, കൂത്തും, ആട്ടവും, പാട്ടും, കളിയും, ചേരിപ്പോരും നടത്തുന്ന തിരുവോണാഘോഷത്തിൻെറ ചടങ്ങുകൾക്കു കുറഞ്ഞതു രണ്ടായിരം സംവത്സരത്തിൻെറ പഴക്കമുണ്ടെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. മലനാട്ടിൽ മാത്രമല്ല, പണ്ടത്തെ പാണ്ടിനാട്ടിലും ഈ ആഘോഷങ്ങൾ ഇതേ രീതിയിൽ നടന്നുവന്നതായി പ്രാചീന തമിഴ് സാഹിത്യത്തിൽനിന്നും തെളിയുന്നുണ്ടു്. ക്രിസ്ത്വബ്ദം രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന മാംകുടി മരുതനാർ എഴുതിയ 'മധുരൈക്കാഞ്ചി' എന്ന കൃതിയിൽനിന്നും അക്കാലത്തു മധുരാനഗരത്തിൽ ഓണം ആഘോഷിച്ചിരുന്നുവെന്നു വെളിവാകുന്നു. മാത്രമല്ല, നല്ലൊരു ചേരിപ്പോരും അവിടെ വർണ്ണിക്കുന്നുണ്ടു്.

ഓണപ്പുടവയായി കാരണവന്മാർ സാധാരണമായി സമ്മാനിക്കുന്നതു മഞ്ഞമുണ്ടാണെന്നും, എന്നാൽ, തെക്കൻ തിരുവിതാംകൂറിൽ നീലപ്പുടവയും പതിവുണ്ടെന്നും പത്മനാഭമേനോൻ പ്രസ്താവിക്കുന്നു. മധുരൈക്കാഞ്ചിയിലും 'ഹര്യക്ഷമാസ സമരോത്സവം' എന്ന പഴയ പാട്ടിലും നീലപ്പുടവ അണിയുന്നതു വർണ്ണിച്ചു കാണുന്നു.

ഏതായാലും അതിപ്രാചീനമായ ഒരു ആഘോഷമാണു തിരുവോണം എന്നുള്ളതിനു തർക്കമില്ല. ഈ മാതിരി ഋതൂത്സവങ്ങൾ ഗ്രീസിലും, റോമിലും അതിപുരാതന കാലത്തു് ഏതാണ്ടു് ഈ വിധത്തിലുള്ള ചടങ്ങുകളോടു കൂടി കൊണ്ടാടിയിരുന്നുവെന്നതു ചരിത്രസമ്മതമായ വസ്തുതയാണു്. പുരാതന ഗ്രീക്കുകാരുടെയും റോമാക്കാരുടെയും സൌികാലിയാ, ജൂവനേലിയാ, എന്ന രണ്ടു് ഉത്സവങ്ങളും ഈ മാതിരി ചടങ്ങുകളോടുകൂടിയവയായിരുന്നുവെന്നു ഫ്രാമ്പാർ തലോമീയോ പ്രസ്താവിക്കുന്നു. പുതിയ മതങ്ങളുടെ ആവിർഭാവത്തോടുകൂടി ആ ആഘോഷങ്ങളെല്ലാം അന്യദേശങ്ങളിൽ അസ്തമിച്ചു കഴിഞ്ഞു. തൊട്ടു കിടക്കുന്ന പാണ്ടിനാട്ടിൽപോലും പണ്ടു് ഉണ്ടായിരുന്നുവെന്നു കേട്ടാൽ വിശ്വസിക്കാത്തമട്ടിൽ മറഞ്ഞുകഴിഞ്ഞു

ആ ഉത്സവമെല്ലാം. മറക്കാനാവാത്ത ഏതോ ഒരു മഹാനുഭവത്തിൻെറ മധുരിമകൊണ്ടു മലയാളികൾ ഇന്നും ആഘോഷിക്കുകയാണു തിരുവോണം. മതാനുഷ്ഠാനങ്ങളുടെ സ്വരൂപം മാറി പുതിയ മതങ്ങളും പുതിയ ആചാരങ്ങളും വിശ്വാസങ്ങളും വന്നു കയറി ഈ ഉത്സവമെല്ലാം പുലർത്തിയിരുന്ന പ്രതാപം പൂണ്ട സ്ഥാനങ്ങൾ മങ്ങി മറയുകയായി. എന്നാലും ഇന്നും വീണ്ടും പുതിയ ഒരു ഉന്മേഷത്തോടും ആവേശത്തോടും, ആശയോടും, പ്രതീക്ഷയോടും കൂടി ആഘോഷിക്കുകയാണു നാം തിരുവോണം.

മാനുഷർ എല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കുന്ന

ആ മഹനീയമായ നല്ല നാളിനെ നമുക്കു ഹൃദയപൂർവ്വം സ്വാഗതം ചെയ്യാം.

കല്പനാശില്പം] [എൻ. ഗോപാലപിള്ള.

അഭ്യാസം

1. തിരുവോണത്തിൻെറ നിദാനം കുറിക്കുന്ന ഐതിഹ്യം വിവരിക്കുക.
2. പണ്ടു പാണ്ടിനാട്ടിലും തിരുവോണം ആഘോഷിച്ചിരുന്നുവെന്നുള്ളതിനു് എന്താണു് തെളിവു്?
3. താഴെക്കൊടുത്തിട്ടുള്ളവയെപ്പററി ഓരോ ഖണ്ഡിക എഴുതുക :—
   (i) ചിങ്ങമാസത്തിലെ പ്രകൃതിവിലാസം.
   (ii) അത്തച്ചമയം.
4. കുറിപ്പെഴുതുക :—
   മധുരൈക്കാഞ്ചി; ഹര്യക്ഷമാസസമയോത്സവം.
5. ഓണാഘോഷത്തെപ്പററി ഉപന്യസിക്കുക.
6. കവർഗ്ഗത്തിലെ മൃദു, ചവർഗ്ഗത്തിലെ ഘോഷം, പവർഗ്ഗത്തിലെ അനുനാസികം ഇവ ഉദാഹരിക്കുക.
7. ഹകാരത്തിനു വ്യാകരണത്തിൽ പറയുന്ന പേരെന്തു്?
8. വിസർഗ്ഗവും അനുസ്വാരവും ഉദാഹരിക്കാൻ ഈരണ്ടു വാക്കെഴുതുക.

പാഠം 2

GOVT. HIGH SCHOOL, KOTTAYAM. Date

ജന്തുക്കൾ കുട്ടികളെ വളൎത്തുന്ന വിധങ്ങൾ

മനുഷ്യർ സ്വശിശുക്കളെ വളൎത്തിക്കൊണ്ടുവരുവാൻ ചെയ്യുന്ന ശ്രമങ്ങൾ നമുക്കു നന്നേ പരിചിതങ്ങളാണു്. ശിശുക്കളെ വളൎത്തുവാൻ അശ്രാന്തമായ ശ്രദ്ധ മാതാപിതാക്കന്മാർ പ്രദൎശിപ്പിച്ചുകൊണ്ടിരിക്കുന്നു. കുട്ടികളുടെ ഹിതമനുവൎത്തിക്കുന്നതിൽ അച്ഛനമ്മമാൎക്കു യാതൊരലംഭാവവുമില്ല. കാലക്രമേണ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചു ലോകവ്യവഹാരത്തിനു സമൎത്ഥരാക്കുന്നു. സശ്രദ്ധമായി വളൎത്തപ്പെടുന്നില്ലെങ്കിൽ മനുഷ്യശിശുക്കൾ അല്പായുസ്സുകളായിപ്പോകയോ, അസമൎത്ഥന്മാരായിത്തീരുകയോ ചെയ്യുന്നു. മററു ജന്തുക്കളുടെ വിഷയത്തിൽ ഇപ്രകാരം വല്ല തൽപരതയും ഉണ്ടോ ? അവയെ വളൎത്തുന്ന ചുമതല പ്രകൃതിതന്നെ കൈയേററിരിക്കയാണോ ? അഥവാ അവയുടെ പരിപോഷണത്തിൽ മാതാപിതാക്കന്മാർ കേവലം ഉദാസീനങ്ങളാണോ ? തിൎയ്യക്കുകൾക്കു് അദ്ധ്യാപകന്മാരുണ്ടോ ? അതോ, അവ ഗുരുമുഖാപേക്ഷ കൂടാതെ വേണ്ട തന്റേടം സമ്പാദിക്കുമോ ?

മനുഷ്യരും, മൃഗങ്ങളും ഒരു മാതിരി ആത്മവഞ്ചന പ്രകൃത്യാ പരിശീലിക്കുന്നുണ്ടെന്നുള്ളതു നിസ്തൎക്കമാണു്. വിറകുവെട്ടണമെന്നോ, ഭൂമി കിളയ്ക്കണമെന്നോ, ചുമടു ചുമക്കണമെന്നോ പറഞ്ഞാൽ അതിനൊരഭിരുചിയും നമുക്കു തോന്നുകയില്ല. നേരെമറിച്ചു പന്തുകളിക്കുന്നതിനോ, ടെന്നീസു കളിക്കുന്നതിനോ ആണെങ്കിൽ എന്തു ശരീരശ്രമമാണു സഹിക്കാൻ നാം സന്നദ്ധരാകാത്തതു് ? വെറും വെട്ടും കിളയും നമുക്കു വിരസമാണെങ്കിലും നമ്മുടെ തോട്ടത്തിൽ വേണ്ട വേല ചെയ്യുന്നതിനു് എന്തുത്സാഹം നമുക്കു തോന്നാറുണ്ടു് ! നേരെമറിച്ചു ശമ്പളം കൊടുത്തു തോട്ടത്തിൽ

വേലയ്ക്കു നിയമിക്കപ്പെട്ടുന്ന തോട്ടക്കാരൻ, വേല എടു ക്കുന്നതിനു് എത്രമാത്രം വൈമുഖ്യം കാണിക്കുന്നു എന്നു നോക്കുക. ഇതുകൊണ്ടു വിചാരിക്കേണ്ടതു വിനോദരൂപത്തിലാണെങ്കിൽ ഏതു ശരീരക്ലേശവും നമുക്കു രമ്യമായിരിക്കുമെന്നും, അങ്ങനെയല്ലെങ്കിൽ അതൊരു ബുദ്ധിമുട്ടായി നാം ഗണിക്കുന്നുവെന്നുമാണു്. ഇങ്ങനെ ആത്മവഞ്ചന നാം അറിയാതെ നടന്നുകൊണ്ടിരിക്കുന്നതു പ്രകൃതിയുടെ കൗശലപ്രയോഗം നിമിത്തമാണു്. പ്രകൃതി പ്രായേണ ലീലാപ്രിയമാണു്. മനുഷ്യരുടെയോ തിര്യക്കുകളുടെയോ ശിശുക്കൾ ജാതമാത്രസ്ഥിതിയിൽ ശക്തിശൂന്യങ്ങളാകുന്നു. സ്വശിശുക്കളെ മനുഷ്യർ വളരെ ഗൗരവമായി വിചാരിച്ചു വളൎത്തുവാൻ തുടങ്ങുന്നു. മററു ജന്തുക്കൾ കുട്ടികളുടെ ക്രീഡകൾതന്നെ പാഠങ്ങളായിട്ടു പ്രയോഗിക്കുന്നു. അതായതു മൃഗാദികൾ കുട്ടികളെ കാൎയ്യപ്രാപ്തിയഭ്യസിപ്പിക്കുന്നതു ക്രീഡാവ്യാപാരം മുഖേന ആകുന്നു. അതിനെ വിശദീകരിക്കാൻ അനുഭവസ്ഥനായ ഒരുവൻെറ കഥ പറയാം.

വേട്ടയ്ക്കു പോയി ക്ഷീണിച്ചിട്ടു കുറെ വിശ്രമിക്കാമെന്നു വെച്ചു കാട്ടിൽ ഒരിടത്തു സ്വസ്ഥമായിരുന്നിരുന്ന ധീരയുടെ പുറകിൽ ഇടത്തുവശത്തു പെട്ടെന്നു ചാടി വീണു് ഒരു വ്യാഘ്രി പിടികൂടി. വലതുകൈപ്പാട്ടിലുണ്ടായിരുന്ന തോക്കു കൈയ്ക്കലാക്കുവാൻ ധീരയ്ക്കു സാധിച്ചെങ്കിലും, അതു പ്രയോഗിക്കുന്നതിനു മുമ്പു കടുവാ ധീരയെ വലിച്ചിഴച്ചുതുടങ്ങി. ആ ഘാതകിയുടെ വ്യവസായം എല്ലാം തരം കിട്ടുന്നതുവരെ സഹിക്കയല്ലാതെ ഗതിയില്ലെന്നു വെച്ചു മൃതപ്രായനായി കിടന്നിരുന്ന ധീരയെ വ്യാഘ്രഭാമിനി വലിച്ചു കാട്ടിനുള്ളിൽ ഒരിടത്തു കൊണ്ടിട്ടുകൊണ്ടു മന്ദമായിട്ടൊന്നമറി. ഉടനെ അതിൻെറ കുട്ടികൾ രണ്ടുംകൂടി വന്നുചേൎന്നു. മനുഷ്യവിഗ്രഹം കണ്ടു പരിഭ്രമിച്ച കുട്ടികളുടെ ഭീതി നിരാകരിച്ചു നിശ്ശങ്കമായി കൈവെയ്ക്കാമെന്നു പദേശിക്കുന്നതുപോലെ മാതാവു പാദതലങ്ങൾ കൊണ്ടു ധീരയെ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കൊണ്ടി

ച്ചുകൊട്ടുത്തു. അനന്തരം കുട്ടികൾ രണ്ടും ധാരയുടെ പാദപ്രദേശത്തു വന്നു കാലിൻെറ മീതെ അങ്ങോട്ടു മിങ്ങോട്ടും ചാടിക്കടന്നു കളിക്കുകയും ഒടുവിൽ അംകുരമായി സ്ഫുടിച്ചിരുന്ന പല്ലുകളും നഖങ്ങളും കാൽവണ്ണയിൽ പ്രയോഗിക്കുകയും ചെയ്തു. നരമേധത്തിനുള്ള മനുഷ്യപ്പശുവിനെപ്പോലെ കിടന്നിരുന്ന ധാരയുടെ മീതെ കാൽവെച്ചുനിന്നുകൊണ്ടു കുട്ടികളുടെ ആഹാരലീലനോക്കി രസിച്ചിരുന്ന മാതാവിൻെറ വക്ഷസ്സുടത്തിൽ തോക്കൊഴിക്കുവാൻ ഈ ഭയങ്കരമായ വിനോദവേള അനുകൂലിച്ചു. അങ്ങനെ ധാരയ്ക്കു മൃത്യുവക്ത്രത്തിൽനിന്നു രക്ഷകിട്ടി. ഈ സംഭവത്തിൽ ശ്രദ്ധേയമായ ചില സംഗതികളുണ്ട്: ഭക്ഷ്യനായ ധാരയെ പിടിച്ചിടത്തുവെച്ചു വധിക്കാതെ കുട്ടികളുടെ അടുക്കലേക്കു വ്യാഘ്രി വലിച്ചുകൊണ്ടു പോകുന്നു: കുട്ടികൾ ഭയന്നടുക്കാതിരുന്നിട്ടും തള്ള സ്വയം ഹനനത്തിനാരംഭിക്കുന്നില്ല. നേരെ മറിച്ചു കുട്ടികൾതന്നെ ആഹാരസാധനത്തെ കടിച്ചു കൊന്നു തിന്നുന്നതിനു പഠിക്കേണ്ടതാണെന്നുള്ള ഭാവത്തിൽ മാതാവു മാർഗ്ഗദർശിനിയായി നിന്നതേയുള്ളു. ക്രീഡാതൽപരങ്ങളായ ശിശുക്കളെക്കൊണ്ടു കാര്യം നിർവഹിക്കുന്നതിനാണു വ്യാഘ്രിയുടെ ഉത്സാഹം. ഇതു ക്രീഡാദ്വാരേണ തിര്യക്കുകൾ കുട്ടികൾക്കു ഭാവിജീവിതത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ട സാമർത്ഥ്യം അഭ്യസിപ്പിക്കുന്നതിനു് ഒരു നല്ല ദൃഷ്ടാന്തമാണു്.

ഇങ്ങനെയാണു സാധാരണ തിര്യക്കുകൾക്കു ബാല്യദശയിലുള്ള അഭ്യാസപദ്ധതി. പിറന്നു തീർന്നതിൽപ്പിന്നെ സ്വല്പകാലത്തേക്കു സിംഹത്തിൻെറയോ വ്യാഘ്രത്തിൻെറയോ കുട്ടികൾപോലും മാടപ്രാവിൻെറ കുട്ടികളെപ്പോലെ ബലഹീനങ്ങളും ശാന്തങ്ങളുമായിരിക്കും. തിരുവനന്തപുരത്തു കാഴ്ചബംഗ്ലാവിൽ പെൺപട്ടിയുടെ മുലപ്പാൽ കുടിച്ചു വളർന്നുവന്ന ഒരു സിംഹക്കുട്ടി ഉണ്ടായിരുന്നു. നഖങ്ങളും ദന്തങ്ങളും ഏറക്കുറെ പ്രയോഗിക്കാമെന്നായാൽ പിന്നെ മാതാപിതാക്കളുടെ അദ്ധ്യക്ഷതയിൽ മാംസചർവണക്രിയ അവ കളിയായിട്ടദ്ധ്യയനം

ചെയ്യുന്നു. പിന്നീടു കാലക്രമേണ മററു ജന്തുക്കളെ വധിച്ചു ഭക്ഷിക്കുവാൻ അവയ്ക്കു പ്രാപ്തിയുണ്ടാകുന്നു.

മനുഷ്യശിശുക്കളെ ചെന്നായ്ക്കൾ എടുത്തു വളർത്തിയിട്ടുള്ളതായി പല കഥകൾ പൂർവകാലംമുതൽ പ്രസിദ്ധങ്ങളായിട്ടുണ്ട്. അവയുടെ വിശ്വാസയോഗ്യതയെപ്പററി പലരും സംശയാലുക്കളായിരുന്നു. എന്നാൽ സ്വല്പകാലം മുൻപ് ഉത്തര ഇൻഡ്യയിൽ ഒരിടത്തു ചെന്നായ്ക്കളുടെ കൂട്ടിൽനിന്നു രണ്ടു മനുഷ്യശിശുക്കളെ കണ്ടെടുത്തതായി വിശ്വാസയോഗ്യമായ വൃത്താന്തം വർത്തമാനപ്പത്രങ്ങളിൽ പ്രസിദ്ധപ്പെട്ടത്തിയിരുന്നതു ചിലർ വായിച്ചിരിക്കാനിടയുണ്ട്. ഇതു് ഒരു വലിയ അത്ഭുതംതന്നെയാകുന്നു. ക്രൂരസത്വങ്ങളായ ചെന്നായ്ക്കൾ മുതിൎന്ന മനുഷ്യരെത്തന്നെ കൊന്നു രക്തം കുടിക്കുന്നവയാണു്. അത്ര നൃശംസങ്ങളായ ചെന്നായ്ക്കൾ മനുഷ്യശിശുക്കളെ ഹിംസിക്കാതെ ലാളിച്ചു വളർത്തുന്നതിൻെറ രഹസ്യമെന്തായിരിക്കും? ചെന്നായ്ക്കളോടോ അവ അപഹരിച്ചിട്ടുള്ള മനുഷ്യശിശുക്കളോടോ മൊഴിവാങ്ങി കാര്യം നിൎണ്ണയിക്കുവാൻ നിർവാഹമില്ലാത്തതുകൊണ്ടു നമുക്കു ഈ വിഷയത്തിൽ ഊഹാപോഹശക്തിയല്ലാതെ ശരണമില്ല. മനുഷ്യർ അറിയാതെ അവരുടെ ശിശുക്കളെ തട്ടിക്കൊണ്ടു പോകുവാൻ ഒരു വൃകത്തിനോ ഒരു വൃകിക്കോ തരം കിട്ടി എന്നിരിക്കട്ടെ. തൽക്കാലം ക്ഷുത്തില്ലെങ്കിൽ അതു് അപഹൃതമായ ശിശുവിനെ സ്വഗുഹയിലേക്കു കൊണ്ടുപോകുന്നു. അവിടെ മുലകുടിക്കുന്ന ചെന്നായ്ക്കുട്ടികൾ ഉണ്ടെങ്കിൽ അവയുടെ ശൈശവക്രീഡയിൽ മനുഷ്യശിശുകൂടി ഭാഗഭാക്കായിത്തീരുന്നു. ആഹാരം അന്യത്രാ സുലഭമാണെങ്കിൽ മനുഷ്യശിശു നിർബാധമായിരിക്കുകയേ ഉള്ളല്ലോ. വിശേഷിച്ചു വൃകശിശുക്കൾക്കു് ഉപകരിക്കുന്ന മനുഷ്യശിശുവിനെപററി ഒരുതെട്ടത്തു പോലെ ഒരു കൗതുകം മാതാപിതാക്കളായ വൃകങ്ങൾക്കുണ്ടാകുന്നു. വൃകി സ്വശിശുക്കളെപ്പോലെ മനുഷ്യശിശുവിന്നും സ്തന്യംകൊടുത്തു വളർത്തുന്നു. ഇതിനൊക്കെയും മൂലഹേതു വൃകങ്ങൾക്കുപോലും സ്വശിശുക്കളുടെ പോഷണ

ത്തിൽ പ്രകൃതിസിദ്ധമായി തോന്നുന്ന ലീലാനുകൂലതയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

മാംസഭക്ഷികളായ ജന്തുക്കളുടെ ശിശുക്കൾ പിൽക്കാലത്തു് ഇരപിടിക്കാനുള്ള ആക്രമപ്രയോഗങ്ങൾ ചെറുപ്പത്തിലേ അഭ്യസിക്കുന്നു. പൂച്ചക്കുട്ടികളുടെ വിളയാട്ടങ്ങളും ഉല്ലാസചേഷ്ടകളും സൂക്ഷിച്ചുനോക്കിയാൽ ഇതു ഗ്രഹിക്കാവുന്നതാണു്. രണ്ടു പൂച്ചക്കുട്ടികൾ തമ്മിൽ കളിക്കുന്നതു യുദ്ധപരിശീലനത്തിലുള്ള പ്രഥമ പാഠങ്ങളെന്നല്ലാതെ തോന്നുകയില്ല. പരസ്പരം അഭിമുഖമായി നിലത്തു പതിഞ്ഞിരുന്നുകൊണ്ടു് ഒന്നു മററതിൻെറ മേൽ ചാടി വീഴുന്നതും, അന്യോന്യം ചപേടകൾ പ്രയോഗിക്കുന്നതും പൂർവകായങ്ങൾകൊണ്ടു തമ്മിൽ ഇടയുന്നതും, മാന്തുന്നതും കടിക്കുന്നതുമെല്ലാം വിനോദമാണെന്നു തോന്നുമെങ്കിലും അനന്തരകാലത്തു പരാക്രമങ്ങളായി പ്രൗഢതയെ പ്രാപിക്കുന്നു. കേവലം സസ്യഭുക്കുകളായ ശിശുക്കളുടെ അഭ്യാസരീതികൾ മേൽപറഞ്ഞതിൽനിന്നു വിഭിന്നമാകുന്നു. ഇതരസത്വങ്ങളിൽനിന്നു് ആക്രമം ശങ്കിച്ചു ഭീരുക്കളായിക്കഴിയുന്ന സസ്യഭുക്കുകൾ കുട്ടികൾ ആപത്തിൽ അകപ്പെടാതെയും, സാഹസത്തിനു മുതിരാതെയും അവയെ പരിശീലിപ്പിക്കുന്നു. തള്ളപ്പശുവിനെ കെട്ടിയിരിക്കുന്നിടത്തുനിന്നു കിടാവു ചാടിക്കുതിച്ചു ദൂരെപ്പോയാൽ മാതാവായ ഗോവു കരഞ്ഞുവിളിക്കുന്നതും പരിഭ്രമിക്കുന്നതും, കിടാവിനെ വല്ലതും പിടിക്കാൻ നോക്കിയാൽ കയറുപൊട്ടിക്കാൻ തുടങ്ങുന്നതും നിങ്ങൾ കണ്ടിരിക്കുമല്ലോ. കിടാവു വിട്ടുപിരിഞ്ഞുപോകാതിരിക്കാൻ അതിനെ നക്കിയും മുലകുടിപ്പിച്ചും ലാളിച്ചും പശു പ്രദർശിപ്പിക്കുന്ന വാത്സല്യപാരവശ്യം ഏററവും ഹൃദയംഗമമാകുന്നു. ഇതെല്ലാം ശിശുരക്ഷാവിഷയകമായ വ്യഗ്രതയെ വ്യക്തീകരിക്കുന്നു. പെൺകുതിരകളും ഇതുപോലെ കുട്ടികളെ രക്ഷിക്കുന്നതിലും, ആപത്തിൽനിന്നു കാക്കുന്നതിലും ജാഗരൂകങ്ങളാണു്. ഈ വക ജന്തുക്കൾക്കു് ഇപ്പോൾ മനുഷ്യസാഹായ്യം സുലഭമാണെങ്കിലും അവയുടെ ഗോത്രത്തിലുണ്ടായിരുന്ന പൂർവ്വജന്മാക്കു് അന്യജന്തു പീഡയുണ്ടാ

യിട്ടുള്ളതുനിമിത്തം ഇതരജന്തുഭീതി ഇപ്പോഴും വംശവാസനയായിട്ട് അവയിൽ സ്ഫുരിച്ചുകൊണ്ടിരിക്കുന്നു.

അനന്യശരണമായി വനങ്ങളിൽ വസിക്കുന്ന ജന്തുക്കളുടെ കൗശലം ഇതിലും വിചിത്രമാകുന്നു. ആപത്തിൽനിന്നു രക്ഷനേടുവാൻ മാൻകുട്ടികൾക്കുള്ള അഭ്യാസം ആശ്ചര്യകരമാകുന്നു. മാതാവായ മൃഗിയും അതിന്റെ കുട്ടിയുംകൂടി നില്ക്കുമ്പോൾ, വല്ല ഹിംസ്രജന്തുവും ബുഭുക്ഷുവായിട്ടടുത്തുവന്നാൽ, കുട്ടി മിന്നൽപ്പിണർപോലെ ഝടിതി മുന്നോട്ടു പായുകയായി. കുറെ ദൂരെച്ചെന്ന്, അതു ഭൂമിയിൽ ലയിച്ചതുപോലെ നിലത്തു പതിഞ്ഞുചേർന്നു കഴുത്തുനീട്ടിക്കിടന്നുകളയുന്നു. അതു കഴിഞ്ഞു ശത്രു ആപൽക്കരമായി സമീപിക്കുമ്പോൾ, തള്ള കുട്ടി പോയതിനു വിപരീതമായ ദിക്കിലേക്കു മെല്ലെ ഓട്ടം തുടങ്ങുന്നു. കുറെ അകലുമ്പോൾ അതു പംഗുപ്രായമായി മുടന്തിനടക്കുന്നതായി കാണാം. അതുകൊണ്ടു തള്ളയെ ആക്രമിക്കുന്നതു സുകരമാണെന്നു വിചാരിച്ചു ഹിംസ്രജന്തു അതിനെ അനുധാവനം ചെയ്യുന്നു. ശത്രു സമീപിക്കുന്തോറും പിടികൊടുക്കാതെ മൃഗി മുമ്പോട്ടു ഓടിക്കൊണ്ടിരിക്കും. കുട്ടിക്ക് അഭയം ലഭിക്കത്തക്ക ദൂരമാകുന്നതുവരെ ഘാതകനെ ആകർഷിച്ചുകൊണ്ടുപോയതിന്റെ ശേഷം വായുവേഗത്തെ ജയിക്കുമാറു മാൻപേട ഓടി ശത്രുവിനു ദൃഷ്ടിഗോചരമാകാതെ തിരോഭവിക്കുന്നു. തന്നിമിത്തം ആക്രാമകമായ ജന്തു ഇച്ഛാഭംഗത്തോടു വല്ല വഴിയും തിരിഞ്ഞുപോകുന്നു. അനന്തരം മാൻപേട കുട്ടിയുടെ അടുക്കലേക്കു മടങ്ങിവന്നു വീണ്ടുമുല്ലാസമായിട്ടതിനോടു സംഗമിക്കുന്നു. മാൻ, മുയൽ മുതലായ സൃഷ്ടികളുടെ രക്ഷ ശീഘ്രഗതിയിലുള്ള അഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു.

പ്രകൃത്യാ ദുർബ്ബലങ്ങളും വേഗവൈഭവഹീനങ്ങളുമായ തിര്യക്കുകൾക്കും ശിശുപരിപാലനത്തിനുചിതങ്ങളായ ഉപായങ്ങൾ ഉണ്ട്: കാക്കയോ, പരുന്തോ റാഞ്ചുന്നതിനിടയുണ്ടെന്നുകണ്ടാൽ, പിടക്കോഴി പുറപ്പെടുവിക്കുന്ന ആപൽക്കുളികളും കേട്ടു കോഴിക്കുഞ്ഞുങ്ങൾ ഓടി

വന്നു തള്ളയുടെ ചിറകിനടിയിൽ പതുങ്ങിയിരിക്കുന്നു. കുക്കുടികൾ കുട്ടികളെ പക്ഷപുടങ്ങൾകൊണ്ടു രക്ഷിക്കുന്നു. അതിലും വിശിഷ്ടമായ രക്ഷാസാമഗ്രികളുള്ള ജന്തുക്കളുണ്ട്. അവയ്ക്കു കുട്ടികളെക്കൊണ്ടു നടക്കാൻ ഭാണ്ഡംപോലെ ഉപകരിക്കുന്നതും പ്രകൃതിദത്തവും ആയ ഒരു സഞ്ചി ശരീരത്തിലുള്ളതാകുന്നു. സഞ്ചിക്കു സംസ്കൃതത്തിൽ പ്രസേവം എന്നും ശോണിഎന്നും മററും പറയുന്നു. അതുകൊണ്ടു് ഇത്തരം ജന്തുക്കൾക്കു പ്രസേവികളെന്നോ ശോണീധരങ്ങളെന്നോ നാമകരണം ചെയ്യാവുന്നതാണ്. ഇംഗ്ലീഷിൽ അവയെ "മാർസുപ്പിയൽസ്" എന്നു വിളിക്കുന്നു. ഈ ജാതിയിൽ ഉൾപ്പെട്ടതായി "കങ്ഗരു" എന്നു് ഒരു ജന്തുവുണ്ടു്. അതിൻെറ ജന്മദേശം ആസ്ത്രേലിയാ മുതലായ ദേശങ്ങളാണ്. വല്ല വൈഷമ്യവും നേരിട്ടമെന്നുകണ്ടാൽ കുട്ടികൾ തള്ളക്കങ്ഗരുവിൻെറ ഉദരത്തിനുള്ളിൽ പ്രവേശിക്കുന്നതുപോലെ പ്രസ്തുത പ്രസേവത്തിൽ കയറിയിരുന്നുകൊള്ളും. ബാഹ്യലോകത്തിൽനിന്നു മറഞ്ഞു് ഈ സഞ്ചിയിൽ ഇരുന്നുകൊണ്ടു് "കങ്ഗരു" ക്കുട്ടികൾ വെളിയിലേക്കു നോക്കുന്നതു കാണേണ്ടതുതന്നെയാണ്. ഭദ്രമായ അഭയസ്ഥാനം ലഭിക്കുന്നതുകൊണ്ടു ചിരിക്കാൻ വശമുണ്ടെങ്കിൽ അവയ്ക്കു മന്ദഹാസമുണ്ടാകുമെന്നുമൂഹിക്കാവുന്നതാകുന്നു. ടിക്കററു വാങ്ങാതെയും, കൂലികൊട്ടക്കാതെയും മാതാവിൻെറ ഉദരപ്രസേവത്തിൽ പ്രവേശിച്ചു കുട്ടികൾ സഞ്ചാരസൗകര്യങ്ങൾ അനുഭവിക്കുന്നു.

"കങ്ഗരു" എന്ന ജന്തുവിനു് അവയവമായിട്ടുള്ള പ്രസേവകം ശിശുക്കൾക്കു മഞ്ചലായിട്ടു് ഉപകരിക്കുന്നു. കുരങ്ങിനു മേല്പറഞ്ഞ തരത്തിൽ സഞ്ചിയൊന്നുമില്ലെങ്കിലും, ചില വാനരങ്ങൾ സ്വശരീരങ്ങളെ ശിശുക്കൾക്കു വാഹനങ്ങളായിട്ടു് ഉപയോഗിക്കുവാൻ വിദഗ്ദ്ധങ്ങളാകുന്നു. ജീവിതത്തിൻെറ പ്രഥമദശയിൽ കീശശിശുക്കളെ വാനരസ്ത്രീകൾ താങ്ങിപ്പിടിച്ചുകൊണ്ടങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നു. പക്ഷെ കുറെ കഴിയുമ്പോഴേക്കും മാതാവിൻെറ വയററത്തു് അള്ളിപ്പിടിച്ചു തൂങ്ങി

ക്കിടക്കുന്നതിനു ബാലവാനരങ്ങൾ അഭ്യസിക്കുന്നു. അതുനിമിത്തം കുട്ടികളോടുകൂടി പലായനം ചെയ്യേണ്ട തായി വന്നാൽ നാലുകാലും പ്രയോഗിച്ചുള്ള ധാവനം തള്ളക്കുരങ്ങിനു സുസാധമാകുന്നു. വാനരങ്ങളിൽ ചില വർഗ്ഗത്തിനു മാത്രമേ ഈ സാമർത്ഥ്യം കാണുന്നുള്ളു. കൊച്ചു കുരങ്ങന്മാർ കളിച്ചുന്മേഷമായിരിക്കുവാനച്ഛനമ്മ മാർ ഉത്സാഹിപ്പിക്കുന്നു. എന്നാൽ സാധാരണ സംഭവി ക്കാറുള്ളതുപോലെ ചിലപ്പോൾ കുട്ടിക്കുരങ്ങുകൾ തമ്മിൽ കടിപിടികൂടുന്നതു കണ്ടാൽ, പിതാവായ വാനരത്താൻ ദുർബുദ്ധികളായ കുട്ടികളെ പൃഷ്ഠപ്രദേശത്തു പ്രാകൃത ന്മാർ പറയുംപോലെ 'നല്ല പോട്ട' വെച്ചുകൊടുക്കാ റുണ്ട്. പുത്രവാത്സല്യം ശിശുക്കളെ ശാസിക്കുന്നതിനു വേണ്ടിവരുന്ന പാണിപ്രയോഗങ്ങൾക്കു ബാധകമാകാ റില്ല. പക്ഷെ പിതൃശാസനംകൊണ്ടു ബാലവാനരങ്ങ ളുടെ ചാപല്യങ്ങൾക്കു, തൽക്കാലശമനമല്ലാതെ ഉൻമൂ ലനാശമുണ്ടായിട്ടുള്ളതായിട്ടറിയുന്നില്ല. കുട്ടികളുടെ ശീല ശുദ്ധിക്കു് ആവശ്യമുള്ളപക്ഷം ആനകളും ബലാൽക്കാരം പ്രയോഗിക്കാറുണ്ട്. കുട്ടിയാനകളെ പിടിച്ചു, മനുഷ്യർ മരുക്കി പണികളുമെടുപ്പിക്കാറുണ്ടല്ലോ. എന്നാൽ ഗജ കുടുംബിനികൾ സ്വശിശുക്കളുടെ ആചാര്യകത്തിനു മനു ഷ്യരേക്കാൾ മികച്ചവരല്ലയോ എന്നു സംശയിക്കേണ്ടി യിരിക്കുന്നു. തലയിൽ മുറിവു പററിയ കുട്ടിയാന ചികി ത്സിക്കുവാൻ അനുസരിക്കാതിരുന്നതു കണ്ടു് അതിൻെറ തള്ള തുമ്പിക്കൈകൊണ്ടു മകനെ പിടിച്ചിരുത്തിക്കൊ ടുത്തു മുറിവിൽ മരുന്നു വെയ്ക്കാൻ സഹായിച്ചിട്ടുള്ളതായി ഒരു ഗ്രന്ഥകാരൻ പറയുന്നു. വനാന്തരങ്ങളിൽ ഗജങ്ങൾ സഞ്ചരിക്കുന്നതു പ്രായേണ സംഘമായിട്ടാണ്. ഒററ തിരിഞ്ഞു നടക്കുന്ന ഗജം മിക്കവാറും ശഠപ്രകൃതിയായി രിക്കും. ഗജങ്ങൾ സംഘം ചേർന്നു സഞ്ചരിക്കുമ്പോൾ മുമ്പേ നടക്കാറുള്ളതു കുട്ടിയാനയാകുന്നു. ഉത്സാഹഭരി തങ്ങളായ കുട്ടികൾ ദുർഘടസ്ഥാനങ്ങളിൽ അഭംഗമായി സഞ്ചാരമഭ്യസിക്കണമെന്നുദ്ദേശിക്കുന്നതുപോലെ ഗംഭീ രങ്ങളായ ഗജങ്ങൾ പുറകെ നടന്നു നോക്കിക്കൊള്ളുന്നു. കാണ്ടാമൃഗങ്ങൾ (ഗണ്ഡകമൃഗമെന്നു സംസ്കൃതം) കൂട്ടംകൂടി

നടക്കമ്പോഴും ഇതുപോലെ കുട്ടികൾ മാൎഗ്ഗദൎശികളെപ്പോലെ മുമ്പേ നടക്കുന്നു. കുടിക്കുവാൻ ചെന്നിറങ്ങുന്ന വെള്ളക്കെട്ടുകളിൽ മുങ്ങിച്ചാകാതെയും, കളിക്കുവാൻ ചെന്നു ചാടുന്ന പങ്കപ്രദേശങ്ങളിൽ പുതഞ്ഞുപോകാതെയും, ഏകാകികളായി നടക്കുമ്പോൾ വഴി തെററിപ്പോകാതെയും ഇരിക്കുന്നതിന്നു് കാണ്ടാമൃഗക്കുട്ടികൾക്കു് അദ്ധ്യയനം ആവശ്യമാകുന്നു. അതുപോലെ ഗന്ധംകൊണ്ടു സമീപത്തു മനുഷ്യരോ, മൃഗങ്ങളോ ഉണ്ടെങ്കിൽ മനസ്സിലാക്കാനും അവ പഠിക്കുന്നു. ഘ്രാണേന്ദ്രിയംകൊണ്ടു് അന്യസാന്നിദ്ധ്യം ഗ്രഹിക്കുവാൻ കാണ്ടാമൃഗത്തിന്നു് അസാമാന്യമായ ശക്തിയുണ്ടു്.

ചക്ഷുഃശ്രോത്രാദികൾ ശൂന്യമായാലും അനേക ദണ്ഡു് അകലെയുള്ള മനുഷ്യരെ കാണ്ടാമൃഗം ആഘ്രാണിച്ചു മനസ്സിലാക്കുന്നു. ഇങ്ങനെ പ്രകൃതി, തിൎയ്യക്കുകളെ ലീലാസരണിയിൽക്കൂടി ജീവിതരണാങ്കണത്തിൽ പ്രഗത്ഭമായി പടവെട്ടാനഭ്യസിപ്പിക്കുന്നതിന്നു വളരെ ഉദാഹരണങ്ങൾ ഉദ്ധരിക്കാവുന്നതാണു്.

വിജ്ഞാനരഞ്ജിനി] [സാഹിത്യപഞ്ചാനനൻ,
പി. കെ. നാരായണപിള്ള

അഭ്യാസം

1. ആശയം വിശദീകരിക്കുക:—
   മനുഷ്യരും മൃഗങ്ങളും ഒരു മാതിരി ആത്മവഞ്ചന പ്രകൃത്യാ പരിശീലിക്കുന്നുണ്ടു്.
2. മൃഗങ്ങൾ കുട്ടികളെ കാൎയ്യപ്രാപ്തിയഭ്യസിപ്പിക്കുന്നതു ക്രീഡാവ്യാപാരം മുഖേനയാണെന്നുള്ളതിന്നു് ഉദാഹരണമായി ഒരു കഥ എഴുതുക.
3. മാൻകുട്ടികൾ ശത്രുക്കളിൽനിന്നും രക്ഷപ്പെടുന്നതു് എങ്ങനെയെന്നുള്ളതിനെപ്പററി ഒരു ഖണ്ഡിക എഴുതുക.

4. ജന്തുക്കൾ കുട്ടികളെ വളർത്തുന്ന വിധങ്ങളെ പ്പററി ഒരു ഉപന്യാസമെഴുതുക.

5. അർത്ഥമെഴുതുക :—

   പ്രസേവം, ശോണി, ചപേട.

6. വാചകശബ്ദങ്ങളും ദ്യോതകശബ്ദങ്ങളും എടുത്തെഴുതുക :—

   "തളിർത്തും പൂത്തും നിന്നുലയുന്ന ചെടികളും ലതകളും മരങ്ങളുംകൊണ്ടു കേരളാന്തരീക്ഷം അന്നു ശബളാഭമാകും."

പാഠം 3

വിശ്രമവേളയിലെ വിനോദപ്രവൃത്തികൾ

" അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ്‌വരേണം "

വിശ്രമസമയത്തു ചെയ്യാൻ പററുന്ന പല വിനോദങ്ങളുമുണ്ട്. നിങ്ങളുടെ വാസനക്കും, രുചിക്കും, കഴിവിനും ഒത്ത വല്ല പ്രവൃത്തികളിലും ഒഴിവുസമയത്തു് ഏർപ്പെട്ടവാൻ ശീലിക്കണം. വലിയവർക്കെന്നപോലെ കുട്ടികൾക്കും അതു് അത്യാവശ്യമാണു്. രാജ്യതന്ത്രജ്ഞൻ, ഭരണവിദഗ്ദ്ധൻ, ഗ്രന്ഥകാരൻ എന്നീ നിലകളിലെല്ലാം പ്രസിദ്ധി നേടിയ വിൻസ്റ്റൺ ചർച്ചിൽ ചിത്രമെഴുത്തിലും, കൽപ്പണിയിലും അതുപോലെയുള്ള മററു വിനോദങ്ങളിലും താൽപര്യമുള്ള ആളാണു്. അത്തരം വിനോദങ്ങൾക്കിടയിൽ മററു കാര്യങ്ങളെ

ക്കറിച്ചു് അദ്ദേഹം ചിന്തിക്കാറില്ല. അങ്ങനെയുള്ള വിശ്രമത്തിനുശേഷം തൻെറ സാധാരണജോലികൾ പൂവ്വാധികം ഉത്സാഹത്തോടും ശ്രദ്ധയോടും കൂടി ചെയ്തു തീക്കുവാൻ അദ്ദേഹത്തിനു സാധിക്കുന്നു.

ചച്ചിലിൻെറ ഉപദേശപ്രകാരമായിരുന്നു അമേരിക്കയിലെ പ്രസിഡണ്ടു് ഐസൻഹോവർ ചിത്രമെഴുത്തു തൻെറ വിശ്രമവേളയിലെ ഒരു വിനോദമായി സ്വീകരിച്ചതു്. വിഷമംപിടിച്ച രാജ്യകാര്യങ്ങളെല്ലാം മറന്നു് ഇടയ്ക്കിടെ തനിയെ ഇരുന്നു ചിത്രമെഴുതുന്നതു തനിക്കു് അളവററ ആശ്വാസമുണ്ടാക്കുന്നുണ്ടെന്നു് ഐസൻഹോവർ പറയുകയുണ്ടായി. അതുപോലെ തോട്ടപ്പണിയും അദ്ദേഹത്തിനു വളരെ ഇഷ്ടമുള്ള മററു വിനോദമാണു്.

ഒന്നാം ലോകമഹായുദ്ധത്തിനു മുമ്പു ജമ്മനിയിലെ രാജാവായിരുന്ന കൈസർ വില്യം അദ്ധ്വാനശീലവും കാര്യശേഷിയും ഉള്ള ഒരു വ്യക്തിയായിരുന്നു. വിറകു വെട്ടുകയായിരുന്നുവത്രേ അദ്ദേഹത്തിൻെറ വിനോദം. താൻ വെട്ടിയുണ്ടാക്കിയ വിറകു, ചില സുഹൃത്തുക്കൾക്കു് അയച്ചു കൊടുക്കും. ഭരണസംബന്ധമായ വിവിധ ജോലികൾക്കിടയിൽ ഈ തരത്തിലുള്ള വിനോദത്തിനു് അദ്ദേഹം സമയം കണ്ടിരുന്നു. രവീന്ദ്രനാഥടാഗോർ വിശ്വവിശ്രുതനായ ഒരു ഗ്രന്ഥകാരനായതിനുശേഷമാണു 68-ാമത്തെ വയസ്സിൽ, ചിത്രമെഴുത്തു് ഒരു പുതിയ വിനോദമായി സ്വീകരിച്ചതു്. 1941-ൽ നിര്യാതനാകുന്നതുവരെയുള്ള ഒരു പന്തീരാണ്ടിൽ ഏകദേശം രണ്ടായിരം ചിത്രങ്ങൾ അദ്ദേഹം വരച്ചതായി അറിയുന്നു.

ഫോർഡു് മോട്ടോർക്കാറുകൾ ലക്ഷക്കണക്കായി ഉണ്ടാക്കി ലോകമെങ്ങും വില്പനക്കയച്ചിരുന്ന ഹെൻറി ഫോർഡു് പ്രസിദ്ധനായ ഒരു വ്യവസായനേതാവാണു്. തൻെറ തൊഴിൽ സംബന്ധിച്ച കാര്യങ്ങൾക്കായി അത്യധികം അദ്ധ്വാനിച്ചിരുന്ന അദ്ദേഹം

ഇടയ്ക്കിടെ അതിൽനിന്നു വിരമിച്ചു ചില വിനോദങ്ങ ളിൽ ഏർപ്പെട്ടിരുന്നു. വീണ വായിക്കുന്നതും, പക്ഷി കളെ വളർത്തുന്നതും, അവയുടെ ചേഷ്ടകൾ കൗതുക ത്തോടെ നോക്കിക്കൊണ്ടിരിക്കുന്നതും അദ്ദേഹ ത്തിൻെറ വിശ്രമവിനോദങ്ങളിൽ ചിലതാ യിരുന്നു. താൻ പോററിയിരുന്ന പക്ഷികൾ തണുപ്പു കാലത്തു സ്ഥലംവിട്ടു പോകാതിരിക്കുവാനായി വെള്ളം വിദ്യുച്ഛക്തികൊണ്ടു ചൂടുപിടിപ്പിച്ച് അവയുടെ സുഖം വർദ്ധിപ്പിക്കുന്ന കാര്യത്തിൽക്കൂടി അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞിരുന്നുവത്രെ.

അറംഗസീബ് ചക്രവർത്തിയുടെ മുഖ്യവിനോദം ഖുർ–ആൻ പകർത്തി എഴുതലായിരുന്നു. കുഴപ്പങ്ങൾ നിറഞ്ഞ രാജ്യഭരണക്ലേശങ്ങൾക്കിടയിൽ അതു് അദ്ദേ ഹത്തിനു നിർവൃതി നൽകി. അങ്ങനെ പകർത്തി എഴുതി സമ്പാദിച്ച പരിശുദ്ധമായ പണം ഫക്കീർ മാക്കു വിതരണം ചെയ്യണമെന്നു് അദ്ദേഹം തൻെറ ഒസ്യ ത്തിൽ എഴുതി വെച്ചിരുന്നു. തൊപ്പി തുന്നലും അദ്ദേ ഹത്തിൻെറ വിശ്രമവേളയിലെ ഒരു വിനോദമായി രുന്നു.

തൊഴിൽ സംബന്ധിച്ച നമ്മുടെ കഴിവുകൾ വള ത്തേണ്ടതു് ആവശ്യംതന്നെ. എന്നാൽ വേറെയും പല കഴിവുകളും വാസനകളും നമ്മിൽ ഉറങ്ങിക്കിടക്കുന്നു ണ്ടാവും. അവയെ വളർത്തുന്നതിനുള്ള അവസരം വിശ്രമ വേളയിലെ വിനോദപ്രവൃത്തികളുണ്ടാക്കും. നിങ്ങളുടെ പ്രത്യേകജോലി തുടച്ചയായി ചെയ്തുകൊണ്ടിരിക്കു മ്പോൾ, അതു് ഇടയ്ക്കൊന്നു നിത്തിവെച്ചു കുറച്ചുനേരം വെറുതെ ഇരിക്കുവാനോ, വല്ല പ്രവൃത്തിയിലും ഏർപ്പെടു വാനോ, തോന്നുന്നതു സ്വാഭാവികമാണു്. പഠിപ്പും കളിയും കൊണ്ടുമാത്രം തൃപ്തിയായെന്നു വരികയില്ല. അതു രണ്ടിലും ഏർപ്പെടാത്ത സമയത്തു ഫലപ്രദമായ വിനോ ദങ്ങളിൽ സമയം കഴിക്കാം. അത്തരം ചില വിനോദ ങ്ങളെക്കുറിച്ചാണിവിടെ പറയുന്നതു്.

തോട്ടപ്പണിയും തേനീച്ച വളത്തലും

നിങ്ങളുടെ വീട്ടിനു ചുററും ചെറിയതോ വലിയതോ ആയ തൊടിയുണ്ടായിരിക്കുമല്ലോ. വീടിൻെറ മുൻഭാഗത്തു ഭംഗിയുള്ള പൂച്ചെടികൾ നട്ടു വളത്തുന്നതു വളരെ രസകരമായ ഒരു വിനോദമാണ്. പല തരത്തിലുള്ള ചെടികളും വള്ളികളും പൂത്തും തളിത്തും മുററത്തു നില്ക്കുന്നതു കാണുവാൻ എന്തൊരു കൗതുകമായിരിക്കും! കണ്ണിന്നെന്തൊരു കുളുമ്മ! മനസ്സിനെന്തൊരാനന്ദം!

വിത്തുകൾ പാകുന്നതിനുമുമ്പ് അവയെപ്പററി നല്ലപോലെ അറിഞ്ഞിരിക്കണം. മുളച്ച ചെടികൾക്ക് എത്ര കണ്ടു വലിപ്പമുണ്ടാകുമെന്നും, ഏതു തരത്തിലും നിറത്തിലുമുള്ള പുഷ്പങ്ങളായിരിക്കും അവയിലുണ്ടാവുകയെന്നും മുൻകൂട്ടി അറിഞ്ഞിരിക്കണം. എല്ലാ ചെടികളും വളന്നു വലുതായാൽ പൂന്തോട്ടം ഇന്ന തരത്തിലായിരിക്കുമെന്ന് ഒരേകദേശബോധം മനസ്സിൽവെച്ചുകൊണ്ടായിരിക്കണം തോട്ടപ്പണി ആരംഭിക്കുന്നത്. ചെടികളുടെ വളച്ചയ്ക്കാവശ്യമായ വളം എന്താണെന്നും അത് എത്ര ഇടേണമെന്നും, എപ്പോൾ ഇടേണമെന്നും, ചെടികളെയും പുഷ്പങ്ങളെയും കേടു വരുത്തുന്ന പ്രാണികളെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്താണെന്നും മററും അന്വേഷിച്ചറിഞ്ഞ് അതനുസരിച്ചു പ്രവത്തിക്കണം.

സ്ഥലം അനുവദിക്കുമെങ്കിൽ പച്ചക്കറികളും ഫലവൃക്ഷങ്ങളും നട്ടുവളത്തുവാനും ശ്രമിക്കണം. നിങ്ങൾ നട്ടുണ്ടാക്കിയ ചെടികൾ വളന്നു വൃക്ഷങ്ങളാകുന്നതും, പൂവും കായുമായി നില്ക്കുന്നതും കാണുന്നത് അനിർവാച്യമായ സന്തോഷം ഉണ്ടാക്കും. വിനോദത്തിനാരംഭിച്ച പ്രവൃത്തി നിങ്ങളുടെ വിജ്ഞാനവും വദ്ധിപ്പിക്കും. ആൺകുട്ടികളെപ്പോലെതന്നെ പെൺകുട്ടികളും ഈ തരത്തിലുള്ള തോട്ടക്കൃഷി ശീലിക്കേണ്ടതാണ്. പൂന്തോട്ടമുണ്ടാക്കുന്നതിനാവട്ടെ, പച്ചക്കറി കൃഷിചെയ്യുന്നതിനാവട്ടെ, ഫലവൃക്ഷങ്ങൾ നട്ടു വളത്തുന്നതിനാവട്ടെ ആദ്യം ആവശ്യം മണ്ണു വേണ്ടപോലെ കിളച്ചൊരുക്കുക

യാണ്. അതു ശരിയായി ചെയ്യുന്നതിനനുസരിച്ചിരിക്കും ആ മണ്ണിൽ വളരുന്ന പൂക്കളുടെയും, സസ്യങ്ങളുടെയും, ഫലങ്ങളുടെയും ഗുണം. അതുപോലെ ചെറുപ്പത്തിൽ രൂപപ്പെടുന്ന സ്വഭാവഗുണത്തിനും, ശീലിക്കുന്ന സമ്പ്രദായങ്ങൾക്കും അനുസരിച്ചിരിക്കും നിങ്ങളുടെ ഭാവിയും.

തോട്ടക്കൃഷിയെപ്പോലെതന്നെ ഫലപ്രദമായ ഒരു വിനോദമാണു തേനീച്ചവളർത്തൽ. അതിനെപ്പററി കൂടുതൽ വിവരങ്ങൾ അറിയുമ്പോഴാണു പ്രകൃതിയുടെ അജ്ഞാതരഹസ്യത്തെക്കുറിച്ചു നമുക്കത്ഭുതം തോന്നുക. ഒരു തേനീച്ചക്കൂട്ടിൽ രാജ്ഞിക്കു പുറമെ അസംഖ്യം പെണ്ണീച്ചകളും കുറെ ആണീച്ചകളുമുണ്ടായിരിക്കും. രാജ്ഞിയെ മററു് ഈച്ചകളിൽനിന്നു് എളുപ്പത്തിൽ തിരിച്ചറിയുവാൻ സാധിക്കും. ഒരു കൂട്ടിലെ രാജ്ഞിയുടെ സ്ഥാനം കൈവശപ്പെടുത്തുവാനായി മറെറാരു രാജ്ഞി വരികയാണെങ്കിൽ അക്രമിയെ കൂട്ടിലുള്ള ഈച്ചകൾ കൂട്ടായി എതിർത്തു നശിപ്പിക്കും. രാജ്ഞി മുട്ടയിടുകയല്ലാതെ മററു പണിയൊന്നും എടുക്കുകയില്ല. കാമുകന്മാരാലും കാവൽക്കാരാലും ചുററപ്പെട്ടു് അങ്ങനെ സുഖമായി ജീവിക്കുകയാണു്. ആണീച്ചകളും പണി എടുക്കുകയില്ല. പുറത്തേക്കു പറന്നുപോയി പൂക്കളിൽനിന്നു തേൻ ശേഖരിച്ചു കൂട്ടിലേക്കു മടങ്ങിവന്നു തേൻ ഉണ്ടാക്കുന്നതു പെണ്ണീച്ചകളാണു്. കൂട്ടു പണിചെയ്യുന്നതിലും, അതു വൃത്തിയാക്കി വെയ്ക്കുന്നതിലും, ഓരോരുത്തരും ചെയ്യേണ്ട പ്രവൃത്തികൾ കൃത്യമായി ചെയ്തുതീർക്കുന്നതിലും ഈച്ചകൾ പ്രദർശിപ്പിക്കുന്ന കൃത്യനിഷ്ഠയും, അദ്ധ്വാനശീലവും നിങ്ങൾക്കു പാഠമായിത്തീരേണ്ടതാണു്.

സ്ഥലത്തിനും, സൗകര്യത്തിനുമനുസരിച്ചു രണ്ടോ മൂന്നോ കൂടുകൾവെച്ചു തേനീച്ചയെ വളർത്തുവാൻ ശ്രമിക്കുന്നതു നിങ്ങൾക്കു് അളവററ വിനോദമുണ്ടാക്കും. വളരെ ശ്രദ്ധ അതിനാവശ്യമാണു്. നിങ്ങളുടെ ആവശ്യത്തിനു വേണ്ട തേൻ ഇങ്ങനെകിട്ടും. വേണമെങ്കിൽ ഒരു ചെറിയ വ്യവസായമാക്കി അതിനെ വളർത്തിക്കൊ

ണ്ടുവരികയും എളുപ്പമാണു്. ഇതിനെല്ലാം പുറമെ ജീവിതവിജയം നേടുന്നതിനു് ആവശ്യമായ അദ്ധ്വാന ശീലം, ഐക്യം, സ്ഥിരോത്സാഹം മുതലായ ഗുണങ്ങൾ കണ്ടുപഠിക്കുന്നതിനും അതു നിങ്ങളെ സഹായിക്കും.

പെൺകുട്ടികൾ പാചകവൃത്തിയിൽ പരിശീലനം സമ്പാദിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി എത്രപറഞ്ഞാലും അധികമാവുകയില്ല. ഇന്നത്തെ വിദ്യാർത്ഥിനിയാണു നാളത്തെ ഗൃഹനായിക. വെയ്പു് നിശ്ചയമില്ലാത്ത ഗൃഹനായികകൾക്കു മറെറന്തുഗുണങ്ങൾ ഉണ്ടായാലും വീട്ടുകാര്യങ്ങൾ കൊണ്ടുനടത്തുക പ്രയാസമായിരിക്കും. കഷ്ടിച്ചു വെയ്ക്കുവാൻ ശീലിച്ചാൽമാത്രം പോരാ, പാചകം ഒരു നല്ല കലയായി വളർന്നുവരുന്ന കാലമാണിതു്. നാം സാധാരണ പാകംചെയ്യാറുള്ള കറികളും, പലഹാരങ്ങളും ഉണ്ടാക്കുവാൻ മാത്രമല്ല, മററു പ്രദേശങ്ങളിൽ കാണുന്ന നല്ല കറികളും, പലഹാരങ്ങളും ഉണ്ടാക്കുവാനും പഠിക്കണം. പാചകത്തെപ്പററിയുള്ള പല പുസ്തകങ്ങളും വാങ്ങുവാൻ കിട്ടും. അവയിൽനിന്നും നല്ല പദാർത്ഥങ്ങൾ ഉണ്ടാക്കുവാൻ കഴിവുള്ളവരിൽനിന്നും പരിശീലനത്തിനാവശ്യമായ വിവരങ്ങൾ സമ്പാദിക്കാം. വെയ്പു് നന്നായതുകൊണ്ടു മാത്രമായില്ല. സാധനങ്ങൾ വേണ്ടപോലെ ഭംഗിയായി ആദരവോടെ വിളമ്പുന്നതിലും ശ്രദ്ധിക്കേണ്ടതുണ്ടു്. നിസ്സാരമായിത്തോന്നാമെങ്കിലും, ഇവയെല്ലാം ഭക്ഷണം ആസ്വാദിക്കുന്നതിലുള്ള സുഖവും സംതൃപ്തിയും വർദ്ധിപ്പിക്കുമെന്നതിനു സംശയമില്ല.

വീട്ടുസാമാനങ്ങൾ ഭംഗിയായും, വൃത്തിയായും വെയ്ക്കാൻ മാത്രമല്ല, വിശേഷാവസരങ്ങളിൽ ആകർഷകമായവിധത്തിൽ ഗൃഹം അലങ്കരിക്കുന്നതിനും പെൺകുട്ടികൾ ശീലിക്കണം. അതതു സാധനങ്ങൾ അതതുസ്ഥലത്തു വെയ്ക്കുക, പൊടിതട്ടി വെടിപ്പാക്കുക, വാതിൽപ്പടികളും, കൈപ്പിടികളും, അതുപോലെയുള്ള മററുസാധനങ്ങളും തേച്ചുമിനുക്കുക ഇതെല്ലാം അവരുടെ നിത്യജോലിയായിരിക്കണം. പൂകൊണ്ടു് ആകർഷകമായി അലങ്കരി

ക്കവാൻ അറിയുന്നതു് ഒരു യുവതിക്കു ഭൂഷണമായിട്ടാണു ജപ്പാൻകാർ കരുതുന്നതു്. ഇതു് അനുകരണീയമായ ഒരു യോഗ്യതയായി നമ്മുടെ പെൺകുട്ടികളും കരുതേണ്ട താണു്. ഓണക്കാലത്തു പൂവിടുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടൊരു കാര്യമാണിതു്. പൂക്കളുടെ നിറവും, തരവുംനോക്കി ഭംഗിയായി അലങ്കരിക്കുന്നതിനു കലാബോധം ആവശ്യമാണു്.

കളിമണ്ണുകൊണ്ടും, കടലാസ്സുകൊണ്ടും, പലവിധത്തിലുള്ള കലാവസ്തുക്കൾ ഉണ്ടാക്കുന്നതു കൗതുകകരമായ വിനോദമാണു്. അതു നിങ്ങളുടെ ഭാവനാശക്തി വികസിപ്പിക്കും; സൗന്ദര്യബോധം വളർത്തും; നശിപ്പിക്കുന്നതിനേക്കാൾ നല്ലതു നിർമ്മിക്കുകയാണു് എന്ന ബോധവും നിങ്ങളിലുണ്ടാക്കും.

പ്രഭാതദീപം] [കെ. പി. കേശവമേനോൻ

അഭ്യാസം

1. വിൻസ്റ്റൺ ചർച്ചിൽ, കൈസർ വില്യം, രവീന്ദ്രനാഥടാഗോർ, ഹെൻറി ഫോർഡ്, അറംഗസീബ് എന്നിവർ വിശ്രമവേളകളിൽ ചെയ്തിരുന്ന പ്രവൃത്തികൾ എന്തെല്ലാമായിരുന്നു?
2. കുട്ടികൾക്കു് വിശ്രമസമയത്തു ചെയ്യാൻ പററുന്ന വിനോദങ്ങളെപ്പററി ഒരു ഉപന്യാസം എഴുതുക.
3. പെൺകുട്ടികൾക്കു് ഉണ്ടായിരിക്കേണ്ട പ്രത്യേക പരിശീലനത്തെപ്പററി ഒരു ഖണ്ഡിക എഴുതുക.
4. നിപാതങ്ങളും അവ്യയങ്ങളും എടുത്തെഴുതുക.—
"മനുഷ്യശിശുക്കളെ ചെന്നായ്ക്കൾ..........
....
.........ലീലാനുകൂലതയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു."
(ജന്തുക്കൾ കുട്ടികളെ വളർത്തുന്ന വിധങ്ങൾ എന്ന പാഠത്തിൽനിന്നു്.)

പാഠം 4

സ്വനഗ്രാഹി യന്ത്രത്തിൻെറ തിരപ്പുറപ്പാട്

പണ്ടൊരു രാജാവിനു കഴുതച്ചെവികളുണ്ടായിരുന്നു. അദ്ദേഹം അതു വലിയൊരു രഹസ്യമായി സൂക്ഷിച്ചു വന്നു. ഒരിക്കൽ അദ്ദേഹത്തിൻെറ ഒരു ഭൃത്യൻ, യാദൃച്ഛികമായി ആ പരമാത്ഥം മനസ്സിലാക്കുന്നതിനിടയായി. അതിനെപ്പററി പ്രസ്താവിച്ചാൽ തൻെറ തല പോകുമെന്നു് അയാൾക്കു പൂണ്ണബോധമുണ്ടായിരുന്നു. അതേ സമയം ആ രഹസ്യം സൂക്ഷിക്കുന്നതു് അയാൾക്കു വളരെ പ്രയാസമായും തോന്നി. ഒടുവിൽ അയാളൊരു വിദ്യ കണ്ടുപിടിച്ചു. വിജനമായ ഒരു നദീതീരത്തുചെന്നു "രാജാവിനു കഴുതച്ചെവികളാണു്" എന്നു് ഉറക്കെ ഘോഷിച്ചു് അയാൾ മനസ്സംതൃപ്തിനേടി. പക്ഷെ, അവിടെ നിന്നിരുന്ന ചില ഓടകൾ ആ പ്രസ്താവന അങ്ങനെതന്നെ ആവത്തിച്ചു തുടങ്ങി. ആ വിധം അരമനരഹസ്യം അങ്ങാടിപ്പാട്ടായിത്തീന്നു.

ഇത്തരം ഒരു കഥ ചൈനക്കാരുടെ ഇടയിലുമുണ്ടു്. ഒരു രാജാവു മരിക്കുന്നതിനുമുമ്പു്, തൻെറ പിൻഗാമിയായ മകനു് ഒരു മുളക്കുമ്പത്തിൽ ചില ഉപദേശങ്ങൾ അടച്ചുവെച്ചു. അച്ഛൻെറ മരണശേഷം സിംഹാസനാരൂഢനായ മകൻ സുഖലോലുപതനിമിത്തം രാജ്യകാര്യങ്ങളിൽ അശ്രദ്ധനാകുകയും തന്മൂലം അക്രമങ്ങൾ വർദ്ധിക്കുകയും ചെയ്തു. ആ അവസരത്തിൽ പരേതനായ രാജാവിൻെറ മരണശാസനപ്രകാരം മുളക്കുമ്പത്തിൻെറ വായ് തുറന്നു. ഉടനെ അതിൽനിന്നു ദിവംഗതനായ പിതാവിൻെറതന്നെ ശബ്ദത്തിലുള്ള ഉപദേശങ്ങൾ കേൾക്കാറാവുകയും അതുകേട്ട മകൻ സത്സ്വഭാവിയും ജനക്ഷേമൈകതൽപരനും ആയിത്തീരുകയും ചെയ്തുവത്രെ.

നിങ്ങൾക്കു് ഈ കഥകൾ വിശ്വസിക്കുവാൻ വിഷമം തോന്നുന്നില്ലേ ? അപ്പോൾ 1877-ാമാണ്ടിൽ, തോമസ്

എഡിസൻ സംസാരിക്കുന്ന ഒരു യന്ത്രം കണ്ടുപിടിച്ചിരിക്കുന്നു എന്ന വാൎത്ത പുറത്തു വന്നപ്പോൾ ജനങ്ങളുടെ സ്ഥിതി എന്തായിരുന്നിരിക്കും ? കേട്ടവർ കേട്ടവർ അമ്പരന്നുപോയി. മനുഷ്യശബ്ദം പുറപ്പെടുവിക്കുന്ന ഒരു യന്ത്രമോ ? അവൎക്കതു വിശ്വസിക്കുന്നതിനു കഴിഞ്ഞില്ല. സാധിക്കാവുന്നവർ എഡിസൻെറ വസതിയായ 'മെൻലോപാർക്കിൽ' പോയി സംശയനിവൃത്തി വരുത്തി. അല്ലാത്തവൎക്ക് അത്തരം യന്ത്രങ്ങൾ വില്പനയ്ക്കു വരുന്നതുവരെ കാത്തിരിക്കേണ്ടിവന്നു. എല്ലാവരും അതു് ഒരു ജാലവിദ്യയായിത്തന്നെ കരുതി.

എഡിസനു് അന്നു മുപ്പത്തിയൊന്നു വയസ്സുമാത്രമേ ആയിരുന്നുള്ളു. അദ്ദേഹം ദൂരഭാഷിണിയെ സംബന്ധിച്ചുള്ള ചില പരീക്ഷണങ്ങളിൽ ഏൎപ്പെട്ടിരിക്കയായിരുന്നു. ഒരവസരത്തിൽ 'അദ്ദേഹം 'ടെലിഫോണി' ലേക്കു സംസാരിക്കുമ്പോൾ അതിനോടു ബന്ധിച്ചിരുന്ന ഒരു സൂചി അദ്ദേഹത്തിൻെറ വിരലിന്മേൽ കുത്തുന്നതായും, തൻെറ ശബ്ദത്തിൻെറ ആരോഹാവരോഹങ്ങൾ ആ സൂചിയുടെ ചലനത്തെ നിയന്ത്രിക്കുന്നതായും കണ്ടു. ആ കുശാഗ്രബുദ്ധിയുടെ ശ്രദ്ധ ഉടനെ അതിലേക്കു തിരിഞ്ഞു. ആ സൂചിയുടെ ചലനങ്ങൾ രേഖപ്പെടുത്തി ആ രേഖകളിൽക്കൂടി വീണ്ടും ആ സൂചിയെ നടത്തിക്കുന്നതായാൽ എന്തുകൊണ്ടു പഴയ ശബ്ദംതന്നെ വീണ്ടും പുറത്തു വരില്ല ? ഇതായി അദ്ദേഹത്തിൻെറ ആലോചന: ഉടനെതന്നെ അദ്ദേഹം അപ്രകാരം ചെയ്തുനോക്കി. ഫലം തൃപ്തികരമായിരുന്നില്ലെങ്കിലും പ്രോത്സാഹജനകമായിരുന്നു.

ആകസ്മികമായി താൻ കണ്ടുപിടിച്ച തത്വം തൃപ്തികരമായവിധം പ്രായോഗികമാക്കേണ്ടതെങ്ങനെ എന്നു് അദ്ദേഹം വളരെ ആലോചിച്ചു. അതിൻെറ ഫലമായി, ഒരു ദിവസം, അദ്ദേഹം തൻെറ ഏററവും വിദഗ്ദ്ധനായ സഹപ്രവൎത്തകൻ 'ക്രൂസി' യെ വിളിച്ചു് അദ്ദേഹത്തിൻെറ കൈയിൽ ഒരു യന്ത്രത്തിൻെറ ചിത്രംകൊടുത്തു് അതുപോലെ ഒന്നുണ്ടാക്കിക്കൊണ്ടുവരുന്നതിനു് ആവശ്യ

പ്പെട്ട. ആ യന്ത്രം എന്തിനുള്ളതായിരിക്കുമെന്നു ക്രൂസിക്ക് ഊഹിക്കുന്നതിനുപോലും കഴിഞ്ഞില്ല. ജിജ്ഞാസ വർദ്ധിക്കുകയാൽ അയാൾ എഡിസനോടുതന്നെ അതെന്തിനുള്ളതാണ് എന്നു ചോദിച്ചു. "സംസാരിക്കുന്ന ഒരു യന്ത്രം നിർമ്മിക്കുവാൻ ഞാൻ ഭാവിക്കുകയാണ്. നിങ്ങൾ ആ യന്ത്രം ഉണ്ടാക്കിക്കൊണ്ടു വരൂ. അതിനെന്തു ചെയ്വാൻ കഴിയുമെന്നു ഞാൻ കാണിച്ചുതരാം." എന്നായിരുന്നു എഡിസൻെറ മറുപടി. എഡിസൻെറ ശേഷിയെക്കുറിച്ചും വൈദഗ്ദ്ധ്യത്തെക്കുറിച്ചും ചിരകാലത്തെ പരിചയവും, നല്ല മതിപ്പും ഉണ്ടായിരുന്നിട്ടുകൂടി ക്രൂസി ഒന്നു ചിരിച്ചുപോയി. എങ്കിലും തുടച്ചയായി മുപ്പതു മണിക്കൂർനേരം—ഉറക്കമൊഴിച്ചും—ഊണു കുറച്ചും—പ്രവൃത്തിയെടുത്ത് അയാൾ എഡിസൻെറ ഇഷ്ടാനുസരണമുള്ള യന്ത്രം തയ്യാറാക്കിക്കൊണ്ടുചെന്നു.

കാഴ്ചയിൽ അതു വളരെ നിസ്സാരമായ ഒരു യന്ത്രമായിരുന്നു. മരംകൊണ്ടു് ഒരടിത്തട്ട്; അതിന്മേൽ ഒരു പിടി; പിടി പിടിച്ചുതിരിച്ചാൽ, ഒരു സ്ക്രൂപോലെ, തിരിഞ്ഞു തിരിഞ്ഞു മുമ്പോട്ടുപോകുന്ന ഒരു 'ഉരുൾ'; ഒരു ഭാഗത്തായി കോളാമ്പിപോലെ രണ്ടററവും തുറന്ന ഒരു കുഴൽ; ആ കുഴലിൻെറ വട്ടം കുറഞ്ഞ അററത്തു വലിച്ചു കെട്ടീട്ടുള്ള നേരിയ ഒരു ചർമ്മം; ചർമ്മത്തോടനുബന്ധിച്ച് ഒരു സൂചി—ഇത്രയുമായിരുന്നു ആ യന്ത്രത്തിൻെറ ഭാഗങ്ങൾ.

ക്രൂസിയുടെ പിന്നാലെ ബാക്കിയുള്ള പ്രവർത്തകന്മാരും കൂടി. എല്ലാവരും എഡിസൻെറ മുമ്പിലെത്തി. എഡിസൻ ആ യന്ത്രം സസ്മിതം സൂക്ഷ്മാവലോകനം ചെയ്തു. ചുററും നിന്നിരുന്നവർ അത്ഭുതത്തോടും ജിജ്ഞാസയോടുംകൂടി പരസ്പരം നോക്കി. ഇതു ശരിയാവാനുള്ളതല്ലെന്നൊരു ഭാവം അവർക്കുണ്ടായിരുന്നു. എഡിസനാകട്ടെ, യാതൊരു ഭാവപ്പകർച്ചയും കണ്ടില്ല. അദ്ദേഹം ആ ഉരുളിനു പുറമെ നനുത്ത ഒരു തകരത്തകിടു ചുററി, ആ സൂചിയെ തകരത്തകിടിന്മേൽ മുട്ടത്തക്കവണ്ണം വെച്ച്, ആ പിടി മെല്ലെ തിരിച്ചു

കൊണ്ടു് ആ വലിയ കുഴലിലേക്കു് ഇംഗ്ലീഷിലെ ഒരു താരാട്ടു്, ഉരക്കെ പാടിക്കൊടുത്തു. എല്ലാവരും പൊട്ടിച്ചിരിച്ചു. തകരത്തകിടിന്മേൽ ചില അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഉരുളിന്റെ അവസാനമായപ്പോൾ അദ്ദേഹം പാട്ടുനിർത്തി. സൂചി പൂർവ്വസ്ഥാനത്തേക്കുതന്നെ കൊണ്ടുവന്നു. അദ്ദേഹം പഴയപടി ആ പിടി തിരിക്കുവാൻ തുടങ്ങി. അത്ഭുതമെന്നേ പറയേണ്ടു, ആ യന്ത്രത്തിൽനിന്നു് എഡിസൻ പാടിയ പാട്ടു് അതേ ശബ്ദത്തിൽ—"അവന്റെ യജമാനന്റെ ശബ്ദ"ത്തിൽ—ബഹിർഗ്ഗമിച്ചു.

അന്നു രാത്രി മുഴുവൻ എഡിസനും ക്രൂസിയും ആ പുതിയ യന്ത്രം പരീക്ഷിച്ചു നോക്കി. ഫലം ഏററവും തൃപ്തികരമായിരുന്നു. പിറേറ ദിവസം കാലത്തു് ഒമ്പതു മണിക്കു് എഡിസൻ സ്വനഗ്രാഹിയന്ത്രം പൊതിഞ്ഞു കെട്ടിയെടുത്തു ന്യൂയാക്കിലെ 'സയൻറിഫിക്കു് അമേരിക്കൻ' എന്ന മാസികയുടെ ആഫീസിൽ കയറിച്ചെന്നു. പത്രാധിപർ എഡിസനെ സൽക്കരിച്ചിരുത്തി വന്ന കാര്യമെന്തെന്നു് അന്വേഷിച്ചു: എഡിസൻ മറുപടിയൊന്നും പറയാതെ, കയ്യിലുണ്ടായിരുന്ന പൊതി കെട്ടഴിച്ചു് ആ യന്ത്രം പത്രാധിപരുടെ മുമ്പിലേക്കു നീക്കിവെച്ചു. ഒരു ഉരുളും അതിനു് ഒരു പിടിയും കണ്ടപ്പോൾ മനുഷ്യസഹജമായ ജിജ്ഞാസയോടെ പത്രാധിപർ ആ പിടി പിടിച്ചു തിരിച്ചു. അപ്പോൾ ആ യന്ത്രത്തിൽനിന്നു് "Good Morning, what do you think of the phonograph?" (സുപ്രഭാതം, സ്വനഗ്രാഹിയന്ത്രത്തെപ്പററി നിങ്ങൾ എന്തു വിചാരിക്കുന്നു?) എന്നീ വാക്കുകൾ പുറത്തുവന്നു.

എഡിസൻ ഒരു സംസാരിക്കുന്ന യന്ത്രം കൊണ്ടുവന്നിരിക്കുന്നു എന്നു കേട്ടു് ആഫീസിലെ ജോലിക്കാരെല്ലാം പത്രാധിപരുടെ മുറിയിൽ തടിച്ചുകൂടി. എഡിസൻ വേറൊരു തകരത്തകിടു് എടുത്തുചുററി സൂചി ശരിയാക്കി തിരിച്ചു തുടങ്ങി. ഇത്തവണ പഴയ താരാട്ടാണു ശ്രവിച്ചതു്. വിവരം കേട്ടുകേട്ടറിഞ്ഞു നഗര

ത്തിലെ ജനങ്ങൾ ആഫീസിൽ തിക്കിക്കയറുവാൻ തുടങ്ങി. രണ്ടുമൂന്നു മണിക്കൂർ നേരം എഡിസൻ തൻെറ യന്ത്രം പ്രവർത്തിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ തിരക്കു സഹിക്കവയ്യാതായി. ജനക്കൂട്ടത്തിൻെറ ഭാരം കാരണം കെട്ടിടത്തിൻെറ തട്ടുതന്നെ നിലംപതിക്കുമോ എന്നു സംശയിക്കേണ്ട ഘട്ടം വന്നു. അതോടുകൂടി അന്നത്തെ പ്രദർശനം നിറുത്തി.

പിറെറ ദിവസത്തെ വർത്തമാനപ്പത്രങ്ങളെല്ലാം "ഈ യുഗത്തിലെ ഏററവും വലിയ കണ്ടുപിടുത്തം— സംസാരിക്കുന്ന യന്ത്രം" എന്ന തലക്കെട്ടിൽ സ്വനഗ്രാഹിയന്ത്രത്തിനു പ്രചരണം കൊടുത്തു. അങ്ങനെ ആ വാർത്ത ലോകമെല്ലാം പരന്നു.

ഏറെത്താമസിയാതെ, പ്രത്യേക ക്ഷണമനുസരിച്ച് എഡിസൻ അമേരിക്കയിലെ കേന്ദ്രസഭാംഗങ്ങളുടെ മുമ്പിൽ തൻെറ യന്ത്രം പ്രദർശിപ്പിച്ചു. അന്നു രാത്രി തന്നെ പ്രസിഡൻറ് ഹെയിസിൻെറ ആവശ്യപ്രകാരം "വൈററ് ഹൌസിൽ" വെച്ചു ഒരു പ്രദർശനം നടത്തി. പ്രസിഡൻറിൻെറയും, അദ്ദേഹത്തിൻെറ അതിഥികളുടെയും നിർബ്ബന്ധം നിമിത്തം എഡിസനു രാത്രി പതിനൊന്നു മണി മുതൽ കാലത്തു മൂന്നര മണി വരെ യന്ത്രം തിരിച്ച് അവിടെ ഇരിക്കേണ്ടി വന്നു.

ഇത്രയൊക്കെയായിട്ടും സ്വനഗ്രാഹി യന്ത്രം ഒരു 'വൻചതി' യാണെന്നു വിചാരിക്കുന്നവരുണ്ടായിരുന്നു. അവരിൽ പ്രധാനിയായ 'വിൻസൻറ്' എന്ന ഒരു ബിഷപ്പ് ആ യന്ത്രത്തെ പരീക്ഷിക്കുന്നതിനായി 'മെൻലോപാർക്കി' ൽ ചെന്നു. എഡിസൻെറ അപേക്ഷാനുസരണം ബിഷപ്പുതന്നെ ആ യന്ത്രത്തിലേക്കു ബൈബിളിലെ 'കടിച്ചാൽ പൊട്ടാത്ത' ചില പേരുകൾ ദ്രുതഗതിയിൽ ഉച്ചരിച്ചു. യന്ത്രമാകട്ടെ അവയെ യാതൊരു വ്യത്യാസവും കൂടാതെ അതേപടി വീണ്ടും പുറപ്പെടുവിച്ചു. അപ്പോൾ ബിഷപ്പിനു പൂർണ്ണവിശ്വാസമായി. ആ യന്ത്രത്തിൻെറ അരികത്തെങ്ങാനും ശബ്ദാനുകരണകുശലരായ

വല്ലവരും ഒളിഞ്ഞിരിക്കുന്നുണ്ടാകാമെന്നു്, സ്നേഹിതന്മാർ ബിഷപ്പിനോടു പറഞ്ഞിരുന്നു. പക്ഷേ, അക്കാൎയ്യത്തിൽ അദ്ദേഹത്തിന്നു് അശേഷം സംശയമുണ്ടായില്ല. എന്തെന്നാൽ, താൻ ഉച്ചരിച്ച പേരുകൾ അതേ വേഗത്തിൽ പറയുന്നവരായി അമേരിക്കയിൽ ആരുമില്ലെന്നു് അദ്ദേഹത്തിനു ദൃഢബോധമുണ്ടായിരുന്നു.

ഇക്കാലത്താണു് എഡിസൻെറ ആദ്യത്തെ കുട്ടി ജനിച്ചതു്. സന്താനലബ്ധിയാൽ സന്തുഷ്ടനായ പിതാവു കുട്ടിയുടെ അവ്യക്തങ്ങളും മധുരങ്ങളും ആയ ജല്പനങ്ങളെല്ലാം 'റിക്കാർഡു' ചെയ്തു. അതുപോലെ തൻെറ കുട്ടിയുടെ കരച്ചിലും ഒന്നു രേഖപ്പെടുത്തിവെയ്ക്കണമെന്നു് അദ്ദേഹത്തിനു തോന്നി. ഒരു ദിവസം വൈകുന്നേരം അദ്ദേഹം ഒരു വേലക്കാരനെക്കൊണ്ടു സ്വനഗ്രാഹിയന്ത്രം ചുമപ്പിച്ചു സ്വഗൃഹത്തിലേക്കു ചെന്നു. ദൗർഭാഗ്യത്താൽ അന്നു കുട്ടിക്കു് ഒരു നല്ല ദിവസമായിരുന്നു. എഡിസൻ എന്തു ചെയ്തിട്ടും കുട്ടി കരഞ്ഞില്ല. ഉറക്കെ ഉറക്കെ ചിരിച്ചതേയുള്ളു. തൻെറ വിലയേറിയ സമയത്തിൽ ഒരു മണിക്കൂർ നഷ്ടപ്പെട്ടതിൽ വലിയ ഖേദത്തോടെ അദ്ദേഹത്തിനു പരീക്ഷണശാലയിലേക്കു് തിരിക്കേണ്ടി വന്നു. പക്ഷെ, അദ്ദേഹം ആ ഉദ്യമം ഉപേക്ഷിച്ചില്ല. പിറ്റെ ദിവസം അദ്ദേഹം അതേ നേരത്തുതന്നെ കുട്ടിയുടെ അടുത്തെത്തി. എന്നാൽ അന്നു കുട്ടിക്കു തലേദിവസത്തേക്കാളധികം ഉന്മേഷമായിരുന്നു. അന്നും അദ്ദേഹം നിരാശനായി മടങ്ങി. അടുത്ത രണ്ടു ദിവസങ്ങളിലും അദ്ദേഹത്തിൻെറ അനുഭവം ഇതുതന്നെയായിരുന്നു.

പ്രതിബന്ധങ്ങൾ എഡിസൻെറ നിശ്ചയത്തിനു മൂച്ച് കൂട്ടിയതേ ഉള്ളു. അതുതന്നെയാണു് അദ്ദേഹത്തിൻെറ അത്ഭുതപൂൎവ്വമായ വിജയത്തിനു നിദാനവും. ഇക്കാൎയ്യത്തിലും അദ്ദേഹം വിട്ടുവീഴ്ചയ്ക്കു് ഒരുങ്ങിയില്ല. എന്തു വന്നാലും താൻ ഉദ്ദേശിച്ചകാൎയ്യം നിറവേററുമെന്നു് അദ്ദേഹം തീൎച്ചയാക്കി. ഒരു ദിവസം കാലത്തു ഭാൎയ്യ പുറത്തു പോയിരുന്ന തക്കംനോക്കി, അദ്ദേഹം കുട്ടിയെ

കിടത്തിയിരുന്ന മുറിയിൽ സ്വാനഗ്രാഹിയന്ത്രത്തോടുകൂടി ചെന്നു. കുട്ടി മന്ദഹാസപൂർവ്വം അച്ഛനെ സ്വാഗതം ചെയ്തു. അദ്ദേഹം കുട്ടിയുടെ ധാത്രിയെ അവിടെനിന്നും പറഞ്ഞയച്ചു. കുട്ടിയെ എടുത്തു മടിയിലിരുത്തി, കണ്ണുകൾ രണ്ടും മുറുകെ അടച്ചു, പല്ലുകൾ കടിച്ചുപിടിച്ച്, അദ്ദേഹം കുട്ടിയുടെ പിഞ്ചുകാലിന്മേൽ ഒന്നു നുള്ളുവാൻ തന്നെ തയ്യാറായി. പെട്ടെന്നു, വാതിൽപ്പഴുതിൽക്കൂടി നോക്കിനിന്നിരുന്ന ആയ ചാടിവീണു കുട്ടിയെ അച്ഛന്റെ കൈയിൽനിന്നു തട്ടിപ്പറിച്ചുകൊണ്ടുപോയി. എഡിസൻ ആശാഭംഗസൂചകമായ ഒരു നെടുവീർപ്പോടുകൂടി തന്റെ പ്രവൃത്തിസ്ഥലത്തേക്കുമടങ്ങി.

എന്നാൽ, അദ്ദേഹത്തിന്റെ മനോരഥം അചിരേണ അവിചാരിതമായവിധം സഫലമായി. ഒരു ദിവസം എഡിസന്റെ ഭാര്യ കുട്ടിയേയുംകൊണ്ടു് പ്രയോഗശാലയിലേക്കു ചെന്നു. അവിടത്തെ യന്ത്രങ്ങളുടെ ശബ്ദം കേട്ടയുടൻതന്നെ കുട്ടി പേടിച്ച് വാപിളന്ന് അലറുവാൻ തുടങ്ങി. "യന്ത്രങ്ങൾ നിർത്തു, സ്വാനഗ്രാഹിയന്ത്രം ശരിയാക്കൂ" എന്നു് എഡിസൻ തത്സമയം കല്പിച്ചു. അങ്ങനെ അവിടെവെച്ചുതന്നെ അദ്ദേഹം കുട്ടിയുടെ കരച്ചിൽ റിക്കാർഡാക്കി.

എഴുത്തുകൾ പറഞ്ഞുകൊടുക്കുക, അന്ധന്മാരെ പഠിപ്പിക്കുക, യഥേഷ്ടം കേൾക്കത്തക്കവിധം പാട്ടുകൾ രേഖപ്പെടുത്തി വെയ്ക്കുക, ഓരോ കുടുംബത്തിലെയും പ്രാമാണികന്മാരായ കാരണവന്മാരുടെ ഉപദേശങ്ങളും മററും അവരുടെതന്നെ ശബ്ദത്തിൽ പിൻഗാമികൾക്കു കേൾക്കുമാറാക്കുക, ക്ലാക്കുകൾകൊണ്ടു സമയം പറയിക്കുക, വിവിധ ഭാഷകളിലെ ഉച്ചാരണ വിശേഷങ്ങൾ മനസ്സിലാക്കുക, വിദ്യാഭ്യാസം കൂടുതൽ സുഗമമാക്കുക, ദൂരഭാഷിണി മുഖേന വന്നുചേരുന്ന സന്ദേശങ്ങൾ പിന്നീടുപയോഗിക്കത്തക്കവണ്ണം സംഭരിച്ചുവെയ്ക്കുക—ഇങ്ങനെ പല കാര്യങ്ങൾക്കും സ്വാനഗ്രാഹിയന്ത്രം പ്രയോജകീഭവിക്കുമെന്നു് എഡിസൻ അന്നുതന്നെ പ്രവചിച്ചിട്ടുള്ളതാണു്.

സ്വനഗ്രാഹിയന്ത്രമുണ്ടാക്കിയ സമയംതന്നെ എഡിസന്റെ ശ്രദ്ധ വൈദ്യുതദീപനിർമ്മാണത്തിലേക്കു തിരിഞ്ഞു. അതുകൊണ്ടു പിന്നെ പതിനൊന്നു കൊല്ലത്തേക്കു എഡിസൻ അതു പരിഷ്കരിക്കുന്ന കാര്യത്തിൽ മനസ്സു ചെലുത്തിയില്ല. 1888-ൽ അദ്ദേഹം സ്വനഗ്രാഹിയന്ത്രത്തെ തികച്ചും പ്രയോഗക്ഷമമാക്കുന്നതിനു് അത്യുദ്ധ്വാനം ചെയ്തു. ഓരോരോ വ്യത്യാസം വരുത്തി, ഒന്നിനുപുറകെ ഒന്നായി അദ്ദേഹം അമ്പതോളം യന്ത്രങ്ങൾ ഉണ്ടാക്കി നോക്കി. ഈ ആവശ്യത്തിലേക്കു് ഏതാണ്ടു് ഇരുപതു ലക്ഷം ഡാളർ അദ്ദേഹം ചെലവുചെയ്തു. ഉരുളിനും തകരത്തകിടിനും പകരം മെഴുകുകൊണ്ടുള്ള ഉരുൾ, 'സ്പ്രിങ്ങു്' വെച്ചു് അതിനെ ക്ലിപ്തമായ വേഗതയോടുകൂടി തിരിക്കുന്നതിനുള്ള ഏർപ്പാടു്—ഇവയായിരുന്നു തൽഫലമായുണ്ടായ പ്രധാന മാററങ്ങൾ.

അക്കൊല്ലത്തിൽതന്നെ സ്വനഗ്രാഹിയന്ത്രം ഇംഗ്ലണ്ടിൽ ആദ്യമായി പ്രദർശിപ്പിച്ചു. ആ അവസരത്തിൽ എഡിസന്റെ ശബ്ദത്തിൽ സ്വനഗ്രാഹിയന്ത്രം നൽകിയ പ്രസ്താവനയാണിതു് :—

"മാന്യരേ, യാതൊരു മഹാന്റെ ദുർല്ലഭമായ പ്രതിഭയുടെയും, അനുപമമായ ക്ഷമയുടെയും അവിശ്രമ പരിശ്രമത്തിന്റെയും ഫലമായി ഞാൻ ജനിച്ചുവോ, ആ എഡിസന്റെ പേരിൽ ഞാൻ നിങ്ങളെ സ്വാഗതം ചെയ്യുന്നു. ഇന്നു് ഇവിടെ സന്നിഹിതരായി എന്നെ മാനിച്ചതിനു ഞാൻ നിങ്ങളോടു നന്ദി പറഞ്ഞുകൊള്ളുന്നു. 'എന്റെ യജമാനന്റെ ശബ്ദ' മെന്നപോലെതന്നെ അദ്ദേഹത്തിന്റെ ദേഹവും ഇവിടെ നിങ്ങളെ സ്വീകരിക്കുന്നതിനുണ്ടായില്ലല്ലോ എന്നു ഞാൻ വ്യസനിക്കുന്നു. അദ്ദേഹത്തിന്റെ അഭാവത്തിൽ നിങ്ങളോടും, ഇവിടെ സന്നിഹിതരും അല്ലാത്തവരും ആയ ലണ്ടനിലെ പത്രപ്രതിനിധികളോടും, എന്റെ മാതൃഭൂമിയിലേക്കുള്ള വരവിൽ നൽകിയ ഉദാരവും അഭിമാനജനകവും ആയ സ്വീകരണത്തിനു നന്ദി പ്രകാശിപ്പിച്ചില്ലെങ്കിൽ ഞാൻ കർത്തവ്യം നിർവ്വഹിക്കാത്തവനായിത്തീരും."

1889-ൽ പാരീസിലെ പ്രദശ്നത്തിൽവെച്ച് ഒരു ദിവസം നാല്പതിനായിരം ആളുകൾവന്നു സ്വനഗ്രാഹിയന്ത്രത്തിൻെറ പ്രവത്തനങ്ങൾ കാണുകയും കേൾക്കുകയും ഉണ്ടായത്രെ.

എഡിസൻ തൻെറ സ്നേഹബഹുമാനങ്ങൾക്കു പാത്രമായ ഗ്ലാഡ്സ്റ്റനോട് അനന്തരതലമുറകൾക്കുള്ള ഒരു സന്ദേശം രേഖപ്പെടുത്തുന്നതിനഭ്യത്ഥിച്ചു. അതു് ഒരു ബഹുമതിയായിക്കരുതി ഗ്ലാഡ്സ്റ്റൺ ആ അപേക്ഷ സസന്തോഷം കൈക്കൊണ്ടു. എഡിസൻെറ ഗൃഹത്തിൽ മഹാന്മാരുടെ ശബ്ദങ്ങൾ ശേഖരിച്ചുവെച്ചിട്ടുണ്ടു്. അവിടെ നിങ്ങൾക്കു ബിസ്മാക്ക്, ടെന്നിസൻ, ഗ്ലാഡ്സ്റ്റൺ, ബ്രൌണിങ്ങു് മുതലായവരുടെ ശബ്ദങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള 'റിക്കാർഡുകൾ' കേൾക്കാൻ കഴിയും. മൺമറഞ്ഞ മഹാന്മാരിൽ ആരുടെ ശബ്ദത്തെ രേഖപ്പെടുത്താനാണു നിങ്ങൾ അധികം ഇഷ്ടപ്പെടുന്നതു് എന്നു് ഒരു സുഹൃത്തു ചോദിച്ചപ്പോൾ, നെപ്പോളിയൻെറ ശബ്ദത്തെയാണു താൻ കേൾക്കുവാൻ ഇച്ഛിക്കുന്നതു് എന്നു് എഡിസൻ സകാരണം സമാധാനം നൽകുകയുണ്ടായി.

വിക്ടോറിയാ മഹാരാജ്ഞി, ജമ്മനിയിലെ കൈസർ, വില്യം രണ്ടാമൻ, റഷ്യയിലെ ഒടുവിലത്തെ സാർ ചക്രവത്തി, ബൽജിയത്തിലെ ലിയോപോൾഡു് രാജാവു് തുടങ്ങിയ പ്രമുഖരാജകുലാംഗങ്ങളും സ്വനഗ്രാഹിയന്ത്രത്തിൻെറ വലിയ ആരാധകന്മാരായിരുന്നു. കൈസർ ചക്രവത്തി തൻെറ സേവകവൃന്ദത്തിനു് അതിൻെറ നിമ്മാണത്തെയും പ്രവത്തനങ്ങളെയും പററി വിവരിച്ചു കൊടുക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ശബ്ദം രേഖപ്പെടുത്തിയ 'റിക്കാർഡു'കൾ ഹാർവേഡ് സവ്വകലാശാലയിലും, വാഷിങ്ങ്ടണിലെ 'നാഷണൽ മ്യൂസിയ'ത്തിലും സൂക്ഷിച്ചു വെച്ചിട്ടുണ്ടു്.

എഡിസൻെറ സ്വനഗ്രാഹിയന്ത്രം പരിഷ്കരിക്കുന്നതിനു പലരും സഹായിച്ചിട്ടുണ്ടു്. അവരിൽ എമിൽ ബർലിനർ എന്ന അമേരിക്കക്കാരൻെറ പേർ പ്രത്യേകം

പ്രസ്താവ്യമത്രെ. അദ്ദേഹമാണ് എഡിസൻെറ 'ഉരുള' കൾക്കു പകരം വട്ടത്തിലുള്ള 'റിക്കാർഡു'കൾ നടപ്പിൽ വരുത്തിയതു്.

നാം പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ വായുവിൽ അലകൾ ഉണ്ടാക്കുന്നു. അവ സ്വനഗ്രാഹിയന്ത്രത്തിൻെറ 'കോളാമ്പിവായിൽ'ക്കൂടി പ്രവേശിച്ച്, അതിൻെറ മറേറ അററത്തുള്ള ചർമ്മത്തെ ചലിപ്പിക്കുകയും ആ ചർമ്മത്തോടു തൊട്ടുകിടക്കുന്ന സൂചി പ്രസ്തുത ചലനങ്ങളെ 'മെഴുകു'കൊണ്ടുള്ള തട്ടിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ആ സൂചിയെ നാം പിന്നെ അതേ രേഖകളിൽക്കൂടി നടത്തുമ്പോൾ ചർമ്മം അതിനനുസരിച്ചു ചലിക്കുന്നതിനാൽ ആ റിക്കാർഡുണ്ടാക്കിയ ശബ്ദങ്ങൾതന്നെ നമുക്കു കേൾക്കാറാകുന്നു. മെഴുകിൽ ഉണ്ടാക്കുന്നവയിൽനിന്നു വാർത്തെടുക്കുന്നവയാണ് നാം വാങ്ങിക്കുന്ന ബലമുള്ള റിക്കാർഡുകൾ.

'സംസാരിക്കുന്ന യന്ത്രം' കണ്ടുപിടിച്ച മെൻലോപാർക്കിലെ ജാലവിദ്യക്കാരൻെറ പ്രതിഭയുടെ മുമ്പിൽ നമുക്കു കൃതജ്ഞതാപൂർവ്വം തലകുനിക്കുക.

—എം. ബാലരാമമേനോൻ.

അഭ്യാസം

1. എഡിസൻ കണ്ടുപിടിച്ച ആദ്യത്തെ സ്വനഗ്രാഹിയന്ത്രത്തിൻെറ സ്വരൂപം വിവരിക്കുക.
2. സ്വരങ്ങൾ 'റിക്കാർഡു' ചെയ്യാൻ എഡിസൻ നടത്തിയ ശ്രമങ്ങൾ വിവരിക്കുക.
3. ദ്രവ്യനാമത്തിൻെറ വിഭാഗങ്ങൾ ഏവ? ഓരോന്നിനും ഓരോ ഉദാഹരണമെഴുതുക.
4. കരച്ചിൽ, പ്രതിഭ ഈ വാക്കുകൾ ഏതേതു നാമ വിഭാഗത്തിൽപ്പെടുന്നു?

5. താഴെക്കൊടുത്തിട്ടുള്ള വാക്യങ്ങളിലെ സർവ്വനാമങ്ങൾ ഏതേതു വിഭാഗത്തിൽപ്പെടുന്നു ?

"നീ ഇപ്പോൾ എന്താണു പറഞ്ഞതു് ?

അവൻ ഇവിടെ ഒരിക്കലും വരികയില്ലെന്നോ ? ചില കാര്യങ്ങൾ എനിക്കു് അവനോടു പറയാനുണ്ടു്. അവ മററ വല്ലവരേയും അറിയിക്കാനുള്ളതല്ല."

പാഠം 5

ഒരു സിംഹവേട്ട *

ഡിസംബർ 8-ാംനു- വെളുപ്പിനു് എൻെറ കൂടാരത്തിൽനിന്നു ഞാൻ പുറത്തിറങ്ങിയപ്പോൾ, അവിടത്തെ സ്വാഹിലിജാതിക്കാരനായ ഒരുവൻ എൻെറ അടുക്കലേക്കു കിതച്ചു് ഓടി വന്നു് 'സിംബ! സിംബ!' (സിംഹം! സിംഹം!) എന്നു വിളിച്ചുപറഞ്ഞു. ഓടുന്നതിനിടയിൽ അവൻ ഇടയ്ക്കിടയ്ക്കു പിന്നോക്കംതിരിഞ്ഞു നോക്കിയിരുന്നു. സംഗതി എന്താണെന്നു ചോദിച്ചപ്പോൾ അടുത്തപുഴയുടെ സമീപത്തിൽ അടിച്ചിരുന്ന കൂടാരത്തിൽനിന്നു് ഒരു കൂലിക്കാരനെ പിടിക്കുവാൻ കുറെ സിംഹങ്ങൾ ശ്രമിച്ചുവെന്നും, ആ കാര്യം ഫലിക്കായ്കയാൽ അവരുടെ കോവർകഴുതകളിൽ ഒന്നിനെ സിംഹങ്ങൾ പിടിച്ചു കൊന്നു

---

* കിഴക്കേ ആഫ്രിക്കയിൽ തീവണ്ടിപ്പാത പണിയിക്കുവാൻ 1898-ൽ ബ്രിട്ടീഷ് ഗവൺമെൻറ് നിയമിച്ച ഒരു വെള്ളക്കാരൻ ആ പ്രദേശത്തു നടത്തിയ ഒരു വേട്ടയുടെ യഥാർത്ഥ വർണ്ണനയാണിതു്.

തിന്നുകൊണ്ടിരിക്കുന്നുവെന്നും അവനിൽനിന്നു ഞാൻ ഗ്രഹിച്ചു.

'ഇതുതന്നെ തരം' എന്നു ഞാൻ നിശ്ചയിച്ചു; എന്റെ ഒരു സ്നേഹിതൻ എന്നെ ഏല്പിച്ചിരുന്ന കനമേറിയ ഒരു തോക്കും എടുത്തുകൊണ്ടു്, ആ സ്വാഹിലി കാണിച്ചു തന്ന വഴിയിൽക്കൂടെ, സിംഹങ്ങൾ എന്നെ കാണാത്തവിധം മറപററി ഞാൻ നടന്നു. കുറെക്കഴിഞ്ഞപ്പോൾ ഒരു കുറുങ്കാട്ടിനിടയിൽക്കൂടി സിംഹങ്ങളിൽ ഒന്നിന്റെ പുറത്തെവരകൾ എനിക്കു കുറേശ്ശ കാണാറായി. എന്നാൽ ദൗർഭാഗ്യവശാൽ എന്റെ വഴികാട്ടി ഒരു ഉണങ്ങിയ ചില്ലയിന്മേൽ ചവിട്ടുകയാൽ അതൊടിഞ്ഞു സ്വല്പമായ ഒരു ശബ്ദമുണ്ടായി. സൂത്രശാലിയായ ആ മൃഗം അതുകേട്ടു മുറുമുറുത്തു് അവിടം വിട്ടു് അടുത്ത കാട്ടിൽ പോയൊളിച്ചു. ഇതു കണ്ടപ്പോൾ എനിക്കുണ്ടായ നൈരാശ്യം കുറച്ചൊന്നുമല്ലായിരുന്നു. തൽക്ഷണം ഞാൻ കൂടാരത്തിലേക്കു തിരിച്ചുപോയി എല്ലാ കൂലിക്കാരേയും വിളിച്ചുകൂട്ടി ചെണ്ടകൾ, തകരപ്പാത്രങ്ങൾ മുതലായ സാധനങ്ങളോടുകൂടി പുറപ്പെട്ടുവന്നു്, ആ കുറുങ്കാട്ടിന്റെ പുറമെ അർദ്ധവൃത്തത്തിൽനിന്നുകൊണ്ടു വലിയ ശബ്ദമുണ്ടാകുവാൻ ഏർപ്പാടുചെയ്തു. അവർ ഈ വിധം കാടു തെളിച്ചുവന്നാൽ മുൻപറഞ്ഞ സിംഹത്തിനു് ഒഴിഞ്ഞു പോകാനുള്ള വഴിക്കരികെ ഒരു വലിയ ചിതൽപ്പുററു് ഉണ്ടായിരുന്നതിന്റെ പിന്നിൽ, ഞാൻ പതിയിരുന്നു. കൂലിക്കാർ പുറപ്പെടുവിച്ച ഭയങ്കരമായ ശബ്ദം കേട്ടമാത്രയിൽ ഒരു കൂററൻ സിംഹം അതിലെ കടന്നു വന്നു. എനിക്കുണ്ടായ സന്തോഷം അനല്പമായിരുന്നു.

ആ മൃഗം ഇടയ്ക്കിടയ്ക്കു ചുററും നോക്കിക്കൊണ്ടു ഞാൻ ഇരിക്കുന്ന സ്ഥലത്തേക്കു് അടുത്തുവന്നു. നല്ലവണ്ണം സൂക്ഷിച്ചു നോക്കിയിരുന്നുവെങ്കിൽ അതിനു് എന്നെ കാണാമായിരുന്നു. പക്ഷെ, പിന്നിലുണ്ടായിരുന്ന ബഹളം നിമിത്തം സിംഹം എന്നെ കണ്ടില്ല. ഏകദേശം 15 വാര വരെ അതു് അടുത്തു എന്നു കണ്ടപ്പോൾ ഞാൻ എന്റെ

തോക്കെട്ടത്തു് അതിനെ ഉന്നംവെയ്ക്കുവാൻ തുടങ്ങി. ഈ അനക്കം ആ സിംഹം കേട്ടു ; മുൻകാലുകൾ നിവത്തിനില ത്തൂന്നി പൃഷ്ഠഭാഗം നിലത്തുറപ്പിച്ചു് എന്നെ നോക്കി ക്കൊണ്ടു് അതു കുറേശ്ശ മുരളുവാൻ തുടങ്ങി. ഉടനെ അതിൻെറ തലയ്ക്കു് ഉന്നംവെച്ചു ഞാൻ കാഞ്ചി വലിച്ചു. ദുർഘടമേ! കാഞ്ചി വീണുവെങ്കിലും വെടി പൊട്ടിയില്ല! ഇതിലധികം ഒരപകടം പററാനുണ്ടോ? മറെറാരു ത്തൻെറ തോക്കിനെ ഒരു കാലത്തും വിശ്വസിച്ചുകൂടെന്നു് എനിക്കു മനസ്സിലായി.

ഇത്രയും കൊണ്ടായില്ല. ഇതിലും വലിയ ഒരു ആപ ത്താണു് ഉടനെ സംഭവിക്കുവാനിരുന്നതു്. യാദൃച്ഛിക മായ ഈ സംഭവം നിമിത്തം ഞാൻ സംഭ്രമിച്ചുപോയ തിനാൽ തോക്കിൻെറ ഇടത്തെക്കുഴൽ ഒഴിക്കുവാൻ ഞാൻ മറന്നു പോയി. തോക്കു വീണ്ടും നിറയ്ക്കുവാൻ ഞാൻ ഒരുങ്ങുമ്പോൾ, കൂലിക്കാർ പുറപ്പെടുവിച്ച ഭയാനകമായ ഒച്ചയും തിരക്കും കേട്ടു്, സിംഹം എൻെറ മേൽ ചാടി വീഴുന്നതിനുപകരം വീണ്ടും കാട്ടിലേക്കു് കടന്നുകളഞ്ഞു. ഈ സമയത്തിനുള്ളിൽ എനിക്കു വീണ്ടും സ്വബോധം വന്നു. അതു തിരിഞ്ഞ ക്ഷണത്തിൽ തോക്കിൻെറ ഇടത്തേക്കുഴൽ അതിൻെറ തലയ്ക്കുനേക്കായി ഞാൻഒഴിച്ചു. അത്യന്തം കോപത്തോടുകൂടി ആ മൃഗം ഭയങ്കരമായി ഒന്നു ഗജ്ജിച്ചു. 'വെടിപററി' എന്നു ഞാൻ നിശ്ചയിച്ചു. പക്ഷെ, സിംഹം കാട്ടിലേയ്ക്കു കടന്നു കളകയാണുചെയ്തതു്. കാലടികളുടെ പാടുനോക്കി ഞാൻ കുറെ ദൂരം അതിനെ പിന്തുടന്നു. എങ്കിലും, പാറയുള്ള ഒരു പ്രദേശത്തു് എത്തിയപ്പോൾ പിന്നെ ചവിട്ടടികളൊന്നും കാണായ്ക യാൽ എനിക്കു മടങ്ങിപ്പോരേണ്ടിവന്നു.

മറെറാരുത്തൻെറ ആയുധത്തെ് വിശ്വസിക്കുവാൻ തോന്നിയ എന്നെതന്നെ ഞാൻ ആക്ഷേപിച്ചു. എനി ക്കുണ്ടായ ഇച്ഛാഭംഗവും സന്താപവും നിമിത്തം ആ തോക്കിൻെറ ഉടമസ്ഥനെയും തോക്കിനെയും മാത്രമല്ല, അതു പണിചെയ്തവനെപ്പോലും ഞാൻ മനസാ ശപിച്ചു.

പൊട്ടാത്ത ആ തോട്ട വലിച്ചെടുത്തു നോക്കിയപ്പോൾ അതിൻെറ പിന്നിലുള്ള ആണി വേണ്ട സ്ഥലത്തു ചെന്നു മുട്ടിയില്ലെന്നും, കാപ്പ് അല്പം ഞെളുങ്ങിയിരുന്നു വെന്നും കണ്ടു. കുറെ ശകാരവാക്കുകളോടുകൂടി ഞാൻ അതു് എൻെറ സ്നേഹിതനു മടക്കികൊടുത്തു. എനിക്കു ണ്ടായ കോപം ചില്ലറയൊന്നുമായിരുന്നില്ല. ഈ സംഭ വത്തിൽനിന്നു വിചാരിച്ചിരിക്കാത്ത ഒരു അനിഷ്ടഫല മുണ്ടായി. അവിടത്തെ സിംഹങ്ങൾ ഒരുവക ദുർഭൂതങ്ങ ളാണെന്നും, മനുഷ്യരുടെ ആയുധങ്ങൾക്കു് അവയെ അപായപ്പെടുത്താൻ സാധിക്കയില്ലെന്നുമുള്ള ആ നാട്ടു കാരുടെ വിശ്വാസം ഇതു നിമിത്തം പൂർവ്വാധികം ദൃഢീ ഭവിച്ചു.

അവിചാരിതമായ ആ തോൽവിക്കുശേഷം കൂടാര ത്തിലേക്കു മടങ്ങിപ്പോകയല്ലാതെ എനിക്കു മറെറാന്നും ചെയ്യുവാൻ ഉണ്ടായിരുന്നില്ല: എങ്കിലും അതിനുമുൻപായി ഞാൻ ആ കോവർകഴുതയുടെ ശവം ചെന്നുനോക്കി. അപ്പോൾ അതിൻെറ ഒരംശം മാത്രമേ സിംഹങ്ങൾ തിന്നി ട്ടുണ്ടായിരുന്നുള്ളു എന്നു കണ്ടു. സിംഹങ്ങൾ സാധാ രണമായി ഇരകളുടെ വാൽ മുതൽ തലവരെ തിന്നു തീർക്കുകയാണു പതിവു്. അവയുടെ സദ്യക്കു വിഘ്നം വന്നതിനാൽ രാത്രിയാകുമ്പോൾ അവ വീണ്ടും ആ ശവ ത്തിൻെറ അടുക്കലേക്കു വരാതിരിക്കയില്ലെന്നു ഞാൻ നിശ്ചയിച്ചു. എന്നാൽ പതിയിരിക്കുന്നതിനു് ആ സ്ഥലത്തിനു സമീപത്തു വൃക്ഷങ്ങൾ ഒന്നും ഉണ്ടായിരു ന്നില്ല. അതിനാൽ ഏകദേശം പത്തടി അകലെയായി പന്ത്രണ്ടടി ഉയരത്തിൽ ഏതാനും തൂണുകൾ നാട്ടി അവ യിന്മേൽ ഒരു മാടം വെച്ചുകെട്ടിച്ചു. കോവർകഴുതയുടെ ശവം സിംഹങ്ങൾ വലിച്ചു കൊണ്ടുപോകാതിരിപ്പാൻ അതിനെ നല്ല ബലമുള്ള കമ്പികൾകൊണ്ടു കെട്ടി അടുത്ത ഒരു മരക്കുററിയോടു ബന്ധിക്കുകയും ചെയ്തു.

സന്ധ്യയായപ്പോൾ ഞാൻ ആ മാടത്തിൻെറ മുക ളിൽ സ്ഥാനം ഉറപ്പിച്ചു. കൂരിരുട്ടായി. ഒരു ശബ്ദവും കേൾപ്പാൻ ഉണ്ടായിരുന്നില്ല. ഇങ്ങനെ കുറച്ചു നേരം

ഇരുന്നപ്പോൾ എനിക്കു് ഒരു മയക്കം വന്നു് ഉറക്കം പിടിച്ചുതുടങ്ങി. അല്പനേരം കഴിഞ്ഞപ്പോൾ ഒരു ചില്ല ഒടിയുന്ന ശബ്ദം കേട്ട ഞാൻ ഞെട്ടിയുണൎന്നു. പിന്നെയും വല്ല ശബ്ദവും പുറപ്പെടുന്നുണ്ടോ എന്നു് അറിവാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കെ, ഒരു വലിയ ശരീരം ആ കുററിക്കാടിൻെറ ഇടയിൽക്കൂടി അടുത്തു വരുന്നതു് എനിക്കു കാണാറായി. ആ മൃഗങ്ങളിൽ ഒന്നിനെയെങ്കിലും വെടിവെച്ചു കൊല്ലുവാനുള്ള കൗതുകം എന്നിൽ വൎദ്ധിച്ചു. മനഃക്ഷോഭം നിമിത്തം ഞാൻ മിക്കവാറും മരവിച്ച പോലെയായി. അങ്ങനെയിരിക്കെ, അതാ ഒരു ദീൎഘശ്വാസം കേൾക്കുന്നു! വിശന്നാൽ ഒരു സിംഹത്തിൻെറ ഉള്ളിൽനിന്നു സാധാരണമായി പുറപ്പെടുന്ന സ്വരമായിരുന്നു അതു്. ഒന്നുരണ്ടു നിമിഷങ്ങൾക്കുള്ളിൽ സിംഹത്തിൻെറ അനക്കം തീരെ നിന്നു. എന്നു മാത്രമല്ല, കോപത്തോടുകൂടിയ ഒരു മുരൾച്ച കേട്ടുതുടങ്ങുകയും ചെയ്തു. സിംഹം ഞാൻ ഇരിക്കുന്നതു കണ്ടുകഴിഞ്ഞു എന്നു ഞാൻ നിശ്ചയിച്ചു. ഇത്തവണയും മുമ്പിലത്തെപ്പോലെ ഇച്ഛാഭംഗം വന്നേക്കുമോ എന്നു് എനിക്കു സംശയമായി.

എങ്കിലും അപ്രകാരമല്ല സംഭവിച്ചതു്. വേട്ടക്കാരൻതന്നെ വേട്ടയാടപ്പെട്ടു! എന്തുകൊണ്ടെന്നാൽ ആ സിംഹത്തിനു വെച്ചിരുന്ന ഇര അതു് എടുത്തുകൊണ്ടു പോകയോ, ആ പ്രദേശം വിട്ടു കടന്നുകളകയോ ചെയ്യുന്നതിനു പകരം, അതു് എന്നെ പിടിക്കുവാൻ ഒളിവിൽ പതിയിരിക്കുന്നതിനുള്ള വട്ടംകൂട്ടുകയായിരുന്നു. ദുൎബ്ബലമായ എൻെറ മാടത്തിനു ചുററും ഏകദേശം രണ്ടു മണിക്കൂർനേരം അതു പതുങ്ങിച്ചുററിനടന്നു്, ക്രമേണ എൻെറ അടുക്കലേക്കു് അടുത്തടുത്തു വന്നു. ഏതു സമയത്താണു് അതു് എൻെറ മേൽ കുതിച്ചുചാടുക എന്നുള്ള ഭയം എനിക്കുണ്ടായി. മാടത്തിൻെറ ഏതെങ്കിലും ഒരു തൂണു് ഒടിയുകയോ, പന്ത്രണ്ടടിപ്പൊക്കത്തിൽ ആ സിംഹം ചാടുകയോ ചെയ്തുപോയാൽ, എൻെറ കഥ കഴിഞ്ഞു! ഈ വിചാരം എനിക്കു പ്രതിക്ഷണം ദുസ്സഹമായിത്തീൎന്നു. അത്രയധികം ആപൽക്കരമായിരുന്നു എൻെറ

നില. എങ്കിലും കൺപോളപോലും കൂട്ടാതെ ഞാൻ ധൈര്യമവലംബിച്ചിരുന്നു. ഈ വിധം കുറെ നേരം ഇരുന്നപ്പോൾ എന്റെ മജ്ജാതന്തുക്കൾ മിക്കവാറും സ്തംഭിച്ചു തുടങ്ങി എന്നുതന്നെ പറയാം. അങ്ങനെ അർദ്ധരാത്രിയായപ്പോൾ ഏതാണ്ടൊന്ന് എന്റെ പിൻതലയിൽ പെട്ടെന്നു വന്നടിച്ചു. ഞാൻ ഇരുന്ന പലകമേൽനിന്നു വീണു പോയേക്കുമോ എന്നു ഞാൻ ഭയപ്പെട്ടു. പിന്നിൽ വന്നടിച്ചതു് ആ സിംഹം തന്നെയല്ലെയോ എന്നു ഞാൻ സംശയിച്ചു. എങ്കിലും വാസ്തവം അതായിരുന്നില്ല. എന്റെ തല ഒരു മരത്തിന്റെ കൊമ്പായിരിക്കുമെന്നു കരുതി ഒരു മൂങ്ങ അവിടേക്കു പറന്നുവന്നതായിരുന്നു. ഈ സംഭവത്താൽ ഞാൻ അറിയാതെ ഒന്നു ഞെട്ടിപ്പോയി. തൽക്ഷണം മാടത്തിന്റെ ചുവട്ടിൽനിന്നു നേരിയ ഒരു ഗർജ്ജനം പുറപ്പെട്ടു.

ഞാൻ പേടികൊണ്ടു വിറച്ചുതുടങ്ങി. സിംഹം പതുങ്ങി എന്റെ അടുക്കലേക്കു വരുന്നതു് എനിക്കു കുറേശ്ശ കാണാമെന്നായി. അതു പിന്നെയും അടുക്കുന്നതിനുമുമ്പു ഞാൻ സൂക്ഷിച്ചു് ഉന്നംവെച്ചു തോക്കിന്റെ കാഞ്ചി വലിച്ചു എന്നല്ലേ പറയേണ്ടു! വെടി പൊട്ടിയ ശബ്ദത്തോടുകൂടി അതിഭയങ്കരമായ ഒരു അലച്ച്യും കേട്ടു. ആ ജന്തു അവിടെനിന്നു പിടഞ്ഞുചാടി മറയുന്നതും എനിക്കു കേൾക്കാമായിരുന്നു. ഒന്നാമത്തെ ചാട്ടത്താൽ തന്നെ അതു വൻകാട്ടിനുള്ളിലേക്കു മറഞ്ഞുകഴിഞ്ഞു. എങ്കിലും ആ ദിക്കു നോക്കിയും, അതു കിടന്നു പിടയുന്നതിനെ ലക്ഷ്യംവെച്ചും ഞാൻ അനേകം പ്രാവശ്യം തോക്കൊഴിച്ചു. ഒടുവിൽ ആ സിംഹത്തിന്റെ ശബ്ദം ശക്തിയേറിയ ഞരക്കങ്ങളായിത്തീരുകയും, അവ ക്രമേണ ദീർഘശ്വാസങ്ങളായി പരിണമിക്കുകയും, അനന്തരം തീരെ നിന്നുപോകയും ചെയ്തു. അപ്പോൾ അതുവരെ ഞങ്ങളെ ഉപദ്രവിച്ചുകൊണ്ടിരുന്ന ദുർഭൂതങ്ങളിലൊന്നു്, മേലാൽ അപ്രകാരം ചെയ്കയില്ലെന്നുള്ള ബോധം എനിക്കുണ്ടായി.

ഇതെല്ലാം കഴിഞ്ഞപ്പോൾ, ഏകദേശം കാൽനാഴിക ദൂരെയുള്ള ഞങ്ങളുടെ കൂടാരത്തിൽനിന്നു്, കൂലിക്കാർ കൂട്ടംകൂട്ടമായി പുറപ്പെട്ടവിച്ച കൂക്കവിളി ഞാൻ കേട്ടു. എനിക്കു് ആപത്തൊന്നും പററിയിട്ടില്ലെന്നും, സിംഹം ചത്തുപോയെന്നും ഞാൻ ഉറക്കെ നിലവിളിച്ചു പറഞ്ഞു. ഇതു കേട്ടപ്പോൾ ആ പണിക്കാർ എല്ലാവരും ആഹ്ളാദഭരിതരായി അട്ടഹസിക്കുവാൻ തുടങ്ങി. താമസിയാതെ ആ കുററിക്കാട്ടുകളുടെ ഇടയിൽക്കൂടി പലതരത്തിലുള്ള വെളിച്ചവുംകൊണ്ടു് അവരെല്ലാം അടുത്തുവന്നു. ചെണ്ടകൾ കൊട്ടിയും, കൊമ്പുകൾ വിളിച്ചും കൂക്കവിളിച്ചുംകൊണ്ടായിരുന്നു അവരുടെ വരവു്. അടുത്തെത്തിയ ഉടനെ "മബാറൊക്കു്! മബാരാക്കു്!" എന്നു് ഉറക്കെ വിളിച്ചു പറഞ്ഞു് അവർ എൻെറ മുമ്പിൽ സാഷ്ടാംഗമായി വീണു. അവരുടെ ഭാഷയിൽ ആ പദത്തിൻെറ അൎത്ഥം 'അനുഗ്രഹിക്കപ്പെട്ടവൻ' അല്ലെങ്കിൽ 'രക്ഷിതാവു്' എന്നാണത്രെ. അവൎക്കു് അപ്പോൾത്തന്നെ ആ സിംഹത്തിൻെറ ശവം കാണണമെന്നു മോഹമുണ്ടായിരുന്നു; പക്ഷെ, ചത്തുപോയ ആ സിംഹത്തിൻെറ ഇണ അവിടെയെങ്ങാനും ഉണ്ടായിരിക്കുമോ എന്നു സംശയം നിമിത്തം, അന്നു രാത്രി കൂലിക്കാർ ആരും സിംഹത്തെ സമീപിക്കരുതു് എന്നു ഞാൻ അവരെ വിലക്കി. എന്നുമാത്രമല്ല, ഒരു പക്ഷെ, ആ ജന്തു തീരെ ചത്തിട്ടില്ലെന്നും, ഒരു ചാട്ടംകൂടി ചാടുവാൻ അതിനു കഴിഞ്ഞുവെന്നും വരാമായിരുന്നു. ഞങ്ങളെല്ലാവരും ജയഘോഷത്തോടുകൂടി കൂടാരത്തിലേക്കു മടങ്ങിപ്പോയി, നേരം വെളുക്കുന്നതുവരെ സ്വാഹിലി ജാതിക്കാരും, മററു ചില ആഫ്രിക്കൻ ജാതിക്കാരുംകൂടി പാട്ടുപാടുകയും, തുള്ളിച്ചാടിക്കളിക്കുകയും ചെയ്തു.

പ്രഭാതമായ ഉടനെ ഞങ്ങളെല്ലാവരും ആ മൃഗം കിടന്നിരുന്ന സ്ഥലത്തേക്കു ചെന്നു. അതിൻെറ ചോര തെറിച്ച പാടുകൾ നോക്കി കുറെ നടന്നപ്പോൾ, ഒരു വള്ളിയിലായി ഒരു ഊക്കൻ സിംഹം കിടക്കുന്നതുകണ്ടു ഞാൻ ഒന്നു ഞെട്ടി, അതു ചത്തിട്ടില്ലെന്നും, ഒരു ചാട്ടത്തി

നൊരുങ്ങി പതുങ്ങിക്കിടക്കുകയാണെന്നും പെട്ടെന്നുള്ള നോട്ടത്തിൽ എനിക്കു തോന്നി. എങ്കിലും, കുറച്ചുകൂടി അടുത്തപ്പോൾ അതു തീരെ ചത്തുപോയെന്നു തീർച്ചപ്പെടുത്തി. ഇതറിഞ്ഞപ്പോൾ എൻെറ കൂട്ടുകാരെല്ലാവരും കേവലം കുട്ടികളെപ്പോലെ സന്തോഷാധിക്യത്താൽ തുള്ളിച്ചാടി അട്ടഹസിക്കുവാൻ തുടങ്ങി. എന്നു മാത്രമല്ല, അവരെല്ലാവരും കൂടി എന്നെ പൊക്കിയെടുത്തുംകൊണ്ടു്, ആ സിംഹത്തിൻെറ ചുററും നടന്നു. ഒടുവിൽ ഞാൻ ആ ജന്തുവിൻെറ ദേഹം പരിശോധിച്ചു. രണ്ടുണ്ടകൾ നല്ലവണ്ണം അതിനു കൊണ്ടിരുന്നതായിക്കണ്ടു. അവയിൽ ഒന്നു് ഇടത്തെത്തോളിൻെറ പിൻവശത്തും, മററതു പിൻകാലിലും ആയിരുന്നു. ആദ്യത്തേതുകൊണ്ടുതന്നെ അതിൻെറ നെഞ്ചകം തകർന്നുപോയി. അളന്നു നോക്കിയപ്പോൾ മൂക്കിൻമുന മുതൽ വാൽത്തുമ്പുവരെ 9 അടി 7 ഇഞ്ചു് നീളവും, ഉടലിനു 3 അടി 9 ഇഞ്ചു് പൊക്കവും ഉണ്ടായിരുന്നതായി ക്കണ്ടു. അതിനെ കൂടാരത്തിലേക്കു കൊണ്ടുപോകാൻ എട്ടാളുകൾ വേണ്ടിവന്നു. ഭയങ്കരമായ ആ നായാട്ടിൻെറ ഓർമ്മക്കായി ഞാൻ അതിൻെറ തോൽ ഇപ്പോഴും സൂക്ഷിച്ചുവരുന്നു. മുള്ളുവേലികളുടെ ഇടയിൽക്കൂടി സിംഹം പലപ്പോഴും തള്ളിക്കടന്നിരുന്നതുകൊണ്ടു പലേടത്തുമായി കീറിയിട്ടുണ്ടെന്നുള്ള ഒരു കുററം മാത്രമേ അതിനുള്ളു.

—സി. അന്തപ്പായി.

അഭ്യാസം

(1) ഈ കഥ സംഗ്രഹിച്ചെഴുതുക.

(2) പ്രകൃതിപ്രത്യയങ്ങൾ വേർതിരിച്ചെഴുതുക:—

(a) ശിശുക്കളുടെ.

(b) കഥകൾ.

(c) നമ്പൂതിരിമാർ.

പാഠം 6

ശാന്തിനികേതനം

മഹാകവി രവീന്ദ്രനാഥടാഗോറിന്റെ ശതവത്സര ജയന്തി ഈയിടെയാണല്ലോ ആഘോഷിക്കപ്പെട്ടതു്. ടാഗോർ ഒരു സാഹിത്യകാരൻ മാത്രമായിരുന്നില്ല. തത്വചിന്തകൻ, വിദ്യാഭ്യാസപ്രവത്തകൻ, ദേശാഭിമാനി എന്നീ നിലകളിലെല്ലാം അദ്ദേഹം അശ്രാന്തപരിശ്രമം ചെയ്തിട്ടുണ്ടു്; ആ വിധത്തിലുള്ള സേവനങ്ങൾകൊണ്ടും അദ്ദേഹം ലോകത്തിന്റെ ആരാധനാപാത്രമായി ഭവിച്ചിരിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കുന്നതിനെപ്പററി ടാഗോർ അഗാധമായി ചിന്തിക്കുകയുണ്ടായി. ഇൻഡ്യയിലെ മാതൃകാവിദ്യാലയങ്ങൾ സ്ഥിതിചെയ്യേണ്ടതു ശബ്ദായമാനമായ നഗരങ്ങളിലല്ല; ഏകാന്തശാന്തമായ വൃക്ഷച്ഛായകളിലാണെന്നു് അദ്ദേഹം മനസ്സിലാക്കി. അതനുസരിച്ചു് അദ്ദേഹം ശാന്തിനികേതനം എന്ന പേരിൽ ഒരു വിദ്യാലയം സ്ഥാപിച്ചു. ഇതു് 1901-ൽ ആയിരുന്നു. അന്നത്തെ വിദ്യാലയത്തിന്റെ പരിണതരൂപമാണു് ഇന്നത്തെ വിശ്വഭാരതി സർവ്വകലാശാല.

ടാഗോർ സ്ഥാപിച്ച മാതൃകാവിദ്യാലയം സ്ഥിതിചെയ്യുന്നതു് കൽക്കട്ടയിൽനിന്നും ആറുമൈൽ അകലെയുള്ള ശാന്തസുന്ദരമായ ഒരു പ്രദേശത്തിലാകുന്നു. ആ സ്ഥലത്തിന്റെ പേരും ശാന്തിനികേതനം എന്നാണു്. മഹാകവിയുടെ പിതാവായ മഹർഷി ദേവേന്ദ്രനാഥടാഗോർ ആ സ്ഥലത്തു മുമ്പുതന്നെ ഒരു ആശ്രമം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ജാതിമതഭേദമെന്യേ സക

ലക്ഷം ഈശ്വരാരാധനം നടത്തുന്നതിനു് ആ സ്ഥലം ഉപകരിക്കണമെന്നുള്ളതായിരുന്ന മഹർഷിയുടെ ഉദ്ദേശ്യം. മുററിത്തഴച്ചുനിൽക്കുന്ന മാവു്, അശോകം തുടങ്ങിയ വൃക്ഷങ്ങൾ ആ ഭൂവിഭാഗത്തിനു് അനന്യസാമാന്യമായ ഒരു രാമണീയകം നൽകുന്നുണ്ടു്. അങ്ങിങ്ങായിക്കാണുന്ന പനകളുടെ മനോഹാരിതയും ഒന്നു വേറെ തന്നെ. അതിവിസ്തീർണ്ണമായ ആ വളപ്പിനു് ഒരു പ്രത്യേകത ഉണ്ടു്. പ്രധാനവീഥികളുടെ ഇരുവശങ്ങളിലും സാലവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചിരിക്കുന്നു. ശീതളച്ഛായ നൽകുന്ന ആ മരങ്ങൾ നയനാഭിരാമമായി നിരന്നുനിൽക്കുന്നതു കണ്ടാൽ ഏതൊരാൾക്കും അവാച്യമായ ഒരു ആത്മനിർവൃതി ഉളവാകാതിരിക്കുകയില്ല. ശാന്തിനികേതനത്തിലെ വിദ്യാഭ്യാസം ഗുരുകുലസമ്പ്രദായത്തിലാകുന്നു. അദ്ധ്യാപകരും അദ്ധ്യേതാക്കളും അവിടെത്തന്നെയാണു താമസിക്കുന്നതു്. സ്വന്തം ഭവനത്തിലുള്ള സ്വാതന്ത്ര്യത്തിനോ സൗകര്യത്തിനോ മനഃസുഖത്തിനോ യാതൊരു കുറവും വന്നിട്ടുള്ളതായി വിദ്യാർത്ഥികൾക്കു തോന്നുകയില്ല. അവിടത്തെ ജീവിതം ഒരു അനുഗ്രഹമായിട്ടേ അവക്കു് അനുഭവപ്പെടുകയുള്ളു. അവരുടെ ജീവിതരീതി കണ്ടാൽ അവർ പ്രകൃതിമാതാവിൻെറ അരുമക്കിടാങ്ങളാണോ എന്നു തോന്നും. പ്രകൃതിയുമായി അത്രത്തോളം ഏകീഭവിച്ചാണു് അവർ കഴിയുന്നതു്. കൺകുളിർ വിതറുന്ന തരുലതാദികളും, പാടിപ്പറക്കുന്ന പറവകളും, മാറിമാറിവരുന്ന ഋതുവിലാസങ്ങളും വിദ്യാർത്ഥികൾക്കു് ഒരേസമയത്തുതന്നെ ആനന്ദവും അറിവും അരുളുന്നു.

പ്രഭാതത്തിൽ അഞ്ചുമണിക്കു മണിനാദം കേട്ടാണു് അദ്ധ്യേതാക്കൾ ഉണരുന്നതു്. അവരവക്കു സ്വന്തമായിരുന്നു ദേവാരാധന ചെയ്യുന്നതിനുള്ള സമയം അപ്പോഴാണു്. പിന്നീടു ദേഹശുദ്ധി വരുത്തുന്നു. സൗകര്യമായി കുഴൽവെള്ളം കിട്ടുന്നതുകൊണ്ടു് അവിടെ സ്നാനം വളരെ സുഖകരമാണു്. ലഘുഭക്ഷണം കഴിച്ചിട്ടു് എല്ലാവരും വൃക്ഷങ്ങളുടെ ചുവട്ടിൽ സമ്മേളിച്ചു പൊതു

വായ ആരാധന നടത്തുന്നു. അപ്പോൾ അവർ ഉച്ചരിക്കുന്നതു സകലരെയും ഒരുപോലെ ആകർഷിക്കുന്ന മന്ത്രങ്ങളാണു്. സായന്തനവേളയിലും വിദ്യാർത്ഥികൾ ഒരു സാമൂഹികാരാധന നടത്തുന്നുണ്ടു്.

അദ്ധ്യയനത്തിനുള്ള സമയം കാലത്തു് ഏഴുമണി മുതൽ പന്ത്രണ്ടുമണിവരെയും, വൈകുന്നേരത്തു മൂന്നു മുതൽ അഞ്ചുവരെയും ആണു്. തുറസ്സായ സ്ഥലത്തുള്ള മരങ്ങളുടെ തണലിലാണു ക്ലാസ്സു നടക്കുന്നതു്. മാഞ്ചുവട്ടിൽ കെട്ടിയിട്ടുള്ള തിട്ടയിൽ കുട്ടികൾ വട്ടത്തിലിരിക്കും. ഒരു ക്ലാസ്സിൽ ഉദ്ദേശം ഇരുപത്തിയഞ്ചു കുട്ടികൾ കാണും. ഓരോരുത്തർക്കും വൃത്താകൃതിയിലുള്ള ഒരു 'തട്ടുക്കു്' ഉണ്ടു്. അതു ക്യാൻവസ് കൊണ്ടുണ്ടാക്കിയതാണു്; അതിനു രണ്ടടി വ്യാസമേയുള്ളു. അദ്ധ്യാപകൻ ഇരിക്കുന്നതു ചൂരൽകൊണ്ടുണ്ടാക്കിയ ഒരു പീഠത്തിലാണു്. ഏതാണ്ടൊരു ഉരലിൻെറ ആകൃതിയിലിരിക്കും ആ പീഠം ഒരു ക്ലാസ്സു കഴിയുമ്പോൾ മറെറാരു ക്ലാസ്സിലേക്കു് അദ്ധ്യാപകൻതന്നെ പീഠം എടുത്തുകൊണ്ടുപോകും. ഒരു പുസ്തകത്തിൻെറ തൂക്കം മാത്രമേ ആ പീഠത്തിനുള്ളു. അതുകൊണ്ടു് അതെടുത്തു കൊണ്ടുപോകാൻ അദ്ധ്യാപകനു യാതൊരു പ്രയാസവും ഇല്ല.

ശാന്തിനികേതനത്തിലെ അദ്ധ്യാപനം ഏതാണ്ടൊരു ചർച്ചപോലെയാണെന്നു പറയാം. പാഠ്യവിഷയത്തെ പരാമർശിക്കുന്ന ഏതൊന്നിനെക്കുറിച്ചും ചോദിക്കാൻ വിദ്യാർത്ഥികൾക്കു സ്വാതന്ത്ര്യമുണ്ടു്. അതുകൊണ്ടു് ഓരോ പാഠവും ശരിയായി അപഗ്രഥനം ചെയ്യുന്നതിനും, അതിൻെറ സാരം ഗ്രഹിക്കുന്നതിനും വിദ്യാർത്ഥികൾക്കു കഴിയുന്നു. ആചാര്യരോടൊരുമിച്ചു താമസിക്കുന്നതുകൊണ്ടു വിദ്യാർത്ഥികൾക്കു അത്യധികമായ പ്രയോജനം ഉണ്ടു്. ഏതു സമയത്തും അവക്കു സംശയം പരിഹരിക്കാൻ കഴിയുന്നു. മാത്രമല്ല, ഗുരുനാഥന്മാരുടെ മാതൃകാപരമായ ജീവിതരീതി മനസ്സിലാക്കി സ്വഭാവം രൂപവൽക്കരിക്കുന്നതിനും ശിഷ്യലോകത്തിനു സന്ദർഭം ലഭിക്കുന്നു.

അവിടത്തെ ഗുരുശിഷ്യബന്ധവും അന്യാദൃശമാണ്. ജ്യേഷ്ഠസഹോദരനെപ്പോലെയാണു ഗുരുനാഥനെ ശിഷ്യവർഗ്ഗം സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും. ഗുരുവിനെ ശിഷ്യർ സംബോധനം ചെയ്യുന്നതു ' ദാ ' (ദാ=ദാദാ=ജ്യേഷ്ഠൻ) എന്നാണ്. അല്ലാതെ ' മാസ്റ്റർ ' എന്നോ ' സർ ' എന്നോ അല്ല. സ്വന്തം കൊച്ചനുജന്മാരോടെന്ന പോലെ ഗുരുനാഥൻ ശിഷ്യന്മാരോടു പെരുമാറുന്നു. സാധാരണഗതിയിൽ അദ്ധ്യേതാക്കൾക്കു ശിക്ഷ നൽകാൻ ഗുരുനാഥനു സന്ദർഭം ഉണ്ടാകാറില്ല. എന്നാൽ നിർബന്ധിതമോ കശ്നമോ ആയ ശിക്ഷണസമ്പ്രദായമൊന്നും അവിടെയൊട്ടേർപ്പെടുത്തിയിട്ടില്ലതാനും. ഇതു കേൾക്കുമ്പോൾ ആക്കും തെല്ലൊരാശ്ചര്യം ഉണ്ടാകാവുന്നതാണ്. ശാന്തിനികേതനത്തിലെ അന്തരീക്ഷത്തിൽ മാതൃകാപരമായ രീതിയിൽ പെരുമാറാൻ കുട്ടികൾ ശീലിക്കുന്നുവെന്നുള്ളതാണു വാസ്തവം. ഗൗരവമേറിയ ഒരു കുറ്റമാണ് ഒരു വിദ്യാർത്ഥി ചെയ്തതെങ്കിൽ അയാളെ വെറുതെ വിട്ടുമെന്നു വിചാരിക്കരുതു്. വിദ്യാർത്ഥികളുടെ സഭ (കൗൺസിൽ) കൂടി ശിക്ഷ നിശ്ചയിക്കും. വിദ്യാർത്ഥികൾക്കു സ്വയംഭരണപരിശീലനം നൽകാൻ ഈ സമ്പ്രദായം ഉതകുന്നതാണെന്നു സമ്മതിക്കണം.

വൈകുന്നേരത്തു ക്ലാസ്സുവിട്ടുകഴിഞ്ഞാൽ അന്തിമയങ്ങുന്നതുവരെ വിദ്യാർത്ഥികൾ കായികവിനോദങ്ങളിൽ ഏർപ്പെടുന്നു. ഓജസ്സും ഊർജ്ജസ്വലതയും ഉള്ള അവിടത്തെ വിദ്യാർത്ഥികൾ ഒരുമിച്ചു കളിക്കുന്നതു നേത്രോത്സവമായ ഒരു കാഴ്ചതന്നെയാണ്. എത്രയോ മത്സരക്കളികളിൽ അവർ കീർത്തിമുദ്രകളും ബഹുമതികളും നേടിയിരിക്കുന്നു!

ചില ദിവസങ്ങളിൽ കായികവിനോദം കഴിഞ്ഞാൽ കലാവിനോദം ഉണ്ടായിരിക്കും. ഗാനാലാപം. അഭിനയം, വാദപ്രതിവാദം മുതലായവയിൽ ശാന്തിനികേതനത്തിലെ വിദ്യാർത്ഥികൾക്കു് എന്തൊരഭിനിവേശമാണെന്നോ! ലോകത്തിന്റെ നാനാഭാഗങ്ങളിൽ

നിന്നും വരുന്ന അദ്ധ്യേതാക്കളുടെ കലാപ്രകടനം കണ്ടാൽ ആ സ്ഥലം വാഗ്ദേവതയുടെ ലാസ്യരംഗമാണോ എന്നു തോന്നും.

അത്താഴത്തിനുള്ള സമയമാകുമ്പോൾ മാത്രമേ വിദ്യാത്ഥികൾ കലാവിനോദം മതിയാക്കുകയുള്ളു. അത്താഴം കഴിഞ്ഞിട്ട്, അവർ വായനയിലേപ്പെട്ടും.

ശാന്തിനികേതനം വിദ്യാലയവും, വിശ്വഭാരതി സർവ്വകലാശാലയും, ഒരേ സ്ഥാപനത്തിൻെറ രണ്ടു വിഭാഗങ്ങളാണു്. രണ്ടിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചിട്ടുണ്ടു്. വിദ്യാലയത്തിലുള്ള കുട്ടികൾക്കു് ആറു വയസ്സുമുതൽ പതിനാറു വയസ്സുവരെ പ്രായം കാണും. സർവ്വകലാശാലയിൽ പഠിക്കുന്നവർ പതിനാറിനു മുകളിലുള്ളവരാണു്. ഒരേ പാഠപദ്ധതിതന്നെയാണു് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നിർദ്ദേശിച്ചിട്ടുള്ളതു്; എന്നാൽ പെൺകുട്ടികൾക്കുവേണ്ടി പാചകവിദ്യ, ഗൃഹഭരണം, തുന്നൽ മുതലായവ പ്രത്യേകം ഏപ്പെടുത്തിയിരിക്കുന്നു. അവിടത്തെ പാഠ്യവിഷയങ്ങൾ മിക്കവാറും നമ്മുടെ നാട്ടിൽ ഉള്ളതുപോലെതന്നെയാണു്. കോളേജിലെ ബോധനഭാഷ ഇംഗ്ലീഷാണെങ്കിലും, സ്കൂൾക്ലാസ്സുകളിൽ അദ്ധ്യാപനം നടത്തുന്നതു ബംഗാളിഭാഷയിലാകുന്നു. അതുനിമിത്തം വിദേശങ്ങളിൽനിന്നും വരുന്ന വിദ്യാത്ഥികൾക്കു് ആദ്യം കുറേ വൈഷമ്യം അനുഭവപ്പെട്ടുവെന്നു വരാം. എങ്കിലും ഏതാനും മാസങ്ങൾ കഴിയുമ്പോൾ മററു വിദ്യാത്ഥികളോടൊപ്പം അവർക്കും ബംഗാളിഭാഷ കൈകാര്യം ചെയ്യാൻ സാധിക്കും. അതിനുവേണ്ടുന്ന ഏപ്പാടുകൾ അവിടെ ചെയ്തിട്ടുണ്ടു്.

ഉത്തുംഗപ്രതിഭനായ ഒരു കലാകാരനായിരുന്നുവല്ലോ ടാഗോർ; ആ സ്ഥിതിക്കു് അദ്ദേഹം സ്ഥാപിച്ച വിദ്യാലയത്തിൽ ലളിതകലകൾക്കു പ്രാധാന്യം കല്പിച്ചിരിക്കുന്നതു സ്വാഭാവികമെന്നേ പറയേണ്ടു. വിദ്യാത്ഥികളുടെ കലാഭിരുചി വളത്താൻ ശാന്തിനികേതനത്തിൽ എത്ര

യോ പദ്ധതികളുണ്ടു്! സാഹിത്യസമാജം, കൈയെഴുത്തു മാസിക, നാടകാഭിനയം, കലാപ്രദർശനം എന്നിവ അവയിൽ ചിലതാണു്. ടാഗോറിൻെറ ചില നാടകങ്ങൾ അവിടത്തെ അദ്ധ്യേതാക്കൾ അഭിനയിക്കുമ്പോൾ അദ്ദേഹവും അതിൽ സജീവമായി പങ്കെടുക്കാറുണ്ടായിരുന്നുവത്രെ. ശാന്തിനികേതനത്തിലെ ' കലാഭവനം ' ലോകപ്രസിദ്ധിയാർജ്ജിച്ചതാണു്. ചിത്രമെഴുത്തു തുടങ്ങിയ സുകുമാരകലകളിൽ. അദ്ധ്യേതാക്കൾക്കുള്ള നിസർഗ്ഗജമായ വാസന പുഷ്ടിപ്പെടുത്താൻ അതുപോലെ പ്രയോജകീഭവിക്കുന്ന സ്ഥാപനങ്ങൾ വേറെ കാണുകയില്ല.

കലാഭവനംപോലെ പ്രധാന്യമർഹിക്കുന്നതാണു ' സംഗീതഭവനം ' അവിടെ സംഗീതത്തിലും നൃത്തത്തിലും അഭ്യസനം നല്കിവരുന്നു. കഥകളിനൃത്തവും അവിടെ പഠിപ്പിച്ചുവരുന്നുണ്ടെന്നുള്ളതു നമുക്കു് അഭിമാനജനകമാണു്.

ശാന്തിനികേതനത്തെപ്പററി പറയുമ്പോൾ ' ശ്രീനികേതന 'ത്തെ വിസ്മരിച്ചുകൂടാ. ആ സ്ഥലം ശാന്തിനികേതനത്തിൽനിന്നു ഒന്നര മൈൽ അകലെയാകുന്നു. അവിടെ നെയ്ത്തു്, മരപ്പണി, തോട്ടവേല തുടങ്ങി അനേകം പ്രയോജന കലകൾ ഏപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾക്കു് ഒത്തൊരുമിച്ചു് അവയിൽ പ്രവർത്തിക്കാനുള്ള സൗകര്യം കുറച്ചൊന്നുമല്ല. കൊത്തുപണി, പാത്രനിർമ്മിതി മുതലായ സാങ്കേതികവിദ്യകളിൽ ജന്മസിദ്ധമായ വാസനയുള്ളവക്കു പരിശീലനം നല്കാനും വിദഗ്ദ്ധന്മാരായ അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ടു്.

ശ്രീനികേതനത്തിൽ നടക്കുന്ന ഗ്രാമോദ്ധാരണപരമായ പ്രവർത്തനങ്ങളെപ്പററി എടുത്തു പറയേണ്ടിയിരിക്കുന്നു. അവിടെ തേനീച്ചവളത്തൽ, കോഴിവളത്തൽ, കന്നുകാലിവളർത്തൽ, കൃഷി മുതലായവയും അഭ്യസിപ്പിച്ചുവരുന്നുണ്ടു്. അടുത്തകാലത്തു ശ്രീനികേതനത്തിൽ ഒരു ഗ്രാമീണസർവ്വകലാശാല (Rural University) സ്ഥാപി

ച്ചതു ശുഭോദർക്കമായ ഒരു സംഗതിയാകുന്നു. യുവജനങ്ങൾക്കു ഗ്രാമോദ്ധാരണത്തിൽ പ്രത്യേകപരിശീലനം നല്കുകയെന്നുള്ളതാണു് ആ സവ്വകലാശാലയുടെ ഉദ്ദേശ്യം. വ്യവസായം, സഹകരണം, പൊതുജനാരോഗ്യം മുതലായ വിഷയങ്ങൾക്കു് അവിടത്തെ പാഠപദ്ധതിയിൽ പ്രാധാന്യം കല്പിച്ചിരിക്കുന്നു.

വിദ്യാത്ഥികളുടെ വിനോദയാത്രയ്ക്കു ശാന്തിനികേതനത്തിലെ പാഠപദ്ധതിയിൽ വലുതായ സ്ഥാനമുണ്ടു്. ശാന്തിനികേതനത്തിലെ വിദ്യാത്ഥികൾ കൂടക്കൂടെ ദൂരദേശങ്ങളിലേക്കു വിനോദയാത്ര ചെയ്യണമെന്നുണ്ടു്. അമ്മാതിരി യാത്രകൾ കൊണ്ടുള്ള പ്രയോജനം അനല്പമാണു്. കേവലം പുസ്തകപ്പുഴക്കളായി കഴിഞ്ഞുകൂടാതെ, ബാഹ്യലോകവുമായി കൂടുതൽ അടുക്കുന്നതിനും, ജീവിതത്തെ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനും, അവ ഉതകുന്നു. വിനോദയാത്രകളിൽ അദ്ധ്യാപകരും സജീവമായി പങ്കെടുക്കാറുണ്ടു്. കൂടാരം കെട്ടുന്നതിനും, ഭക്ഷണംതയ്യാറാക്കുന്നതിനും ഉള്ള ഉപകരണങ്ങൾ വിദ്യാത്ഥികൾ തന്നെയാണു ചുമന്നുകൊണ്ടുപോകുന്നതു്. അവർക്കു് അതിലുള്ള ഉത്സാഹം എത്രയെന്നു പറഞ്ഞറിയിക്കാൻ കഴിയുകയില്ല.

ശാന്തിനികേതനത്തിലെ അദ്ധ്യേതാക്കൾ സ്വാതന്ത്ര്യസുരഭിലമായ ഒരു അന്തരീക്ഷത്തിലാണു വളരുന്നതെന്നു പറഞ്ഞതുകൊണ്ടു് അവിടെ പരീക്ഷകളൊന്നും ഇല്ലെന്നു് അത്ഥമാക്കരുതു്. എല്ലാ വിദ്യാലയങ്ങളിലും ഉള്ളതുപോലെ അവിടെയും പരീക്ഷകൾ ഏർപ്പെടുത്തിയിരിക്കുന്നു.

ഒരു സംഗതി പ്രത്യേകം പറയേണ്ടതായിട്ടുണ്ടു്. സവ്വകലാശാലയിലോ, കലാഭവനത്തിലോ, സംഗീതഭവനത്തിലോ പരിശീലനം നടത്തുന്ന വിദ്യാത്ഥികൾക്കു് അവരവരുടെ നൈസർഗ്ഗികവാസനയനുസരിച്ചു പ്രത്യേക ഫീസൊന്നും കൂടാതെ മററുവിഭാഗങ്ങളിലെ ക്ലാസ്സുക

ളിലും ചേൎന്നു് അഭ്യസനം നടത്താൻ അനുവാദമുണ്ടു്. ഇതിൻെറ ഫലമായി ഒരു വിദ്യാൎത്ഥിക്കു തൻെറ അദ്ധ്യയനം പൂൎത്തിയാകുന്നതോടുകൂടി സംഗീതത്തിലോ, നൃത്തത്തിലോ, ചിത്രമെഴുത്തിലോ സാമാന്യമായ പരിചയം നേടാൻ കഴിയുന്നു.

അദ്ധ്യേതാക്കൾ താമസിക്കുന്നതു പുതിയ രീതിയിൽ മനോഹരമായും, സ്വയംപര്യാപ്തമായും പണിതിട്ടുള്ള കെട്ടിടങ്ങളിലാണു്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം കെട്ടിടങ്ങളുണ്ടു്. കുട്ടികളോടു പെരുമാറാൻ പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപകരാണു്, ഓരോ കെട്ടിടത്തിൻെറയും മേൽനോട്ടം വഹിക്കുന്നതു്. ഒഴിവുകാലത്തു വിദ്യാലയമടച്ചാൽ എല്ലാ അദ്ധ്യേതാക്കളും അവരവരുടെ നാട്ടിലേക്കു പോകേണ്ടതാകുന്നു.

അടുത്തകാലംവരെ ശാന്തിനികേതനം വിദ്യാലയവും, വിശ്വഭാരതി സൎവ്വകലാശാലയും സ്വതന്ത്രസ്ഥാപനങ്ങളായിരുന്നു. എന്നാലിപ്പോൾ അവ രണ്ടും കേന്ദ്രഗവണ്മെൻറിൻെറ നിയന്ത്രണത്തിലാണു്. അതുകൊണ്ടു് ധനപരമായ യാതൊരു വൈഷമ്യവും ശാന്തിനികേതനത്തിനു് ഇപ്പോളില്ല. ബോധനപരമായ കാര്യങ്ങളിലും മററും മുമ്പുണ്ടായിരുന്ന സ്വാതന്ത്ര്യം ആ സ്ഥാപനങ്ങൾക്കു് ഇപ്പോഴും ഉണ്ടെന്നുള്ളതും വിസ്മരിച്ചുകൂടാ.

ശാന്തിനികേതനം പോലെയുള്ള ഒരു സരസ്വതീക്ഷേത്രം മറെറാരിടത്തുമില്ല. പൌരസ്ത്യവും പാശ്ചാത്യവുമായ സംസ്കാരങ്ങൾ സമുചിതമായിട്ടാണു് അവിടെ സമ്മേളിക്കുന്നതു്. ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും എത്രയോ വിദ്യാൎത്ഥികൾ വത്സരംപ്രതി അവിടെ വന്നു് അഭ്യസനം നടത്തുന്നു! ' പ്രകൃതിദേവിയുടെ വാത്സല്യധാര നുകൎന്നു വളരുന്ന ആ അദ്ധ്യേതാക്കൾ ലോകം മുഴുവനും ഒരൊററത്തറവാടാണെന്നു മനസ്സിലാക്കിത്തുടങ്ങുന്നു. അദ്ധ്യയനം പൂൎത്തിയാക്കി, സ്നേഹത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും, സമത്വത്തി

ൻെറയും, ശാന്തിയുടെയും സന്ദേശവാഹകന്മാരായിട്ടാണ് അവർ നാട്ടിലേക്കു മടങ്ങുന്നതു്.

—എ. എം. പി.

അഭ്യാസം

1. നിങ്ങൾ ശാന്തിനികേതനത്തിലെ ഒരു വിദ്യാർത്ഥിയാണെന്നു സങ്കല്പിച്ചുകൊണ്ടു് അവിടത്തെ അഭ്യസനസമ്പ്രദായത്തെപ്പററി നിങ്ങളുടെ സ്നേഹിതനു് ഒരു കത്തെഴുതുക.
2. കുറിപ്പുകൾ എഴുതുക :—
   (a) കലാഭവനം.
   (b) സംഗീതഭവനം.
3. ശ്രീനികേതനത്തിലെ പ്രവർത്തനങ്ങൾ വിവരിക്കുക.
4. നിന്നാൾ, പോയാർ എന്നീ വാക്കുകളിൽ ചേർത്തിരിക്കുന്ന പ്രത്യയങ്ങൾ ഏവ? അവ ഏതേതു് അർത്ഥം കുറിക്കുന്നു?
5. നപുംസകലിംഗത്തെ കുറിക്കുന്ന പ്രത്യയങ്ങൾ ഏവ? ഉദാഹരിക്കുക.

പാഠം 7

ജീവികളും അവയുടെ പരിസരങ്ങളും

ഭൂമിയിൽ എല്ലായിടത്തും ഒരേ പരിതഃസ്ഥിതികളല്ല ജീവികൾക്കു ലഭിക്കുന്നതു്. മരുഭൂമിയും, മഹാസമുദ്രവും, ഉഷ്ണമേഖലയും, ധ്രുവപ്രദേശവും, ഭൂഗർഭവും, പർവ്വതശൃംഗവും എത്ര ഭിന്നപ്രകൃതികളായിരിക്കുന്നു! പ്രകൃതിയെ ജയിക്കുവാൻ കൃത്രിമങ്ങളായ പല ഉപായങ്ങളും സമ്പാദിച്ചിട്ടുള്ള മനുഷ്യനുപോലും ഈ ദിക്കുകളിലെല്ലാം ഒന്നുപോലെ വിജയപൂർവ്വം ജീവിക്കുവാൻ സാധിക്കുന്നില്ല. വേനൽക്കാലത്തു് ഊട്ടിയിലും, സിംലയിലും അഭയം തേടുന്ന സമ്പ്രദായംതന്നെ ഇതിനു പ്രത്യക്ഷദൃഷ്ടാന്തം നല്കുന്നു. അങ്ങനെയിരിക്കെ, പ്രകൃതിയുടെ അടിമകളായ താഴ്ന്ന ജീവികൾ അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകൾ എത്രയെന്നു വിവരിക്കേണ്ടതില്ല. എങ്കിലും, ഈ പ്രദേശങ്ങളിലെല്ലാം ജീവികൾ സസുഖം കഴിഞ്ഞുകൂടുന്നുണ്ടു്. ഭിന്നങ്ങളായ പരിതഃസ്ഥിതികൾക്കനുസരണമായ പരിഷ്കാരങ്ങൾ പ്രകൃതിതന്നെ അവയ്ക്കു നല്കി അനുഗ്രഹിക്കുന്നു. ആദ്യമായി നമുക്കു മണലരണ്യങ്ങളിലെ കഥതന്നെ നോക്കാം.

മദ്ധ്യരേഖയുടെ തെക്കും വടക്കുമായി ഭൂഗോളത്തെ രണ്ടു മണലരണ്യ പടലങ്ങൾ വലയംചെയ്യുന്നു. വടക്കേതു സഹാറ, അറേബ്യ, സിറിയ, പേഴ്സ്യ, അഫ്ഗാനിസ്ഥാൻ, ടർക്കിസ്ഥാൻ, ടിബററു്, ഗോബി എന്നിങ്ങനെ നീണ്ടുകിടക്കുന്നു. ഇതിൻെറ ഒരു ശാഖയാണു പശ്ചിമേന്ത്യയിലേക്കു വ്യാപിച്ചിട്ടുള്ളതു്. വടക്കൻ മെക്സിക്കോവിനെയും തെക്കുപടിഞ്ഞാറൻ ഐക്യനാടുകളെയും ഉൾക്കൊള്ളുന്ന മൃതൃഗർത്തമരുഭൂമി അമേരിക്കയിൽ ഇവയ്ക്കു സമാനസ്ഥാനീയമാകുന്നു. തെക്കു ദക്ഷിണാഫ്രിക്കയിലെ കലഹാരി മരുഭൂമിയും, തെക്കെ അമേരിക്കൻ മരുഭൂമി

കളും, സഹാറയോടുമാത്രം ദ്വിതീയഭാവം വഹിക്കുന്ന ആസ്റ്റ്രേലിയൻ മണലരണ്യങ്ങളും ഒരേ നിരയിൽ കാണപ്പെടുന്നവയാണ്. ഇവയെല്ലാം ഉണങ്ങിവരണ്ടുകിടക്കുന്ന പ്രദേശങ്ങളാണ്. മഴ വളരെ കുറവാണെന്നു മാത്രമല്ല, ഉള്ളതിനുതന്നെ യാതൊരു സമയക്ലിപ്തവുമില്ല. ഋതുക്കളുടെ പരിക്രമങ്ങളും കണക്കു തെററാതെയുള്ള കാലപ്പകൃപ്പുകളും ഒന്നും അവിടെയില്ല. ഒരു ചാററമഴപോലുമില്ലാതെ ചിലപ്പോൾ അനേകം വഷങ്ങൾ കഴിഞ്ഞുപോകാറുണ്ടു. മണലരണ്യങ്ങളിലെ ചൂടു ഭയങ്കരമാണെന്നുമാത്രമല്ല, അതിനു ദിവസംതോറും ആണ്ടുതോറും അവ്യവസ്ഥിതങ്ങളായ ആന്ദോളനങ്ങളും സംഭവിക്കുന്നു. ചില സ്ഥലങ്ങൾ മദ്ധ്യാഹ്നത്തിൽ നൂറും നൂററിമുപ്പതും ഡിഗ്രി ചൂടിൽനിന്നു രാത്രിയിൽ വെള്ളം ഉറഞ്ഞുപോകത്തക്കവണ്ണം തണുക്കാറുണ്ട്. ഇങ്ങനെയുള്ള മാററങ്ങൾക്കു കാരണം മേഘമാലകളുടെയും, സസ്യജാലത്തിൻെറയും അഭാവമാകുന്നു. മേഘച്ഛന്നമായ ആകാശം സൂര്യനിൽനിന്നുള്ള ഉൽക്കടമായ ഉഷ്ണപ്രസരത്തെ നിരോധിക്കുന്നു. നിബിഡമായ സസ്യജാലവും ഭൂമിയുടെ ഗാത്രത്തെ ഒരു പുതപ്പുപോലെ രക്ഷിക്കുന്നതാണ്. പക്ഷെ ഇതു രണ്ടും മരുഭൂമികളിലില്ല. എങ്കിലും, എല്ലാ മണലരണ്യങ്ങളും ഒരുപോലെ തീക്ഷ്ണങ്ങളല്ല. ചിലടത്തു ഹ്രസ്വമായ വഷകാലങ്ങളും, വസന്തങ്ങളുമുണ്ടായിരിക്കും. ഇവയുടെ ചുംബനത്തിൽ തരിശായിക്കിടന്ന ആ പ്രദേശം പൊട്ടെന്നവെ പുഷ്പിക്കുന്നു. ഭൂമിയെല്ലാം പച്ചപിടിച്ചു ശബളാഭങ്ങളായ പുഷ്പങ്ങളാൽ അലംകൃതമാകുന്നു. മധുപങ്ങളുടെ മുരൾച്ചയും ചിത്രശലഭങ്ങളുടെ നൃത്തങ്ങളുംകൊണ്ടു അവിടം മുഖരീഭവിക്കുന്നു. പക്ഷെ ഇതെല്ലാം മാത്രനേരത്തേക്കേയുള്ളു. മൂന്നുനാലാഴ്ചകൾക്കുള്ളിൽ കാലം പകരുകയും, സർവവും അപ്രത്യക്ഷമാവുകയും ചെയ്യും. പാണ്ഡുരപ്രഭമായ ഒരു യവനിക ഭൂമുഖത്തെ ആവരണം ചെയ്യുന്നു. മിക്ക സസ്യങ്ങളും ശുഷ്കമായ വിത്തുകളായോ, ഭൂമിക്കടിയിൽ മന്ദജീവമായിക്കിടക്കുന്ന കിഴങ്ങുകളായോ ആണ് ദീർഘമായ വേനല്ക്കാലത്തെ തരണംചെയ്യുന്നതു്. പക്ഷെ ഏതു വേനലിലും തലയുയർത്തിത്തന്നെ നില്ക്കുന്ന

പല ചെടികളും മണലരണ്യങ്ങളിലുണ്ടു്. ഇവയാണു നമുക്കു ശ്രദ്ധേയമായുള്ളതു്. കള്ളിമുള്ളുകൾ, കററാർവാഴകൾ തുടങ്ങിയുള്ള ഈ വിചിത്രസസ്യങ്ങൾ സ്വഗാത്രത്തിൽ വെള്ളം സംഭരിച്ചു് അററ വറവിനും ജീവിതം നയിക്കുന്നു. സാധാരണ ചെടികളുടെ ഇലകളിൽനിന്നു് എപ്പോഴും വെള്ളം നീരാവിയായി പോകുന്നുണ്ടു്. ജലദുർഭിക്ഷം നിമിത്തം മരുച്ചെടികൾ ഈ ഏർപ്പാടു് അസാമാന്യമായി കുറയ്ക്കുന്നു. പലതിനും ഇലകൾതന്നെയില്ല. ശരീരമെല്ലാം വെള്ളംനിറഞ്ഞുവീർത്തു പാറകൾപോലെ കാണപ്പെടുന്നു. ശത്രുക്കളിൽനിന്നു രക്ഷനേടുവാൻവേണ്ടി അവ, നിശിതങ്ങളായ മുള്ളുകളാലും മററും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. കള്ളിമുള്ളുകളെപ്പോലെയുള്ള ഉദാഹരണങ്ങൾ ജന്തുക്കളുടെ ഇടയ്ക്കുമുണ്ടു്. ആസ്ത്രേലിയൻ മരുഭൂമികളിൽ കാണപ്പെടുന്ന ഷൈറോലെപ്ററിസ് എന്ന വിചിത്രമായ തവളയ്ക്കു സ്വശരീരത്തിൽ വെള്ളം സംഭരിച്ചുവെയ്ക്കാനുള്ള ശക്തിയുണ്ടു്. ഉണങ്ങി വരണ്ട ഇത്തരം ഒരു തവളയെ വെള്ളത്തിൽ എടുത്തിട്ടാൽ കാൽക്ഷണം കൊണ്ടു് അതു കുതിർന്നു വീർത്തു റബ്ബർപ്പന്തു പോലെയായിത്തീരും. ദേഹമാസകലമുള്ള തൊലികൊണ്ടു് അതു വെള്ളം വലിച്ചെടുക്കുന്നു. ആസ്ത്രേലിയയിലെ അപരിഷ്കൃതവർഗ്ഗക്കാർ വെള്ളമില്ലാതെ വലയുമ്പോൾ ഈ തവളയെ പിഴിഞ്ഞെടുത്തു കുടിക്കാറുണ്ടു്. ഏഷ്യൻ മരുഭൂമികളിലുള്ള ചിലതരം പക്ഷികൾ ദീർഘദൂരം പറന്നു ദാഹം തീർത്തശേഷം കൂട്ടിലിരിക്കുന്ന പറക്കമുററാത്ത കുഞ്ഞുങ്ങൾക്കുവേണ്ടി അടിവശത്തെ തൂവലുകൾ വെള്ളത്തിൽ മുക്കിക്കൊണ്ടുപോകുന്നു. സഹാറയിലും മററുമുള്ള പല ജന്തുക്കൾക്കും വളരെ നാൾ വെള്ളം കുടിക്കാതെതന്നെ കഴിഞ്ഞുകൂടുവാനുള്ള അത്ഭുതശക്തിയുണ്ടു്. വയററിനുള്ളിലെ സഞ്ചിയിൽ വെള്ളം ശേഖരിച്ചുകൊണ്ടു യാത്ര ചെയ്യുന്ന ഒട്ടകത്തിൻെറ കഥ സുപ്രസിദ്ധമാണല്ലോ. ചില മണലരണ്യങ്ങളിൽ മദ്ധ്യാഹ്നസമയത്തെ ചൂടു് മുട്ട പൊരിക്കുവാൻ തക്കവണ്ണം ഭയങ്കരമായിരിക്കും. ഇതു മിക്ക ജന്തുക്കൾക്കും സഹിക്കുവാൻ കഴിവില്ല. ഇക്കാരണത്താൽ അവ മിക്കതും ദിവാഭീതങ്ങളായി നിശാചാരികളായി

കഴിയുന്നു. സസ്തനങ്ങളായ ജന്തുക്കൾക്കും പക്ഷികൾക്കും ശരീരത്തിലെ ചൂട്ട നിയന്ത്രണാധീനമാണു"; അന്തരീക്ഷത്തിനുണ്ടാകുന്ന ഘർമ്മതാരതമ്യങ്ങളെ വിഗണിച്ചു തങ്ങളുടെ ശരീരത്തിലെ ചൂട്ട് ഒരേനിലയ്ക്കു നിർത്തുവാൻ അവയ്ക്കു ശക്തിയുണ്ട്. വായുമണ്ഡലം 'അക്കനെ സ്വദ്ധിക്കും മട്ടിൽ' ജ്വലിക്കുമ്പോൾ അവയുടെ ദേഹത്തിന്റെ ചൂട്ട പുറമേയുള്ളതിൽ കുറവായിരിക്കും. ഇഴജന്തുക്കൾക്ക് ഇങ്ങനെയുള്ള നിയന്ത്രണശക്തിയില്ല. എങ്കിലും മരുഭൂമികളിലുള്ള ചില ഓന്തുകളും, പാമ്പുകളും മറെറാരു വിദ്യയാൽ വെയിലിൽ പൊരിഞ്ഞുപോകാതെ രക്ഷ നേടുന്നു. ഓടിത്തളൎന്നു വരുന്ന പട്ടിയെപ്പോലെ അവ വായ് തുറന്നു പിടിച്ചുകൊണ്ട് അതിശീഘ്രം ശ്വാസോച്ഛ്വാസം ചെയ്യുന്നു. ഈ കിതപ്പു വായുടെ ഭിത്തികളിലുള്ള ധമനികളെയും തദ്വാരാ രക്തത്തെയും തണുപ്പിക്കുന്നു.

അടുത്തതായി സാഗരമദ്ധ്യസ്ഥങ്ങളായ ദ്വീപുകളിലേക്കു കടക്കാം. ദ്വീപുകളിൽ നിരീക്ഷകനെ ആകർഷിക്കുന്ന പ്രധാന സംഗതി, പറക്കുവാൻ കഴിവില്ലാത്ത പക്ഷികളുടെയും ശലഭങ്ങളുടെയും ആധിക്യമാകുന്നു. ന്യൂസിലൻഡിൽ കിവി, മൂങ്ങത്തത്ത എന്നിങ്ങനെ പറക്കുവാൻ കഴിയാത്ത അനേകം പറവകളുണ്ട്. ഇന്നുള്ളവയെക്കൂടാതെ ഈ ജാതിയിലുള്ള അനേകം പക്ഷികൾ അവിടെ അസ്തവംശമായിട്ടുണ്ട്. മൗറിഷ്യസ്സിൽ ജീവിച്ചിരുന്ന ഡോഡോ എന്ന പക്ഷിയാണു് ഇക്കൂട്ടത്തിൽ ഏററവും പ്രസിദ്ധമായതു്. അതു ഭീമമായ ഉടലോടും, കൃശങ്ങളായ ചിറകുകളോടും കൂടിയ ഒരു പ്രാവായിരുന്നു എന്നു പറയാം. ദക്ഷിണധ്രുവത്തിന്റെ പ്രാന്തത്തിൽ കിടക്കുന്ന ക്രോസെററു ദ്വീപിലുള്ള പതിനേഴ ജാതി ശലഭങ്ങളിൽ പതിന്നാലിനും പറക്കുവാൻ കഴിവില്ല. അതിന്റെ അടുത്തുള്ള കെർഗ്ഗ്യൂലിൻ എന്ന ദ്വീപിൽ എട്ടുജാതി ഈച്ചകളുണ്ടെങ്കിലും, ഒരെണ്ണത്തിനു മാത്രമേ കുറച്ചെങ്കിലും പറക്കുവാൻ കഴിവുള്ളൂ. ഇങ്ങനെയുള്ള ഉദാഹരണങ്ങൾ എത്ര വേണമെങ്കിലുമുണ്ട്. ഈ വൈചിത്ര്യങ്ങളുടെ അർത്ഥമെന്താണു്? ന്യൂസിലൻഡിലും മററും ഹിംസ്രമൃഗങ്ങളില്ലാ

ത്തതുകൊണ്ടു്, അവയുടെ സ്ഥാനം അവിടത്തെ പക്ഷികൾ കരസ്ഥമാക്കിയിരിക്കുകയാണു്. അവയെല്ലാം ആകൃതിയിൽ വളരെ വലുതായിരിക്കുന്നു. ഭക്ഷണം നേടുന്നതിനോ, ഹിംസ്രജന്തുക്കളിൽനിന്നു രക്ഷ നേടുന്നതിനോ പറക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ടാണു്. അവയുടെ ചിറകുകൾ കൃശങ്ങളായി ഉപയോഗശൂന്യങ്ങളായിത്തീർന്നിരിക്കുന്നതു്. ശലഭങ്ങളുടെ പക്ഷഹീനതയ്ക്കു കാരണം മറെറാന്നാണു്. എപ്പോഴും കാററിന്റെ ഉപദ്രവമുള്ള സമുദ്രമദ്ധ്യത്തിൽ ആകാശത്തിലേക്കു പാന്നുയരുന്നതു് അത്യന്തം ആപൽകരമാകുന്നു. കാററു് അവയെ അടിച്ചു പറത്തി നടുക്കടലിൽ വീഴ്ത്തിക്കളയും. ഈ ആപത്തിനെ ഭയന്നാണു് ചെറിയ ദ്വീപുകളിലുള്ള ശലഭങ്ങൾ പറക്കുകയേ വേണ്ടെന്നുവെച്ചിരിക്കുന്നതു്. കെർഗ്യൂലിൻ ദ്വീപിൽ കൊടുങ്കാററില്ലാത്ത ഒരൊററ ദിവസംപോലും ഉണ്ടാകാറില്ല. അതുകൊണ്ടാണു് അവിടത്തെ ഈച്ചകൾ എല്ലാം തന്നെ പറക്കുവാൻ കഴിയാത്തവയായി കാണപ്പെടുന്നതു്.

ഭൂമിക്കടിയിലുള്ള ഗുഹകളിലും നീരൊഴുക്കുകളിലും പ്രത്യേകതരത്തിലുള്ള ജീവികൾ നിവസിക്കുന്നുണ്ടു്. സൂര്യപ്രകാശം കടക്കാത്തതുകൊണ്ടു് ഈ അധോലോകത്തു പച്ചനിറമുള്ള ചെടികളൊന്നുമില്ല. ഗുഹാവാസികൾ രണ്ടു തരക്കാരാണു്. ഒരുകൂട്ടം താൽക്കാലികമായ രക്ഷയ്ക്കും പ്രത്യേകാവശ്യങ്ങൾക്കും വേണ്ടിമാത്രം നിമ്നമുഖങ്ങളായ കന്ദരങ്ങളെ ശരണം പ്രാപിക്കുന്നു. നരിച്ചീറുകൾ, മുട്ടയിടുവാൻ പോകുന്ന ചിലതരം പക്ഷികൾ എന്നിവ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. മറേറക്കൂട്ടം ഗുഹകളിൽ സ്ഥിരതാമസക്കാരാണു്. പുറമെനിന്നു വന്നുകേറുന്ന ജന്തുക്കളുടെ ഉച്ഛിഷ്ടങ്ങളും കാററിൽ പറന്നും, വെള്ളത്തിൽ ഒഴുകിയും വരുന്ന ആഹാരശകലങ്ങളുമല്ലാതെ മററു ഭക്ഷണസാധനങ്ങളൊന്നും ലഭ്യമല്ലാത്തതുകൊണ്ടു്, ഗുഹകളിലെ സ്ഥിരതാമസക്കാർ കുറവാണു്. ഉള്ളവതന്നെ ചീവീടു്, ചിലന്തി, പഴുതാര എന്നിങ്ങനെയുള്ള ചെറുപ്രാണികളുമാണു്. ഈ ജന്തുക്കൾ സാധാരണമായി ഗുഹാമുഖത്തോടു് അടുത്താണു് ജീവിക്കുന്നതു്. ഭൂമിക്കടി

യിലൂടെയുള്ള നിരൊഴുക്കുകളിൽ വിചിത്രങ്ങളായ മത്സ്യങ്ങളും തവളകളും ധാരാളമുണ്ട്. കാൺറിയോളയിലെ വലിയ ചുണ്ണാമ്പുഗുഹകളിൽ തവളയുടെ വർഗ്ഗത്തിൽപ്പെട്ട ഒരുതരം ജന്തുക്കളുണ്ട്. ഇതു് നമ്മുടെ നാട്ടിലെ മണ്ഡൂകങ്ങളുടെ കുഞ്ഞുങ്ങളെപ്പോലെ മത്സ്യത്തിൻെറ ആകൃതിയിൽ ഇരുവശത്തും കൈകളുകളോടുകൂടി കാണപ്പെടുന്നു. പ്രോട്ടിയസ് എന്നു പറയപ്പെടുന്ന ഈ വിചിത്രജീവിയുടെ നിറം നല്ല വെളുപ്പാണ്. അതിനു ചെറിയ രണ്ടു കണ്ണുകളുണ്ടെങ്കിലും കാഴ്ചയില്ല. കുഞ്ഞായിരിക്കുമ്പോൾതന്നെ വെളിക്കെടുത്തു സൂര്യപ്രകാശത്തിൽ വളർത്തിയാൽ അതിൻെറ ശരീരം കരിപോലെ കറുത്തുപോവുകയും, ഈ തൊലി കണ്ണുകളെക്കൂടി മൂടുകയും ചെയ്യുന്നു. നേരെമറിച്ചു ചുവന്ന വെളിച്ചത്തിൽ വളത്തുകയാണെങ്കിൽ, അതിൻെറ കണ്ണുകൾ പുഷ്ടിപ്പെട്ടുവരുകയും, അതിനു കാഴ്ച ലഭിക്കുകയും ചെയ്യുന്നു. ഇങ്ങനെ അനേകായിരം തലമുറകളായിട്ടു് അന്ധമായി കഴിഞ്ഞുകൂടുന്ന ഈ ജന്തുവർഗ്ഗത്തെ ഒരു ചെറിയ വിദ്യകൊണ്ടു് കാഴ്ചയുള്ളതാക്കിത്തീക്കുവാൻ സാധിക്കും. ന്യൂസിലൻഡിൽ വൈറേറാമോ എന്ന സ്ഥലത്തു ഭൂമിക്കടിയിൽ വലിയ ജലാശയങ്ങളുണ്ട്. ഇവയുടെ മേല്പുരയെല്ലാം ഹരിതവർണ്ണമായ സ്ഫുലിംഗ പ്രകാശത്താൽ അലംകൃതമായി കാണപ്പെടുന്നു. മരതക രത്നങ്ങൾ പതിച്ചതുപോലെയുള്ള ഈ പ്രകാശത്തിനു കാരണം ഒരുതരം പുഴുക്കളാണ്. ഇവയോരോന്നും പശയുള്ള അനേകം നൂലുകൾ മുകളിൽ തൊട്ടുത്തിയിട്ടുകൊണ്ടു കാത്തിരിക്കുന്നു. പറന്നു നടക്കുന്ന പ്രാണികൾ അവയുടെ പ്രകാശത്താൽ ആകർഷിക്കപ്പെട്ടു് അങ്ങോട്ടു ചെല്ലുമ്പോൾ ഈ നൂലുകളിൽ കുരുങ്ങിപ്പോവുകയും, പുഴു വിചിത്രമായ ഈ ചൂണ്ടലുകൾവഴി താഴേക്കു് ഇഴഞ്ഞിറങ്ങി അവയെ ഭക്ഷിക്കുകയും ചെയ്യുന്നു. ഈ പുഴുക്കൾ കുറേക്കാലം ഇങ്ങനെ ജീവിച്ചശേഷം അരിക്നോകാമ്പാ എന്ന ഒരുതരം ഈച്ചകളായി രൂപാന്തരപ്പെട്ടു ഗുഹകളെ ഉപേക്ഷിച്ചു പറന്നുപോകുന്നു. വളരെ പതുക്കെയുള്ള സംസാരം കേട്ടാൽപ്പോലും ഈ പുഴുക്കൾ അവയുടെ മരതകദീപങ്ങൾ ഉപസംഹരിച്ചുകളയും.

സംഖ്യാബാഹുല്യംകൊണ്ടു് ഈ അത്ഭുത ജീവികൾ ഭൂഗർഭത്തിൽ മനോഹരമായ ഒരു നക്ഷത്രമണ്ഡലം വിരചിച്ചു വെളിച്ചം കടക്കാത്ത ആ ഗുഹകളെ കണ്ണുകാണത്തക്ക വണ്ണം പ്രകാശമാനമാക്കുന്നു.

പ്രകൃത്യാതന്നെ ഊഷ്മളങ്ങളായ അരുവികളാണു ജീവികൾക്കു തീരെ പററാത്ത പരിതഃസ്ഥിതികൾ നല്കുന്നതു്. താഴ്ന്ന ജീവികളിൽ മിക്കതും സാധാരണ മനുഷ്യശരീരത്തിൻെറ ചൂടുപോലും താങ്ങുവാൻ ശക്തിയില്ലാത്തവയാണു്, ജൂലൈമാസത്തിൽ വടക്കേ ഇൻഡ്യയിലെ ഉച്ചവെയിലിൽ ഒരു ഓന്തിനെ പിടിച്ചിട്ടാൽ അല്പസമയത്തിനുള്ളിൽ അതു ചത്തുപോകും. ശരീരോഷ്മം നിയന്ത്രിക്കുവാൻ ശക്തിയുള്ള മനുഷ്യൻപോലും ചിലപ്പോൾ വേനലിൻെറ കാഠിന്യത്താൽ മരിച്ചുപോകാറുണ്ടു്. ഇതൊക്കെയാണെങ്കിലും, തൊട്ടാൽ പൊള്ളുന്ന അരുവികളിൽപോലും ജീവികൾ നിവസിക്കുന്നതായി കാണാം. വടക്കേ ഇന്ത്യയിലെ ചൂടു 120 ഡിഗ്രിയിൽ കവിയാറില്ല. 175 ഡിഗ്രി ചൂടുള്ള നീരുറവയിൽ സൈ്വര ജീവിതം നയിക്കുന്ന ഒരു സസ്യവിശേഷം അറിയപ്പെട്ടിട്ടുണ്ടു്. ആ വെള്ളത്തിനു കാപ്പിയുണ്ടാക്കാൻതക്ക ചൂടുണ്ടു്. അമിതമായ ഉപ്പുരസം ജലജന്തുക്കൾക്കു ഹാനികരമാണു്. നാലുശതമാനത്തിൽ കൂടുതൽ ഉപ്പുള്ള ഓരു വെള്ളം അവയ്ക്കു പററിയതല്ല. ചെങ്കടലിലെ വെള്ളം ഇന്നു് ഈ നിലയിൽ എത്തിയിട്ടുണ്ടു്. ഡെഡ്സീ, ദി ഗ്രേററ് സാൾട്ട്ലേക്ക് എന്നീ ജലാശയങ്ങളിൽ 20 ശതമാനത്തോളം ഉപ്പുണ്ടു്. ഡെഡ്സീയിൽ ചെടികളോ, ജന്തുക്കളോ യാതൊന്നുമില്ലെങ്കിലും, മറേറ ലവണാംബുധിയിൽ ചില അത്ഭുത ജീവികളുണ്ടു്. ആർട്ടീമിയ എന്നു ഒരുതരം കൊഞ്ചുകളും, എഫൈഡ്ര എന്ന ഈച്ചകളുടെ പുഴുക്കളും, ഒരു ജാതി വെള്ളത്തിൽക്കുത്താടികളും അതിൽ സസുഖം ജീവിച്ചുപോരുന്നു. എഫൈഡ്ര പുഴുക്കൾ അത്യന്തം വിസ്മയാവഹങ്ങളാണു്. സാധാരണ ജന്തുക്കളെ ക്ഷണമാത്രംകൊണ്ടു കൊല്ലുന്ന ജലമയമില്ലാത്ത ചാരായത്തിൽ അവ അരമണിക്കൂർനേരം ജീവിക്കും

ഉണങ്ങിയ ഓലത്തുരുമ്പുകളിലും മററും കാണാവുന്ന ഒരുതരം ചെറുജന്തുക്കളെപ്പററിക്കൂടി പറഞ്ഞിട്ട് ഈ ലേഖനം അവസാനിപ്പിക്കാം. ഇവയ്ക്കു് ഇംഗ്ലീഷിൽ 'Tardigrada' എന്നാണു പേർ പറയുന്നതു്. അതിസൂക്ഷ്മങ്ങളായ ഈ ജന്തുക്കൾ കൂർത്തുവളഞ്ഞ നഖങ്ങൾകൊണ്ടു് അങ്ങുമിങ്ങും പററിപ്പിടിച്ചിരിക്കുന്നു. മഴക്കാലത്തു് അവ ഉത്സാഹത്തോടെ ഓടിക്കളിക്കുന്നു. പക്ഷെ വർഷം അവസാനിക്കുമ്പോൾ അവ ചുരുണ്ടുകൂടി, കരട്ടം പൊടിയും എന്നപോലെ ഉണങ്ങുവാൻ തുടങ്ങും. ഇങ്ങനെ ഉണങ്ങിവരണ്ടു്, ജീവൻെറ യാതൊരു ലക്ഷണങ്ങളുമില്ലാതെ അഞ്ചും ആറും വർഷം ജീവിക്കുവാൻ അവയ്ക്കു കഴിവുണ്ടു്. ഈ അവസ്ഥയിൽ ഒരു തുള്ളി വെള്ളം വീണാൽ ഉടനെ അവയ്ക്കു് ഉണർവ്വുണ്ടാകും.

ആധുനിക ശാസ്ത്രം] [ഡാക്ടർ കെ. ഭാസ്കരൻനായർ.

അഭ്യാസം

1. അനുകൂലമല്ലാത്ത പരിസരങ്ങളിൽ ജന്തുക്കൾക്കു ജീവിക്കാൻ കഴിയുന്നതെങ്ങനെയെന്നുള്ളതിനെപ്പററി ഉപന്യസിക്കുക.
2. അർത്ഥമെഴുതുക :—
   അന്ദോളനം ; നിബിരീസം ; മയൂഖം.
3. താഴെക്കൊടുത്തിട്ടുള്ള ബഹുവചന പ്രത്യയങ്ങൾ ഏതേതു വിഭാഗത്തിൽപ്പെട്ടുന്നുവെന്നു പരിശോധിക്കുക :—
   കുട്ടികൾ ; അവർകൾ ; താങ്കൾ ; സ്ത്രീകൾ.
4. നാം, നിങ്ങൾ, അവർ ഈ പദങ്ങൾ ബഹുത്വം കാണിക്കുന്നവയായും, ബഹുമാനം സൂചിപ്പിക്കുന്നവയായും വരാമെന്നു് ഉദാഹരണങ്ങൾകൊണ്ടു തെളിയിക്കുക.

പാഠം 8

എവറസ്റ്റാരോഹണം

ഹിമവാനെപ്പററി കേൾക്കാത്തവർ ചുരുങ്ങും. ഭൂമിശാസ്ത്രത്തെപ്പററി യാതൊരു വിവരവുമില്ലാത്തവക്കുകൂടി ഹിമവാൻെറ പേർ പരിചിതമായിരിക്കും. അതിനു കാരണമുണ്ട്. പണ്ടേക്കുപണ്ടേ നമ്മുടെ പൗരാണികന്മാർ ഹിമവാനെ പുണ്യസ്ഥലങ്ങളുടെ ഒരു സങ്കേതമായിട്ട് ഇതിഹാസങ്ങളിൽക്കൂടിയും, പുരാണങ്ങളിൽക്കൂടിയും, കാവ്യങ്ങളിൽക്കൂടിയും പരിചയപ്പെടുത്തിത്തന്നിട്ടുണ്ട്. ഈശ്വരന്മാരുടെയും, ദേവന്മാരുടെയും ഗന്ധൎവ്വന്മാരുടെയും വാസസ്ഥലമാണതു്. പാൎവ്വതീപരമേശ്വരന്മാരുടെ ആവാസസ്ഥാനമായ പുരാണപ്രസിദ്ധമായ കൈലാസം ഹിമാലയത്തിലാണു്. ദേവഗന്ധൎവ്വന്മാരുടെ വിഹാരഭൂമിയായ മഹാമേരു, ഹിമാലയപാൎശ്വങ്ങളിലാണു്. പുണ്യനദിയായ ഗംഗയെ ഹിമവാൻെറ പുത്രിയായിട്ടാണു് നാം കരുതിവരുന്നതു്. ഹിന്ദുക്കളുടെ ഏററവും ശ്രേഷ്ഠങ്ങളും, പുരാതനങ്ങളുമായ ക്ഷേത്രങ്ങളെല്ലാം തന്നെ ഹിമാലയത്തിലാണു സ്ഥിതിചെയ്യുന്നതു്. അതുപോലെ തന്നെ എണ്ണപ്പെട്ട ബുദ്ധവിഹാരങ്ങളെല്ലാം ഹിമാലയപാൎശ്വങ്ങളിലാണു നിൎമ്മിക്കപ്പെട്ടിട്ടുള്ളതു്. ഈ വക കാരണങ്ങളാൽ പുരാതന കാലം മുതൽക്കേ വെറും ഒരു പൎവ്വതനിര എന്ന നിലയ്ക്കല്ല, ഹിമാലയത്തിനെ നാം ഗണിച്ചുപോന്നിട്ടുള്ളതു്. ഭക്തിസമ്മിശ്രമായ ഒരു ബഹുമാനവും, ശ്രേഷ്ഠത്വബോധത്തിൽനിന്നുദിക്കുന്ന ഒരാദരവും ഹിമാലയത്തിൻെറ പേരു കേൾക്കുമ്പോൾ സ്വാഭാവികമായി ജനിക്കുന്നു.

ഈ ശ്രേഷ്ഠത്വം ഹിമവാൻ അർഹിക്കുന്നുണ്ടെന്നുള്ളതു തീൎച്ചയാണു്. വാക്കുകളെക്കൊണ്ടോ, വൎണ്ണങ്ങളെക്കൊണ്ടോ പ്രകാശിപ്പിക്കുവാൻ കഴിയാത്ത, അഭൗമ

മായ ദിവ്യചിത്രങ്ങളാണു് ഏതു ഭാഗത്തുനിന്നു് നോക്കിയാലും ആ പർവ്വതം നൽകുന്നതു്. സമുദ്രം പോലെ പരന്നു കിടക്കുന്ന വെൺമേഘപ്പരപ്പിൽനിന്നു് അനേകായിരം അടി ഉയരത്തിൽ, ദൃഷ്ടികൾ ചെന്നെത്താൻ കഴിയാത്തത്ര പൊക്കത്തിൽ, അനേക ശതം ശൃംഗങ്ങളോട്ടുകൂടി, ലോകത്തിലെ മറേറതു ഗിരിനിരയെയും അതിശയിച്ചുകൊണ്ടു ഹിമവാൻ നില്ക്കുന്നു. ആ നിൽപ്പു കണ്ടാൽ ആരും ഭയപ്പെട്ടുപോകും. ധവളനിറത്തിലുള്ള ശൃംഗപരമ്പര, ചങ്ങലക്കണ്ണികൾ പോലെ, ഒന്നിനു പിറകെ ഒന്നായി ഭൂമിക്കും ചക്രവാളത്തിനും ഇടയ്ക്കു് ഒരു പട്ടുകുറൻ വെണ്മതിൽ കെട്ടിപ്പടുത്തതുപോലെ ഉയർന്നു നില്ക്കുന്നു. സൂര്യോദയത്തിൽ ഹിമാവൃതങ്ങളായ കൊടുമുടികളും താഴ്‌വാരങ്ങളും, എണ്ണമററ അവർണ്ണനീയങ്ങളായ വർണ്ണങ്ങളാൽ ശോഭിതമായിത്തീരുമ്പോൾ, ആ കാന്തിപൂരത്തിൽക്കൂടി തിളങ്ങിക്കാണുന്ന പേടകം തന്നെയാണു സ്വർഗ്ഗം എന്നു് ആരും ശങ്കിച്ചുപോകും. കലാകാരൻെറ ആലേഖനപാടവത്തിനും, കവിയുടെ വർണ്ണനയ്ക്കും അതീതമായി വർത്തിക്കുന്ന ആ പ്രകൃതിരമണീയത്വം അത്ര അലൗകികവും ശ്രേഷ്ഠവുമാണു്!

വാക്കുകളക്കൊണ്ടു ഹിമാലയത്തിനെ വർണ്ണിക്കാൻ കഴിയുന്നതല്ല എന്നുള്ളതിനു വാചാലന്മാരായ നമ്മുടെ പൂർവ്വകവികൾതന്നെ സാക്ഷ്യം വഹിക്കുന്നു. വർണ്ണനയിൽ അദ്വിതീയനായ കാളിദാസൻപോലും ഹിമാലയത്തിനെ,

'അസ്ത്യുത്തരസ്യാം ദിശി
ദേവതാത്മാ
ഹിമാലയോ നാമ നഗാ
ധിരാജഃ'

എന്നു വർണ്ണിക്കാനേ മുതിർന്നിട്ടുള്ളു. ദേവതാത്മാവായ ഹിമാലയത്തിൻെറ അപ്രമേയമായ ഗാംഭീര്യത്തെ സൂചിപ്പിക്കുവാൻ, പർവ്വതങ്ങളുടെ രാജാവു് എന്നർത്ഥമുള്ള 'നഗാധിരാജൻ' എന്ന വിശേഷണപദം മാത്രം ഉപ

യോഗിച്ചു് ആ കവിസമ്രാട്ടു് വിനയപൂർവ്വം പിന്മാറുകയാണു ചെയ്തതു്. വിശ്വരൂപിയായ ഹിമവാൻെറ ഗാംഭീര്യത്തെ വാക്കുകളുടെ പരിമിതിയിൽ ഒതുക്കുക അസാദ്ധ്യമാണെന്നു് അദ്ദേഹത്തിനു് തോന്നിയിരിക്കണം!

കാളിദാസൻെറ വർണ്ണനാവൈഭവത്തിനുകൂടി പ്രകാശിപ്പിക്കുവാൻ കഴിയാത്ത ഹിമവാൻെറ ആകാരഗാംഭീര്യത്തെ വെറും നാഴികക്കണക്കിലോ അടിക്കണക്കിലോ, പറഞ്ഞു ധരിപ്പിക്കാൻ ശ്രമിക്കുന്നതു മഹാസാഹസമാണു്. എങ്കിലും, ഭൂമിശാസ്ത്രപരമായി പറയുകയാണെങ്കിൽ, ഭാരതത്തിൻെറ വടക്കുപടിഞ്ഞാറൻ അതിർത്തിയായിരുന്ന കാറക്കോറം പർവ്വതനിരകൾ മുതൽ ആസ്സാമിൻെറ കിഴക്കേ അതിർത്തിയായ ലൂഷായി ശൈലങ്ങൾവരെ ഹിമാലയം നീണ്ടുകിടക്കുന്നു. രണ്ടായിരത്തോളം നാഴിക നീളവും, പലഭാഗത്തും ഇരുന്നൂറിൽപ്പരം നാഴിക വീതിയും ഇതിനുണ്ടു്. അമേരിക്കയിലെ 'ആൻഡീസ്' പർവ്വതനിരയ്ക്കുമാത്രമേ ഇതിലധികം നീളമുള്ളു. പക്ഷെ പൊക്കത്തിൽ ആൻഡീസ് പർവ്വതനിര ഹിമാലയത്തിൻെറ സമീപപ്രദേശത്തൊന്നും എത്തില്ല. ആൻഡീസിൻെറ ഏററവും ഉയൎന്ന ശിഖരത്തിനു കണക്കാക്കപ്പെട്ടിട്ടുള്ള പൊക്കം 23,100 അടി മാത്രമാണു്. ഹിമാലയത്തിലാകട്ടെ ഈ ഉയരത്തെ അതിശയിക്കുന്ന നൂറിൽപ്പരം ശൃംഗങ്ങളുണ്ടു്! ഉയരംകൊണ്ടും ഗാംഭീര്യംകൊണ്ടും ഹിമാലയത്തിനെ ജയിക്കുന്ന മറെറാരു പർവ്വതനിര ലോകത്തിൽ ഇല്ലെന്നുതന്നെ പറയാം.

1849 നു മുമ്പു് ഹിമാലയശൃംഗങ്ങളുടെ ഉയരത്തിനെപ്പററി അന്വേഷിക്കുവാനോ, അവ അളന്നു തിട്ടപ്പെടുത്തുവാനോ ആരും ശ്രമം ചെയ്തതായിട്ടറിവില്ല. 1849-ൽ ഇതിനു് ഒരു ശ്രമം തുടങ്ങുകയുണ്ടായി. ഹിമാലയത്തിലുള്ള ശിഖരങ്ങളുടെയെല്ലാം പൊക്കം അളന്നു തിട്ടപ്പെടുത്തുവാനുള്ള ഒരു ശ്രമമായിരുന്നു അതു്. ഈ പ്രവൃത്തി മൂന്നുകൊല്ലം നീണ്ടുനിന്നു. അളവെടുക്കുന്ന ജോലിയിൽ വ്യാപൃതനായിരുന്ന രാധാനാഥസിക്ദാർ എന്നൊരു

മാന്യൻ, അതേവരെ K15 എന്ന സംജ്ഞയാൽ അറിയപ്പെട്ടിരുന്ന ഒരു ശിഖരത്തിൻെറ പൊക്കം കണക്കുകൂട്ടി ക്ലിപ്തപ്പെടുത്തി. അതു് 29,002 അടിയായിരുന്നു! ലോകത്തിലെ ഏററവും ഉന്നതമായ പർവ്വതശിഖരം അതാണെന്നു് ഉടനെ ബോധപ്പെടുകയും, ആ വിവരം ലോകമാസകലം പ്രസിദ്ധമാവുകയും ചെയ്തു. ഹിമാലയത്തിലെ ശിഖരങ്ങളുടെ ഈ സർവ്വേ തുടങ്ങിയ കാലത്തു് ഇന്ത്യയിലെ സർവ്വേ ഡിപ്പാർട്ടുമെൻറിൻെറ മേലധികാരി 'എവറസ്റ്റ്' എന്നൊരിംഗ്ലീഷുകാരനായിരുന്നു. അദ്ദേഹത്തിൻെറ സ്മാരകമായി ലോകത്തിലെ ഏററവും പൊക്കംകൂടിയ ഈ ശിഖരത്തിനു് 'മൌണ്ടു് എവറസ്റ്റ്' എന്നു നാമകരണം ചെയ്തു.

ലോകത്തിലേക്കു വെച്ചു് ഏററവും ഉയൎന്ന 'മൌണ്ടു് എവറസ്റ്റ്' കയറാനുള്ള വാസന സ്വാഭാവികമായി പല സാഹസികന്മാരിലും അങ്കുരിച്ചു. പ്രകൃതിയെ കീഴടക്കാനുള്ള മനുഷ്യൻെറ സംരംഭങ്ങൾ പലതും നടന്നിരുന്ന കാലമായിരുന്നു അതെന്നുള്ളതു് ഇവിടെ സ്മരണീയമാണു്. ഉദാഹരണമായി ധ്രുവപ്രദേശങ്ങൾ കീഴടക്കുവാനുള്ള വളരെ ശ്രമങ്ങൾ അക്കാലത്തു നടന്നിരുന്നു. തന്നെയല്ല, പല ക്ലേശങ്ങളും ആൾനാശവും സഹിച്ചതിനുശേഷം ഈ നൂററാണ്ടിൻെറ ആരംഭത്തിൽ, കമാൻഡർ വിയറി എന്ന മഹാൻ ഉത്തരധ്രുവത്തിൽ എത്തിച്ചേൎന്നു. ദക്ഷിണധ്രുവത്തിൽ ചെന്നെത്താൻ വീണ്ടും കുറെ കൊല്ലങ്ങൾ കഴിയേണ്ടിവന്നു. എങ്കിലും, ഉത്തരധ്രുവത്തെ കീഴടക്കിയതോടുകൂടി 'ഇനി എവറസ്റ്റ്' എന്ന പല്ലവി സാഹസികന്മാരിൽനിന്നും ശാസ്ത്രജ്ഞന്മാരിൽനിന്നും പുറപ്പെട്ടു.

ഇതിനു വലിയൊരു പ്രതിബന്ധമായി കിടന്നിരുന്നതു് എവറസ്റ്റിലേക്കുള്ള മാർഗ്ഗം ആണു്. എവറസ്റ്റിലേക്കു പോകാനുള്ള മാൎഗ്ഗം അന്നു കണ്ടുപിടിച്ചിരുന്നതു തിബത്തിൽക്കൂടിയാണു്. ആ രാജ്യത്തിൽക്കൂടി സഞ്ചരിക്കുവാൻ പാശ്ചാത്യൎക്കു് അനുവാദമുണ്ടായിരു

ണില്ലതാനും. പാശ്ചാത്യരുമായി വേഴ്ചയുള്ളതുകൊണ്ടു് ഇന്ത്യാക്കാക്കപോലും തിബത്തിൽക്കൂടി യാത്രചെയ്യുന്നതിനു് അനുവാദം സിദ്ധിച്ചിരുന്നില്ല. എന്നിരിക്കിലും വേഷപ്രച്ഛന്നരായി ചിലർ സൂത്രത്തിൽ ആ രാജ്യത്തു സഞ്ചരിക്കാതിരുന്നില്ല. അങ്ങനെ സഞ്ചരിച്ചു് എവറസ്റ്റാരോഹണത്തിനു് ആവശ്യമായ പല പ്രാഥമിക വിവരങ്ങൾ ശേഖരിച്ചുപോരുകയും ചെയ്തിരുന്നു. ആട്ടിടയന്മാരുടെ വേഷത്തിലും, ബുദ്ധഭിക്ഷുക്കളുടെയും കച്ചവടക്കാരുടെയും സമ്പ്രദായത്തിലുമാണു പലരും സഞ്ചരിച്ചിരുന്നതു്. 1870-നും 1885-നും മദ്ധ്യേ ഇങ്ങനെ സഞ്ചരിച്ചു പല വിവരങ്ങളും ശേഖരിച്ചുവന്നവരിൽ ചിലരാണു് ഹരിറാം, ശരച്ചന്ദ്രദാസ് തുടങ്ങിയവർ. പാശ്ചാത്യരിൽ ചിലരും ഇങ്ങനെ വേഷപ്രച്ഛന്നരായി സഞ്ചരിക്കാതിരുന്നില്ല. ഡാക്ടർ എ. എം. കെല്ലാസ് എന്ന ഇംഗ്ലീഷുകാരൻ വളരെക്കാലം വേഷപ്രച്ഛന്നനായി തിബത്തിൽ താമസിക്കുകയുണ്ടായി. തന്നെയല്ല, ഹിമാലയപ്രദേശങ്ങളെപ്പററിയും മററും പിന്നീട്ു് ഉപകാരപ്രദങ്ങളായ പലേ വിവരങ്ങളും കെല്ലാസ് ശേഖരിച്ചു. പർവ്വതജാതിക്കാരായ ഷെർപ്പാ സമുദായത്തിൻെറ സഹകരണം എവറസ്റ്റാരോഹണ വിഷയത്തിൽ എത്രമാത്രം സഹായകരമായിത്തീരും എന്ന കാര്യം ഒന്നാമതായി അനുഭവത്തിൽനിന്നു മനസ്സിലാക്കിയതു കെല്ലാസാണു്. അവക്കു് ആരോഹണവിഷയത്തിൽ ചില പരിശീലനങ്ങൾകൂടി നൽകിയതിനു ശേഷമാണത്രേ കെല്ലാസ് മടങ്ങിയതു്.

ഇക്കാലത്തു് ഇന്ത്യയുടെയും, തിബത്തിൻെറയും അതിത്തിയിൽ കൂടക്കൂടെ അതിത്തിലംഘനങ്ങൾ ഉണ്ടാവുക പതിവായിരുന്നു. ഇതു നിത്തൽ ചെയ്യുവാനായി, 1904-ൽ സർ ഫ്രാൻസിസ് യങ്ങ് ഹസ്ബൻഡ് എന്ന ഒരു മാന്യൻെറ കീഴിൽ ഒരു സംഘം സൈന്യത്തെ അന്നു് ഇന്ത്യാരാജ്യം ഭരിച്ചിരുന്ന വിദേശീയ ഗവണ്മെൻറു് തിബത്തിലേക്കയക്കുകയുണ്ടായി. ഈ സംഘത്തിൻെറ യാത്രയ്ക്കുശേഷം ബ്രിട്ടീഷുകാക്ക തിബത്തിൽ

കൂടി സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം കിട്ടി. തിബത്തിൽക്കൂടി യാത്ര ചെയ്ത് എവറസ്റ്റാരോഹണം നടത്തുന്നതിനുള്ള ശ്രമങ്ങൾ ചെയ്വാനും ദലൈലാമയിൽ നിന്നു ബ്രിട്ടീഷുകാർക്ക് അനുമതി ലഭിച്ചു. ഈ അനുമതി ലബ്ധിക്കുശേഷം ലണ്ടനിലെ രാജകീയ ഭൂമിശാസ്ത്രസമിതി (Royal Geographical Society) എവറസ്റ്റാരോഹണ വിഷയത്തിലേക്കായി മാത്രം ഒരു പ്രത്യേക കമ്മിററിയെ നിയമിച്ചു, ഈ കമ്മിററിയുടെ മേൽനോട്ടത്തിലാണ് കാര്യമായ എല്ലാ ആരോഹണശ്രമങ്ങളും പിന്നീട് നടന്നിട്ടുള്ളതു്.

ഈ ആരോഹണശ്രമങ്ങൾ 1921 മുതൽ 1952 വരെ നീണ്ടുനിന്നു; ഇത്രയും കാലത്തിനിടയിൽ എട്ടുപത്തു സംഘങ്ങൾ പുറപ്പെട്ടു ചെന്നതിൽ എല്ലാം ഉദ്ദേശ്യം സാധിക്കാതെ മടങ്ങുകയാണു ചെയ്തതു്. അതിൽ ചിലർ മരിക്കുകയും ചെയ്തു. എങ്കിലും ആ ഓരോ സംഘത്തിനും, പിന്നാലെ വരുന്നവർക്കുവേണ്ടി ചില താവളങ്ങൾ ഏർപ്പെടുത്തുവാനും അനുഭവപാഠങ്ങൾ നൽകുവാനും സാധിച്ചു.

ഒടുവിൽ 1953 മാർച്ചു മാസത്തിൽ കേണൽ ഹണ്ടിന്റെ നേതൃത്വത്തിൽ പുറപ്പെട്ടുചെന്ന ഒരു വലിയ സംഘത്തിലെ രണ്ടുപേർ—ടെൻസിങ്ങും ഹില്ലാരിയും—മേയ് 29-ാംനു- പകൽ $11\frac{1}{2}$ മണിക്കു എവറസ്റ്റിന്റെ മൂദ്ധാവിലെത്തി, അവിടെ നാലു കൊടി നാട്ടി:

ബ്രിട്ടന്റെയും, നേപ്പാളിന്റെയും, ഇന്ത്യയുടെയും ഐക്യരാഷ്ട്രങ്ങളുടെയും.

—വി. വി. മേനോൻ

അഭ്യാസം

1. ഹിമാലയത്തെക്കുറിച്ച് ഒരു വിവരണമെഴുതുക
2. എവറസ്റ്റാരോഹണത്തിനുള്ള പ്രതിബന്ധങ്ങൾ എന്തെല്ലാമായിരുന്നു ?

3. എവറസ്റ്റാരോഹണത്തിനുള്ള പ്രാഥമിക ശ്രമങ്ങളെപ്പററി ഒരു ഖണ്ഡിക എഴുതുക.

4. നാരായണൻ; നേതാവു് ഈ നാമങ്ങളുടെ എല്ലാ വിഭക്തിരൂപങ്ങളും എഴുതുക.

പാഠം 9

എൻെറ മകൻ

രാജൻ ഇവിടെനിന്നു പോയി; എൻെറ ജീവിതത്തിലെ സമസ്താശ്വാസങ്ങളും പടികടന്നു. ഈ വീട്ടിലിരിക്കുന്നതിൽ ഒരുദ്ദേശമില്ല. എൻെറ ഈ അറുപത്തിമൂന്നു കൊല്ലത്തെ ജീവിതം കൊണ്ടു് ഒന്നുമുണ്ടായില്ല എന്നു തോന്നുകയാണു്. ഇതു വാസ്തവമായി വരുമോ? ഞാൻ ഈ ഭൂമിയിൽ നിന്നു മറയുമ്പോൾ എൻേറതായി ഒന്നും ഈ ലോകത്തിൽ ശേഷിക്കയില്ലേ? 'അതാ അതു ശേഖരൻ നായരുടേതാണു്' എന്നു് ആളുകൾക്കു ചൂണ്ടിക്കാണിക്കുവാൻ ഒന്നുമുണ്ടാവില്ലേ? എൻെറ ഈ മാംസം മണ്ണിനടിയിലായാൽ, അതോടുകൂടി എല്ലാം അവസാനിക്കുന്നുവെന്നോ? സ്മരണാർഹമായി ഒന്നും എന്നിലുണ്ടാവില്ലേ? എൻെറ ശവക്കുഴിമേൽ ഒരിററു കണ്ണുനീരും വീഴില്ലേ? അതിനാരുണ്ടു്? അതെ, ആരുണ്ടു്?

ഞാൻ മുമ്പെ മരിക്കുകയാണെങ്കിൽ, പക്ഷെ മാധവി കുറച്ചു കണ്ണുനീർ വീഴ്ത്താം. എത്ര കൊള്ളരുതാത്ത ഭർത്താവു മരിച്ചാലും, ഭാര്യ കുറച്ചു കരയാതിരിക്കയില്ല. പക്ഷെ, രാജനുണ്ടായിരുന്നെങ്കിൽ!— — —

രാജനുണ്ടായിരുന്നെങ്കിൽ—അതാലോചിച്ചിട്ട് ഇനി പ്രയോജനമില്ല. അവൻ പോയി; പോയി; കടന്നു പോയി, അവന്റെ പാട്ടിനു നടന്നു.........

ഒരൊററ നിമിഷം; പന്തിരണ്ടുകൊല്ലത്തെ പ്രയത്ന ഫലം തകർന്നു!

കഴിഞ്ഞുപോയ ഓരോ സംഭവവും ഇപ്പോൾ സ്മര ണയിൽ കടന്നുവരുന്നു. എന്തിനാണ് അവയൊക്കെ സ്മരിക്കുന്നതെന്നു് എനിക്കറിഞ്ഞുകൂടാ. പക്ഷെ, അങ്ങനെ ചെയ്യാതെ വയ്യ.

രാജനു് അന്നു് എട്ടോ ഒൻപതോ മാസമേ പ്രായ മുള്ളൂ. അന്നത്തെ അവന്റെ പേരു് എന്തു കാക്കോടകൻ എന്നാണാവോ? പാവം! അവനൊരുകാലത്തും കാക്കോ കേൻ എന്നു പേരുണ്ടാവാൻ വയ്യ. ഞാൻ അസംബന്ധ മായി ആലോചിച്ചുപോകുന്നു. പേരു് എനിക്കു് അറിഞ്ഞുകൂടായിരുന്നു. അവന്റെ തള്ള കുങ്കിയമ്മ കുട്ടിയേയുമെടുത്തു് ഇടയ്ക്കെല്ലാം ഇവിടെ വരും. ആ കുട്ടിക്കു് ഒരു ഉരുളച്ചോറിനുവേണ്ടിയോ, മറേറാ മറേറാ. കുങ്കിയമ്മ വടക്കെക്കെട്ടിൽവെച്ചു പലപ്പോഴും എന്റെ ഭാര്യയോടു പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്:—"മാധവി യമ്മേ, അരി വാർത്ത വെള്ളം കളയരുതേ! വൈകു ന്നേരം ഞാൻ വന്നു കൊണ്ടുപൊയ്ക്കൊള്ളാം..............!" മാധവിയാകട്ടെ കഞ്ഞിവെള്ളം എടുത്തു വെയ്ക്കുംതാനും; എന്നല്ല, കുറച്ചൊക്കെ വററും അതിലിട്ടേക്കും. വെറും കഞ്ഞിവെള്ളം മാത്രമായി കൊടുക്കുന്നതു് ഈശ്വര വിരോധമാണെന്നാണല്ലോ വെയ്പ്പു്.

ആ കുട്ടിയെ പ്രസവിച്ചതിന്റെ പിറെറത്തെ മാസം കുങ്കിയമ്മയുടെ ഭർത്താവു പിത്തജ്വരം പിടിച്ചു മരിച്ചു പോയി. കുഞ്ചുക്കണിയാർ പറയുന്നു: രാജന്റെ ഒമ്പ താം ഭാവത്തിലുള്ള അത്യപകടകരമായ ഒരു ഗ്രഹനില യാണു് ആ സാധു മനുഷ്യന്റെ ആയുസ്സൊടുക്കിയതെന്നു്.

ആയിരിക്കാം. എന്നാലും, അയാൾ ഒരു മകൻെറ മുഖം കണ്ടു കണ്ണടച്ചു. ഒന്നാമത്തെ ഭാവം തരക്കേടായിട്ടായാലും വേണ്ടതില്ല, മക്കൾ ഉണ്ടാകുന്നതു നല്ലതിനാണ്.

എന്തായാലും, ആ മനുഷ്യൻെറ മരണംകൊണ്ട് ആപത്തു 'വന്നതൊക്കെ കുങ്കിയമ്മയ്ക്കാണ്. അയാൾ പുഞ്ചയ്ക്കു വെള്ളം തേവിയിട്ടോ, പുര കെട്ടിക്കൊടുത്തിട്ടോ തെങ്ങിൻതോപ്പു കിളച്ചിട്ടോ ആ കുടുംബത്തെ പുലർത്തി പ്പോന്നു. ആ കുടുംബത്തിൻെറ സ്ഥാവരജംഗമസ്വത്തെ ല്ലാമായിരുന്നു അയാൾ. ആ മനുഷ്യനങ്ങു മരിച്ചു. പിന്നെ എന്താണു ഗതി? പട്ടിണി, മുഴുത്ത പട്ടിണി. കുങ്കിയമ്മയ്ക്കു വല്ലേടത്തും പണിക്കു പൊയ്ക്കൂടയാം എന്നു ണ്ട്. പക്ഷെ, ആ പിഞ്ചുപൈതലിനെ ആരു നോക്കു വാനാണ്! എന്നാലും നമ്മേ അടുത്തുള്ള വീടുകളിലെല്ലാം ആ സ്ത്രീ കരമെതിക്കാനും, നെല്ലുകുത്തുവാനും പോകും. അതുകൊണ്ടുണ്ടാകുന്ന വരുമാനം ഇത്രയെന്നില്ലേ? പിന്നെയെല്ലാം അയൽപ്പക്കക്കാരുടെ ദയ; ഈശ്വരകടാ ക്ഷവും.

കുങ്കിയമ്മ നിത്യവും കുട്ടിയെയും ,ഒക്കത്തുവെച്ചു കൊണ്ടു പടികടന്നുവരുന്നതു കാണാം. ആയമ്മ മുറ്റത്തു ക്കൂടെ തന്നെ നടന്നു വടക്കേക്കെട്ടിലേക്ക് അങ്ങു കയറും. അന്ന് ഇത്തിരിയേ ഉള്ള ഈ ചെക്കൻ—ഉഴുന്നിൻമണി പോലെ. ഒരാളെക്കണ്ടാൽമതി, വായ് തുറന്നങ്ങു ചിരി ക്കാൻ തുടങ്ങും: കറുത്തിട്ടാണെങ്കിലും നല്ല ചന്തമുള്ള കുട്ടിയായിരുന്നു. അവനെക്കണ്ടാൽ ആർക്കും തോന്നും ഒന്നെടുത്തുമ്മവെയ്ക്കാൻ. എനിക്കും അങ്ങനെ പലപ്പോഴും തോന്നിയിട്ടുണ്ട്. കുട്ടികളില്ലാത്തവരേ കുട്ടികളുടെ വിലയറിയൂ. എന്നാലും, കുങ്കിയമ്മയുടെ ചെക്കനെ എടുത്തുമ്മവെയ്ക്കുക—അതു കുറച്ചു കടന്ന കയ്യാവില്ലേ? എന്നല്ല, മാധവി എന്താണു വിചാരിക്കുക എന്നു നിശ്ച യിക്കയും വയ്യ. ഞാൻ ആ അഭിലാഷം അടക്കി.

എങ്കിലും, ആ കുഞ്ഞിനെ കൊണ്ടുവരുന്നതും, കൊണ്ടുപോകുന്നതുമെല്ലാം ഞാൻ ശ്രദ്ധിക്കാതിരുന്നില്ല.

ഒരു ദിവസമെങ്ങാനും അവനെ കൊണ്ടുവരാതിരുന്നാൽ ഞാൻ മാധവിയോട്ട് അന്വേഷിക്കലുണ്ട്; "എന്തേ മാധവീ, നിൻെറ സഖിയും മകനും ഇന്ന് ഇങ്ങോട്ടെഴുന്നെള്ളാത്തത് ?"

എൻെറ ആ സ്വരം മാധവിക്കത്ര പിടിക്കാറില്ല.

"ഇല്ലാസ്റ്റു ഇന്നവർക്കേ വന്നു എന്നില്ല, കേട്ടോ, ആയമ്മക്ക് ഒരാൺകുട്ടി ഉണ്ടായിട്ട് അതിനിത്ര വെള്ളം കൊടുക്കാൻ ഗതിയില്ല. ഒരു കൊച്ചിൻെറ മുഖം കണ്ടാവൂ എന്നുള്ളോൾക്ക് ഈശ്വരൻ കൊടുക്കില്ലല്ലോ: അല്ലെങ്കിൽ ഈശ്വരനു കണ്ണില്ലാ എന്നുണ്ടോ ? ബാക്കിയുള്ളോൾക്ക് എത്ര വഴിപാടു ചെയ്തു ! മൂന്നുതവണയായില്ലേ രാമേശ്വരത്തു പോണു. കാശിയിലും പോയി, എന്തിനു്, വടക്ക് പെരുമാളെക്കൂടി പോയി ദർശിച്ചില്ലേ ! എന്നിട്ട്, ഇപ്പോൾ എന്തേ ! ഇതാണു് ഞാൻ ചോദിക്കുന്നതു് ഈശ്വരനു് കണ്ണില്ലേയെന്നു്—തലേലെഴുത്താണു വലുതു് !"

മാധവിയുടെ ഇത്തരം ആത്മഗതങ്ങൾ ആയിരം തവണ കേട്ടതാണു്. ഏതു കാര്യത്തെപ്പററി സംഭാഷണം തുടങ്ങിയാലും ഒടുക്കം അതു ചെന്നവസാനിക്കുക ഇതേ കാര്യത്തിന്മേലും ഇതേ സ്വരത്തിലുമാണു്.

ഞങ്ങൾക്കു പറയത്തക്ക ഒരു വിഷമമില്ല. സുഖമായിട്ട് ഉണ്ണാനില്ലാഞ്ഞിട്ടോ, നല്ലതൊന്നുടുക്കാൻ തരമാവാഞ്ഞിട്ടോ ഞങ്ങൾ രണ്ടാളുമില്ല ദുഃഖിച്ചിട്ട്. അപ്പോൾ ഇങ്ങനെ ഒരു ഖേദം: എല്ലാംകൂടി ഈ ജീവിതത്തിൽ തരപ്പെടില്ലാ എന്നുണ്ടോ ? ഈയൊരു ഖേദം വലിയതാണു്, കേട്ടോ: ഒരിക്കലുമുണ്ടാവില്ല മനസ്സിനൊരു സ്വസ്ഥത. ഈ ചെയ്യുന്ന പ്രവൃത്തികൊന്നും ലക്ഷ്യമില്ലയെന്നൊരു തോന്നൽ. ആർക്കുവേണ്ടിയിട്ടാണു് ഇങ്ങനെ പാടുപെടുന്നതു് ? ഈ രണ്ടു ജീവനങ്ങുകെട്ടാൽ അന്ധകാരമായില്ലേ ഈ വീട്ട് ? "നോക്കൂ, ഇതെല്ലാം എൻെറ അച്ഛൻ തന്നതാണു്" എന്നു ചൂണ്ടിക്കാട്ടാൻ ഒരു കൊച്ചു വിരലുണ്ടോ ? എല്ലാം മാലോകരു് തായാടി

ല്ലോകം. കുട്ടികളില്ലാത്തവക്കേ കുട്ടികളുടെ വിലയറിയാവൂ !

മാസങ്ങൾ ചിലതു കൂടികഴിഞ്ഞു. കുങ്കിയമ്മയെ സംബന്ധിച്ചിടത്തോളം കാലം അധികമധികം മോശപ്പെട്ടു വരികയാണു്. കുറച്ചെങ്കിലും ഭക്ഷണം കഴിക്കാതെയും, മാനം മറയ്ക്കാൻ തുണിയില്ലാതെയും ഒരു ജീവി എത്രനാൾ കഴിക്കും ?

അവരുടെ കഷ്ടപ്പാടിനു മോന്തായം വെയ്ക്കാനെന്നു പോലെ മഴക്കാലവും വന്നു. വല്ലാത്ത കറുത്തിരുണ്ട ദിവസങ്ങൾ. മിഥുനം അവസാനിക്കാറായി ; കക്കടകമാണു് വന്നു കയറുന്നതു്. എപ്പോഴും മഴ. അകൊല്ലം പുരമേയാത്തതുകൊണ്ടു് അങ്ങിങ്ങു കുറേശ്ശ ചോച്ചയുണ്ടു്. മാധവി കുറച്ചു വൈക്കോൽ കൊടുത്തതുകൊണ്ടു കുങ്കിയമ്മ കിടക്കുന്നിടം ചോച്ചയില്ലാത്ത വിധത്തിലാക്കിത്തീത്തിട്ടുണ്ടു്. ആയമ്മ ഒരു ദിവസം എൻെറ ഭായ്യയോടു പറയുന്നതു കേട്ടു : " ചെക്കനെയും മാറത്തടക്കിപ്പിടിച്ചു കിടക്കും. അവൻ പാവം, താളുപോലെ കുഴഞ്ഞുറങ്ങും. എൻെറ മാധവിഅമ്മേ! ഓരോരോ ആലോചനകൊണ്ടു് ഉറക്കം വരില്ല. ചിലപ്പോൾ വല്ലാതെ കരച്ചില്വരും. കുറേക്കഴിയുമ്പോൾ എങ്ങനെയെന്നറിയില്ലാ അങ്ങു് ഉറങ്ങിപ്പോറും. "

കക്കടകം കടന്നു വരികതന്നെയാണു്. അക്കരിയമെത്ത കക്കടകം ശരിക്കുള്ള കള്ളക്കക്കടകംതന്നെയായിരുന്നു. നനഞ്ഞ ദിവസങ്ങൾ ; ആക്കും ഒരു തൊഴിലുമുണ്ടാവില്ല. ചിങ്ങം പാതികഴിഞ്ഞേ നെല്ലിൻെറ പുണ്ടൊന്നു ചോക്കു. മകരവിള പിഴച്ചതുകൊണ്ടു പഞ്ഞം നല്ലവണ്ണമുണ്ടുതാനും. കുങ്കിയമ്മ മകനെയും മടിയിലിരുത്തി, വിരൽ വണ്ണത്തിൽ പെയ്യുന്ന മഴയുംനോക്കി കുനിക്കൂടിയിരുന്നു. " എൻെറ ഈശ്വരന്മാരേ! എത്രകാലമാണിങ്ങനെ പൊറുക്കുക. എൻെറ മകൻെറ മുഖം വാടുമ്പോൾ എൻെറ നെഞ്ഞാണുരുകുന്നതു്—" ആയമ്മ എൻെറ ഭായ്യയോടു പയൊറുണ്ടു്.

ഈശ്വരന്മാർ കുങ്കിയമ്മയുടെ പ്രാർത്ഥന കേട്ടുവോ ? ഉവ്വെന്നു തോന്നുന്നു. അടുത്തൊരുനാൾ അയൽവീട്ടിലെ മീനാക്ഷിയമ്മ കുളക്കടവിലേക്കു വന്നതു് ഒരു ശുഭവാർത്തയുമായാണു്. കുറച്ചുദിവസങ്ങൾക്കുമുമ്പു കോലാലമ്പൂരിൽ നിന്നുവന്ന കുട്ടപ്പക്കുറുപ്പിനു ഒരു സംബന്ധം വേണം. അയാളുടെ കയ്യിൽ 'പണവും കാശും' എമ്പാടുമുണ്ടു്. ഡച്ചുക്കമ്പനിയിലാണു പണി. ഒട്ടും പിശുക്കില്ല. സിഗരറേറ വലിക്കും. പട്ടിൻെറ കുപ്പായവും, വൈരക്കൽ മോതിരവും കാലിന്മേൽ പാപ്പാസും ഒക്കെയുണ്ടു്. ആളു് ഒരു സുമുഖൻ, രസികൻ; വലിയ വലിയ സായിപ്പന്മാരായിട്ടാണു കൂട്ടുകെട്ടു്. മീനാക്ഷിയമ്മ കുട്ടപ്പൻനായരെപ്പററി വിസ്തരിച്ചു പറഞ്ഞുമനസ്സിലാക്കി. വിവാഹം കഴിഞ്ഞു് അടുത്തദിവസംതന്നെ അയാൾ കോലാലമ്പൂരിലേക്കു് കൊണ്ടുപോകയും ചെയ്യും. കുങ്കിയമ്മയുടെ മനസ്സിൽ ഒരു തണുപ്പിറങ്ങി.

പക്ഷെ, ഒരു വികടം ! അയാൾ കുട്ടിയെക്കൊണ്ടുപോവില്ല ! അതൊരു ഇടിത്തീയായിരുന്നു. കുങ്കിയമ്മ ഒന്നു ഞെട്ടിയത്രെ.

മകനെ കളഞ്ഞിട്ടുള്ള ഒരു കാര്യത്തിനും ആയമ്മ നിന്നില്ല. ഒടുവിൽ, കുട്ടിയെ ഒരു അനാഥമന്ദിരത്തിൽ സുഖമായി താമസിപ്പിക്കാമെന്നു കുട്ടപ്പക്കുറുപ്പു് ഏററു.

അന്നു വൈകുന്നേരംതന്നെ കുങ്കിയമ്മ ഈ കാര്യത്തെക്കുറിച്ചു് എൻെറ ഭാര്യയോടു പറഞ്ഞു. ആ സ്ത്രീയുടെ കണ്ണിൽനിന്നു നീർ ധാരയായി ഒഴുകിയത്രെ. "എൻെറ മാധവിയമ്മേ, ഞാൻ എന്തിനാണു പിന്നെ ജീവിക്കുന്നതു് ? പട്ടിണികിടന്നു ചാവുകയാണെന്നുവെച്ചാൽ എനിക്കും അവനോംകൂടെ ഒന്നിച്ചു ചാവാം. പെററവയറല്ലേ. പതയ്ക്കും." മാധവി എന്നോടു് ഇതെല്ലാം വിവരിച്ചു പറഞ്ഞു. എന്നിട്ടു ചോദിച്ചു ; "അപ്പൊഴെ— "

"എന്തേ ?"

"ആ കുട്ടിയെ നമുക്കു വാങ്ങിക്കുടെ ?"

"വാങ്ങാനോ ?, മാങ്ങയോ ചക്കയോ മറേറാ ആണോ ?"

"ആ സ്ത്രീ തരാൻ തയ്യാറാണ്." "

"എന്നിട്ടോ ?"

"വളൎത്തുക."

"ശരി, പക്ഷേ—"

"എന്താ ?"

"ഒന്നിനെ മാത്രം പോന്നാൽ അതു തള്ളയെത്തേടി അണ്ടുപോകും. അപ്പഴോ ?"

"അതൊന്നുമില്ല. നമ്മളെയല്ലേ. "അച്ഛാ" "അമ്മേ" എന്നു വിളിച്ചു ശീലിക്കുക."

"എന്തായാലും ഒരു കുട്ടിയല്ലേ !"—അവൾക്കു് അതൊരു സമാധാനമായിരുന്നു.

നേരാണതു്. എന്തായാലും ഒരു കുട്ടിയല്ലേ! ഇഷ്ടം പോലെ ചെയ്തുകൊള്ളാൻ ഞാൻ സമ്മതിച്ചു. പിറേറന്നു് ഈ വൎത്തമാനം കേട്ടപ്പോൾ കുങ്കിയമ്മ കലശലായി സന്തോഷിക്കയാണുചെയ്തതു്. തൻെറ മകൻ സുഖമായി ജീവിക്കുമല്ലോ ! ആയമ്മ പറയുകയാണു്. "മാധവി അമ്മേ, ഈശ്വരന്മാരു് നിങ്ങളെ കുഴയ്ക്കില്ല."

എന്നിട്ടും, കോലാലമ്പൂരിലേക്കു പോകുന്നദിവസമേ രാജനെ ഇവിടെ കൊണ്ടുവന്നാക്കിയുള്ളൂ. കുട്ടിയെ എൻെറ ഭാൎയ്യയുടെ കൈയിൽ കൊടുത്തപ്പോൾ ആ സ്ത്രീ നെഞ്ചുപൊട്ടിക്കരഞ്ഞു: "മാധവിഅമ്മേ, ഇതു നിങ്ങളുടെ മകനാണു്, കേട്ടോ———ഒക്കെപ്പാടെ ആലോചിക്കുമ്പോൾ ഒന്നും വേണ്ടായിരുന്നുവെന്നു തോന്നുകയാണു്. ———എൻെറ ഈശ്വരന്മാരേ! ———" ആ സ്ത്രീ ബോധംകെട്ടു വീണില്ല.

ഞങ്ങൾക്കും കരച്ചിൽവന്നു: പക്ഷെ, ആയമ്മയെ തട്ടത്തുകൂടല്ലോ; ആയമ്മയ്ക്കു വിശക്കില്ലേ !

കുങ്കിയമ്മ തിരിഞ്ഞുനോക്കിക്കൊണ്ടു പടി കടന്നു. രാജൻ എൻെറ ഭാൎയ്യയുടെ മടിയിലിരുന്നു പൊട്ടിച്ചിരിച്ചു. പൂമ്പാററയ്ക്കും പൈതലിനും പക്ഷപാതമുണ്ടോ ? എവിടെയാണു മധുരം എന്നുവെച്ചാൽ അവിടെ സുഖം !

കുങ്കിയമ്മ പോയിട്ടും രണ്ടുദിവസത്തിനു ഒരു വിഷാദം ഈ വീട്ടിൽ തങ്ങിനിന്നു. എങ്കിലും രാജശേഖരൻെറ—എൻെറ ഭാൎയ്യയാണ് ആ പേരിട്ടത്—പൊട്ടിച്ചിരിയിലും വിലാപത്തിലും എല്ലാം അമൎന്നുപോയി.

മാധവിക്ക് ഇതിനേക്കാൾ വലിയൊരു ഉത്സവമുണ്ടാവാനില്ല. എപ്പോൾ നോക്കിയാലും കുട്ടിയെ കളിപ്പിക്കലും, പൊട്ടുതൊട്ടുവിക്കലും, പാലുകൊടുക്കലും, പാട്ടുപാടിയുറക്കലും തിരക്കതന്നെ. കുട്ടികളില്ലാത്തവൎക്കേ കുട്ടികളുടെ വിലയറിയൂ.

അതേവരെ നിശ്ശബ്ദമായിക്കിടന്നിരുന്ന ഈ വീട് ഒരൊറ്റ ദിവസംകൊണ്ടു ശബ്ദായമാനമായി: രാജനു പാലു കാച്ചിയോ? രാജനെ കുളിപ്പിക്കാൻ വെള്ളം ചൂടായില്ലേ? രാജൻെറ കുപ്പായമെവിടെ? കുറച്ചു ചെറുപയറുന്തന്നെ മിനുക്കനെ അരച്ചുവെയ്ക്കണേ, രാജനെ തേപ്പിക്കാൻ. ചെറിയ കുട്ടികളെ സോപ്പു തേപ്പിച്ചു കുളിപ്പിക്കരുത്! മേലെല്ലാം ചുട്ടകുരു പൊന്തും. എവിടുന്നാണു മാധവിക്ക് ഇത്ര പെട്ടെന്ന് ഈ വൈദ്യവിധിയൊക്കെ പഠിഞ്ഞതെന്ന് ഈശ്വരനേ അറിയൂ.

രാത്രി ആ ചെക്കനൊന്ന് അനങ്ങിയാൽ മതി അവളുണരാൻ. പിന്നെ അവൻ ഉറങ്ങുന്നതുവരെ ചുമലിൽ കിടത്തിക്കൊണ്ടു നടക്കും.

എനിക്കും തോന്നി എന്തെന്നില്ലാത്ത ഒരുന്മേഷം. വയലിൽപ്പോകുന്നതും, വിതക്കുന്നേടത്തും നട്ടുന്നേടത്തും

ചെന്നു പണിക്കാരെ ശാസിക്കുന്നതും, തറവാട്ടുഭരണവും മുഷിപ്പനല്ലാതായി. വല്ലതും സമ്പാദിച്ചുവെയ്ക്കാൻ ഒരു് രസം.

ഒരു ദിവസം മാധവി എന്നോടു സ്വകാര്യം ചോദിച്ചു: "ആ കുങ്കിയമ്മ ഇനി വരില്ല, ഉവ്വോ? ആയമ്മയുടെ മണ്ണു് കോലാലമ്പൂരിൽത്തന്നെ."

ഞാൻ ഒന്നും മറുപടി പറഞ്ഞില്ല. ഒരു പേടി എന്റെ ഹൃദയത്തിലൂടെ പാഞ്ഞുപോയി.

വളരെ കൊല്ലങ്ങൾക്കുശേഷം ഈ വീട്ടിൽ ചില കളിക്കോപ്പുകൾ ചിതറിക്കിടന്നു.

രാജൻ എന്നെ ആദ്യം "അച്ഛാ!" എന്നു വിളിച്ച ദിവസം ഇപ്പോഴും എനിക്കോർമ്മയുണ്ടു്. മാധവി പറഞ്ഞുകൊടുത്തിട്ടാണു് അവൻ വിളിച്ചതു്. ആ കുട്ടി ഇപ്പോൾ എല്ലാം മറന്നില്ലേ— — —

ദിവസങ്ങൾ സുഖമായി കഴിഞ്ഞുപോയി. ചിങ്ങം വന്നു, ഓണം വന്നു; ധനുവും തിരുവാതിരയും, മേടവും വിഷുവും അങ്ങനെ പലതും കഴിഞ്ഞു.

നാലഞ്ചു വയസ്സു പ്രായമുള്ളപ്പോൾക്കൂടി രാജനെ ഒക്കത്തുവെച്ചാണു മാധവി അമ്പലത്തിലേക്കു കൊണ്ടുപോവുക. അപ്പോഴൊക്കെ ഞാൻ പരിഹസിക്കാറുണ്ടു്: "കുറച്ചു ദൂരം പോയാൽ പിന്നെ രാജൻ അമ്മയെ എടുത്തു് ഒക്കത്തു വെച്ചുകൊള്ളും."

"എന്താ എടുക്കാതെ?" മാധവി എന്നോടു ചോദ്യത്തിനു നില്ക്കും. "അമ്മയ്ക്കു വയ്യാതെ വന്നാൽ എന്റെ മോൻ എടുക്കില്ലേ!"

രാജൻ പൊട്ടിച്ചിരിക്കും. ഇപ്പോൾ ആ എന്റെ മോൻ എവിടെ?

അവനെ അയൽപ്പക്കത്തുള്ള എലിമെൻററി സ്കൂളിൽ ചേർത്തു. ഹൈസ്കൂൾ കുറച്ചു ദൂരെയായിരുന്നു. അങ്ങോട്ടു്

അയക്കാൻ മാധവിക്ക സമ്മതമില്ല. നിത്യവും അവൻെറ കൂടെ അവൾ അമ്പല നടസ്ഥലുള്ള ആൽത്തറവരെ ചെല്ലും. ആ ആൽത്തറമേൽ നിന്നു് അവൻ സ്കൂളിലേക്ക കയറുന്നതുവരെ നോക്കും. അപ്പോഴൊക്കെ ഞാൻ പറയാറുണ്ട്. "നിൻെറ മകനെ ആരും പിടിച്ചു തിന്നില്ല" എന്നു്.

"പിടിച്ചു തിന്നുമെന്നു വെച്ചിട്ടാ! വഴിക്ക വല്ല കന്നും കാളയും ഉണ്ടെങ്കിലോ? ഈ പ്രദേശത്തുള്ളോർക്കാണെങ്കിൽ നാല്ക്കാലികളെ കെട്ടിയിടുക എന്നൊരു സമ്പ്രദായമേ ഇല്ല."

പാവം, തൻെറ കുട്ടിക്കവേണ്ടി ലോകം മുഴുവൻ പാകപ്പെടണമെന്നാണ മാധവിക്ക്. അമ്മമാർക്കൊക്കെ അങ്ങനെയാണ മോഹം!

രാജന്ന പത്തു വയസ്സു കഴിഞ്ഞു. പത്തു കൊല്ലം പറന്നങ്ങു പോയി. അവൻ അഞ്ചാം ക്ലാസ്സിൽ പഠിക്കയായിരുന്നു. ഒരുനാൾ അവൻ സ്കൂളിൽനിന്നു വന്നു ചിന്താധീനനായിരിക്കുന്നതു മാധവി കണ്ടു.

"എന്താ, രാജാ, ഇന്നു കാപ്പി വേണ്ടേ?"

"വേണം."

"സുഖമില്ലേ, മോനേ?"—അവൾ ശരീരത്തിൽ തൊട്ടു ചൂടുണ്ടോ എന്നു നോക്കി.

"ഒന്നുമില്ല."

"പിന്നേ?"

അവൻ നിശ്ശബ്ദനായി ഇരുന്നു. മാധവിയുടെ വളരെ നേരത്തെ നിർബ്ബന്ധത്തിനുശേഷം പറഞ്ഞു:— "അമ്മയല്ലാത്രെ എൻെറ അമ്മ. എൻെറ അമ്മ നുട പുറപ്പെട്ടു പോയിപോൽ—ഞങ്ങളുടെ ക്ലാസ്സിൽ പഠിക്കുന്ന നാണി പറയുകേ— — — — — —"

മാധവി തരിച്ചു നിന്നു. അവളുടെ സ്വപ്നസാമ്രാജ്യം അപ്പടി തകൎന്നുവീഴുകയാണു്. എന്തിലും അവൾ

രാജനെ സമാധാനപ്പെടുത്തി, "കണ്ട പെണ്ണുങ്ങൾ പറയുന്ന കുസൃതി കേട്ട് എന്റെ മോൻ വ്യസനിക്കരുതെന്നു്.

രാജന്റെ ഈ ചോദ്യം എന്റെ ഹൃദയത്തിലും ഒരു ഇടിവാൾ വീശി. എങ്കിലും, ഞാൻ ആശിച്ചു, കാലം എല്ലാം ശരിപ്പെടുത്തുമെന്നു്.

പക്ഷെ, അവനെ ഇനി സ്കൂളിൽ അയച്ചുകൂടാ. ഇതു മാധവിയുടെ പിടുത്തമായിരുന്നു. ഇവിടെവെച്ചു് ഒരു ട്യൂഷൻ മാസ്റ്റർ അവനെ പഠിപ്പിക്കുവാൻ തുടങ്ങി. പാവം, സാധു ടീച്ചർ വന്നു് ഇന്നു മടങ്ങിപ്പോയി.

ആപത്തെല്ലാം ഒഴിഞ്ഞുവെന്നു ഞാൻ വിശ്വസിച്ചു പോന്നു. വാസ്തവത്തിൽ, ജീവിതത്തിൽ ഒരിക്കലും അങ്ങനെ വിശ്വസിച്ചുകൂടാ. ഇന്നലെ പ്രഭാതത്തിൽ എത്ര പ്രസന്നതയോടും പ്രശാന്തതയോടും കൂടിയാണു ഞങ്ങൾ ഉണർന്നതു്. "രാജാ എഴുന്നേല്ക്കു, പല്ലു തേക്കു, കാപ്പി കുടിച്ചു പോയി വല്ലതും പഠിക്കു" എന്നിങ്ങനെ മാധവിയുടെ നിത്യവുമുള്ള തുകിലുണർത്തൽ കേട്ടുകൊണ്ടാണു ഞാൻ ഉണർന്നതു്. ഒരുന്മേഷക്കുറവും എനിക്കു തോന്നിയില്ല. ഒരു ദുശ്ശകുനവുമുണ്ടായില്ല.

എട്ടു മണിയായിക്കാണും. ഞാൻ പാടത്തേക്കു് ഒന്നിറങ്ങണം എന്നു വിചാരിക്കുകയാണു്—കന്നു പൂട്ടുന്നേടത്തു് ഒന്നു ചെന്നുനോക്കണം. പെട്ടെന്നതാ, പടി കടന്നു് ഒരു സ്ത്രീ ഇങ്ങു വരുന്നു. എന്റെ ഭഗവാനേ, ആരാണതു്? കുങ്കിയമ്മ!

എന്റെ എല്ലാ നാഡികളും തളർന്നുപോയി. ഞാൻ ഇരുന്നു.

കുങ്കിയമ്മ നേരെ ഉമ്മറത്തേക്കു വന്നു. ആയമ്മ ആകെയൊന്നു മാറിയിട്ടുണ്ടു്. തടിച്ചു വെളുത്തു കൊഴുത്തിരിക്കുന്നു. കാതിലും കഴുത്തിലും നിറയെ ആഭരണങ്ങൾ. ഉടുത്തതോ കസവുതരങ്ങൾ. ആയമ്മ പണ്ടേപ്പോലെ മുററത്തുടെ തന്നെ വടക്കെ കെട്ടിലേക്കു പോക

യല്ല. ഉമ്മറത്തേക്കു കയറി, അകത്തേക്കു കടന്നു ചെന്നു വിളിച്ചു; "മാധവിയമ്മേ.— — —". ആ വിളി ഞങ്ങളുടെ വീട്ടിന്റെ അസ്ഥിവാരത്തെ പിടിച്ചു കുലുക്കി.

മാധവി തളത്തിലേക്കു വന്നുനോക്കി; കുങ്കിയമ്മ! അവൾ ഉമ്മറപ്പടിയിന്മേൽത്തന്നെ ഇരുന്നു.

"എന്റെ മോനെവിടെ? എന്റെ ഈശ്വരന്മാരേ, എന്റെ കുട്ടിയെ ഒരു ദനാക്കു കാണട്ടെ— — —", കുങ്കിയമ്മ ഉദ്വേഗം കൊണ്ടു.

പന്ത്രണ്ടു വയസ്സായ രാജൻ തളത്തിലേക്കു വന്നു. ആയമ്മ അവനോടുതന്നെ ചോദിച്ചു: "കുട്ടി പറയൂ, എന്റെ മോനെവിടെ?"

അതെ, ആ ചോദ്യം ഈ കുടുംബത്തിന്റെ തായ്‌വേരിന്മേൽ ചെന്നു കൊണ്ടു; അതററു.

നവോന്മേഷം] [പി. സി. കുട്ടിക്കൃഷ്ണൻ

അഭ്യാസം

1. രാജശേഖരന്റെ കഥ സംഗ്രഹിച്ചെഴുതുക.
2. താഴെക്കൊടുത്തിട്ടുള്ള വാക്യത്തിലെ ക്രിയകളിൽ സകർമ്മകങ്ങളും, അകർമ്മകങ്ങളും വേർതിരിച്ചെഴുതുക:—

   "ആ കുട്ടിയെ പ്രസവിച്ചതിന്റെ പിററത്തെമാസം കുങ്കിയമ്മയുടെ ഭർത്താവു പിത്തജ്വരം പിടിച്ചു മരിച്ചുപോയി."
3. അടിയിൽക്കാണിച്ചിട്ടുള്ള കേവലക്രിയകളുടെ പ്രയോജകരൂപമെഴുതുക:—

   പഠിച്ചു; നടക്കും; ഉടയുന്നു.
4. സംസാരിക്കുന്നു; പറയുന്നു—ഇവയെ കാരിതം അകാരിതം എന്നു തിരിക്കുക.

പാഠം 10.

ദില്ലിയിലെ ചുവന്ന കോട്ട

മുകിലചക്രവർത്തിമാരുടെ അളവററ ഐശ്വര്യത്തിനും, പ്രതാപത്തിനും, അവരുടെ സൗന്ദര്യതത്ത്വാവബോധാത്മകമായ നിരീക്ഷണസ്വഭാവത്തിനും സാക്ഷ്യം വഹിക്കുന്ന അനേകം സ്മാരകങ്ങൾ ഉത്തരേന്ത്യയിൽ—പ്രത്യേകിച്ച് ആഗ്രയിലും ദില്ലിയിലും—ചിന്നിച്ചിതറിക്കിടപ്പുണ്ട്. ആ കമനീയ സ്മാരകങ്ങളുടെ ഗോപുരപ്പടവുകളിൽ ചവിട്ടുമ്പോൾ കഴിഞ്ഞുപോയ ഒരു സുവർണ്ണകാലത്തിൽ വീണ്ടും കാലെടുത്തു കുത്തുമ്പോലെയുള്ള ഉൾപ്പുളകമുളവാക്കുന്ന ഒരത്ഭുതപ്രതീതിയാണനുഭവിക്കുന്നതു്. മറെറല്ലാതൊരു ഭരണത്തെയും പോലെ മുകിലവാഴ്ചയ്ക്കും ഉണ്ടായിരുന്നു ചില ഇരുളടഞ്ഞ വശങ്ങൾ. എങ്കിലും മുകിലർ ഭാരതത്തിനു സംഭാവന ചെയ്ത കലാസമ്പത്തുകൾ മുമ്പിൽ നിരന്നു കാണുമ്പോൾ നാം തലകുനിച്ചു പോകുന്നു. ഭാരതവർഷത്തിലെ പൊന്നും പണവും പുറമേക്കു പ്രവഹിക്കാതെ ഇവിടെത്തന്നെ കൂടിക്കിടന്നു നൂതനമായൊരു കലാവിലാസത്തിൽ അത്ഭുതകരമായി രൂപാന്തരപ്പെട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലേക്കു നമ്മുടെ ചിന്തകൾ തെന്നിപ്പറക്കുന്നു. ഭാരതത്തെ കലാപരമായി അലങ്കരിക്കുവാൻ പേർസ്യയിൽനിന്നും, തുർക്കിയിൽനിന്നും മാത്രമല്ല ചിത്രകാരന്മാരെയും ശില്പികളെയും അവർ ആനയിച്ചിരുന്നതു്. ആഗ്രയിലെ 'ചീനി-കാ-റോജാ' എന്ന വിചിത്രസ്മാരകം ചീനത്തെ ശില്പികളാണു പണിചെയ്തതു്. മഹാനായ അക്ബർ ചക്രവർത്തിയുടെ രാജധാനിയായി പരിലസിച്ചിരുന്ന ഫത്തേപ്പൂർ. സിക്രിയിലെ ചില കൊത്തുപണികൾ നിർവ്വഹിച്ചതും ചീനയിലെ ശില്പികളായിരുന്നുവെന്നു കാണുന്നു. ദില്ലിയിലെ കോട്ടയിൽ കാണുന്ന ചില ചിത്രവേലകൾ ഒരു ഫ്രെഞ്ചു് ചിത്രകാരൻെറ വകയാണു്.

ഇങ്ങനെ ഭാരതത്തിലെ രത്നവും, പുറമെ നിന്നുള്ള പ്രയത്നവും കലാതരംഗങ്ങളിൽ അത്ഭുതകരമായി അലിഞ്ഞുചേൎന്ന് അനശ്വരമായ രൂപം കൈക്കൊണ്ട ആ ശിലാനിലയങ്ങളുടെ ഒരവസ്ഥിക്കൂടം മാത്രമാണ നമുക്കിന്നു കാണാൻ കഴിയുന്നതു് എന്ന വസ്തുതയും നാം വിസ്മരിക്കരുതു്. ആഗ്രയിൽ അക്ബർ ചക്രവർത്തിയുടെ അന്ത്യവിശ്രാന്തിരംഗമായ സികന്ദ്രയിലുള്ള ശവകുടീരത്തിൻെറ തലയ്ക്കൽ പരിലസിച്ചിരുന്ന കോഹിനൂർ രത്നത്തിനു പകരം, 'ഇവിടെയാണ കോഹിനൂർ രത്നം പതിച്ചിരുന്നതു്' എന്നെഴുതിയ ഒരു മരബോർഡാണ നാം കാണുന്നതു്. അപ്രകാരംതന്നെ ദില്ലിദുൎഗ്ഗത്തിൽ ഷാജ്ഹാൻ ചക്രവൎത്തിയുടെ നവരത്നങ്ങൾകൊണ്ടു പൊതിഞ്ഞ മയൂരസിംഹാസനത്തിനു പകരം അതു വിശ്രമിച്ചിരുന്ന മാർബിൾ മണ്ഡപം മാത്രം കണ്ടു നമുക്കു തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. നമുക്കു കാണ്മാൻ വെച്ചിരിക്കുന്നതു ഭംഗിയുള്ള പുറംതോടോടു കൂടിയ മുത്തുച്ചിപ്പികളാണു്! അവയിലെ അനർഘരത്നങ്ങൾ അപഹരിക്കപ്പെട്ടുപോയിരിക്കുന്നു.

ഷാജഹാനാബാദ് എന്നു വിളിച്ചു വരുന്ന പഴയ ദില്ലിയിൽ ലോകത്തിലെ ഏറ്റവും വലിയ മുസ്ലീം പള്ളികളിലൊന്നായ ജുമാമസ്ജിദിൻെറ സമീപത്തായിട്ടാണ 'ലാൽ കിലാ' (ചുവന്ന കോട്ട) സ്ഥിതി ചെയ്യുന്നതു്. 1638 മുതൽ 1648 വരെ ഷാജഹാൻ ചക്രവൎത്തിയുടെ കൊട്ടാരം ഇവിടെയായിരുന്നു. യമുനാനദിയുടെ വലത്തേക്കരയിൽ തീരത്തെ സ്പർശിച്ചുകൊണ്ടു 6 ഫർല്ലോങ്ങു നീളത്തിൽ കിടക്കുന്ന ഈ കോട്ടയുടെ പുറമതിൽക്കെട്ടുകൾ മുഴുവനും ചുവന്ന പാറക്കല്ലുകൊണ്ടാണ നിൎമ്മിച്ചിരിക്കുന്നതു്.

കോട്ടയുടെ ഒരു വലിയ ഭാഗം പട്ടാളത്താവളമായി വൃത്തികെട്ടു വികൃതമായിപ്പോയി. വേറൊരു ഭാഗം 1914-ലെ യുദ്ധസ്മാരകങ്ങൾ പ്രദൎശനത്തിനു വെച്ചിരിക്കുന്ന മ്യൂസിയം അപഹരിച്ചിരിക്കുന്നു

ആസ്ഥാനമണ്ഡപം

മനോഹരമായ പച്ചപ്പടപ്പുകളെക്കൊണ്ടു ചുററു പാടും കിന്നരിവെച്ച ഒരു മണിമുററത്തിൻെറ മദ്ധ്യത്തി ലൂടെ നാം ചെന്നുചേരുന്നതു നഷിമാൻ–ഇൗ–സിൽ–ഇ–ഇല്ലാഹി (ദൈവത്തിൻെറ നിഴലിൻെറ ഇരി പ്പിടം) എന്നു വിളിച്ചുവന്നിരുന്ന, ചക്രവർത്തിയുടെ ആ സ്ഥാനമണ്ഡപത്തിലേക്കാണു്. അതു് അദ്ധഗോളാകൃ തിയിലുള്ള മേൽപ്പുരയോടുകൂടിയ മനോഹരമായൊരു മാർബിൾ മണ്ഡപമാണു്. ആ വെണ്ണക്കല്ലുകൊണ്ടുള്ള വെൺകൊററക്കുടയുടെ കമനീയമായ കമാനത്തിൻ കീഴിൽ 'മസൃണ ശിലാസനത്തിൻ ചരിഞ്ഞ പാർശ്വ ത്തിൽ' ഇരുന്നുകൊണ്ടാണു ഗംഭീരാശയനായ ഷാജ ഹാൻ ചക്രവർത്തി കുററവാളികൾക്കു ശിക്ഷ കല്പിച്ചിരു ന്നതു്. ഇന്നു മണ്ഡപത്തിൻെറ പുരോഭാഗത്തു് കഴിഞ്ഞു കാണുന്ന അങ്കണം നിറയെ മന്ത്രിമാരും, പ്രഭുക്കന്മാരും, പ്രമുഖന്മാരായ മററു രാജകീയോദ്യോഗസ്ഥന്മാരും തങ്ങ ളുടെ പദവികൾക്കനുസരിച്ചു വരിവരിയായി സ്ഥാനം പിടിച്ചിരുന്നു. രാജകീയമണ്ഡപത്തിനു പിറകിൽ ഒരു തിരശ്ശീലയുടെ മറവിൽ ചക്രവത്തിനിക്കും ഒരു സ്ഥാനമുണ്ടായിരുന്നു. ചക്രവർത്തി കുററവാളികൾക്കു്, ഗളച്ഛേദം, കരച്ഛേദം മുതലായ ക്രൂരശിക്ഷകൾ വിധിക്കു മ്പോൾ, അവരിൽ അനുകമ്പതോന്നി, അവക്കു് മാപ്പു കൊടുക്കുവാനോ, ശിക്ഷ ലഘൂകരിക്കുവാനോ ചക്ര വത്തിനി അപേക്ഷിക്കാറുണ്ടായിരുന്നുവത്രെ.

മന്ദിരത്തിൻെറ മനോഹരമായ കൃഷ്ണശിലാഭിത്തി കളിൽ പക്ഷികളെയും, പുഷ്പങ്ങളെയും വർണ്ണശിലാ ഖണ്ഡങ്ങളിൽ കൊത്തിപ്പതിച്ചു വെച്ചിരിക്കുന്നു. ആസ്റ്റിൻ ഡി ബോർഡിയോ (Austin-de-Bordeaux) എന്ന ഒരു ഫ്രഞ്ചു ചിത്രകാരൻെറ കരവേലയാണു് ഈ കലാകേളി. ഓർഫ്യൂസ് എന്ന ദിവ്യഗായകൻ ഗാനം പൊഴിക്കുന്ന ചിത്രമാണു നടുവിൽ. ചുററുപാടുമുള്ള പൂങ്കാവനത്തിൽ പല വർണ്ണത്തിലുള്ള പക്ഷികൾ ചിറകു വിടർത്തിനിന്നു് ആ ഗാനത്തെ ഏററു പാടുന്നതായി

ചിത്രീകരിച്ചിരിക്കുന്നു. സൂക്ഷിച്ചു നോക്കുംതോറും ചുണ്ടു വിടർത്തിനില്ക്കുന്ന ആ പക്ഷികളിൽനിന്നു ദിവ്യമായൊരു മൂകസംഗീതം പുറപ്പെടുന്നുണ്ടെന്നു നമുക്കു തോന്നും. മൂകമായ സംഗീതം തന്നെയാണു ചിത്രകല എന്നു നമുക്ക് അനുഭവപ്പെടുന്നു. വിചിത്രതരത്തിലുള്ള ഈ ചിത്രവേല, ഇന്നു ലോകത്തിൽ ജീവിച്ചിരിക്കുന്ന വല്ല ചിത്രകാരന്മാൎക്കും സാധിക്കുമോ എന്നു സംശയമാണു്. ഈ മനോഹരചിത്രങ്ങളിൽ പന്തിരണ്ടെണ്ണം കോട്ടയിൽ എന്തോ കാരണത്താൽ തടങ്ങലിൽ വെച്ചിരുന്ന ബ്രിട്ടീഷുപട്ടാളക്കാരിലൊരുവൻ മോഷ്ടിച്ചു കൊണ്ടു പോയി ഇംഗ്ലണ്ടിൽവെച്ചു വിററുകളഞ്ഞു. അവയിൽ ആറെണ്ണം എങ്ങനെയോ ഒടുവിൽ ഇംഗ്ലണ്ടിലെ കെൻസിങ്ങ്ടൺ മ്യൂസിയത്തിൽ എത്തിച്ചേൎന്നു. ഇന്ത്യാ വൈസറോയിയായിരുന്ന കർസൺ പ്രഭു ആ ശിലാചിത്രങ്ങളെ വീണ്ടും ഇന്ത്യയിലേക്കു കൊണ്ടുവരികയും, ദില്ലി ക്കോട്ടയിൽ യഥാസ്ഥാനത്തുതന്നെ പതിക്കുകയും ചെയ്തു. കാണാതായ ശേഷിച്ച ചിത്രങ്ങളുടെ ഒരനുകരണം, ഒരിററാലിയൻ ചിത്രകാരനെക്കൊണ്ടു നിൎവഹിപ്പിച്ച് അവിടെ സ്ഥാപിച്ചു വെച്ചിട്ടുണ്ടെങ്കിലും, പട്ടുതുലിനോടു വാഴനാരു ചേൎത്തപോലെ അവയെ വേർതിരിച്ചറിയാം.

റംഗ് മഹൽ

മുക്കൽത്തട്ടിലും, തൂമരുകളിലും, പൊന്നും വെള്ളിയും വൎണ്ണസ്ഫടികങ്ങളും നവരത്നങ്ങളും ഇണക്കിച്ചേൎത്തു പതിച്ചിരുന്ന രാജകീയ സ്നാനഗൃഹമാണു റംങ്മഹൽ. പൊന്നും, വെള്ളിയും, രത്നരേഖകളും അടൎത്തിയെടുത്തിരിക്കുന്നു. മണികൾ കൊഴിഞ്ഞുപോയ ചോളക്കതിരിൻെറ ആകൃതിയിലുള്ള ഉപരിതലംമാത്രം ഒരു മൂതമന്ദസ്മേരം പൊഴിച്ചു നിലകൊള്ളുന്നുണ്ടു്. മുൻവശത്ത് ഒരു ചെറിയ കൊട്ടത്തളമുണ്ടു്. അതിൻെറ നടുവിൽ വെണ്ണക്കല്ലുകൊണ്ടു കൊത്തിവെച്ച ഒരു താമര കാണാം. ചുവപ്പും, പച്ചയും, നീലവും നിറങ്ങളുള്ള രത്നങ്ങൾ ഇണ

ക്കിച്ചേർത്തു പച്ചയിലകളുടെ നടുവിൽ ഒരു ചെന്താമര പുഷ്പം വികസിച്ചു നീലജലത്തിൽ നില്ക്കുന്നുവെന്നു തോന്നിച്ചു സ്ഥലജലവിഭ്രാന്തി വരുത്തുവാനുള്ള ഒരു കൃത്രിമപ്പൂണിയുടെ ചിഹ്നമാണത്രെ ഇതു്.

'ദിവാൻ-ഈ-ആം'

ഇതു്, ഹൈന്ദവമാതൃകയിൽ പണിചെയ്ത ഒരു കെട്ടിടമാണു്. ചെങ്കല്ലുകൊണ്ടുള്ള 60 സ്തംഭങ്ങളോടു കൂടിയ പരന്ന മേൽപ്പുരയുള്ള ഈ വിചിത്രമന്ദിരത്തിന്റെ കലാഭംഗിയെ അതിശയിക്കുന്ന മറ്റൊരു കെട്ടിടം ലോകത്തിലുണ്ടോ എന്നു സംശയമാണു്.

'ദിവാൻ-ഈ-ഖാസ്'

ദിവാൻ-ഈ-ഖാസ്സ് അഥവാ ഷാമഹൽ കൊട്ടാരത്തിന്റെ പ്രധാന ഭാഗമാണു്. രാജകുമാരന്മാരും, പ്രഭുക്കന്മാരും, ഉയർന്ന ഉദ്യോഗസ്ഥന്മാരും ചക്രവർത്തിയെ പരിസേവിച്ചിരുന്നതു് ഇവിടെ വെച്ചായിരുന്നു. ഇതിന്റെ പടിഞ്ഞാറെ ചുമരിന്റെ ഒരു മൂലയിൽ ഒരു ധവള ശിലാമണ്ഡപം കാണാം—വിശ്വവിഖ്യാതമായ മയൂര സിംഹാസനത്തിന്റെ വിശ്രമസ്ഥാനം. പിറകിൽ, ചിറകു വിരുത്തി നിൽക്കുന്ന രണ്ടു മയിലുകളോടുകൂടിയ ഒരു രത്നസിംഹാസനമായിരുന്നുവത്രെ അതു്. 1665-ൽ ദില്ലി സന്ദർശിച്ച ടവർണിയർ എന്ന ഫ്രെഞ്ചു രത്ന വ്യാപാരി, ആ സിംഹാസനത്തെപ്പററി ഇങ്ങനെ പ്രസ്താവിച്ചു കാണുന്നു:—"ഒരു മെത്തയുടെ ആകൃതിയിൽ 4 സ്വർണ്ണക്കാലുകളുള്ള ഒരു സിംഹാസനമായിരുന്നു അതു്. 20—25 അടി ഉയരത്തിലുള്ള മേൽക്കട്ടിയെ താങ്ങുവാൻ 12 സ്തംഭങ്ങളുണ്ടായിരുന്നു. അഴികൾ പുഷ്യരാഗംകൊണ്ടും, മരതകംകൊണ്ടും, വജ്രംകൊണ്ടും, മുത്തുകൊണ്ടും അലങ്കരിച്ചിരുന്നു." 60 ലക്ഷം പവൻ വിലമതിച്ചിരുന്ന ഈ രത്നസമാഹാരത്തെ 1739-ൽ ദില്ലിയെ ആക്രമിച്ച നാദിർഷാ എന്ന പേർഷ്യൻ ചക്രവത്തി അപഹരിച്ചു കൊണ്ടുപോവുകയാണുണ്ടായതു്.

മന്ദിരത്തിൻെറ മുകൾത്തട്ട മുഴുവനും കനത്ത വെള്ളിപ്പലകകൾകൊണ്ടു പട്ടത്തതായിരുന്നു. അതിൽ നിറയെ തനിത്തങ്കം കൊണ്ടുള്ള കരവേലകൾ കാണപ്പെട്ടിരുന്നു. 19-ാം ശതകത്തിൽ ദില്ലിയെ ആക്രമിച്ച മഹാരാഷ്ട്രരും മററും ഇവിടെക്കണ്ട പൊന്നും, വെള്ളിയും നിശ്ശേഷം കൊള്ളചെയ്തു കൊണ്ടുപോയി. ഭൗതികസമ്പത്തുകൾ അങ്ങനെ നഷ്ടപ്പെട്ടുപോയെങ്കിലും അവയിലെ രമണീയമായ കൊത്തുപണികളിൽ ചിലതെല്ലാം കേടുപററാതെ കിടക്കുന്നുണ്ടു്. ഷാജഹാൻ ചക്രവത്തിയുടെ കുബേരത്വത്തിൻെറ പരമകാഷ്ഠയിൽ നിമ്മിക്കപ്പെട്ട ീ ശഭ്ഗൃഹത്തിൻെറ ദക്ഷിണഭാഗത്തെ കമാനത്തിൻെറ പുകളിലായി, "ഈ ലോകത്തിൽ ഒരു സ്വൎഗ്ഗമുണ്ടെങ്കിൽ അതു് ഇതാണു്, അതു് ഇതാണു്, അതു് ഇതാണു്" എന്നു പേർസ്യൻ ഭാഷയിൽ, സുവൎണ്ണ ലിപികളിൽ കൊത്തിവെച്ചിരിക്കുന്നതു് ഇന്നും മായാതെ കാണുന്നുണ്ടു്.

അഷ്ടകോൺ മന്ദിരം

യമുനാനദിയിലേക്കു തള്ളിക്കൊണ്ടു നില്ക്കുന്ന അതിമനോഹരമായ ഒരു വിശ്രമഗൃഹമാണു അഷ്ടകോൺ മന്ദിരം. ലതാകൃതിയിലുള്ള ദ്വാരങ്ങളോടുകൂടിയ മാർബിൾ ഭിത്തികൾ നദിക്കഭിമുഖമായി സ്ഥിതിചെയ്യുന്നു.

അന്തഃപുരത്തിലെ സ്നാനഗൃഹങ്ങളാണു് അടുത്തതായി കാണുന്നതു്. വെണ്ണക്കല്ലുകൊണ്ടു നിമ്മിച്ച ചെറിയ കുളങ്ങളും, കൊട്ടത്തളങ്ങളും, ജലധാരായന്ത്രങ്ങളും, ഉഷ്ണജലസ്നാനത്തിനുള്ള പ്രത്യേകസ്ഥലങ്ങളും, വസ്ത്രം മാററുവാനുള്ള അറകളും, സ്നാനം കഴിഞ്ഞാൽ നമസ്കാരകമ്മത്തിനുള്ള ചെറിയ തറകളും മററു സകല സജ്ജീകരണങ്ങളും ഇവിടെ കാണാം. യമുനാനദിയിലെ ജലം വളരെ അകലെനിന്നു ഭൂഗഭത്തിലൂടെ ഒരു ഗുപ്തമാൎഗ്ഗത്തിലൂടെയാണു് ഇവിടെ സംഭരിച്ചിരുന്നതു്. ആ ജലമാൎഗ്ഗം കോട്ടയുടെ മദ്ധ്യത്തിലൂടെ എല്ലാ സ്ഥലത്തും ചെല്ലുന്നുണ്ടു്. സ്നാനഗൃഹങ്ങളിൽ വെള്ളം ചൂടുപിടിപ്പിക്കുന്ന

തിനുപയോഗിച്ചിരുന്ന വലിയ അട്ടപ്പുകൾ നമ്മെ പ്രത്യേകം ആകൎഷിക്കും.

അതിമനോഹരമായ ചെറിയൊരു പള്ളി അടുത്തു തന്നെ കാണാം. ടാജ്മഹളിൻെറ നിൎമ്മാണത്തിനുപയോഗിച്ച തരത്തിലുള്ള വെണ്ണക്കല്ലുകൊണ്ടാണ്, ശംഖാകൃതിയിലുള്ള ഈ പള്ളി ഉണ്ടാക്കിയതു്.

ഷാജഹാൻ ചക്രവൎത്തിയുടെ വിശ്രമമുറി, സ്വകാൎയ്യമന്ദിരം മുതലായവയാണു മറ്റു കാഴ്ചകൾ. വിശ്രമമുറിയിൽ ചക്രവൎത്തിയുടെ ഒരു തലയണയും, വാളും വെച്ചിരിക്കുന്നു. മുകിലരക്കൊട്ടാരത്തിലെ രാജകീയസജ്ജീകരണങ്ങളുടെ ഒരു തനിപ്പകൎപ്പ് അവിടെ തെയ്യാറാക്കി വെച്ചിരിക്കുന്നു. ചുമരിൽ ഷാജഹാൻ ചക്രവൎത്തിയുടെ ചിഹ്നമായ ന്യായത്തിൻെറ തുലാസ്സ് (Balance of Justice) കൊത്തിവെച്ചിരിക്കുന്നതു കാണാം.

ഋതുഗൃഹങ്ങൾ അവിടവിടെ ഉയൎന്നു നില്ക്കുന്നു. ഓരോ ഋതുവിലും ചക്രവൎത്തിക്കു സായാഹ്നവിശ്രമത്തിനുള്ള സ്ഥാനങ്ങളാണ് അവ—മനോഹര സ്തംഭങ്ങളാൽ ആവൃതങ്ങളായ ശിലാമണ്ഡപങ്ങൾ. വേനല്ക്കാലത്തെ വിശ്രമഗൃഹം ഒരു കുളത്തിൻെറ മദ്ധ്യത്തിലാണു നില്ക്കുന്നതു്.

ഇപ്പറഞ്ഞ കെട്ടിടങ്ങളുടെയെല്ലാം ഇടയ്ക്കും, ചുററുപാടും പൂന്തോപ്പുകളും, പച്ചപ്പടപ്പുകളും, പുൽപ്പരപ്പുകളും ചെടികളും എന്തെല്ലാമായിരുന്നുവെന്നു നമുക്കിന്നു് ഊഹിക്കുവാനേ കഴിയുന്നുള്ളു. ആ വാടികളിൽ തുറന്ന ജലവാഹിനികളും, ജലധാരകളും ഇന്നു പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു.

ചുരുക്കത്തിൽ ഇവയാണു ദില്ലിക്കോട്ടയിലെ കാഴ്ചകൾ. പക്ഷെ, ഒരു ദിവസംകൊണ്ടു് ഒന്നു നടന്നു കണ്ടു മടങ്ങിയാൽ പോരാ. അവിടത്തെ ഓരോ ശിലാഖണ്ഡത്തിൻെറ അടിയിലും ചരിത്രമുണ്ടു്. അത്ഭുതകരമായൊരു നാടകം അഭിനയിച്ച ഒരു രംഗമാണതു്. ആ കോട്ടയിൽ

സായാഹ്നവിശ്രമത്തിനു ചെല്ലുമ്പോൾ ഞാൻ മുകിലരുടെ കാലത്താണു ജീവിക്കുന്നതു് എന്നു് ആനന്ദകരമായ ഒരു തോന്നൽ എനിക്കുണ്ടാകാറുണ്ടായിരുന്നു.

യാത്രാവിവരണങ്ങൾ] [എസ്. കെ. പൊറ്റെക്കാട്ട്

അഭ്യാസം

1. കുറിപ്പുകളെഴുതുക :—

   രംഗ്മഹൽ; ദിവാൻ–ഇ–ആം; ദിവാൻ–ഇ–ഖാസ്; അഷ്ടകോൺ മന്ദിരം.

2. ആസ്ഥാനമണ്ഡപത്തെക്കുറിച്ചു് ഒരു ഖണ്ഡിക എഴുതുക.

3. ദില്ലിയിലെ ചുവന്ന കോട്ടയെപ്പറ്റി ഉപന്യസിക്കുക.

4. താഴെക്കൊടുത്തിട്ടുള്ള ഖണ്ഡികയിലെ ഭേദകപദങ്ങൾ തിരഞ്ഞെടുത്തു് അവ ഏതേതു വിഭാഗത്തിൽപ്പെടുന്നുവെന്നു പറയുക :—

   "അന്തഃപുരത്തിലെ സ്നാനഗൃഹങ്ങളാണു് അടുത്തതായിക്കാണുന്നതു് ....
   .... വലിയ അടപ്പുകൾ നമ്മെ പ്രത്യേകം ആകർഷിക്കും."

പാഠം 11

പൂക്കൾ

ലോകം സഹിക്കത്തക്കതായി ഭവിക്കുന്നതു പൂക്കളുടെ സാന്നിധ്യം കൊണ്ടും കൂടെയാണു്. നിശ്ചയമായും എന്നെ സംബന്ധിച്ചിടത്തോളം അങ്ങനെതന്നെ. ഏതു പൂവാകട്ടെ, ആഹ്ലാദം കൂടാതെ എനിക്കു നോക്കാൻ

സാദ്ധിക്കയില്ല. ഒരു പൂവ് മുമ്പിൽ കണ്ടാൽ മതി. ഒരു സൗന്ദര്യസരസ്സ് എന്റെ മുമ്പിൽ ആവിർഭവിക്കും. അതിൽ ആകണ്ഠം മഗ്നമായി എന്റെ മനസ്സ് ഒരു താമരയെപ്പോലെ നിന്നു തപസ്സുചെയ്യും. ആ പൂവിന്റെ മൃദുകിരണങ്ങളേററ് എന്റെ ഹൃദയദലങ്ങൾ വിടൎന്നുതുടങ്ങും. ആ പൂവിൽ തട്ടിവരുന്ന പ്രണയമാരുതൻ ഇളക്കുന്ന സൗന്ദര്യവാപിയിലെ വികാരതരംഗങ്ങൾ ഹൃദയകമലത്തെ മന്ദമായി തലോടി തൃപ്തി കൈക്കൊണ്ടു സായുജ്യം പ്രാപിക്കും. എന്റെ വിചാരങ്ങൾ രാജഹംസങ്ങളെപ്പോലെ ചമഞ്ഞ് ആ വാപികയിൽ നീന്തിക്കളിച്ചു കൃതാൎത്ഥങ്ങളാകും. അവററയുടെ ലീലകളിൽ ഭ്രമിച്ച് എന്റെ ഹൃദയം ഒരു ആനന്ദതാണ്ഡവത്തിനു മുതിരും. ആ പരമാനന്ദത്തിൽ മതിമറന്നു മുഴുകി ലയിക്കും.

ഏതു പൂവാകട്ടെ, ആനന്ദം കൂടാതെ, അത്ഭുതം കൂടാതെ, ദിവ്യവും അജ്ഞാതവുമായ ഏതോ ചില വികാരങ്ങളുടെ അനുഭൂതികൂടാതെ നോക്കാൻ നിവൃത്തിയില്ല. ഏതു പൂവെന്നോ? ഏതു പൂവും എന്റെ കണ്ണിനു പുണ്യം തന്നെ. അശോകപുഷ്പം സൗന്ദര്യകുംഭമാണ്. രസികതയുടെ ഭാണ്ഡമാണ്. തുഞ്ചി നിദ്രാണങ്ങളായ തളിരുകൾ . ഉറങ്ങുന്ന മോഹനശിശുക്കളെപ്പോലെ ഹൃദയം കവരും. ആ തളിൎക്കലക്കിടയിൽ സാന്ദ്രമായ ഇലകൾക്കുള്ളിൽ ഒരു പൂങ്കുടം. ഏതു വാക്കുകൾക്ക് ആ സൗന്ദൎയ്യത്തെ പകൎത്താൻ ശക്തിയുണ്ട്? രക്തവൎണ്ണത്തിലുള്ള ഒരു ചന്ദ്രബിംബം. തേന്മാവോ? നിറമല്ല മാമ്പൂവിന്റെ ആകൎഷണകാരണം. അതിന് അശോകത്തിന്റെയോ ചെന്താമരയുടെയോ റോസിന്റെയോ ചെമ്പരത്തിയുടെയോ മററു വൎണ്ണപ്രകൎഷമുള്ള ഏതെങ്കിലും പൂവിന്റെയോ നിറപ്പകിട്ടില്ല. എങ്കിലും മാവു പൂത്തുനില്ക്കുന്നതു കണ്ടാലോ? പൂ നിറഞ്ഞ ഒരു മാവു രസികതയുടെ കേളീഗൃഹമാണ്. മന്ദമായി വീശുന്ന കാററുകൊണ്ടു പതുക്കെയിളകുന്ന പൂങ്കുലകൾകൊണ്ടു കുനിഞ്ഞ ശാഖകളോടെ, നൃത്തം ചെയ്യുന്ന ഒരു തേന്മാവ് ആരുടെ മനസ്സിനെ ഇളക്കു

കയില്ല ? ഹൃദ്യമായ ഒരു ലഘുസൗരഭ്യം വായുമണ്ഡലത്തെ ആരാധിച്ചുകൊണ്ടു വ്യാപിക്കും. പൂത്തുനില്ക്കുന്ന ഒരു മാവു പ്രകൃതിയുടെ ഒരു കുസുമസൗധമാണ്. കവിതാദേവിയുടെ ഒരു വിലാസരംഗമാണ്.

മററു് അനവധി പൂമരങ്ങളുടെ കൂട്ടത്തിൽ കൊന്നയുടെയും വാകയുടെയും സ്ഥാനം പ്രശസ്തമാണ്. രണ്ടുതരം കൊന്നകൾ ഞാൻ കണ്ടിട്ടുണ്ട്—കണിക്കൊന്നയും തങ്കക്കൊന്നയും. രണ്ടും തങ്കനിറമാണ്; തങ്കം മഞ്ഞളിക്കുന്ന സുവർണ്ണഭംഗി രണ്ടിനും ഉണ്ട്. എങ്കിലും, തങ്കക്കൊന്നയ്ക്കാണ് ഒന്നുകൂടെ നിറപ്പകിട്ട്; ഒന്നുകൂടെ ആകർഷകത്വം. കടുത്ത പച്ചനിറത്തിലുള്ള ഇലകളും അത്യന്തം മോഹനമായ മഞ്ഞനിറത്തിലുള്ള പൂക്കളും ഇടതിങ്ങിനിറഞ്ഞുനില്ക്കുന്നതു് അത്ഭുതകരമായ ഒരു കാഴ്ചയാണ്. കൊന്നയുടെ സൗന്ദര്യത്തെ വെല്ലുവിളിക്കാൻ വാകയ്ക്കേ സാധിക്കൂ. "നെന്മേനി വാകതൻ പുഷ്പം നിന്മേനിക്കൊപ്പമാം പ്രിയേ!" എന്നു പറഞ്ഞ രസികാഗ്രണിതൻെറ പ്രണയിനിക്ക് എന്തൊരു ബഹുമാനമാണു സമാർജ്ജിച്ചതു്! പൂത്തുനില്ക്കുന്ന വാക കണ്ടു നോക്കാതെ, അത്ഭുതപ്പെട്ടു മനസ്സലിഞ്ഞുപോകാതെ, വല്ലവരും ഉണ്ടോ? ഉണ്ടായിരിക്കും. എന്നാൽ അവരെപ്പററി എന്താണു പറയുക! മഹാപാപികൾ. തലയിലെഴുത്തു പിഴച്ച ഭാഗ്യഹീനന്മാർ. വിടർത്തിപ്പിടിച്ച വിസ്തൃതമായ ശാഖകളിൽ നിറച്ചു ചുവന്നതും ഇടയ്ക്കിടെ അല്പം വർണ്ണവ്യത്യാസമുള്ളതുമായ പുഷ്പവിതാനം അണിഞ്ഞുവിലസുന്ന വാകമരം സൗന്ദര്യോത്സവത്തിലെ പട്ടുകുടയാണ്. വിചാരനടന്മാർ നിത്യനൃത്തം ചെയ്യുന്ന മനോരംഗത്തിലെ സങ്കല്പയവനികയിൽ മോടിപിടിപ്പിക്കുന്ന ചില ചിത്രങ്ങളുണ്ട്—സന്ധ്യാമേഘത്തിൻെറയും, ഇന്ദ്രധനുസ്സിൻെറയും, ഗംഭീരമായ സാഗരത്തിൻെറയും, ഉഷഃപ്രഭയുടെയും മനോജ്ഞവർണ്ണങ്ങൾ ചന്ദ്രികയിൽ അരച്ച് എഴുതിയിട്ടുള്ള ചിത്രങ്ങൾ. അമ്മാതിരി ഉജ്ജ്വല ചിത്രങ്ങളുടെ മൂലവസ്തുവാണ് വാക. പൂക്കൾ വിരിഞ്ഞു തുടങ്ങിയാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ വാകയുടെ

മുട്ട്, കൊഴിഞ്ഞു വീഴുന്ന പുഷ്പങ്ങൾകൊണ്ടു ചെമ്പട്ടു വിരിച്ചതുപോലെ ആയിത്തീരും. അവിടമാണു പ്രകൃതിയിലെ ദിവ്യക്ഷേത്രം.

പൂക്കളുടെ കൂട്ടത്തിൽ രണ്ടിനമാണു ഭൂമിക്കു സൌഗ്ന്ധികത ചേർക്കുന്നതു്, അവയാണു പ്രകൃതിയുടെ വിശിഷ്ടാഭരണങ്ങൾ. ഇവിടെ സൂചിപ്പിക്കുന്നതു താമരയും, റോസുമാണു്. താമര പുഷ്പലോകത്തിലെ മഹാരാജ്ഞിയാണു്. റോസു ചക്രവർത്തിനി തന്നെ. താമരയെപ്പോലെ ഭാരതീയകവികളുടെ പ്രശംസ സമാർജ്ജിച്ചിട്ടുള്ള പുഷ്പം വേറെയില്ല. താമരയെപ്പററി പരാമർശമില്ലാത്ത ഒരു കവിതയും നമുക്കില്ല. വിഷ്ണു പത്മനാഭനാണു്. ബ്രഹ്മാവു പത്മസംഭവനാണു്. ലക്ഷ്മി കമലജയാണു്. കാമൻ പത്മാസ്ത്രനാണു്. ശിവനു വിശേഷിച്ചു താമരയോടു പ്രതിപത്തിയോ ബന്ധമോ ഇല്ല. അതുപോകട്ടെ, കുസുമാസ്ത്രവൈരിയായ ഭഗവാനു പൂവിനോടു് ഇഷ്ടമെങ്ങനെ? അവിടത്തേക്കു കൂവളത്തിൻെറ ദലം മതി. കൈതപ്പൂവു കണ്ടേകൂടാ. ആകണ്ഠം ജലത്തിൽ നിന്നു തപസ്സു ചെയ്താലെന്തു്; മുൾക്കൂട്ടിലിരുന്നു ധ്യാനിച്ചാലെന്തു്, കമലത്തിനോടും കേതകിയോടും ആ ഭഗവാൻ കാരുണ്യം കാണിക്കയില്ല. എന്നാൽ ഹീനമായ തുമ്പപ്പൂവു തലയിൽ ചൂടും. ആ ദാക്ഷിണ്യകനില്ലട്ടെ. ഗിരീശനായ ആ ദേവനു പത്മസരസ്സുകളോടു് ആഭിമുഖ്യമില്ലാത്തതു ശരിതന്നെ. എന്നാൽ തലയിലണിയുന്ന ഗംഗയിൽ പത്മങ്ങൾ കാണുകയില്ലേ? പോകട്ടെ അവിടെ ചന്ദ്രനുണ്ടു്—അമൃതകിരണങ്ങൾ പത്മിനിയുടെ പാതിവ്രത്യം ഹരിക്കും, വേണ്ടവേണ്ട. അക്കഥ സംഹാരമൂർത്തിയുടെ കോപത്തെ ഉജ്ജ്വലിപ്പിക്കും. താമര—അതിനെപ്പററിയേ എനിക്കു പറയാനുള്ളു, താണ്ടത്തു് ഉദിച്ച സുന്ദരിയല്ലേ? ജലസൃഷ്ടിക്കു സാഫല്യം സിദ്ധിച്ചതു് അതിൽ താമര വളർന്നതുകൊണ്ടു തന്നെയാണു്. ചെന്താമരയാകട്ടെ വെൺതാമരയാകട്ടെ, അതു പ്രകൃതിദേവി സൌന്ദര്യാമൃതം പകർന്നുവെയ്ക്കുന്ന മനോഹരഭാജനമാണു്, അതു കമലാ

ഭഗവതി മാത്രമല്ല, കവിതാഭഗവതിയും ജനിച്ച വീടാണു്. ഒരു പത്മസരസ്സാണോ, പൂർണ്ണചന്ദ്രനും നക്ഷത്രങ്ങളും കൊണ്ടു ശോഭിക്കുന്ന ആകാശമാണോ അധികം മനോഹരമെന്നു തീർത്തുപറയുക സാദ്ധ്യമല്ല.

അങ്ങോട്ടുനോക്കുക ചുവപ്പു, കറുപ്പു, പച്ച-
യെന്നീനിറങ്ങളിടതിങ്ങി യൊരംബരാന്തം
ചെന്താരു മാമ്പല്ലു മൊരേസമയം വിരിഞ്ഞു
പൊങ്ങുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നു.

എന്നു സന്ധ്യാംബരത്തെ ചിത്രണം ചെയ്ത ഭാവം കേമം തന്നെ. ചെന്താരും ആമ്പലും; സഗോത്രകൾ; സഹോദരീമാർ. മൂത്തവൾ സൂര്യനിൽ പ്രണയബദ്ധ; അനുജത്തി ചന്ദ്രഭഗവാന്റെ കളത്രം. അത്രയേ ഉള്ളു ഭേദം. ഇവരോടു കുടുംബബന്ധമുള്ള തോഴിയാണു നീലോല്പലം. അവളുടെ വർണ്ണധാടി മെച്ചമാണു്. പൂങ്കുല ഒരു പൂച്ചെണ്ടുപോലെയാണു്. നടുക്കു് അല്പം സ്വർണ്ണനിറവും ചുററും നല്ല നീലവും. കുളം നിറയെ പൂത്തുനിന്നാൽ അതു ദേവന്മാർക്കും കൗതുകകരമായ കാഴ്ചയാണു്. ഇളങ്കാററിൽ ഇളകുന്ന നീലോല്പലവനത്തിലാണു സൗന്ദര്യദേവത നൃത്തം ചെയ്യുന്നതു്.

താമരയെപ്പററി തുടങ്ങി പ്രസക്താനുപ്രസക്തമായി ചിലതു പറഞ്ഞുപോയി. റോസിന്റെ കാന്തി വിസ്മരിച്ചില്ല. തുല്യമില്ലാത്ത സുഷമാപൂരമാണു റോസിൽ വിളയാടുന്നതു്. റോസിനെപ്പററി പറയുമ്പോൾ വർണ്ണപ്രകർഷമെന്നല്ല പറയേണ്ടതു്. സ്വർഗ്ഗീയ സുഷമയെന്നാണു്. ഏതു റോസിനെപ്പററിയാണു്? അതിൽ വെള്ളയും മഞ്ഞയും നല്ല ചുവപ്പും മററനവധി വർണ്ണങ്ങളിൽ പ്രസിദ്ധമായ ഇനങ്ങളും ഉണ്ടു്. ഇളം ചുവപ്പു്, മഴവില്ലിന്റെ അരികിൽ തങ്ങിനില്ക്കുന്ന നേരിയ രാഗരശ്മിയുടെ നിറം. ഇളം പുല്ലിന്റെ അററത്തു തങ്ങിനില്ക്കുന്ന മഞ്ഞുതുള്ളിയിൽ സൂര്യന്റെ പ്രഥമരശ്മി തട്ടിപ്പുറപ്പെടുന്ന ചുവപ്പു്. അതിലും ഭംഗിയുള്ള ഒരു നിറം; "സാന്ധ്യം തേജഃ

പ്രതിനവജപാ പുഷ്പരക്തം " അതുതന്നെ; ആ നിറമുള്ള റോസാണ്—ജപാ പുഷ്പമാണ് എനിക്ക് ഇഷ്ടം. ആ ഭംഗിയുടെ ഒരംശം കാനയ്ക്കില്ല ; ചെമ്പരത്തിക്കില്ല ; രാജമല്ലിക്കില്ല ; ജമന്തിക്കും പൂച്ചെടിക്കും ഇല്ല ; അരളിക്കുമില്ല. ഞാൻ താരതമ്യത്തിനു ഭാവിക്കുന്നില്ല—ആ ഭംഗി—ആ ചേതോഹാരിത അല്പംപോലും സൂര്യകാന്തിക്കില്ല. അതിൻെറ രസികത—മാർദ്ദവം—സൗരഭ്യത്തിൻെറ ഹൃദ്യത—വേറെ ഒന്നിനുമില്ല. ആ പൂവ് ആ മുൾച്ചെടിക്ക് ഒരു രത്നകിരീടമാണ്. ഇത്ര അഴകേറിയ ഒരു സൗന്ദര്യമുള്ള ഈ ചെടിയെ സസ്യലോകം മുഴുവൻ അസൂയപ്പെട്ടും. താമര വെള്ളത്തിൽ പോയി തപസ്സു ചെയ്യുന്നതു റോസിൻെറ പകിട്ടിൽനിന്നു സിദ്ധിച്ച പരാഭവം കൊണ്ടായിരിക്കണം. ഇതു രണ്ടുംകൂടെ ഒരുമിച്ചു വളന്നെങ്കിൽ! താമരയുടെ ആകൃതിയും, റോസിൻെറ രസികതയുംകൂടെ സമ്മേളിച്ചെങ്കിൽ !

" പ്രായേണ പാത്താൽ ഗുണപൂത്തി കാണ്മാൻ
പ്രയാസമാണീശ്വര സൃഷ്ടിതന്നിൽ. "

ഗുണസമ്പൂൎണ്ണതയിൽ ഈശ്വരസൃഷ്ടി പരാങ്മുഖമാണ്. കാളിദാസൻെറ ഈ പദ്യഭാഗം വേറൊരു കാര്യംകൂടി ഓമ്മിപ്പിക്കുന്നു. മഹാകവി ഈ അഭിപ്രായം സൂചിപ്പിക്കുന്നതു കൎണ്ണികാരപുഷ്പങ്ങളെ വൎണ്ണിക്കുമ്പോഴാണ്. വൎണ്ണപ്രകഷമുണ്ടെങ്കിലും, ആ പൂവിനു സൗഗന്ധ്യം ഇല്ലാത്തതു പോരായ്മയെന്നാണു കാളിദാസൻെറ അഭിപ്രായം. നിറവും മണവുമാണല്ലോ പൂക്കളുടെ സൎവ്വപ്രധാനമായ രണ്ടു ഗുണം. ഇതു രണ്ടും ഒരുപോലെ വിശിഷ്ടമായി സിദ്ധിച്ചിട്ടുള്ളതു റോസിനു മാത്രമാണ്. എനിക്കു പൂക്കളുടെ കാര്യത്തിൽ നിറമാണു പ്രധാനമായ നോട്ടം: മററു പലക്കും മണമാണു കാര്യം. 'നിൎഗ്ഗന്ധകുസുമം' എന്ന പഴമൊഴിയിൽനിന്നു് ഈ രുചിവ്യത്യാസം സ്പഷ്ടമാകും. അങ്ങനെ പറയാനില്ല. തുളസിയുടെ മണമാണ് എനിക്കുപോലും ഇഷ്ടം. കൺകുത്തിപ്പൂവിനെപ്പോലെ വൎണ്ണോൽകഷമുള്ള പൂക്കൾ ചുരുങ്ങും. എന്നാൽ

അതിൻെറ പേരുതന്നെ മലയാളികൾക്കു് അതിൻെറ നേരെയുള്ള ഭയത്തെ സൂചിപ്പിക്കുന്നു. പൂ പറിച്ചാൽ മണപ്പിക്കാത്തവരില്ല. വാസനയെ ഉദ്ദേശിച്ചാണല്ലോ അപ്രകാരം ചെയ്യുന്നതു്. തലയിൽ അണിയുന്നതും മണം കൂടെ പുരസ്കരിച്ചാണു്. വർണ്ണഭംഗിക്ക വേണ്ടിയല്ലെന്നു പറയാനും പാടില്ല. പാർവ്വതി ആദ്യം ശിവനെ കാണാൻ പോയവിധം കാളിദാസൻെറ ദിവ്യമായ തൂലിക എങ്ങനെ പ്രദർശിപ്പിക്കുന്നു ? പത്മരാഗത്തെ തിരസ്കരിക്കുന്ന അശോകപുഷ്പവും, സ്വർണ്ണശോഭയെ വെല്ലുന്ന കർണ്ണികാര കുസുമവും, മുക്താകലാപസദൃശമായ സിന്ധുവാരവും അണിഞ്ഞാണു് ആ ദേവി ശിവപ്രേമസമാർജ്ജനത്തിനു പോകുന്നതു്. ഇവിടെ വർണ്ണപ്രൗഢിതന്നെ വസന്താഭരണങ്ങൾക്ക മെച്ചം. ഇന്നു കനകാംബരം നമ്മുടെ സുന്ദരിമാർ തലയിൽ ചൂടുന്നതും നിറത്തിനു മേന്മ കല്പിച്ചിട്ടാണല്ലോ. അതങ്ങനെ നില്ക്കട്ടെ. നിറമായാലും, മണമായാലും, ഗുണമായാലും റോസിനുതുല്യം അതുതന്നെയെന്നു നിശ്ചയമാണു്.

മണത്തെപ്പററി പറയുമ്പോൾ കൈതപ്പൂവു് പോകട്ടെ, വൃക്ഷങ്ങളിൽ ഇലഞ്ഞിയുടെ കാര്യം വിശേഷമായി സ്മരിക്കണം. ഇലഞ്ഞി ആകപ്പാടെ നോക്കിയാൽ ഉൽകൃഷ്ടമായ ഒരു വൃക്ഷമാണു്. അതിൻെറ പൂക്കളുടെ മണവും, അതിൻെറ തണലും പ്രത്യേകമാണു്. പുന്നപ്പൂവിൻെറ ഭംഗിയും അതിൻെറ മണവും മലയാളികൾക്കു് അത്ര പിടിച്ചിട്ടുണ്ടെന്നു പറയാവതല്ല. "പുന്നപ്പൂവിൻ പരിമളഭൃതാമാരുതേനാനുയാതഃ" എന്നു് ഉണ്ണുനീലി സന്ദേശത്തിൽ പറഞ്ഞിട്ടുണ്ടു്. എന്നാൽ കവികൾ ഏറിയകൂറും ചെമ്പകത്തെ പുകഴ്ത്തുന്നതിലേ താൽപര്യം കാണിച്ചിട്ടുള്ളു. ചെമ്പകത്തിനോടുള്ള ബഹുമാനം കൊണ്ടു റോസിനു പനിനീർച്ചെമ്പകമെന്നു പേരിട്ടു.

"യുവാവിവൻ കൈക്കു പിടിച്ച തന്വിയോ
സുവാസിതാശാതട ചമ്പകാംഗിയാൾ."

എന്നാണു രാധാദേവിയെ വർണ്ണിക്കുന്നതു്. ആ കാവ്യപരിമളം !

മലയാളികൾക്ക് ഏററവും ഇഷ്ടമുള്ള പൂക്കൾ മുല്ലയും പിച്ചിയും ആണ്. "മുല്ലപ്പൂമ്പൊടിയേററു കിടക്കും കല്ലിനുമുണ്ടാമൊരു സൌരഭ്യം" എന്നും "പിച്ചിപ്പൂവിനോടുചേൎന്ന വാഴനാരിനും മോക്ഷം" എന്നുമുള്ള പഴഞ്ചൊല്ലുകൾതന്നെ ഈ പൂക്കളോടു നമുക്കുള്ള ബഹുമാനം സ്പഷ്ടമാക്കും.

പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി.
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം

നമ്മുടെ പൂക്കാലത്തിന്റെ സൌരഭ്യവും സൌന്ദര്യവും!

ഓമൽപ്പിച്ചിച്ചെടിയിലകൾ മരു-
ല്ലോളിതം വർഷബിന്ദു-
സ്തോമമല്ലിന്നാ പുതുമലർ പതു-
ക്കെന്ന് ഫുടിപ്പിച്ചിടുമ്പോൾ.

എത്രത്തോളം മനോഹാരിതയാണ്! "കടലാസിനു തുല്യമാം വെളുപ്പും കീടയില്ലാത്തൊരു തൂമണത്തഴപ്പും തടവീടിന പൂക്കൾ പൂത്തുമാവിൽ പടരുന്ന മുല്ല", നമ്മുടെ കവികൾക്കും—മുല്ലയെ സംബന്ധിച്ചിടത്തോളം നമ്മളെല്ലാം കവികൾതന്നെ—നമുക്കും, നമ്മുടെ സുന്ദരിമാൎക്കും എത്ര ഇഷ്ടമാണ്! ലോകോത്തരവൈശിഷ്ട്യമുള്ള ശാകുന്തളം നാടകത്തിലെ മൌനപാത്രങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണു മുല്ലവല്ലി. തന്റെ വിരഹദശയിൽ ജാതാനുകമ്പയായ ജാതീസുമത്തിനോട്, സ്വപ്രേയസി കബരീഭാരത്തിലണിയുമ്പോൾ തന്റെ മനോവേദന ആ സുന്ദരിയുടെ കർണ്ണത്തിൽ മന്ത്രിച്ചേക്കണമെന്നു ഔത്യാഭ്യർത്ഥന ചെയ്ത കവിയുടെ ഭാവനാരസികത!

ഇങ്ങനെ പൂക്കളെപ്പററി ഓരോന്നു പറഞ്ഞുതുടങ്ങിയാൽ അതിന് അവസാനമില്ല. എത്ര വർണ്ണങ്ങളാണ്, എത്ര ആകൃതികളാണ്, ഏതെല്ലാം വിധമായ സൌരഭ്യഭേദങ്ങളാണ് നമ്മുടെ മുമ്പിൽ അവതരിക്കുന്നത്! വയലിൽ നെല്ലിൽ പടൎന്നു കയറുന്ന വയൽക്കാക്കപ്പൂവിനും, വന്യാവസ്ഥയിൽ ഇന്നും കഴിയുന്ന കായാമ്പൂ

ഖിന്നും അട്ടമ്പിന്നും, നാം ഗൗരവമായി വളൎത്തുന്ന ശംഖു പുഷ്പത്തേക്കാൾ ശോഭയുണ്ടു്. കാട്ടുപൂക്കളിൽ ഒന്നായ കലയിപ്പൂവു് റോസിന്റെ ഗോത്രത്തിലുൾപ്പെട്ടതാണെന്നു പറയത്തക്ക ഭംഗിയുള്ളതാണു്. അതുകൊണ്ടു് ഓരോന്നിനെപ്പററി പ്രത്യേകിച്ചു പറയാതെ പുഷ്പലോകത്തെ സ്തുതിച്ചുകൊണ്ടു വിരമിക്കാനേ സാധിക്കു.

പുഷ്പാഞ്ജലി] [ശൂരനാട്ടു കുഞ്ഞൻപിള്ള

അഭ്യാസം

1. പൂക്കൾ കാണുമ്പോൾ ഉപന്യാസകൎത്താവിനുണ്ടാകുന്ന അനുഭൂതിയെ സ്വന്തം വാക്യങ്ങളിൽ വിവരിക്കുക.
2. വാക; താമര; റോസ്—ഇവ ഓരോന്നിനെയും കുറിച്ചു് ഓരോ ഖണ്ഡിക എഴുതുക.
3. അൎത്ഥമെഴുതുക!
   സുഷമ; പരാഭവം.
4. നിൎദ്ദേശകം; അനുയോഗികം; അഭിലാഷികം എന്നീ വാക്യവിഭാഗങ്ങളിൽ ഓരോന്നിനും ഓരോ ഉദാഹരണമെഴുതുക.

പാഠം 12

പഞ്ചവൻകാട്ടിൽ

ഈ കഥയുടെ ആരംഭത്തിൽ പ്രസ്താവിക്കപ്പെടുന്ന സംഗതികൾ ഒരു വനപ്രദേശത്താണു നടന്നതു്. വനപ്രദേശം എന്നു പറഞ്ഞതുകൊണ്ടു് ഒരു ഘോരവിപിനം എന്നു വായനക്കാർ വിചാരിച്ചുപോകരുതു്; ചെറുതായ വൃക്ഷങ്ങളും, മുൾച്ചെടികളും നിറഞ്ഞു ജനസഞ്ചാരം അപൂൎവ്വമായിമാത്രം ഉള്ളതായ ഒരു പ്രദേശമെന്നേ ഗ്രഹിക്കാനുള്ളു. വല്ല തടിനികളാലാവട്ടെ,

ശിലാഫലങ്ങളാലാവട്ടെ, സുരഭികളായ പുഷ്പങ്ങളാലാവട്ടെ ആ വനം അലങ്കരിക്കപ്പെട്ടിരുന്നില്ല. ഒരാൾപ്പൊക്കത്തോളം ഉയൎന്നു നില്ക്കുന്ന ചില ചെടികൾ ദുൎഗ്ഗന്ധവാഹികളായ പുഷ്പങ്ങളെക്കൊണ്ടു പ്രശോഭിതമായും, അത്യുന്നതങ്ങളായ ചില വൃക്ഷങ്ങൾ അവിടവിടെ വിയന്മാൎഗ്ഗത്തോളം പൊങ്ങിയും കാണപ്പെടുന്നതുകൊണ്ടുള്ള രമ്യതയല്ലാതെ ചേതോഹരങ്ങളായ മററു ലക്ഷണങ്ങൾ യാതൊന്നുംതന്നെ ആ വനത്തിലുണ്ടായിരുന്നില്ല. നെട്ടനായി വളൎന്നുനില്ക്കുന്ന കരിമ്പനക്കൂട്ടങ്ങൾ വല്ല വനദേവതയുടെയും ഘോഷയാത്രയിൽ പിടിക്കപ്പെട്ട പച്ചക്കുടകൾപോലെ കാണുമാറുണ്ടായിരുന്നു. അന്യവൃക്ഷങ്ങളെയും, ചെടികളെയും ആ വനത്തിൽ വാഴിച്ചുകൂടെന്നുള്ള മാത്സൎയ്യം കൊണ്ടെന്നു തോന്നിക്കുംവണ്ണം, കള്ളിയെന്നുള്ള ഒരു വക മുൾച്ചെടി ഉൾമദത്തോടുകൂടി കരിമ്പന മുതലായ ഓരോ തരുക്കളെയും വളഞ്ഞു തിക്കിത്തിരക്കി നിരോധിച്ചു നിന്നിരുന്നു. നിലത്തിന്റെ സ്വഭാവം മേൽപറഞ്ഞ ലക്ഷണങ്ങൾക്കു് ഏററവും യോജിപ്പുള്ളതായിരുന്നു. ചെറിയ പാറകളെയും, കൂൎത്തുള്ള ചരൽക്കല്ലുകളെയും ഒഴികെ ആ കാട്ടിന്റെ മദ്ധ്യേ ഉള്ള ഒററയടിപ്പാതയിൽകൂടി സഞ്ചരിച്ചിട്ടുള്ള ജനങ്ങളുടെ പാദങ്ങൾ വേറൊന്നിനെയും സ്പൎശിച്ചിട്ടില്ല. മഴ ചൊരിയുന്ന സമയങ്ങളിലല്ലാതെ മററു കാലങ്ങളിൽ ആ വനത്തിൽ ജലം തീരെ ദുൎല്ലഭമായിരുന്നു. കുന്നും കുഴിയും കൊണ്ടു സഞ്ചാരത്തിന്നതിദുൎഘടമായ ആ പ്രദേശത്തു് അട്ടുത്തുവെങ്കിൽ, എത്ര ബലവാനായ പുരുഷനും, ഉടൻ ദാഹവും ക്ഷീണവും ഉണ്ടാകുമായിരുന്നു. വനമെന്നുള്ള നാമധേയത്തെ ധരിക്കുന്നതുകൊണ്ടു പക്ഷി, മൃഗം ഈവക ജന്തുക്കൾക്കു് ഇരിപ്പിടം നൽകാഞ്ഞാൽ ലോകബോദ്ധ്യത്തിന്നു പോരല്ലോ എന്നു തോന്നീട്ടെന്നപോലെ, കഴുകു്, കൂമൻ എന്നീ പറവകൾക്കും, കാടൻ, കാട്ടുകുന്നൻ മുതലായ മൃഗങ്ങൾക്കും ആ വനം അഭയം അരുളി അവയെ പോററി രക്ഷിച്ചുപോന്നു. നായാട്ടിൽ തൽപരന്മാരായ നായന്മാർ ഈ വനത്തെമാത്രം തങ്ങളുടെ പാദങ്ങളെക്കുറിച്ചുള്ള പ്രതിപത്തി മൂലം ആക്രമിക്കാൻ ആലോചിക്കപോലും ചെയ്തിട്ടില്ല.

മഹാത്തുക്കളുടെ സാമീപ്യമോ, സംസൎഗ്ഗമോകൊണ്ടു നിസ്സാരന്മാരും ചിലപ്പോൾ ഉൽകൃഷ്ടന്മാരായി കാണപ്പെടുന്നുണ്ടല്ലോ. എന്നാൽ ഇങ്ങനെയുള്ളവരുടെ പ്രകൃത്യാ ഉള്ള ഹീനസ്വഭാവത്തെക്കാണുമ്പോൾ മഹാത്തുക്കൾക്ക് ഒരു ഭാവഭേദം സംഭവിച്ചു പോകയും ചെയ്യും. ഇതിന്നുണ്ണും മേൽപ്പറഞ്ഞ കാട്ട് ഒരു രാത്രി പ്രഥമയാമത്തിൽ ചന്ദ്രസ്പൎശത്താൽ ശോഭിച്ചിരുന്നുവെങ്കിലും, ചെങ്കൽനിറത്തോട്ട് ഉയൎന്നുവന്ന പൂൎണ്ണചന്ദ്രൻ മേൽഭാഗത്തു എത്തിയപ്പോഴെയ്ക്കു് വിളറി വൎണ്ണംപകൎന്നു കാണപ്പെട്ടുന്നു. ആകാശവീഥിയിൽ സഞ്ചരിക്കുന്ന മേഘശകലങ്ങൾ ധൃരഗതിയെവിട്ടു മാന്ദ്യത്തെ അവലംബിച്ചിരിക്കുന്നു. എന്തോ ഭയങ്കരമായ കാഴ്ചയാൽ സ്തബ്ധരാക്കപ്പെട്ടപോലെ വൃക്ഷലതകളും തങ്ങളുടെ നൃത്തങ്ങളെ വെടിഞ്ഞു നിശ്ചലരായി നില്ക്കുന്നു. മാരുതനും ഭയാക്രാന്തനായി, ശ്വാസോച്ഛ്വാസരഹിതനായി ചമഞ്ഞിരിക്കുന്നു. രജനിയുടെ സ്തുതിപാഠകന്മാരായ ജംബുകസമൂഹങ്ങൾമാത്രം അവരുടെ ഉദ്യോഗത്തിൽ എത്തും ഉപേക്ഷ കൂടാതെ രാഗവിസ്താരങ്ങൾ ചെയ്തു് അൎദ്ധരാത്രിയുടെ മാഹാത്മ്യത്തെ വാഴ്ത്തുന്നു. ഈ സംഗീതത്തിനു താളമായി നിദ്രാഭംഗം വന്നു ഭീതിമൂലം അങ്ങോട്ടും ഇങ്ങോട്ടും പറക്കുന്ന പക്ഷികളുടെ ചിറകടികളും കേൾപ്പാനുണ്ടു്. യക്ഷിപ്രേതാദികളായ ദേവതകളുടെ വാസഭൂമിയെന്നു ജനങ്ങളാൽ വിശ്വസിക്കപ്പെട്ടിരുന്ന ഈ വനത്തിലെ പക്ഷികളുടെ നിദ്രാവിധ്വംസനം ചെയ്ത സംഭവം എന്താണെന്നു് ആരായുകതന്നെ.

ഈ കാട്ടിന്റെ മദ്ധ്യത്തിൽക്കൂടിയുള്ള മാൎഗ്ഗത്തിൽ ഒരു സ്ഥലത്തു മുകളിൽ നില്ക്കുന്ന ചന്ദ്രന്റെ പ്രതിബിംബമോ എന്നു സംശയിക്കത്തക്കതായ ഒരു ഛായ കാണപ്പെട്ടുന്നു. സമീപവീക്ഷണത്തിനു ദൃശ്യമാകുന്നതു് അതിഘോരമായുള്ള ഒരു കാഴ്ചയാണു്. മാറ്റവം എന്നതറിഞ്ഞിട്ടില്ലാത്ത ആ നിലത്തു തന്റെ ദേഹത്തിൽനിന്നു പ്രവഹിച്ചതായ കരുനിണത്തിൽ മഗ്നനായിട്ടു ദിവ്യവിഗ്രഹനായ ഒരു പുരുഷൻ മരണവേദനകൊണ്ടു കൈകാലുകൾ നിലത്തടിച്ചും, "അയ്യോ! നാരായണ! അമ്മ" എന്നി

ങ്ങനെയെല്ലാം അതിദയനീയമാംവണ്ണം ഇടക്കിടെ ആർത്തസ്വരത്തിൽ വിളിച്ചും, ശ്വാസം മുട്ടി ചിലപ്പോൾ ഭൂമിയിൽനിന്നു പൊങ്ങി വീണ്ടും പതിച്ചും ചരമപ്രാന്തസ്ഥനായി കിടക്കുന്നു. ദേഹത്തിൽ അവിടവിടെ അനേകം വെട്ടുകളേറ്റ് അതുകളിൽനിന്ന് അപ്പോഴും രക്തം തിളച്ചു പൊങ്ങുന്നു. അരയിൽ ധരിച്ചിരുന്ന വസ്ത്രം രക്തത്തിൽ മുങ്ങീട്ടു കാലോടു പതിഞ്ഞു കാണപ്പെടുന്നു. തലയിൽ ധരിച്ചിരുന്ന വസ്ത്രം ഒരു ചെടിമേൽ വീണു കിടക്കുന്നു. വലതുകരത്തിനു സമീപത്തു പിടിവിട്ടു കിടക്കുന്ന ഖഡ്ഗത്തിൽ രക്തപാനം അതു് ധാരാളമായി കഴിച്ചതിൻെറ ലക്ഷണങ്ങൾ കാണുന്നുമുണ്ടു്. വെട്ടുകൾ ഏററ് ശകലിതമായിരിക്കുന്ന ഒരു പരിച, സമീപത്തുള്ള ഒരു വൃക്ഷത്തിൽനിന്നു വെട്ടുകൾകൊണ്ടുതന്നെ അററു ചിതറിക്കിടക്കുന്ന ലതകളുടെയും, ശാഖാഗ്രങ്ങളുടെയും ഇടയിൽ കിടക്കുന്നു. അതിന്മേലുള്ള വെള്ളിക്കുമിളകളിൽ ചന്ദ്രരശ്മി പതിക്കയാൽ ഏററവും ശോഭിച്ചും, ചുററുമുള്ള ചെടികൾ പാദാഘാതംകൊണ്ടു് ഒടിഞ്ഞും, നിലത്തോടു പതിഞ്ഞും, ചരൽക്കല്ലുകൾ പൊടിഞ്ഞും, എല്ലാം രക്തകണങ്ങൾ അണിഞ്ഞും കാണപ്പെടുന്നു. മരണാവസ്ഥയിൽ കിടക്കുന്ന ഈ യുവാവിനു് ഇരുപതിൽ അധികം വയസ്സു കാണുകയില്ല. തല വളർത്തി ഭുജത്തോളം നീട്ടിക്കുണ്ടിച്ചിരിക്കുന്നു. വിശാലമായ നെററിയും മഷി അണിഞ്ഞിരിക്കുന്നുവോ എന്നു തോന്നിപ്പിക്കുന്നതായ കറുപ്പോടു കൂടിയ പുരികങ്ങളും, ദന്തത്തിൽ പണിചെയ്തിട്ടുള്ള ചില വിശേഷ വിഗ്രഹങ്ങളിൽ കാണപ്പെടുന്നതുപോലെ ഉള്ള നാസികയും, കരിമസ്തകംപോലെ വിരിഞ്ഞ മാറും, ഒതുങ്ങിയ അരയും, നീണ്ടുരുണ്ടു ഘനംപൂണ്ടുള്ള ബാഹുക്കളും, അതിമനോഹരമായ വർണ്ണവും കണ്ടാൽ ആൾ അസാരനല്ലെന്നു പ്രഥമ ദൃഷ്ടിയിൽതന്നെ ഏവനും ബോദ്ധ്യപ്പെടും.

ഈ യുവാവിൻെറ ശരീരത്തിൽനിന്നു പുറത്തേക്കുള്ള രക്തഗതി കുറച്ചുനേരംകൊണ്ടു നിന്നുതുടങ്ങി. കൈകാൽ അനക്കങ്ങൾ ഇടവിട്ടും വളരെ ക്ഷീണത്തിലും ആയി, ശ്വാസവും അടങ്ങി. പെട്ടെന്നു നേത്രങ്ങൾ ഒന്നു തുറന്നു.

മരണാവസ്ഥയിലാണെങ്കിലും ആ നേത്രങ്ങളിലെ കരിമിഴികളിൽനിന്നു സ്ഫുരിക്കുന്ന തേജസ്സിനെ എങ്ങനെ വർണ്ണിക്കുന്നു? എന്തു പൗരുഷവും പ്രൗഢിയും ഗാംഭീര്യവും ആ മുഖത്തു് ഇപ്പോൾ കളിയാടുന്നു! നവമായി വികസിച്ച പുഷ്പംപോലെ എത്രയും ചേതോഹരനായുള്ള ഈ യുവാവിൻെറ നവയൗവനാവസ്ഥയിൽ ഈ മൃതി വന്നുകൂടുന്നതു വിധിയുടെ നിഷ്ഠുരത്വംകൊണ്ടെന്നല്ലാതെ എന്തു പറയുന്നു! നേത്രങ്ങൾ തുറന്നു് ആകാശത്തേക്കു് നോക്കിയപ്പോൾ, തന്നെ അനുഗ്രഹഭാവത്തോടും, അനുകമ്പയോടും കടാക്ഷിക്കുന്ന ചന്ദ്രനെക്കണ്ടു് ഒരു മന്ദഹാസം തൂകുന്നു. എന്തോ തൻെറ അഭിമതത്തെ ഉച്ചരിക്കുന്നതിനു ശ്രമിച്ചതിൽ "പ്" എന്ന അർദ്ധാക്ഷരംമാത്രം കഷ്ടിച്ചു ചുണ്ടിൽനിന്നു പുറപ്പെടുന്നു. അതി കഠിനമായുള്ള വ്യസനത്തിൻെറ സൂചകമായി നേത്രങ്ങളിൽ കണ്ണീർ നിറയുന്നു. മുഖം മുഴുവൻ ഭാവം പകരുകയും മാറിടം വികസിച്ചു അമരുകയും ചെയ്യുന്നു. ഇത്രയും അരനിമിഷം കൊണ്ടു കഴിഞ്ഞു. നേത്രങ്ങൾ വീണ്ടും അടയുന്നു, സകല ചലനവും നിൽക്കുന്നു. ലോകസാക്ഷിയോടു യാത്രയും ചൊല്ലി കാമോപമനായ ആ യുവാവു ചരമഗതിക്കു സന്നദ്ധനാകുന്നു.

മാതാപിതാക്കന്മാരുടെയൊ ഭാര്യാബന്ധുക്കളുടെയോ വാത്സല്യത്തോടുകൂടിയുള്ള അവസാന ശുശ്രൂഷകളൊന്നും കൂടാതെ ഈ തേജോരൂപന ഈവിധമായ മരണം സംഭവിക്കുന്നതിനു സംഗതിയാക്കിയ പാപകർമ്മം എന്താണെന്നുള്ള അന്വേഷണം നിഷ്ഫലമായുള്ളതാണു്. ഇന്ദ്രിയങ്ങൾക്കു ഗോചരങ്ങളല്ലാത്തവയായ സംഗതികളെപ്പററി പ്രതിപാദിക്കുന്നതിനു പ്രത്യേകം ഒരു പാണ്ഡിത്യം വേണം. അതിനാൽ ഈ മരണം സംബന്ധിച്ചുള്ള ലൗകികാന്വേഷണങ്ങളെമാത്രം ചെയ്കയല്ലാതെ ആത്മീകമായുള്ള പൂർവ്വോത്തരസംബന്ധങ്ങളെപ്പററി ഈ കഥയിൽ വായനക്കാർക്കു് ഒരറിവും കൊടുക്കാൻ ശ്രമിക്കുന്നില്ല. കലഹകാരണങ്ങളെ കനകം, കാമിനി എന്നീ രണ്ടുവകയായിട്ടു കുഞ്ചൻ എന്ന കവിമുഖ്യൻ വിഭാഗിച്ചിട്ടുണ്ടു്.

ഇതുകളിൽ കനകകാംക്ഷകൊണ്ടല്ല ഈ കൊല ചെയ്യപ്പെട്ടതെന്നു് ഒരു സംഗതിയാൽത്തന്നെ പ്രത്യക്ഷപ്പെടുന്നുണ്ടു്. കർണ്ണങ്ങളിൽ മിന്നുന്ന രണ്ടു കുണ്ഡലങ്ങളെയും, കൈവിരലിൽ കിടക്കുന്ന നവരത്നഖചിതമായ അംഗുലീയത്തെയും തസ്കരന്മാർ ഉപേക്ഷിക്കുമെന്നു തോന്നുന്നില്ല. തസ്കരന്മാരുടെ കൃത്യമെന്നു വിചാരിക്കുന്നതിനു് ഈ ആക്ഷേപമുള്ളതുകൊണ്ടു്, ഈ യുവാവിന്റെ മരണം കാമിനിമൂലം ഉണ്ടായ കലഹത്തിന്റെ ഫലമെന്നുതന്നെ ഇതര തെളിവുണ്ടാകുന്നതുവരെ വിചാരിക്കേണ്ടിയിരിക്കുന്നു. എന്തു കാരണത്താലായാലും, വഞ്ചകപ്രയോഗത്താൽ വന്നിട്ടുള്ള മൃതിയെന്നു തീർച്ചയാക്കുന്നതിൽ യാതൊരു ആക്ഷേപവുമില്ല.

യുവാവു്, ശ്വാസോച്ഛ്വാസങ്ങൾനിന്നു് യാതൊരു ചലനവുംകൂടാതെ നിശ്ചേഷ്ടനായി കിടപ്പായപ്പോൾ വനത്തിന്റെ ഒരു ഭാഗത്തുനിന്നു ചില ശബ്ദങ്ങൾ കേട്ടുതുടങ്ങുന്നു. കാട്ടുചെടികളിന്മേലും, കല്ലുകളിന്മേലും, ജോടുകൾ പതിക്കുന്നതിന്റെ ശബ്ദമാണു മുഖ്യമായി കേൾക്കുന്നതു്. ഘനമായ മനുഷ്യസഞ്ചാരങ്ങളും കേൾക്കുന്നുണ്ടു്. കാൽപ്പെരുമാററം അടുത്തടുത്തു വരുന്നു. ചെടികളുടെ ഇടയിൽ ചില വർണ്ണഭേദങ്ങൾ ചന്ദ്രികയിൽ കാണപ്പെടുന്നു. വിചിത്രവസ്ത്രധാരികളായി, ആയുധപാണികളായി നാലുപേർ, ചെടികളെ കൈകൊണ്ടു ഭേദിച്ചും ആവശ്യമുള്ളപ്പോൾ ആയുധങ്ങളെക്കൊണ്ടു് വെട്ടിയും വഴി ഉണ്ടാക്കി, യുവാവിന്റെ ശരീരം കിടക്കുന്ന രക്തക്കളത്തിൽ എത്തി. അവർ കുപ്പായങ്ങളും, മൂന്നു നാലു ആളുകൾക്കു വിഷമംകൂടാതെ കടന്നിരിക്കുന്നതിനു സ്ഥലമുള്ളതായ കാലുറകളും, മിന്നുന്ന കിരീടങ്ങളും, നാനാവർണ്ണം കലർന്നുള്ള അരക്കെട്ടുകളും ധരിച്ചു വാൾ, കുന്തം മുതലായ ആയുധങ്ങളും വഹിച്ചിരുന്നു. സ്വർണ്ണവസ്ത്രധാരിയായി ഒരു യുവാവും, ഗജവിഗ്രഹനായി, ദണ്ഡധാരിയായി ഒരു വയോധികനും രണ്ടു ഭയങ്കരാകാരന്മാരായ ഭൃത്യന്മാരും ആയ ഈ നാലു് ആളുകളും യുവാവു കിടക്കുന്ന പ്രദേശത്തു് എത്തിയപ്പോൾ, ഒരുപോലെ ഞെട്ടി പുറകോട്ടു

മാറി കുറച്ചുനേരം എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടും നോക്കികൊണ്ടുനിന്നു. പിന്നീട്, സ്വർണ്ണവസ്ത്രധാരിയായ യുവൻ മരണാവസ്ഥയിൽ ആയിരുന്ന യുവാവിൻെറ സമീപത്തു ചെന്നു മുട്ടുകുത്തി കുറേനേരം സൂക്ഷിച്ചു നോക്കിയിട്ട് വൃദ്ധനോട്ട് എന്തോ പറഞ്ഞു. വൃദ്ധൻ തലകുലുക്കിയതല്ലാതെ ഉത്തരം ഒന്നും പറഞ്ഞില്ല. മറെറയാൾ ഉടനെ വൃദ്ധൻെറ സമീപത്തുചെന്ന് അപേക്ഷാഭാവത്തിൽ ഓരോന്നു പറഞ്ഞു; ഒടുവിൽ ഊക്കനായ വൃദ്ധൻ തൻെറ ഉദരഭാരത്തെ വഹിച്ചുകൊണ്ടു നരച്ച വെള്ളിക്കമ്പികൾപോലെ ഉദരത്തോളം എത്തിയിട്ടുള്ള താടിയെ കൈകൊണ്ടു പ്രേമത്തോടെ തടവി ഒതുക്കീട്ട് മരിക്കുന്നവനോ മരിച്ചവനോ ആയ യുവാവിൻെറ അടുത്തുചെന്നു വടിയെ ബലമായി നിലത്തൂന്നിയും, മുട്ടിൽ കൊടുത്തും, നരച്ചുള്ള പുരികങ്ങളെ ചുളുക്കിയും വളരെ ബുദ്ധിമുട്ടി, ഒരു വിധത്തിൽ കുനിഞ്ഞു, മുറിവേററിട്ടുള്ള ഭാഗങ്ങളെ നോക്കി നിർണ്ണയപ്പെടുത്തുകയും, മാറിൻെറ ഇടത്തുഭാഗത്ത് അല്പനേരം കൈ വച്ചുകൊണ്ടിരിക്കയും ചെയ്തതിൻെറ ശേഷം താഴുന്നതിനുണ്ടായതിലും അധികം പ്രയത്നങ്ങൾ ചെയ്ത് ഉയൻറ് തന്നോടുകൂടിയുള്ള യുവാവിനോടു ആവിയന്ത്രത്തിൽനിന്നും "ഭൂം ഭൂം" എന്നു പുക പൊങ്ങുന്ന സ്വരത്തിൽ എന്തോ പറഞ്ഞു. ആ യുവാവു കിങ്കരന്മാർക്ക് എന്തോ ആജ്ഞ കൊടുത്തു. തങ്ങളുടെ കൈകളിലുണ്ടായിരുന്ന നെടിയ ശൂലങ്ങളെയും അരയിൽ കെട്ടിയിരുന്ന വസ്ത്രങ്ങളെയുംകൊണ്ടു ഒരു മഞ്ചലും, ഇലകൾകൊണ്ടു മെത്തയും വേഗത്തിലവർ ആജ്ഞാനുസരണം ചമച്ചു. സ്വർണ്ണവസ്ത്രക്കാരൻ തൻെറ കിരീടത്തിന് അലങ്കാരമായി ധരിച്ചിരുന്ന തലക്കെട്ടിനെ അഴിച്ച് ഇലകളുടെ മേൽ വിരിച്ചു; ഉടൻ കിങ്കരന്മാർ ആ യുവാവിൻെറ ശരീരത്തെ എടുത്ത് അതിന്മേൽ കിടത്തി തങ്ങളുടെ സ്കന്ധങ്ങളിൽ വഹിച്ചുകൊണ്ടു വന്ന മാർഗ്ഗത്തൂടെ നടന്നുതുടങ്ങി. വൃദ്ധനും, യുവാവും പുറകെ യാത്രയായി. ഇവർ യമകിങ്കരന്മാരോ, തസ്കരന്മാരോ വഞ്ചിക്കപ്പെട്ട യുവാവിൻെറ വൈരികളോ ആരാണ് ? ആക്കറിയാം?

മാർത്താണ്ഡവർമ്മ] [സി. വി. രാമൻപിള്ള

അഭ്യാസം

1. പഞ്ചവൻകാട്ടിന്റെ വൎണ്ണന സംഗ്രഹിച്ചെഴുതുക.
2. അംഗവാക്യവും അംഗിവാക്യവും വേർതിരിച്ചെഴുതുക :—
   (a) ഞാൻ വാങ്ങിയ പുസ്തകം അയാൾ എടുത്തു കൊണ്ടുപോയി.
   (b) കൊല ചെയ്യരുതെന്നു നിയമം അനുശാസിക്കുന്നു.
   (c) മഴ പെയ്തപ്പോൾ ഉഷ്ണം കുറഞ്ഞു.

പാഠം 13

കേരളകാളിദാസൻ

മലയാളഭാഷയ്ക്കു് സൎവ്വതോമുഖമായ പുരോഗതി ആദ്യമായി കൈവന്നതു കൊല്ലവൎഷം പതിനൊന്നാം ശതാബ്ദത്തിലാണു്. സാഹിത്യകാരന്മാരെ മുക്തഹസ്തം പ്രോത്സാഹിപ്പിച്ചിരുന്ന അനേകം പ്രഭുക്കന്മാർ ആ കാലഘട്ടത്തിൽ കേരളത്തെ അലങ്കരിക്കയുണ്ടായി. അവരിൽ പലരും സാഹിത്യരസികതയ്ക്കു പുറമേ കവിതയാലും അനുഗൃഹീതരായിരുന്നു. കവിതയുടെയും, പ്രഭുത്വത്തിന്റെയും ഈ സമുചിതസമ്മേളനം ചിലരെ സംബന്ധിച്ചിടത്തോളം, അത്യന്തം ആശാസ്യമായ ഫലം പ്രദാനം ചെയ്തു. അക്കൂട്ടത്തിൽ സൎവ്വഥാ സ്മരണീയനായ ഒരു പൂജ്യപാദനാണു് 'കേരളകാളിദാസൻ' എന്ന പേരിൽ സുപ്രസിദ്ധനായ കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ.

ടിപ്പുവിൻെറ പടയോട്ടക്കാലത്തു് ഉത്തരകേരളത്തിൽനിന്നും പലായനം ചെയ്തു തിരുവിതാംകൂറിനെ അഭയം പ്രാപിച്ച പരപ്പനാട്ടു രാജകുടുംബത്തിലെ ഒരംഗമാണു കേരളവർമ്മ. അദ്ദേഹം 1020-ാമാണ്ടു കുംഭമാസം 10-ാംനു- ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ ജനിച്ചു. സംസ്കൃതത്തിലും, മലയാളത്തിലും നല്ല നൈപുണ്യവും, ഇതിഹാസപുരാണാദികളിൽ പരിപക്വമായ പരിചയവും സിദ്ധിച്ചിരുന്ന പൂരം തിരുനാൾ അംബാദേവിത്തമ്പുരാട്ടിയായിരുന്നു മാതാവു്. പിതാവായ തളിപ്പറമ്പത്തു് മുല്ലപ്പള്ളി നമ്പൂതിരിയാകട്ടെ വ്യാകരണം, ധർമ്മശാസ്ത്രം, ജ്യോതിഷം, വിഷവൈദ്യം മുതലായവയിൽ അഗാധമായ പാണ്ഡിത്യം സമ്പാദിച്ച ഒരു സഹൃദയനുമായിരുന്നു. മാതാപിതാക്കന്മാരുടെ സൗശീല്യവും, പാണ്ഡിത്യവും പുത്രൻെറ സ്വഭാവ രൂപവൽകരണത്തിൽ അത്യന്തം പ്രയോജനപ്പെട്ടിട്ടുണ്ടെന്നാണു പറയപ്പെടുന്നതു്.

പാരമ്പര്യക്രമമനുസരിച്ചു് അഞ്ചാമത്തെ വയസ്സിൽ തന്നെ ചരിത്രനായകൻെറ വിദ്യാഭ്യാസം ആരംഭിച്ചു. തിരുവാപ്പിൽ രാമവാര്യരായിരുന്നു പ്രഥമഗുരുനാഥൻ. അദ്ദേഹത്തിൻെറ അടുക്കൽ ചില കാവ്യങ്ങളെല്ലാം പഠിച്ചശേഷം 1030-ാമാണ്ടിൽ കേരളവർമ്മ തിരുവനന്തപുരത്തേക്കു പോയി. അവിടെ താമസിച്ചിരുന്ന മാതുലൻെറ അടുക്കലാണു പിന്നീടു് വിദ്യകളഭ്യസിച്ചതു്. നാടകം, അലങ്കാരം, വ്യാകരണം മുതലായ വിഷയങ്ങൾ പഠിച്ചതു് അക്കാലത്തായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ 1034-ൽ ആ അമ്മാവൻ അന്തരിക്കുന്ന അവസരത്തിൽ മരുമകനു 14 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു എന്നുവരികിലും ഒരു നല്ല പണ്ഡിതൻ എന്ന പ്രശസ്തി അദ്ദേഹം അന്നു തന്നെ സമ്പാദിച്ചു കഴിഞ്ഞിരുന്നു.

റാണി ലക്ഷ്മീഭായി ആററിങ്ങൽ മൂത്തതമ്പുരാൻെറ പള്ളിക്കെട്ടിനുള്ള ആലോചന നടന്നുകൊണ്ടിരുന്ന കാലമായിരുന്നു അതു്. ഭാഗിനേയീവത്സലനായ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവു ചരിത്രനായകനെ

യാണു വരനായി തിരഞ്ഞെടുത്തതു്. അങ്ങനെ പതിനാറു വയസ്സു തികയുന്നതിനുമുമ്പു് കേരളവമ്മ വിവാഹിതനായി. അന്നുമുതല്ക്കാണു് അദ്ദേഹം 'വലിയ കോയിത്തമ്പുരാ'നായിത്തീന്നതു്.

തക്കം, വ്യാകരണം, വേദാന്തം തുടങ്ങിയ ശാസ്ത്രങ്ങളിലും, ഇംഗ്ലീഷ് ഭാഷയിലും അഗാധമായ പാണ്ഡിത്യം സമ്പാദിച്ചതു വിവാഹത്തിനുശേഷമായിരുന്നു. മഹാരാഷ്ട്രം, ഹിന്ദി, തമിഴ് മുതലായ മററുചില ഭാഷകളും അദ്ദേഹം പഠിക്കുകയുണ്ടായി. സംഗീതത്തിലും നല്ല വാസനയുണ്ടായിരുന്നു. വലിയ കോയിത്തമ്പുരാൻ നല്ല പോലെ വീണ വായിച്ചിരുന്നു എന്നാണു പറയപ്പെട്ടുന്നതു്.

സ്ഥൂരുപുരുഷനു് ആദ്യകാലങ്ങളിൽ അത്യന്തം പ്രീതിപ്രദമായ വിനോദം ആയുധാഭ്യാസമായിരുന്നു. ഈ വിദ്യ അഭ്യസിക്കുന്നതിൽ അദ്ദേഹത്തിനു് ഒരു ഗുരുവിന്റെ സഹായം വളരെയൊന്നും ഉണ്ടായിട്ടില്ല. സ്വാഭാവികമായ വാസനാബലം ധാരാളം ഉണ്ടായിരുന്നുതാനും. കുതിരസ്സവാരിയായിരുന്നു മറെറാരു വിനോദം. ആയുധവിദ്യയും, കുതിരസ്സവാരിയും ഒത്തുചേന്നപ്പോൾ അതു മൃഗയാവിനോദത്തിനു മാഗ്ഗദശകമായിത്തീന്നു. നായാട്ടു് അദ്ദേഹത്തിനു് എത്രമാത്രം രസകരമായ വിനോദമായിരുന്നുവെന്നു, മയൂരസന്ദേശത്തിൽ കാണുന്ന ഒരു ശ്ലോകത്തിൽനിന്നും തെളിയുന്നതാണു്. അതു താഴെ ഉദ്ധരിക്കാം:

"കുന്നിന്നങ്ങേപ്പുറമടവിയാ, ണായതിൽപ്പോയതന്ത്രം
കുന്നിച്ചീട്ടും കുതുകമൊട്ടുഞാൻ കൂട്ടി നായാട്ടുകാരെ
പന്നിക്കൂട്ടം പുലിയിതുകളേ വേട്ടയാടീട്ടയത്നം
കൊന്നിട്ടുണ്ടന്ന, തിലൊരുരസം സ്വല്പമല്ലിപ്പൊഴും മേ."

അന്നു തിരുവനന്തപുരത്തുണ്ടായിരുന്ന രണ്ടു കിളിമാനൂർ കോയിത്തമ്പുരാക്കന്മാരിൽ നിന്നു പല ശസ്ത്രവിദ്യാരഹസ്യങ്ങളും വലിയ കോയിത്തമ്പുരാനു ഗ്രഹിക്കാൻ

കഴിഞ്ഞു. ഒരുത്തന്റെ നെഞ്ചിനെ ലാക്കാക്കി വെടി വെച്ചാൽ, തോക്കിൽനിന്നു പുറപ്പെട്ടുന്ന ഉണ്ട അവന്റെ നെഞ്ചത്തുതട്ടി, യാതൊരു ക്ഷതവുമേല്പിക്കാതെ താഴെ വീഴുക, തോക്കിന്റെ വാകെട്ടുക, മൃഗങ്ങളെ വരുത്തി വെടിവെയ്ക്കുക എന്നു തുടങ്ങി പല അത്ഭുതപ്രയോഗങ്ങളും ഈ തമ്പുരാക്കന്മാരിൽനിന്നു മനസ്സിലാക്കുകയും പ്രയോഗിച്ചു പരീക്ഷിച്ചു നോക്കുകയും ചെയ്തിട്ടുണ്ടെന്നു 'എന്റെ മൃഗയാസ്മരണകൾ' എന്ന ഉപന്യാസത്തിൽ വലിയ കോയിത്തമ്പുരാൻതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. ലക്ഷ്യം പിഴയ്ക്കാതെ വെടിവെയ്ക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേക പാടവമുണ്ടായിരുന്നുവെന്നും, ഒന്നിച്ചു നായാട്ടിനു പോകാറുണ്ടായിരുന്ന യൂറോപ്യന്മാർപോലും ഇക്കാര്യത്തിൽ അദ്ദേഹത്തെ പ്രശംസിക്കാറുണ്ടായിരുന്നുവെന്നും ചില ജീവചരിത്രകാരന്മാർ പ്രസ്താവിച്ചുകാണുന്നു.

കേരളവർമ്മ വലിയ കോയിത്തമ്പുരാനു മററു വിഷയങ്ങളിലുണ്ടായിരുന്ന പാടവം എത്ര മഹത്തരമായിരുന്നാലും, അദ്ദേഹത്തിന്റെ നാമധേയം കേരളീയർ ഇന്നു കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതു് 'സാഹിത്യ സാമ്രാജ്യസാർവ്വഭൗമൻ' എന്ന നിലയിലാകയാൽ, ആ സകലകലാവല്ലഭന്റെ സാഹിത്യസംബന്ധമായ സദ്വ്യവസായത്തെ ഒരു സിംഹാവലോകനം കൊണ്ടെങ്കിലും പരിശോധിക്കേണ്ടതു് ഇവിടെ ആവശ്യമായിത്തീർന്നിരിക്കുന്നു. വാസ്തവം പറഞ്ഞാൽ, ഈ സാഹിത്യപരിശ്രമം യൗവനാരംഭത്തിനു മുൻപുതന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ, അതൊക്കെ സംസ്കൃതത്തിലായിരുന്നുവെന്നു മാത്രം. അക്കാലത്തെഴുതിയ അനവധി സംസ്കൃതപദ്യങ്ങൾ ഇന്നിയും അച്ചടിക്കാതെ കിടപ്പുണ്ടത്രെ.

ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ കാലത്തു ഭാഷാപോഷണപരങ്ങളായ പല സംരംഭങ്ങളും നടന്നകൂട്ടത്തിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും 'മലയാംപള്ളിക്കൂടങ്ങൾ', സ്ഥാപിക്കപ്പെട്ടുകയുണ്ടായി. കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ട നല്ല പുസ്ത

കണ്ടൽ ഭാഷയിലില്ലെന്നുള്ള ന്യൂനത അപ്പോഴാണു് അനുഭവപ്പെട്ടതു്. ആ ന്യൂനത പരിഹരിക്കുന്നതിനായി ഗവണ്മെൻറിൽനിന്നു് ഒരു പാഠപുസ്തകക്കമ്മിററി ഏർപ്പെടുത്തി. ആദ്യം ഒരു സാമാജികൻെറയും ഒടുവിൽ അദ്ധ്യക്ഷൻെറയും നിലയിൽ ആ കമ്മിററിയിലിരുന്നുകൊണ്ടു വലിയ കോയിത്തമ്പുരാൻ നിർവ്വഹിച്ച ജോലി ഭാഷാപോഷണത്തിനു വളരെ ഉപകരിച്ചിട്ടുണ്ടു്. ഭാഷാഗദ്യം അക്കാലത്തു വ്യവസ്ഥാപിതമോ സുബദ്ധമോ ആയ നിലയിൽ എത്തിക്കഴിഞ്ഞിരുന്നില്ല. ചമ്പുക്കളിലെ ഗദ്യം സംസ്കൃതപദപ്രചുരമായിരുന്നു. ഇവക കാരണങ്ങളാലും, കേരളവർമ്മ അതുവരെ എഴുതിക്കൊണ്ടിരുന്നതു സംസ്കൃതഭാഷയിലായിരുന്നതിനാലും, അദ്ദേഹം ആദ്യമെഴുതിയ കൃതികളിൽ സംസ്കൃതപദങ്ങൾ ധാരാളം കടന്നുകൂടാൻ ഇടയായി. പക്ഷെ, കാലക്രമത്തിൽ ഇതിനു വലിയ മാററം വന്നു. വിജ്ഞാനമഞ്ജരി മുതലായ പാഠപുസ്തകങ്ങളിലെ ഗദ്യം വളരെ ലളിതവും സുഗമവുമാകുന്നു. അന്നു കേരളവർമ്മ എഴുതിത്തുടങ്ങിയ ആ നവീന ഗദ്യമാണു് ആധുനികഗദ്യസാഹിത്യത്തിനു മാർഗ്ഗദർശനം നല്കിയതു്. തിരുവിതാംകൂർ ഗവണ്മെൻറുവക പാഠപുസ്തകങ്ങൾ, സന്മാർഗ്ഗപ്രദീപം, മഹച്ചരിതസംഗ്രഹം, വിജ്ഞാനമഞ്ജരി, സന്മാർഗ്ഗസംഗ്രഹം മുതലായവയെത്തുടന്നു് 'അക്ബർ' രംഗപ്രവേശം ചെയ്തു. ഭൂമിശാസ്ത്രം, ചരിത്രം, ക്ഷേത്രവ്യവഹാരം എന്നിത്യാദി ശാസ്ത്രീയവിഷയങ്ങളെ സംബന്ധിച്ചും ബുക്കുകമ്മിററി ചില പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. എങ്ങനെ നോക്കിയാലും, ആധുനികഭാഷാഗദ്യത്തിൻെറ പിതൃസ്ഥാനം വലിയ കോയിത്തമ്പുരാനു നല്കുന്നതു് അനുചിതമായിത്തീരാൻ ഇടയില്ല.

കാളിദാസമഹാകവിയുടെ സംസ്കൃതകൃതിയായ അഭിജ്ഞാനശാകുന്തളം നാടകം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയതു മുതല്ക്കാണു വലിയ കോയിത്തമ്പുരാൻ "കേരള കാളിദാസ"നായിത്തീർന്നതു്. ഗദ്യത്തെപ്പററി

പറഞ്ഞുവരുന്ന ദോഷം—സംസ്കൃതപദ പ്രാചുര്യം—അദ്ദേഹത്തിൻെറ പദ്യകൃതികളെയും സാമാന്യമായി ബാധിച്ചിട്ടുണ്ട്. സംസ്കൃതപദപ്രചുരത നിമിത്തം മണിപ്രവാളശാകുന്തളം മലയാളികൾക്കു വിരളോപയോഗമായിത്തീൎന്നുവെന്നുള്ള കാരണം പറഞ്ഞു മറ്റുചിലർ അതു 'നല്ല മലയാളത്തിൽ' തൎജ്ജമ ചെയ്യുകയുണ്ടായി. പക്ഷെ, കേരളകാളിദാസൻെറ തൎജ്ജമയ്ക്കുള്ള ഗാംഭീൎയ്യവും, സ്വാരസ്യവും, സംഗീതാത്മകതയും മററു തൎജ്ജമകളിൽ സാൎവ്വത്രികമായി കാണുന്നില്ലെന്നാണു പണ്ഡിതമതം. അമരുകശതകം, അന്യാപദേശ ശതകം തുടങ്ങിയ വേറെയും ചില തൎജ്ജമകൾ അദ്ദേഹത്തിൻെറ വകയായിട്ടുണ്ട്.

ആയില്യം തിരുനാൾ മഹാരാജാവിനു് ഒരിക്കൽ എന്തോ കാരണവശാൽ നീരസം തോന്നുകയാൽ 1050-ൽ വലിയ കോയിത്തമ്പുരാനെ ആലപ്പുഴക്കൊട്ടാരത്തിൽ അസ്വതന്ത്രനാക്കി താമസിപ്പിക്കുകയുണ്ടായി. ഒരു കൊല്ലത്തിനുശേഷം താമസം അരിപ്പാട്ട് അനന്തപുരത്തു കൊട്ടാരത്തിലേക്കു മാററിയെങ്കിലും അസ്വാതന്ത്ര്യത മുഴുവൻ നീങ്ങിയിരുന്നില്ല. 1055-ൽ വിശാഖം തിരുനാൾ സിംഹാസനാരൂഢനാകുന്നതുവരെ ആ അസ്വാതന്ത്ര്യം നീണ്ടുനിന്നു. ആ കാലമത്രയും റാണി ലക്ഷ്മീഭായി തിരുവനന്തപുരത്തു തീവ്രമായ വിരഹദുഃഖം അനുഭവിച്ചു കഴിഞ്ഞുകൂട്ടുകയായിരുന്നു. വിരഹിണിയായ പ്രിയതമയ്ക്കു് അരിപ്പാട്ടുനിന്നു് ഒരു സന്ദേശം പറഞ്ഞയക്കുന്ന രീതിയിൽ വലിയ കോയിത്തമ്പുരാൻ എഴുതിയ ഒരു മനോഹരകാവ്യമാണു് 'മയൂരസന്ദേശം'. അന്നു് അരിപ്പാട്ടു ക്ഷേത്രത്തിൽ കണ്ടുമുട്ടിയ ഒരു മയൂരത്തോടു സന്ദേശം പറഞ്ഞയയ്ക്കുന്നതായിട്ടാണു സങ്കല്പിക്കപ്പെട്ടിട്ടുള്ളതെങ്കിലും, അസ്വാതന്ത്ര്യത്തിൽനിന്നു വിമുക്തനായി പത്തുപതിനഞ്ചു കൊല്ലം കഴിഞ്ഞതിനുശേഷമാണു വാസ്തവത്തിൽ ആ കാവ്യത്തിൻെറ നിൎമ്മിതി. മലയാളഭാഷയിലുണ്ടായിട്ടുള്ള സന്ദേശകാവ്യങ്ങളിൽ ഇന്നും മുന്നിട്ടുനില്ക്കുന്നതു 'മയൂരസന്ദേശം' തന്നെയാണു്.

മലയാളകവിതയ്ക്കു ദ്വിതീയാക്ഷരപ്രാസം കൂടിയേ കഴിയൂ എന്ന അഭിപ്രായമാണു കേരളവർമ്മയ്ക്കുണ്ടായിരുന്നതു്. അതു സംബന്ധിച്ചു സാഹിത്യകാരന്മാരുടെ ഇടയിൽ ഒരു വഴക്കു തന്നെയുണ്ടായി. അതാണു 'പ്രാസയുദ്ധം' എന്ന പേരിൽ അറിയപ്പെടുന്നതു്. ആ വാദപ്രതിവാദം അവസാനിച്ചപ്പോൾ 'കേരളവർമ്മ പ്രസ്ഥാന'മെന്നും 'രാജരാജവർമ്മ പ്രസ്ഥാന'മെന്നുമുള്ള പേരുകളിൽ രണ്ടു കവിതാപ്രസ്ഥാനങ്ങൾ അംഗീകരിക്കപ്പെട്ടു. കേരളവർമ്മപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു വലിയ കോയിത്തമ്പുരാനും, രാജരാജവർമ്മപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു് അദ്ദേഹത്തിന്റെ ശിഷ്യാഗ്രഗണ്യനും പ്രിയഭാഗിനേയനുമായ ഏ. ആർ. രാജരാജവർമ്മത്തമ്പുരാനും ആയിരുന്നു. ഭാഗിനേയന്റെ താൽപര്യമനുസരിച്ചു പ്രാസനിർബ്ബന്ധം കൂടാതെ കേരളവർമ്മ രചിച്ച ഒരു മണിപ്രവാളകാവ്യമാണു 'ദൈവയോഗം'. ഹനുമദുത്ഭവം, ധ്രുവചരിതം എന്നു തുടങ്ങി നാലഞ്ചു ആട്ടക്കഥകളും അദ്ദേഹം എഴുതിയിട്ടുണ്ടു്.

കേരളവർമ്മ എഴുതിയ കൃതികളുടെ കാര്യമാണു് ഇതുവരെ പ്രസ്താവിച്ചതു്. അദ്ദേഹത്തിന്റെ പ്രോത്സാഹനംകൊണ്ടു് എത്ര പേരാണു് അന്നു സാഹിത്യലോകത്തിൽ രംഗപ്രവേശം ചെയ്തതെന്നുള്ളതിനു കണക്കില്ല. അക്കാലത്തു പുറപ്പെട്ടിരുന്ന പുസ്തകങ്ങളിൽ ഒരു വലിയ ഭൂരിപക്ഷം കേരളവർമ്മയുടെ സർട്ടിഫിക്കറ്റോടുകൂടിയവയായിരുന്നു. "ഗ്രന്ഥപരിശോധകന്റെ നിലയിൽ വെച്ചു നോക്കുകയാണെങ്കിൽ ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടയിലുണ്ടായിട്ടുള്ള മലയാള പുസ്തകങ്ങളിൽ എഴുപത്തഞ്ചുശതമാനവും അവിടത്തെ പരിശോധനയോടോ അഭിപ്രായത്തോടുകൂടിയെങ്കിലുമോ അല്ലാതെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല." എന്നാണു് 1081-ാമാണ്ടിൽ ചെയ്ത ഒരു പ്രസംഗത്തിൽ മഹാകവി ഉള്ളൂർ പ്രസ്താവിച്ചിട്ടുള്ളതു്.

കേരളകാളിദാസന്റെ ഭാഷാകവിതയെപ്പററി മാത്രമേ ഈ ലേഖനത്തിൽ പ്രധാനമായി പറഞ്ഞിട്ടുള്ളൂ. ഇതുപോലെയോ, അഥവാ ഇതിനേക്കാൾ കൂടുതലായോ

അദ്ദേഹം സംസ്കൃതത്തിലും കവിതയെഴുതീട്ടുണ്ട്. അതിനെപ്പററിയൊന്നും ഇവിടെ വിസ്തരിച്ചു പറയേണ്ട ആവശ്യമില്ല. എന്നാൽ രണ്ടു പുസ്തകത്തെപ്പററി ലഘുവായിട്ടെങ്കിലും സൂചിപ്പിക്കാതിരിക്കുന്നതു ശരിയായിരിക്കുമെന്നും തോന്നുന്നില്ല—വിശാഖവിജയവും ക്ഷമാപണസഹസ്രവും. ഇരുപതു സർഗ്ഗവും, ആയിരത്തി അഞ്ഞൂറോളം ശ്ലോകവുമുള്ള 'വിശാഖവിജയം' വിശാഖം തിരുനാളിൻെറ അപദാനങ്ങളെ വിഷയമാക്കി എഴുതീട്ടുള്ള ഒരു മഹാകാവ്യമാണ്. താൻ ചെയ്തുപോയ അപരാധമെല്ലാം ക്ഷമിച്ചു തന്നെ അസ്വാതന്ത്ര്യത്തിൽനിന്നു മോചിപ്പിക്കണമെന്ന് ആയില്യം തിരുനാളിനോടപേക്ഷിക്കുന്ന രീതിയിൽ, എഴുതിയ കരുണരസപ്രധാനമായ ഒരു കാവ്യമാണു 'ക്ഷമാപണസഹസ്രം'. അതിൽ ആയിരം ശ്ലോകം അടങ്ങീട്ടുണ്ട്.

1090 കന്നി 6-ാംനു-യായിരുന്നു വലിയ കോയിത്തമ്പുരാൻെറ ചരമം. ആ സാഹിതീഭക്തൻ മലയാളഭാഷയ്ക്കുവേണ്ടി അനുഷ്ഠിച്ച സേവനം ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല.

സാഹിത്യമുക്താവലി] [ഏ. ഡി. ഹരിശർമ്മ

അഭ്യാസം

1. കേരളകാളിദാസൻ മലയാളഭാഷയ്ക്കു ചെയ്തിട്ടുള്ള സേവനങ്ങളെപ്പററി ഉപന്യസിക്കുക.
2. കുറിപ്പുകൾ എഴുതുക :—
   വിശാഖവിജയം, ക്ഷമാപണസഹസ്രം.
3. അർത്ഥമെഴുതുക :—
   അതന്ദ്രം ; മൃഗയാ.
4. അപോദ്ധാരിക്കുക :—
   (a) ഞങ്ങളെല്ലാവരും നാട്ടിലേക്കു തിരിച്ചു.
   (b) ഞാൻ അവിടെ ചെന്നപ്പോൾ അദ്ദേഹം പുറത്തേക്കു ഇറങ്ങുകയായിരുന്നു.
   (c) മഴ നില്ക്കുകയും ഉഷ്ണം വീണ്ടും തുടങ്ങുകയും ചെയ്തു.

പാഠം 14

ലങ്കയിൽനിന്നും അയോദ്ധ്യയിലേക്ക്

രാവണവധാനന്തരം ലങ്കാരാജ്യത്തിലെ ഭരണവിഷയകമായ കാൎയ്യങ്ങൾ ഭദ്രമാക്കിയതിനുശേഷം ശ്രീരാമൻ പുഷ്പകവിമാനത്തിൽ സീതാസമേതനായി അയോദ്ധ്യാരാജ്യത്തിലേക്കു തിരിച്ചു. വിശാലമായ സമുദ്രപ്പരപ്പു മാത്രമേ ആദ്യം അവൎക്കു കാണുവാൻ കഴിഞ്ഞുള്ളു. വാനരസേന ലങ്കയിലേക്കു കടക്കാൻ നിൎമ്മിച്ച ചിറ, ഗംഭീരമായ സമുദ്രത്തെ രണ്ടായി പിളൎന്നുകൊണ്ടു നീളത്തിൽ കിടക്കുന്നതു് അവർ കണ്ടു. ആകാശദേശത്തു നിന്നുകൊണ്ടുള്ള സമുദ്രദൎശനം നയനാനന്ദകരമായിരുന്നു. ഉത്തുംഗങ്ങളായ തിരമാലകളും, പാരാവാരത്തിന്റെ പരപ്പും വിമാനത്തിൽ ഇരുന്നുകൊണ്ടു കാണുമ്പോൾ ഉള്ള പുതുമ അവർ ഇദംപ്രഥമമായി അറിഞ്ഞു. വേഗത്തിന്റെ കൂടുതൽകൊണ്ടു വിമാനം കുറച്ചു സമയത്തിനുള്ളിൽ സമുദ്രത്തിന്റെ മദ്ധ്യഭാഗം തരണംചെയ്തു തീരപ്രദേശത്തോടടുത്തു. അപ്പോഴേക്കും ഭൂവിഭാഗങ്ങളിൽക്കൂടി അനേകശതം നാഴിക യാത്രകഴിഞ്ഞു സമുദ്രത്തിൽ വന്നുചേരുന്ന നദീസമൂഹങ്ങളുടെ വിശാലമായ പതനമുഖങ്ങൾ ദൃശ്യമായി. ഭീമസത്വങ്ങളായ തിമിംഗലങ്ങൾ വാതുറന്നുകൊണ്ടു് നദീപ്രവാഹത്തിനു എതിരെ കിടന്നു് അനേകം മത്സ്യങ്ങളോടുകൂടി ആ ജലത്തെ വക്ത്രഗഹ്വരത്തിൽ പ്രവേശിപ്പിച്ചിട്ടു് ഉത്തരക്ഷണത്തിൽ ശീൎഷരന്ധ്രംവഴി ജലംമാത്രം വെളിയിൽ പായിച്ചു ചിതറുന്നതായ കാഴ്ച വളരെ വിചിത്രമായി അവൎക്കു തോന്നി. ഭയങ്കരങ്ങളായ കടലാനകൾ ചിലപ്പോൾ സമുദ്രത്തിന്റെ ഉപരിഭാഗത്തേക്കു പൊട്ടുന്നനവെ പൊങ്ങി തിരമാലകളെ മുറിച്ചുകൊണ്ടു സഞ്ചരിക്കുന്നതും അവർ കണ്ടു. വളരെ ദൂരത്തുനിന്നു കൃശമായി തോന്നിയ സമുദ്രതീരം ഏതാനും നിമിഷങ്ങൾക്കുള്ളിൽ സ്പഷ്ടദൃഷ്ടമായി. തീരപ്രദേശങ്ങളിലെ തമാലനീലമായ താലവൃക്ഷസമൂഹവും, ചെമ്പഴുക്കാക്കുല

കൾ തിങ്ങിക്കിടക്കുന്ന കമുകിൻ തോട്ടങ്ങളും, പ്രകൃതിമഹിമാവിനെ കാട്ടിക്കൊടുക്കുന്ന അത്ഭുതപൂർവ്വമായ ദർശനങ്ങളായിരുന്നു. പശ്ചിമതീരത്തിലെ സുഗന്ധ കുസുമങ്ങളിൽ പ്രഥമഗണനീയമായ കേതകീസുമത്തിൻെറ സൗരഭ്യസമ്പത്ത് ആകാശദേശത്തിലെ മന്ദമാരുതനിലും പ്രസരിച്ചിരുന്നു. സമുദ്രതീരംവിട്ട വിമാനം ശീഘ്രഗതിയിൽ ദക്ഷിണേന്ത്യയുടെ മുകൾഭാഗത്തേക്കു കടന്നപ്പോൾ, ശ്രീരാമൻ തൻെറ പ്രണയിനിയോടു പിമ്പിൽ തരണം ചെയ്ത ഭാഗത്തേക്ക് ഒന്നു കണ്ണോടിക്കുവാൻ പറഞ്ഞു. സീത അപ്പോൾ കണ്ട കാഴ്ച അദൃഷ്ടപൂർവ്വമായിരുന്നു. വിമാനവേഗത്താൽ പ്രതിക്ഷണം പിന്നിൽ തിരോധാനം ചെയ്തുകൊണ്ടിരുന്ന കാനനാവൃതമായ തീരപ്രദേശം സമുദ്രാന്തർഭാഗത്തുനിന്നു ഝടിതി മേല്പോട്ടുയന്നു വരുന്നുവോ എന്ന് അവക്കു തോന്നി. മേഘമാർഗ്ഗത്തിൽക്കൂടി വിമാനം സഞ്ചരിച്ചുകൊണ്ടിരിക്കവെ കൗതുകപ്രേരിതയായ സീത വിമാനത്തിൻെറ ജനൽദ്വാരത്തിൽക്കൂടി കൈ വെളിയിലേക്കിട്ടപ്പോൾ മിന്നൽപ്പിണറുകൾ കാപ്പണിഞ്ഞ ആ കയ്യിൽ ഒരു ദ്വിതീയാഭരണംപോലെ വലയം ചെയ്തു.

പുഷ്പകവിമാനം ജനസ്ഥാനത്തിൻെറ ഉപരിഭാഗത്തിൽ എത്തി. രാവണാദി രാക്ഷസന്മാരുടെ ഉപദ്രവത്തെ ഭയപ്പെട്ടു മുമ്പു താപസന്മാർ ഉപേക്ഷിച്ചിരുന്ന ആ പ്രദേശത്തെ രക്ഷോവിനാശവാത്തയറിഞ്ഞതോടുകൂടി മഹഷിമാർ വീണ്ടും തേടിപ്പിടിച്ച് അവിടവിടെ പർണ്ണശാലകൾ ചമച്ചു തുടങ്ങിയിരുന്നു. ആ പ്രദേശം കണ്ടപ്പോൾ ശ്രീരാമനു പൂർവ്വാനുഭൂതങ്ങളായ പല കാര്യങ്ങളും സ്മരണയിൽവന്നു. സീതാദേവിയോടു പിരിഞ്ഞിരുന്നപ്പോഴുണ്ടായ ആ വക സംഭവങ്ങൾ അദ്ദേഹം ഓരോന്നായി തൻെറ പ്രിയയെ പറഞ്ഞുകേൾപ്പിച്ചു. അവിടെ ഒരു സ്ഥലത്തുവെച്ചാണു സീതാന്വേഷണത്തിൽ യാതൊരു ലക്ഷ്യവും കിട്ടാതെ നടന്ന ആ ഭ്രാതാക്കന്മാർ ദേവിയുടെ നൂപുരം കണ്ടെത്തിയത്. സീതയുടെ ചരണപദ്മങ്ങളോടുള്ള വിരഹദുഃഖംകൊണ്ടോ എന്നു തോന്നുമാറു് ആ

നൂപുരം അപ്പോൾ ബദ്ധമൗനമായിട്ടാണ്‌ കിടന്നിരുന്നതു്. എങ്കിലും സീതയുടെ ഗമനമാർഗ്ഗം കാട്ടിക്കൊടുത്ത ഒരു മാർഗ്ഗദർശിയായിരുന്നു അതു്. ചുററുപാടും കാനനങ്ങൾകൊണ്ടു നിറഞ്ഞ സ്ഥലത്തുനിന്നു് ഏതൊരു ദിക്കിലേക്കാണു ദേവിയെ തിരഞ്ഞു പോകേണ്ടതെന്നു വിചാരിച്ചു് അന്നവർ വിഷമിച്ചുനിന്നപ്പോൾ ആശ്രമപ്രദേശത്തിലെ മൂകങ്ങളായ ലതകൾ അവയുടെ ശിരസ്സുകളാട്ടിയും, മഹർഷിമാരുടെ വാത്സല്യഭാജനങ്ങളായ കൃഷ്ണമൃഗങ്ങൾ അവയുടെ ഉൽപക്ഷ്മങ്ങളായ നേത്രങ്ങൾ ദക്ഷിണഭാഗത്തേക്കു കാട്ടിയും മാർഗ്ഗനിർദ്ദേശംചെയ്ത സ്നേഹകഥകൾ ശ്രീരാമൻ സീതയെ വിവരിച്ചു കേൾപ്പിച്ചു.

അനന്തരം അംബരചുംബികളായ ശൃംഗങ്ങളോടുകൂടിയ മാല്യവാൻപർവ്വതത്തിന്റെ മുകൾഭാഗത്തു അവർ എത്തി. അതിന്റെ താഴ്‌വരകളിൽ ഘോരമാരി ചൊരിഞ്ഞുകൊണ്ടിരുന്ന ഒരു വർഷകാലത്താണു ജ്യേഷ്ഠാനുജന്മാർ അന്നു സീതാന്വേഷണനിരതരായി അവിടെ എത്തിയതു്. നിമിഷനേരത്തിനുള്ളിൽ ആ പ്രദേശവും തരണംചെയ്തിട്ടു വിമാനയാത്രക്കാർ പരിപാവനമായ പമ്പാസരസ്സിന്റെ ഉപരിഭാഗത്തെത്തി. വാനീരവനങ്ങളാൽ ആവൃതമായ തീരപ്രദേശവും, ശീതളശീകരങ്ങളെക്കൊണ്ടു് ആകാശവായുവിനെ ആനന്ദപ്രദമാക്കിയിരുന്ന സ്ഫടികസങ്കാശമായ ജലവും, അതിൽ കളിയാടിക്കൊണ്ടിരുന്ന സാരസപക്ഷികളെയും സീത അത്യാഹ്ളാദത്തോടുകൂടി ദർശിച്ചു. ശ്രീരാമന്റെ ദൃഷ്ടികൾ ആ പരിശുദ്ധതീർത്ഥം പാനംചെയ്യുന്നതിനോ എന്നു തോന്നുമാറു് അത്യന്തം സ്പൃഹയോടുകൂടി അങ്ങോട്ടേക്കു പാഞ്ഞു.

ഇതിനിടയ്ക്കു വിമാനം ഗോദാവരീനദിയുടെ മുകൾഭാഗത്തു് എത്തിക്കഴിഞ്ഞു. വിമാനവാതായനങ്ങളിലെ കിങ്കിണീഗണങ്ങളുടെ ശബ്ദശ്രവണത്തിൽ, ആ നദീജലത്തിൽ ക്രീഡിച്ചുകൊണ്ടിരുന്ന സാരസപക്ഷികൾ പ്രതിശബ്ദപ്രകടനത്തോടുകൂടി മേല്പോട്ടു പറന്നുചെന്നു പുഷ്പകവിമാനത്തെ സ്വാഗതം ചെയ്തു. അടുത്തുള്ള പഞ്ചവടി

പ്രദേശം കണ്ടപ്പോഴേയ്ക്കും ആ ദമ്പതിമാരുടെ ഹൃദയം വിവിധ വികാരങ്ങൾകൊണ്ടു വിജൃംഭിതമായി. പരമാർത്ഥത്തിൽ അവരുടെ ജീവിതകാലത്തിനിടയിൽ ഇത്ര സുസ്മരണീയമായ മറെറാരു സ്ഥലത്തു് അവർ വസിച്ചിട്ടില്ല. സീത സ്വന്തം കൈകൾകൊണ്ടു വെള്ളം ഒഴിച്ചു വളർത്തിയ തേന്മാവിൻ തൈകൾ ആ പ്രദേശത്തു ഇപ്പോഴും കാണ്മാനുണ്ടു്. സ്വസന്താനങ്ങളോടൊപ്പം സീത ഓമനിച്ചു് അന്നു വളർത്തിവന്ന കൃഷ്ണമൃഗങ്ങൾ തന്റെ മധുരശബ്ദംകേട്ടു വിമാനത്തിലേക്കു് അത്യാകാംക്ഷയോടുകൂടി തലയുയർത്തി നോക്കുന്നതു കണ്ടപ്പോൾ സീതയുടെ ഹൃദയം വാത്സല്യാതിരേകംകൊണ്ടു തരളീകൃതമായി. അവയെ ഒന്നു പുണർന്നിട്ടു പോയാലോ എന്നു സീത വിചാരിച്ചു. ഗോദാവരീതീരത്തിലെ വാനീരനികുഞ്ജങ്ങളെ അവൾക്കു് ഒരുകാലത്തും വിസ്മരിക്കാൻ സാദ്ധ്യമല്ല. ശ്രീരാമൻ അക്കാലത്തു ദിവസംപ്രതിയുള്ള മൃഗയാവിനോദത്തിനു ശേഷം മദ്ധ്യാഹ്നത്തിൽ ക്ഷീണനായി തിരിച്ചുവന്നു്, അതിശീതളമായ വള്ളിക്കുടിലുകളിൽ പ്രവേശിച്ചു സീതയുടെ അങ്കതലത്തിൽ ശിരസ്സമർപ്പിച്ചു സുഖനിദ്ര ചെയ്തിരുന്ന ആ നിമിഷങ്ങൾ സ്മൃതിപഥത്തിലെത്താത്ത ഒരൊറെ ദിവസംപോലും ശ്രീരാമന്റെ ജീവിതത്തിലില്ല. പഞ്ചവടീദർശനത്തിൽ പൂർവ്വാധികം ശക്തിയോടുകൂടി ആവിർഭവിച്ച ഈ വികാരധാരയെ അദ്ദേഹം പ്രണയിനിക്കുകൂടി പകർന്നുകൊടുത്തപ്പോൾ, മുൻപു് അനുഭവിച്ചതായ ആനന്ദത്തിന്റെ സ്മരണകൊണ്ടു സീതയുടെ മുഖപത്മം പ്രകാശമാനമായി കാണപ്പെട്ടു.

പഞ്ചവടിയിലെ ആത്മബോധപ്രദമായ നഭോമണ്ഡലം ആ വിമാനസഞ്ചാരികളുടെ ഹൃദയത്തെ ആനന്ദതുന്ദിലമാക്കിത്തീർത്തു. ആശ്രമവാടങ്ങളിൽനിന്നു പൊങ്ങിയ ഹവിർഗന്ധിയായ ഹോമധൂമപടലങ്ങൾ അവർക്കു് എന്തെന്നില്ലാത്ത ഒരു ആത്മനിർവൃതി അരുളി. മഹാതപസ്വിയായ അഗസ്ത്യന്റെ ആശ്രമപ്രദേശമാണു് ആദ്യം കണ്ടതു്. അവിടെനിന്നു സ്വല്പം ചെന്നപ്പോൾ സാക്ഷാൽ സ്വർഗ്ഗീയമായ സംഗീതം ഭൂമിയിൽനിന്നു്

ഉദ്ഗളിച്ചു വിമാനത്തിൻെറ ചന്ദ്രശാലാന്തരങ്ങളിൽ പ്രതിദ്ധ്വനിക്കുന്നതായി അവക്കു തോന്നി. ആ സംഗീത ധോരണിയുടെ പുറപ്പാടു ശാതകർണ്ണ്യൻ എന്ന മഹഷി യുടെ ദിവ്യസൗധത്തിൽ നിന്നായിരുന്നു. സദാ സംഗീത ധോരണികൊണ്ടു മുഖരിതമായ ആ സൗധം ദിവ്യനായ മഹഷിവയ്യൻ ഒരു സരസ്സിനുള്ളിൽ അന്തർഹിതമായി പണിചെയ്യിട്ടുള്ളതാണെന്ന വിചിത്രവസ്തുത സീതയെ മനസ്സിലാക്കിയിട്ട് വൃക്ഷസമൂഹങ്ങൾക്കിടയിൽക്കൂടി മേഘാവൃതമായ ചന്ദ്രനെപ്പോലെ പ്രസ്പഷ്ടമായി കാണാ മായിരുന്ന ആ സരസ്സു ശ്രീരാമൻ ചൂണ്ടിക്കാണിച്ചു കൊടുത്തു, അനന്തരം അവർ കണ്ടതു സുതീക്ഷ്ണാശ്രമ മായിരുന്നു. തപശ്ചയ്യകൾക്കിടയ്ക്കു രുദ്രാക്ഷമാല്യമ ണിഞ്ഞ ആ കൈകൾകൊണ്ടു മാൻകുട്ടികൾക്കു തൃണ കബളങ്ങൾ കൊടുത്തും, അവയെ തലോടി രസിപ്പിച്ചും, ഇരുന്ന ആ മഹഷിവയ്യൻ ദൂരെവെച്ചുതന്നെ വിമാനചാ രികളാരാണെന്നു മനസ്സിലാക്കിക്കഴിഞ്ഞു. ബഹുമാനപുര സ്സരം അദ്ദേഹം കൂപ്പുകൈകൾ ആകാശത്തിലേക്കുയത്തി ഭക്തിയോടുകൂടി രാമനെ നമിച്ചു. ശിരോനമനംകൊണ്ടു രാമൻ അതിനെ സ്വീകരിച്ചതിനിടക്കു നിമിഷനേരത്തി നുള്ളിൽ സുതീക്ഷ്ണാശ്രമം പിന്നിൽ മറയുകയും ചെയ്തു. ആ പ്രദേശം വിട്ടു ശാന്തമോഹനമായ ശരഭംഗാശ്രമ വാടിയും, അനന്തരം ചിത്രകൂടാചലവും കഴിഞ്ഞു് അവർ ഗംഗാനദിയുടെ തീരത്തുള്ള അത്ര്യാശ്രമത്തിൻെറ ഉപരി തലത്തിൽ എത്തി. അവിടെ, സീതയ്ക്കു മുമ്പുതന്നെ പരി ചയമുള്ള പല കാഴ്ചകളും വീണ്ടും കാണുവാൻ സാധിച്ചു.

അല്പസമയത്തിനുള്ളിൽ ഗംഗയും യമുനയും കൂടി സമ്മേളിക്കുന്ന പരിപാവനമായ പ്രയാഗതീത്ഥം അവക്കു ദൃശ്യമായി. സംസാരബന്ധമററു് ആത്മനിർവൃതി വരുന്നതിനു കാംക്ഷിക്കുന്ന നിരവധി ജനങ്ങളാൽ പരി സേവിതമായ ആ പ്രദേശം മാംസദൃഷ്ടികൾക്കും നിർവൃതി ദായകമായ ഒരു രംഗമായിരുന്നു. ഗംഗാനദിയുടെ സ്ഫാടിക ജലവും, സരയൂവിലെ നീലജലവും കൂടിയുള്ള സംഗമം അത്യന്തം വിചിത്രമായിട്ടുള്ള ഒന്നാണു്. മുത്തുമാലയ്ക്കി

ട്ടു് ഇന്ദ്രനീലക്കല്ലുകൾ ചേർത്തപോലെയും, വെള്ളത്താമരമാലയിൽ നീലപങ്കജങ്ങൾ ചേർത്തപോലെയും, പൂനിലാവിനിടയ്ക്കു് ഇരുളിന്റെ നിഴൽ കലർന്നപോലെയുമുള്ള ഒരു മനോഹര സമ്മേളനമാണു വിമാനചാരികൾ അവിടെ കണ്ടതു്. അയോദ്ധ്യാരാജാക്കന്മാരുടെ ആത്മമിത്രമായ ഗുഹന്റെ വസതി അവിടെനിന്നു് അത്ര ദൂരത്തായിരുന്നില്ല. പണ്ടു വനയാത്രാകാലത്തു തങ്ങളെ അനുഗമിച്ചിരുന്ന സുമന്ത്രർ അശ്രുകലുഷിതമായ നേത്രത്തോടും, ഗദ്ഗദകണ്ഠത്തോടുംകൂടി യാത്ര പറഞ്ഞു പിരിഞ്ഞതും അവിടെവെച്ചായിരുന്നു. അവിടെവെച്ചുതന്നെയാണു് ശ്രീരാമൻ ആദ്യമായി ജടാഭാരമണിഞ്ഞതു്. ആ സ്മരണീയമായ സ്ഥലം കണ്ടപ്പോൾ സീതയുടെ ഹൃദയം വിവിധ വികാരങ്ങൾകൊണ്ടു മഥിതമായി.

അനന്തരം സരയൂനദിയുടെ ഉപരിഭാഗത്തുകൂടി സഞ്ചരിക്കവെ, ശ്രീരാമന്റെ ആഗമനവൃത്താന്തം ഹനുമാനിൽനിന്നും നേരത്തെ കേട്ടറിഞ്ഞിരുന്ന ഭരതനും, അദ്ദേഹത്തിന്റെ സചിവസൈന്യാദികളും ഒത്തൊരുമിച്ചു രാമലക്ഷ്മണാദികളെ സ്വീകരിച്ചു രാജധാനിയിലേക്കു കൊണ്ടുപോകുവാൻ വന്ന വരവു് അവർ കണ്ടു. വിമാനം സാവധാനം ഭൂതലത്തിൽ ഇറങ്ങിക്കഴിഞ്ഞപ്പോഴേയ്ക്കും, പ്രിയജനങ്ങൾ തമ്മിൽ ദീർഘകാല വിരഹത്തിനുശേഷമുള്ള പുനർദർശനത്തിലുണ്ടാകുന്ന വാത്സല്യാനന്ദപ്രകടനങ്ങൾകൊണ്ടു ഹൃദയാവർജ്ജകമായ ഒരു രംഗം അവിടെ സംജാതമായി.

ഭാവരശ്മികൾ] [പി. കെ. പരമേശ്വരൻനായർ

അഭ്യാസം

1. ലങ്കയിൽനിന്നും അയോദ്ധ്യയിലേക്കു വിമാനമാർഗ്ഗം യാത്ര ചെയ്തപ്പോൾ കണ്ട കാഴ്ചകളെപ്പറ്റി, സീത, ലക്ഷ്മണന്റെ ഭാര്യയായ

ഉമ്മ,ഉയോട്ട പറയുന്നതായി സങ്കല്പിച്ചു കൊണ്ട് എഴുതുക.

2. ചൂർണ്ണിക, സങ്കീർണ്ണകം, മഹാവാക്യം—ഇവയ്ക്ക് ഓരോ ഉദാഹരണമെഴുതുക.

പാഠം 15

തോന്നയ്ക്കൽ കണ്ട കാഴ്ച

കൊല്ലത്തുനിന്നു തിരുവനന്തപുരത്തേക്കുള്ള ട്രാൻസ്പോർട്ട ബസ്സിൽനിന്നു ഞങ്ങൾ അവിടെയിറങ്ങി— ആററിങ്ങൽനിന്നു കുറെക്കൂടിപ്പോയിട്ടൊരു ദിക്കിൽ ഇറങ്ങേണ്ടിടത്താണ് ഇറങ്ങിയതെന്ന് ഒരുമിച്ചുണ്ടായിരുന്നവർ പറഞ്ഞപ്പോഴേ സ്ഥലം തോന്നയ്ക്കലാണെന്നു മനസ്സിലായുള്ളു. ബസ്സ് പോയിക്കഴിഞ്ഞു ; ഞാൻ നാലു പാട്ടുമൊന്നു നോക്കി. യാതൊരാളനക്കവും കണ്ടില്ല ; പ്രതീക്ഷിച്ചതിനുനേരെ വിപരീതം. കുറഞ്ഞപക്ഷം ചില്ലറ സാമാനങ്ങൾ വില്ക്കുന്നൊരു പീടികയും, തൊട്ടൊരു ബീഡിക്കടയും, വിശേഷാൽ ഒരു കാപ്പിക്കുബ്ബും, ഒരു ബാർബർ സലൂണും, ഒരായുർവ്വേദ ഔഷധശാലയും കാണേണ്ടതല്ലേ നാലു പേരറിയുന്നൊരു സ്ഥലമാണെങ്കിൽ ? അങ്ങനെ വിചാരിച്ചതേ അബദ്ധം. ബസ്സിൽ നിന്നിറങ്ങിനിന്ന ഞങ്ങൾക്കു വല്ല സാമാനങ്ങളുമുണ്ടെങ്കിൽ എടുത്തു കൊണ്ടു പോരുവാൻ ഒരു വിളിപ്പാടകലെ നിന്നൊരു മനുഷ്യൻ വരുന്നതു കണ്ടപ്പോഴാണ് അവിടം ശുദ്ധ ശൂന്യമല്ലെന്നെനിക്കു ബോധ്യമായതു്. ഒരു പത്തടി റോഡിലൂടെയങ്ങു പോയി. അതാ വലിയൊരു പറമ്പിലേക്കു കടക്കുവാനുള്ള പടി—അതിൻെറ മീതെ 'ശാരദാ ബുക്കു ഡിപ്പോ'വെന്നെഴുതി വെച്ചൊരു ബോർഡും. ഇതെന്തൊരു കഥ ! യാതൊരാൾത്തി

രക്കമില്ലാത്ത വഴിവക്കത്തു നോക്കെത്താത്ത മട്ടിൽ പരന്നു കിടക്കുന്നൊരു വെറും പറമ്പിലോ 'ശാരദാ ബുക്കു ഡിപ്പോ'? തോന്നയ്ക്കൽ സ്ഥലം വാങ്ങി താമസമാരംഭിച്ചപ്പോൾ അദ്ദേഹത്തിൻെറ ബുക്കുഡിപ്പോവും അവിടെത്തന്നെ ആയെന്നേയുള്ളു—സംശയം തീർത്തു തന്നു, കൂടെപ്പോന്നവർ. പടികടന്നു് ആ വിസ്താരമേറിയ പറമ്പിനകത്തേക്കു നടന്നു. തെങ്ങുംതോപ്പാണു്; പട്ടവൃക്ഷങ്ങളുമുണ്ടു്. ശുശ്രൂഷ കുറഞ്ഞതിനാൽ ഒന്നിനുമില്ലൊരുത്സാഹം. കുട്ടിക്കാലത്തു കൂട്ടരുമൊന്നിച്ചു മാങ്ങാ പെറുക്കാൻ പോകാറുള്ളൊരു കുററൻ മനപ്പറമ്പിൻെറ ഛായ തോന്നി ആകപ്പാടെ കണ്ടപ്പോൾ. പടിക്കൽനിന്നു നേരേ ഉള്ളിലേക്കു് ആരെയും പുഞ്ചിരി തൂകി സ്വാഗതം ചെയ്യുന്നൊരു വഴിത്താരയുണ്ടു്. അതിലൂടെ കയറിച്ചെന്നതു മോഹനമായൊരു കൊച്ചു ബംഗ്ലാവിൻെറ നടയിലാണു്. ഏററവും പരിഷ്കരിച്ച മട്ടിൽ പണി തീർത്ത ഒററനിലക്കെട്ടിടം. എന്തു്? ഇത്രയും കമനീയമായൊരു ഭവനത്തിൽ സുഖമായി ജീവിക്കുന്നതിനു ഭാഗധേയമുണ്ടായിരുന്നുവോ അദ്ദേഹത്തിനു്? ഇല്ല—ഞാൻ തിരുത്തപ്പെട്ടു. അദ്ദേഹം മൺമറഞ്ഞതിനു ശേഷമേ ഉണ്ടായുള്ളൂ ആ കെട്ടിടം. അദ്ദേഹം ആശിച്ചിരുന്ന പ്ലാൻ അനുസരിച്ചു പിന്നീടു മററുള്ളവർ തീർപ്പിച്ചതാണു്. അപ്പോൾ അദ്ദേഹം താമസിച്ചതോ? കൂടെപ്പോന്നവർ ചൂണ്ടിക്കാണിച്ചു, കുറച്ചകലെ ഒരു വശത്തേക്കൊഴിഞ്ഞു നിന്ന കൊച്ചു മൺചുമർക്കുടിൽ. എനിക്കു ബംഗ്ലാവിൻെറ വരാന്തയിൽ ഇരിപ്പുറയ്ക്കാതായി. ആ മൺചുമർവീടാകെ നോക്കിക്കാണാൻ എന്തെന്നില്ലാത്തൊരു തിടുക്കം.

നേരേ പോയതു മറെറങ്ങോട്ടുമല്ല, ആ 'ചാത്ത'ൻെറ കുടിലെടുത്തു മ്യൂസിയത്തിൽ സ്ഥാപിച്ച മഹാമനുഷ്യൻെറ ചെററക്കുടിലിലേക്കുതന്നെ. ഇരുപത്തിമുക്കോലേ പതിനാറിൽ കൊള്ളുന്ന രണ്ടു മുറിയും, താഴ്‌വാരത്തിൽ അടുക്കളയുമായി ഒരു കൊച്ചോലപ്പുര. കളിമൺചുമർ; ഉപായത്തിലൊന്നു ചെത്തിപ്പൂശിയിട്ടുണ്ടു്. തട്ടില്ല; മേൽക്കൂരയിലെ കണ്ണോട്ടകളിലൂടെ ആകാശം

കാണാം. പ്ലാവിൻചുവട്ടിൽ വെളിച്ചംകൊണ്ടു പുള്ളി കുത്തിയ തണൽ കണ്ടിട്ടില്ലേ? ഏതാണ്ടാമട്ടാണു മുറിക്കകം: ചാണകം തളിച്ചു മെഴുകീട്ടുണ്ടു്, അകവും ഇറയവും: എന്തിനു വളരെ? 'ഒരു ചൊവ്വും ചന്തവുമില്ല കുടിലു കണ്ടാൽ'. തൊട്ടുതന്നെ ഒരൊറ്റമുറിച്ചായ്പിയുമുണ്ടു്. ഇടയ്ക്കൊഴിഞ്ഞിരിക്കാൻ പറ്റും. അതിലെച്ചുമർപ്പൊത്തിൽ പൊട്ടമണ്ണെണ്ണച്ചിമ്മിനി കൊളുത്തി വെച്ചിരുന്നതിന്റെ പാടുണ്ടു്. കരിനാളം മായാതങ്ങനെ കിടക്കുന്നു. അതു കണ്ടിട്ടു ഞങ്ങൾ മുഖത്തോടു മുഖം നോക്കി കഷ്ടം വെച്ചുനിന്നു: അവിടെ ആ കേരളത്തിന്റെ കാളിദാസൻ കവിതയെഴുതാൻ ഇരുന്ന ഇരുപ്പോർത്തിട്ടു ഞങ്ങൾക്കെന്തൊക്കെയോ തോന്നി. പക്ഷേ ഇന്നു ഞാൻ സമാധാനപ്പെടുന്നു, ടൈംബോംബുകൾ പോലെ ആശാനിൽനിന്നു ഉതിന്ന വിപ്ലവസൂക്തികൾക്കങ്ങനെയൊരു പണിപ്പുര വേണ്ടിയിരുന്നുവെന്നു്: ജീവിതം, അടിച്ചമർക്കപ്പെട്ട ജീവിതം—അതിൽനിന്നേ പിണർക്കുള്ള മിന്നൽക്കൊടികൾ.

പതിവിൽക്കവിഞ്ഞല്പമൊരു സമ്പാദ്യമുണ്ടായപ്പോൾ പട്ടണത്തിന്റെ കശപിശകളിൽനിന്നകന്നു സ്വൈരമായിരുന്നു ജീവിതത്തെക്കുറിച്ചാലോചിക്കാനുമെഴുതാനും പറ്റിയൊരിടം നോക്കി അദ്ദേഹം വാങ്ങിയതാണത്രെ തോന്നയ്ക്കൽ കെട്ടിടം. റോഡിൽനിന്നു കടൽവക്കോളമങ്ങു വിരിഞ്ഞുകിടക്കുന്ന ആ പറമ്പിൽ പറയത്തക്ക കായ്മരങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. തെങ്ങും മറ്റനുഭവങ്ങളും വെച്ചുപിടിപ്പിച്ചു നേരിട്ടു ശുശ്രൂഷകൾ ചെയ്യുന്നതിലായിരുന്നു പിന്നെ കുറേ കാലത്തേക്കദ്ദേഹത്തിനുത്സാഹം.

* * * * *

ഒരു ഭാഗത്തു റോഡിലൂടെ വന്നും പോയുമിരുന്ന സഹജാതരോടും, മറുഭാഗത്തു കടലിൽനിന്നടിച്ചു കയറിയിരുന്ന തിരമാലകളോടും, സുഖാസുഖങ്ങളന്വേഷിച്ചറിഞ്ഞു, നെടുവീർപ്പിട്ടു, പറമ്പിന്റെ ഒരറ്റത്തുനിന്നു മറ്റേത്തലയോളം മൂളിമൂളിയങ്ങനെ നടന്നു് ഇടയ്ക്കു കയറി

വന്നു് ആ ചെററപ്പുരയിലിരുന്നോരോന്നു കുറിച്ചിടുക യായിരുന്നു അദ്ദേഹത്തിന്റെ കവിതാനിമ്മാണ പരി പാടി. ആശത്തിരക്കിൽനിന്നൊഴിഞ്ഞന്തർനേത്രനായി മനസ്സിന്റെ ത്രിവിധശക്തികളും (വികാരം, ഭാവന, വിചാരം) ഒരുമിപ്പിച്ചേ അദ്ദേഹം എന്നും എഴുതിയിരു ന്നുള്ളു. ആ പ്രകൃതത്തിനൊന്നാന്തരം തെളിവാണു് അദ്ദേഹം തിരഞ്ഞെടുത്ത തോന്നയ്ക്കൽ പാപ്പിടം. തിരു വനന്തപുരത്തുവെച്ചുതന്നെയും കുമാരനാശാൻ കവിത എഴുതിയിരുന്നതു ചുററുമിരുന്ന പുസ്തകങ്ങൾ മറിച്ചു നോക്കിയിട്ടല്ല, മ്യൂസിയംപോലുള്ള സൈ്വരവിഹാര സ്ഥാനങ്ങളിൽ പോയൊററയ്ക്കു നടന്നുവന്നിട്ടാണെന്നു കേട്ടിട്ടുണ്ടു്.

ബംഗ്ലാവിലേക്കു മടങ്ങുമ്പോൾ ഞങ്ങൾക്കു്, ആ പുര യിടം പൊളിച്ചുനീക്കാതെ സൂക്ഷിച്ചതിൽ മിസ്സിസ്സ് ആശാൻ കാണിച്ച ഉചിതജ്ഞതയായിരുന്നു പ്രതിപാ ദനവിഷയം. മറുരാജ്യങ്ങളിലെപ്പോലെ മഹാന്മാരായ സാഹിത്യകാരന്മാരുടെ വസതികൾ സംസ്കാരതീത്ഥങ്ങ ളായി നിലനിത്തുന്ന സമ്പ്രദായം നമ്മുടെ നാട്ടിലില്ല. യഥാർത്ഥത്തിൽ അമ്മാതിരി സ്ഥാനങ്ങൾ ഒന്നു സന്ദശി ച്ചാൽ തന്നെ, നമ്മുടെ സാഹിത്യകാരന്മാക്കു നൈരാശ്യം കുറയും, സ്വശക്തികളെക്കുറിച്ചു സവിനയമാലോചിക്കാ നിടകിട്ടും, ഇല്ലാത്തൊരുത്സാഹം താനേ ഉണ്ടാവുകയും ചെയ്യും. യൂറോപ്പിൽ അദൃഷ്ടശക്തികൾക്കു ഖില കുറ ഞ്ഞുവരുന്ന ഈ യുഗത്തിലും എത്ര വളരെ സഹൃദയ ന്മാർ, കഴിഞ്ഞുപോയ സാഹിത്യകാരന്മാരുടെ സദനങ്ങൾ സന്ദശിക്കുന്നു! അവിടങ്ങളിലെ മൺതരികൾക്കുപോലും കഴിവുണ്ടു്, സന്ദശകന്മാരിൽ അന്യാദൃശമായൊരു സാഹിത്യചൈതന്യം കോരിപ്പകരുവാൻ. അമ്പലപ്പുഴ ചെമ്പികശ്ശേരിക്കൊട്ടാരത്തിന്റെ തെക്കേ ഇടവഴിയിൽ ക്കൂടി തകഴിയിലേക്കു പോകുമ്പോൾ ആ കുഞ്ചൻ നമ്പ്യാർ താമസിച്ചിരുന്ന ഇടിഞ്ഞുപൊളിഞ്ഞു വീഴാറായ കൊച്ചോലപ്പുര ഓരോതവണയും എന്റെ മനസ്സിൽ കൊണ്ടിട്ടുണ്ടു്. അഹോ! ആ തുള്ളൽക്കാരൻ കവിയുടെ ചെറെറക്കുടിലിലേക്കാർ തിരിഞ്ഞു നോക്കുന്നു! ഒരു കാല

ഘട്ടത്തിലെ കേരളീയസംസ്കാരം മുഴവൻ അനന്തര പരമ്പരകൾക്കായി സഞ്ചയിച്ച രേഖപ്പെട്ടത്തിത്തന്നതു് ആ മൺചുമർ വീട്ടിൽ വെച്ചാണല്ലോ എന്നോർത്തിട്ട പൊട്ടന്നനെ ഹൃദയം വേദനിച്ചിട്ടുണ്ടു്, ശിരസ്സു താനേ കുനിഞ്ഞിട്ടുമുണ്ടു്. തൊട്ടപ്പുറത്തു്, സമസ്തൈശ്വൎയ്യങ്ങൾ ക്കൊന്നും ബാക്കിവെയ്ക്കാതെ സ്വപ്രാഭവമഭിനയിച്ച മരി ത്ത ചെമ്പകശ്ശേരിത്തമ്പുരാൻെറ വലിയ വലിയ സ്മാരക ങ്ങളങ്ങനെ പൊൽത്താഴികക്കുടങ്ങളുമേന്തി വിളങ്ങുക യാണു്. മററൊന്നിനും വേണ്ടിയല്ല, ആ പാൽപ്പായസ ത്തിനുവേണ്ടി മാത്രമെന്നു പറയട്ടെ. (സാഹിത്യത്തി നണ്ടോ ഇപ്പോഴും ഈ രാജ്യത്തു പൗരാവകാശം.)

ബംഗ്ലാവിൽ വന്നിട്ട ഞങ്ങൾക്കു പരിശോധിപ്പാനി ടയായതു് ആശാൻ ഉപയോഗിച്ചിരുന്ന പുസ്തകങ്ങളാണു്. വലിയ ലൈബ്രറി ഒന്നുമില്ല; ഒരു പത്തമ്പതു പുസ്തക ങ്ങളേ ഉള്ളൂ. കുറച്ചെണ്ണംകൂടി ഉണ്ടായിരുന്നുവെന്നു മിസ്സിസ്സ് ആശാൻ പറഞ്ഞു. ഉററവർ അവയെല്ലാം അവരവരുടെ ഉപയോഗംനോക്കി എടുത്തുകൊണ്ടു പോയി. പക്ഷെ അതത്ര സാരമാക്കാനില്ല. കടിച്ചാൽ പൊട്ടാത്തവയെല്ലാം അവിടെ ശേഷിച്ചിട്ടുണ്ടു്—ആശാ നെപ്പോലെ ചിന്താശീലമല്ലാത്തവക്കു് ആവശ്യമില്ലാ ത്തവയും ആശാനേററവും ആവശ്യമായിത്തീൎന്നവയുമായ കൃതികൾ. ഒന്നാമതായി ഞങ്ങളെ ആകർഷിച്ചതു, നാനാ ധൎമ്മങ്ങളെയും അധികരിച്ചുള്ള ഗ്രന്ഥങ്ങളാണു്. ബൗദ്ധ ഹൈന്ദവ ക്രൈസ്തവ മാഹമ്മദാദി ധൎമ്മങ്ങളുടെയെല്ലാം ചെപ്പേട്ടുകൾ അവിടെയുണ്ടു്. ഓരോന്നും വരിയെണ്ണി വായിച്ചു ചുകന്ന പെൻസിൽ കൊണ്ടടയാളപ്പെട്ടത്തി യിരിക്കുന്നു. ഒപ്പം ദൎശനസംഹിതകളും. തത്ത്വജിജ്ഞാ സസ്സു പൗരസ്ത്യവും, പാശ്ചാത്യവുമായ പദ്ധതികളിലൂടെ ചെല്ലാവുന്നിടത്തൊക്കെ ചെന്നിട്ടുണ്ടദ്ദേഹമെന്നു ബോ ധ്യമാകും, അദ്ദേഹത്തിൻെറ കൈവിരൽപ്പാടുകൾ പതിഞ്ഞിട്ടുള്ള പുസ്തകങ്ങൾ തുറന്നു നോക്കുമ്പോൾ. മനുഷ്യ ജീവിതത്തിൻെറ അകവും പുറവും ഒന്നുപോലെ കണ്ടു് അതിനെ സമഗ്രമായി ചിത്രീകരിക്കത്തക്ക കല്പ

നകൾ ബഹുദൂരം ചെയ്തു് ആകപ്പാടെ ഒരു സമഞ്ജസ്സരൂപത്തിൽ തട്ടിക്കൂട്ടിയെടുപ്പാൻ വേണ്ടുന്ന ഉള്ളുതുറന്ന ബുദ്ധി അദ്ദേഹത്തിനുള്ളത്ര മറെറാരു കേരളീയകവിക്കും കണ്ടിട്ടില്ലെന്നുള്ള അഭിപ്രായം ഞാൻ വെളിവാക്കി. തിരഞ്ഞു തിരഞ്ഞു ചെന്നപ്പോൾ സ്നേഹസിദ്ധാന്തം എന്നൊരു ചെറിയ പുസ്തകം കാണുകയുണ്ടായി, ഒരു ചീനക്കാരൻെറ കൃതിയാണെന്നാണോർമ്മ. ശ്രീബുദ്ധൻെറ ജീവകാരുണ്യാദർശത്തെ പുരസ്കരിച്ചെഴുതിയതാണു് അതെന്നു തോന്നുന്നു. ഓരോ പേജിലും പല പല വാക്യങ്ങൾ അടിയിലും മാർജ്ജിനിലുമായി അടയാളപ്പെടുത്തിയിട്ടുണ്ടു്. ആശാൻെറ എല്ലാ കാവ്യങ്ങളുടെയും ഉൾച്ചരടായ സ്നേഹാദർശം ആ ചക്കയിലായിരിക്കണം ഊറിയതു്. ഒന്നു മറിച്ചു നോക്കുവാനല്ലാതെ വായിക്കുവാനൊത്തില്ല. കാവ്യങ്ങളിൽ രാമായണവും മേഘസന്ദേശവും ഒഴിച്ചുള്ളതെല്ലാം പോയ്പ്പോയിരിക്കുന്നു. കാളിദാസകൃതികളെപ്പോലെ ചിലതല്ലാതെ നാഗരലിപിയിൽ കണ്ടതെല്ലാം ശ്രേഷ്ഠകൃതികളായി അവിടെ സൂക്ഷിച്ചിരുന്നില്ലെന്നാണറിവു്. പാരഡൈസ് ലോസ്ററു, ബ്രൌണിംഗിൻെറ കവിതകൾ, ഷേക്സ്പീയർ......ഇങ്ങനെ ചിലതാണു് ഇംഗ്ലീഷ് കൃതികളിൽ ശേഷിച്ചിട്ടുള്ളതു്. അവയിലും കൈത്തഴക്കത്തിൻെറ ചിഹ്നങ്ങൾ ധാരാളമുണ്ടു്. ഷെല്ലിയുടെയും മററും കൃതികൾ ചിലർ പഠിക്കാനെടുത്തുകൊണ്ടു പൊയ്ക്കളഞ്ഞു. വ്യാകരണാദികളുടെ പക്ഷത്തിൽ കൗമുദിയും ഭാഷ്യവും കെട്ടിക്കിടപ്പുണ്ടു്. ഇക്കാലത്തു സാമാന്യക്കാക്കാവശ്യമില്ലാത്തതിനാൽ നഷ്ടപ്പെടാഞ്ഞതായിരിക്കാം. ധാരാളം ഉപയോഗിച്ചവയാണവയും. ചില ചില സ്ഥാനങ്ങളിൽ കുറിച്ചിട്ടുള്ള പൂർവ്വപക്ഷങ്ങൾ കണ്ടാൽ തീർച്ചയാകും, ആശാൻ ശബ്ദാഗമത്തിൽ നല്ലൊരു ശ്രോത്രിയനായിരുന്നുവെന്നു്. എന്നിട്ടദ്ദേഹം വ്യാകരണത്തെക്കൂട്ടാക്കാത്ത ചില പ്രയോഗങ്ങൾക്കു ധൈര്യപ്പെട്ടതെന്തുകൊണ്ടാകാം? വ്യുൽപത്തി ദാർഢ്യമില്ലാഞ്ഞിട്ടോ ? അങ്ങനെ വ്യാഖ്യാനിച്ചേക്കും, ശബ്ദവ്യുൽപത്തിയാണു കാവ്യകല്പനയ്ക്കു റവിടം എന്നു വിശ്വസിക്കുന്നവർ. ആശാൻ കവിതയാ

രംഭിച്ചതു ശബ്ദജ്ഞാനത്തിൽ നിന്നല്ല, ചിരിച്ചും കരഞ്ഞും സംസ്കാര വിനീതമായിത്തീൎന്ന സ്വന്തം ഹൃദയത്തിൽനിന്നാണു്. തന്റെ ഹൃദയനിവേദനങ്ങൾക്കു വഴങ്ങിക്കൊടുക്കേണ്ട ഉപകരണങ്ങളായിട്ടേ അദ്ദേഹം ശബ്ദങ്ങളെ കണക്കാക്കിയിരുന്നുള്ളു. കുവലയാനന്ദം തൊട്ടു ചില്ലറ അലങ്കാര ഗ്രന്ഥങ്ങളും കൂട്ടത്തിൽ കണ്ടു. അവയിൽ എന്നെ ഏററവുമാകൎഷിച്ച ഒന്നുണ്ടു്—വ്യംഗ്യഭംഗികളെപ്പററി സവിസ്തരം പ്രതിപാദിക്കുന്ന ഒരു കൊച്ചുപുസ്തകം. ബങ്കാളിലടിച്ചതാണു്; ഭാഷ സംസ്കൃതംതന്നെ. അതും ആശാന്റെ ഒരാപ്തമിത്രമായിരുന്നുവെന്നു നാലഞ്ചേടുകൾ മറിച്ചുനോക്കിയപ്പോൾ മനസ്സിലായി.

പുസ്തകങ്ങൾ നോക്കിക്കൊണ്ടിരുന്നതിനിടക്കു് മിസ്സിസ്സ് ആശാൻ മററു ചില സാധനങ്ങൾ എടുത്തു കാട്ടിത്തന്നു. വെയിൽസു രാജകുമാരനിൽനിന്നു കിട്ടിയ സമ്മാനംതന്നെ ഒന്നു്—പട്ടും വളയും. ഞങ്ങൾക്കാദ്യം അതത്ര കാൎയ്യമായിത്തോന്നിയില്ല. എങ്ങനെ തോന്നാനാണു്? ഏതാദൃശ രാജസമ്മാനങ്ങളാൽ വില നിശ്ചയിക്കപ്പെടേണ്ട ഒരു കാഴ്ചപ്പണ്ടമാണോ സാഹിത്യം ഈ യുഗത്തിലും? പോരെങ്കിൽ, ആ സമ്മാനം നമ്മുടെ ഭാഷയും നമ്മുടെ സംസ്കാരവും അറിഞ്ഞഭിനന്ദിക്കാനാകാത്തൊരു സമ്രാട്ടിന്റെ ഹസ്തംകൊണ്ടും! പക്ഷെ അടുത്ത നിമിഷത്തിൽ പൂൎവ്വപക്ഷങ്ങളെല്ലാം നീങ്ങി—ആ സമ്മാനത്തോടനുബന്ധിച്ചു നടന്ന ചില സംഭവങ്ങളറിഞ്ഞപ്പോൾ. "നിങ്ങളെക്കൊണ്ടും ലോകത്തെക്കൊണ്ടും ഞാനൊരു മഹാകവിയാണെന്നു സമ്മതിപ്പിച്ചിട്ടേ ഞാൻ മരിക്കയുള്ളു."—ഇത്രയും അകം നീറിപ്പൊന്തിയ ധാർഷ്ട്യത്തോടുകൂടി സർവജ്ഞനായൊരു സമാനവിദ്യനോടു പന്തയം വെയ്ക്കുവാൻ ആവശ്യപ്പെടത്തക്കൊരു അവധീരണമാണു് അന്നത്തെ കേരളത്തിൽ ആശാനനുഭവപ്പെട്ടതു്. അതിന്റെ മാറെറാലി അദ്ദേഹത്തിന്റെ മിക്ക കൃതികളിലും കേൾക്കാം.

…… …… …… …… …… …… …അവമാന ശല്യമേ-
യൊഴിയാതുള്ള വിവേക ശക്തിയാൽ.

എത്ര വലിയൊരു പരമാർത്ഥം! ശൈബ്ബക വിഭവന്മാരായ സാഹിത്യകാരന്മാർ പലരും തുടരെത്തുടരെ പ്രബുദ്ധസംഭാവിതരായി മഹത്തു മതിമാന്മാരുടെയും സ്വരം അമൃതപോകംവണ്ണം സ്തുതിപാഠകന്മാരാൽ പ്രഖ്യാപിതവീര്യന്മാരായിക്കൊണ്ടിരുന്ന ആ ദശയിൽ വെയിൽസു രാജകുമാരനിൽനിന്നായാലും പരസ്യമായൊരംഗീകാരത്തിനിടയായതു് ആശാന്റെ തെല്ലൊരാശ്വാസമായിരുന്നിരിക്കണം "...... നിന്റെ തുഞ്ചൽ കാഴ്ചവേല തന്നിലെത്തിയാൽ—നിനക്കു തങ്കമുദ്ര കിട്ടുമെട്ടുകാലി, നിശ്ചയം." എന്നാശംസിച്ചതു വെറുതെയായില്ല. ഈ നിലപാടിൽനിന്നു നോക്കുമ്പോളാണു് ഇൻഡ്യൻ ജനതയിൽ അടിയിലടിയിൽ കിടക്കുന്നവരുടെ സ്വാതന്ത്ര്യസമരം തുടങ്ങിയതു തൊട്ടുനിന്നടിമത്തം കെട്ടിയേല്പിച്ചിരുന്ന ആചാരമാത്രസുരക്ഷിതരായ നാടൻ കോയ്മകളോടാണെന്നും, അതിലവർക്കു് ആയുധങ്ങളായിത്തീർന്നതു് സ്വാർത്ഥത്തെ മുൻനിർത്തിത്തന്നെ ചെയ്തതായാലും വൈദേശികശക്തിയുടെ ചില പൊടിക്കൈകളാണെന്നും, സമ്മതിക്കേണ്ടി വരുന്നതു്. ഭേദവിഭേദങ്ങൾ ദേശാഭിമാനത്തിന്റെ കൊടുംതീയിൽ വെന്തെരിഞ്ഞു വെണ്ണീറാകുന്ന സ്ഥിതിക്കു് ഇനിയെങ്കിലും അമ്മാതിരി അനുഭവങ്ങൾ ഉണ്ടാകയില്ലെന്നാശിക്കാം.

പിന്നെ ഞങ്ങളെടുത്തു നോക്കിയതു്, പല്ലനത്തോട്ടിൽനിന്നു വീണ്ടെടുത്ത ചില സാധനങ്ങളാണു്. യാത്രയ്ക്കുപയോഗിച്ചിരുന്നതെല്ലാം ആ ട്രങ്കിലുണ്ടായിരുന്നു. പൂട്ടിക്കിടന്നിരുന്ന പെട്ടി അങ്ങനെതന്നെ തിരികെ കിട്ടുകയാൽ അവയിലൊന്നും നഷ്ടപ്പെട്ടില്ല. ഞങ്ങൾ ആ മണിപ്പേഴ്സ് തുറന്നുനോക്കി! കഴിഞ്ഞ യുദ്ധകാലത്തെ പത്തിന്റെയും, ഒന്നിന്റെയും കറൻസി നോട്ടുകൾ അതിലിപ്പോഴും കിടക്കുന്നു. മാത്രമോ, അങ്ങേക്കള്ളി നോക്കുക, അതാ റെഡീമർ ബോട്ടിന്റെ ടിക്കറ്റും. ഞങ്ങൾക്കു ശബ്ദം പൊങ്ങിയില്ല. മുറിയിൽ അപ്പോളുണ്ടായിരുന്നവർക്കെല്ലാം കണ്ണുനിറഞ്ഞുപോയി. ആ മഹാത്മാവിന്റെ പ്രാണനെ അപഹരിച്ച വിധിയുടെ വിഷപ്പല്ലു കണ്ടപ്പോൾ എനിക്കെന്തോ വല്ലാത്തൊരു വികാരം ഉണ്ടായി.

രത്നഭൂഷിതനായി ദുർമ്മതിയടഞ്ഞ പ്രസേനനന്റെ ഭൗതികാവശിഷ്ടം കണ്ടു് അശ്രുവാർത്ത ഞങ്ങൾക്കു് ഉള്ളുതണുത്തതു ജാംബവദ്ദർശനത്താലാണു്. ഇടുങ്ങിയ കഴുത്തിൽ ഒരു പ്രജാപതിയുടെ പരിണതജ്ഞാനം ഇടിച്ചമർത്തി സൂക്ഷിക്കുന്ന ശിരസ്സും, പട്ടുപാളികൾപോലെ ചീകി മിനുങ്ങിക്കിടക്കുന്ന. ധൂസരകേശവും, ചുളുങ്ങിച്ചുരുങ്ങിയ നെററിയും, ഒട്ടിയ കവിളും, ഊന്നുവടിയുടെ തലയെക്കവിഞ്ഞു വളഞ്ഞുകുത്തിയ പൂർവകായവും ഭൂമിയെ തൊട്ടു തൊട്ടില്ലെന്നമട്ടിൽ നടക്കുന്ന എല്ലിച്ച കാലുകളും ഒത്തുചേർന്നാൽ ആരാകും? ശരി, ഞങ്ങളുടെ ജാംബവാനാകും —ശ്രീ. സി. വി. കുഞ്ഞുരാമൻ—വാർദ്ധക്യത്തിലും നല്ലൊരു കുഞ്ഞുരാമനായിരിക്കാൻ ദുശ്ശാഠ്യം പിടിക്കുന്ന ആ രസികശിരോമണിയായ സാഹിത്യകാരൻ—എന്തു്, അത്ര മതിയോ, പോരാ, ഒരു പേനകൊണ്ടു 'മലയാളരാജ്യ' ത്തിനും മറെറാരു പേനകൊണ്ടു 'മിതവാദി'ക്കും മുഖപ്രസംഗമെഴുതി ഇരുകക്ഷിക്കാരെയും ഒപ്പം പ്രീതിപ്പെടുത്തി ചക്രധരനായി ഉള്ളുകൊണ്ടു കുടുകുടെച്ചിരിക്കാൻ കഴിഞ്ഞ ആ മലയാളശൈലീവല്ലഭൻ—അന്നു് എന്തൊക്കെയാണു പറഞ്ഞു കൂട്ടിയതു്! ചിരിച്ചു ചിരിച്ചു ഞങ്ങൾ വശംകെട്ടെന്നേ പറയേണ്ടു. ഇടയ്ക്കു് അദ്ദേഹത്തിന്റെ കവിതക്കമ്പത്തെക്കുറിച്ചു സംസാരം വന്നു. കേരളത്തിലെ പ്രകൃതിസൗഭാഗ്യങ്ങളെ ഒരെണ്ണംപറഞ്ഞ ചിത്രകാരന്റെ വൈഭവത്തോടുകൂടി വർണ്ണിക്കാൻ മതിയായ സി. വി. എന്തുകൊണ്ടൊരു മഹാകവിയാകാൻ കോപ്പിട്ടില്ല? ചോദിക്കും മുമ്പു് അദ്ദേഹംതന്നെ ഇങ്ങോട്ടു പറഞ്ഞു കഴിഞ്ഞു: "ആശാൻ നളിനി എഴുതിക്കണ്ടതോടെ ഞാൻ കവിത മതിയാക്കി."

വഴിനീളെ ഞാൻ സി. വി. യുടെ ആ ഉത്തരത്തെപ്പററി ആലോചിക്കുകയായിരുന്നു.

ഒററ നോട്ടത്തിൽ] [ജോസഫ് മുണ്ടശ്ശേരി

അഭ്യാസം

1. കുമാരനാശാൻ താമസിച്ചിരുന്ന ഓലക്കെട്ടിട ത്തെപ്പററിയുള്ള വിവരണം സ്വന്തം വാക്യ ങ്ങളിൽ എഴുതുക.
2. ആശാന്റെ ഭവനത്തിൽക്കണ്ട കാഴ്ചയെപ്പററി ചുരുക്കി എഴുതുക.
3. അർത്ഥമെഴുതുക :—ഭാഗധേയം ; ഏതാദൃശം ; സമഞ്ജസം ; ധൂസരം.
4. സന്ധി നിർണ്ണയിക്കുക :—

(a) പാട്ടുണ്ട്. (c) ഓലപ്പുര.
(b) തിരുവോണം. (d) പൊൽത്താഴികക്കുടം.

പാഠം 16

ധർമ്മപരീക്ഷകൾ

വൃദ്ധയായ അമ്മ കാട്ടിലേക്കു പോയതോർത്തോർത്തു പാണ്ഡവർ കേവലം ശോകപരായണരായി. ഒപ്പം അവർ ധൃതരാഷ്ട്രരെയും ഗാന്ധാരിയെയുംപററി ശോചിച്ചു; എന്നല്ല, ഇതിനൊക്കെ കാരണമായ ആ ജ്ഞാതിവധ ത്തെയും അതിൽ മരിച്ചുപോയ കർണ്ണാഭിമന്യുപ്രഭൃതി കളെയുംപററി ശോചിച്ചു. അവർക്ക് എല്ലാ ഇഷ്ടഭോ ഗ്യങ്ങളിലും നിർവ്വേദമായി; രാജ്യകാര്യങ്ങളിൽ ശ്രദ്ധ യില്ലാതായി; ഒന്നിലും രസമില്ലാതായി; സംസാരിച്ചാൽ മറുപടി പറയാതായി. അധൃഷ്യരും ഗംഭീരരുമായിരുന്ന അവരെല്ലാം ശോകംകൊണ്ടു വിജ്ഞാനം മങ്ങി ചൈത ന്യമററവരെപ്പോലായി. എപ്പോഴും അവർക്കിതേ വി ചാരം :—"അതികൃശയായ പൃഥ ആ അന്ധദമ്പതിമാരെ

എങ്ങനെ കൊണ്ടുനടക്കും! ഹതപുത്രരായ അവരും ആ കാട്ടിൽ എങ്ങനെ കഴിച്ചുകൂട്ടും"!

ഒടുക്കം പാണ്ഡവർ അന്തഃപുരസ്ത്രീകളോടും, നഗരവാസികളോടുംകൂടി കാട്ടിൽച്ചെന്നു് ആ വൃദ്ധതപസ്വിമാരെ കണ്ടു് അവരോടൊപ്പം ഒരു മാസത്തിലധികം താമസിച്ചു. അററവിടെവെച്ചു് ഒരത്ഭുതസംഭവമുണ്ടായി! യുധിഷ്ഠിരൻ ധൃതരാഷ്ട്രരോടു വിദുരരെപ്പററി അന്വേഷിച്ചതിൽ അദ്ദേഹം ഘോരമായ തപസ്സിൽ വായുഭക്ഷനായി ചടച്ചു ഞരമ്പുന്തി ആ വെറുംകാട്ടിൽ അലഞ്ഞു നടക്കുകയാണെന്നും, വല്ലപ്പോഴും വല്ലേടത്തും വെച്ചു ബ്രാഹ്മണർ കാണാറുണ്ടെന്നും കേട്ടു. പറഞ്ഞിരിക്കെ, ജടമുടി വായിൽ ഒരു കല്ലുഷണം കടിച്ചുവെച്ചു, നഗ്നനായി ചളിയും, പൊടിയും പുരണ്ട ക്ഷത്താവു് ദൂരെ കാണുമാറായി. അദ്ദേഹം പെട്ടെന്നു് ആശ്രമം കണ്ടു പിന്തിരിയുന്നതും കാണായി. യുധിഷ്ഠിരൻ ഒററയ്ക്കു പിന്നാലെ പാഞ്ഞുചെന്നു. വിദുരർ കാട്ടു പൂകുന്നതു കണ്ടു, "ഭോ ഭോ വിദുര, അങ്ങയ്ക്കുമയായ യുധിഷ്ഠിരരാജാവാണു ഞാൻ" എന്നുവിളിച്ചുപറഞ്ഞുകൊണ്ടു പിന്തുടന്നു. ഒടുക്കം വിദുരർ ഒരേകാന്തത്തിൽ തിരിഞ്ഞു് ഒരു മരം ചാരിനിന്നു. യുധിഷ്ഠിരൻ ചെന്നു പേർ പറഞ്ഞു് അഭിവാദ്യം ചെയ്തു. വിദുരരാകട്ടെ, ഒന്നും മിണ്ടാതെ അനങ്ങാതെ യുധിഷ്ഠിരൻെറ കണ്ണുകളിലേക്കുതന്നെ ഇമവെട്ടാതെ നോക്കിനിന്നുകൊണ്ടു യോഗബലത്താൽ തൻെറ ഇന്ദ്രിയങ്ങളോടും, പ്രാണങ്ങളോടുംകൂടി കത്തിജ്വലിച്ചുകൊണ്ടു യുധിഷ്ഠിരശരീരത്തിലേക്കു് ആവേശിച്ചു; ആ ഭൗതികപിണ്ഡം ചൈതന്യമററു വിറുങ്ങലിച്ചു നിന്നു. യോഗധർമ്മമറിവുള്ള യുധിഷ്ഠിരൻ താൻ വളരെയിരട്ടി ബലവാനായെന്നു മനസ്സിലാക്കി മടങ്ങിപ്പോന്നു.

പാണ്ഡവന്മാർ കാട്ടിൽനിന്നു തിരിച്ചുപോന്നു രണ്ടു കൊല്ലം കഴിഞ്ഞാറെ, ഗംഗാദ്വാരത്തിൽ ചെന്നു കൊടും തപസ്സനുഷ്ഠിച്ചിരുന്ന ആ വൃദ്ധജനം ഒരു കാട്ടുതീയിൽപ്പെട്ടു വെന്തുമരിച്ചു എന്നു കേൾക്കായി. ആ തീ ധൃതരാഷ്ട്രർ

കരുതിക്കൂട്ടി ഇട്ടതാണെന്നും കേൾക്കായി—ആത്മഹത്യതന്നെ. യുധിഷ്ഠിരൻ ആ വൃദ്ധജനമത്തച്ചൊല്ലി വിലപിക്കുന്നതിനിടയിൽ പറഞ്ഞു: "പുത്രന്മാർ വെന്തുമരിച്ചുപോയ വലിയമ്മയെപ്പററിയല്ല ഞാൻ വ്യസനിക്കുന്നതു്; പുത്രന്മാരുടെ സുസമൃദ്ധമായ ഐശ്വര്യദീപ്തിയെല്ലാം കൈമവെടിഞ്ഞു വനവാസത്തിനാഗ്രഹിച്ച അമ്മയെപ്പററിയാണു്. യുധിഷ്ഠിരൻെറയും, ഭീമൻെറയും, അർജ്ജുനൻെറയും അമ്മ ഒരനാഥയെപ്പോലെ വെന്തുപോയല്ലോ എന്നോർത്തു് എനിക്കു ബോധക്കേടുവരുന്നു. ഹാ, ചടച്ചു ഞരമ്പുന്തിയ അമ്മ കാട്ടിൽ തീ ചൂഴന്നു വിറച്ചുകൊണ്ടു് അങ്ങുമിങ്ങും പായുമ്പോൾ, 'ഉണ്ണിധർമ്മരാജ, ഭീമസേന, എന്നെ രക്ഷിക്കണേ!' എന്നു നിലവിളിച്ചിരിക്കും. സഹദേവൻ അമ്മയ്ക്കു് എല്ലാ മക്കളിലും വെച്ചു് ഏറെ ഓമനയായിരുന്നു; ആ വീരനുമുണ്ടായില്ല് അമ്മയെ കാത്തുരക്ഷിപ്പാൻ."

ആ പിതൃജനങ്ങൾക്കു വേണ്ടുംപോലെ ശേഷക്രിയകൾ ചെയ്തതിനുശേഷം യുധിഷ്ഠിരൻ ഒട്ടും മനഃപ്രസാദമില്ലാതെ രാജ്യഭരണം തുടൎന്നു വീണ്ടും ഒരു പതിനെട്ടുകൊല്ലം കഴിഞ്ഞു. അപ്പോൾ, ഗാന്ധാരി ശപിച്ചതുപോലെ യാദവവംശം മുച്ചൂടും തമ്മിൽത്തച്ചു മുടിഞ്ഞതും, രാമകൃഷ്ണന്മാർ സ്വർഗ്ഗാരോഹണം ചെയ്തതും, ദ്വാരകയെ കടലാക്രമിച്ചതുമെല്ലാം കേൾക്കായി. അർജ്ജുനൻെറ ഗാണ്ഡീവം അനാഥകളായ യാദവസ്ത്രീകളെ പിടിച്ചുപറിക്കാരിൽനിന്നു രക്ഷിപ്പാൻ മതിയാകാഞ്ഞതും അറിയുമാറായി.

എല്ലാംകൊണ്ടും ഇനി ജീവിച്ചിരിക്കേണ്ട എന്നായി പാണ്ഡവന്മാൎക്കു്. വ്യാസൻ വിഷണ്ണനായിച്ചെന്നു് അർജ്ജുനനോടു് അതുതന്നെ ഉപദേശിച്ചു. "നിങ്ങൾ ചെയ്യേണ്ടതൊക്കെ ചെയ്തു കഴിഞ്ഞു. ഇപ്പോൾ ജീവിതം വെടിഞ്ഞുപോകുവാൻ കാലമായി. അതാണിനി നിങ്ങൾക്കു ശ്രേയസ്സു്, അതാണു ബുദ്ധിയും തേജസ്സും കൎത്തവ്യവും." ഇതനുസരിച്ചു് അവർ പരീക്ഷിത്തിനു് അഭിഷേകം കഴിച്ചു വൈശ്യാപുത്രനായ യുയുത്സുവിനെ രാജ്യ

മേല്പിച്ചു, സർവ്വവും പരിത്യജിച്ചു വല്ക്കലധാരികളായി, വഴിപോലെ നിത്യഹോമം കഴിച്ചു അഗ്നിയെ ജലത്തിൽ സമർപ്പിച്ചു മഹാപ്രസ്ഥാനത്തിനിറങ്ങി. മുമ്പിൽ മുമ്പിൽ ജ്യേഷ്ഠക്രമത്തിൽ ആ അഞ്ചുപേരും പിന്നാലെ ദ്രൗപദി യും ഏഴാമതൊരു നായുമായി അവർ കിഴക്കോട്ടു നടന്നു. ഭൂപ്രദക്ഷിണക്രമത്തിൽ പടിഞ്ഞാട്ടു വെച്ചു കടലിലാണ്ട ദ്വാരക ചെന്നു കണ്ടു, വടക്കോട്ടുതിരിഞ്ഞു ഹിമാലയ ത്തിലെത്തി. അതിനപ്പുറം ഒരു മരുഭൂമി കടക്കെ, പാഞ്ചാ ലിമുതൽ പിന്നാലെ പിന്നാലെ ചെല്ലുന്നവർ ഓരോരു ത്തർ യോഗഭ്രഷ്ടരായി വീണുതുടങ്ങി. ഓരോരോ ആൾ വീണതിൻെറയും കാരണമറിവുള്ള യുധിഷ്ഠിരൻ തിരി ഞ്ഞുനോക്കുകയേ ചെയ്യാതെ മുന്നോട്ടുനടന്നു. ഒടുവിൽ ആ നായും, യുധിഷ്ഠിരനും മാത്രം ബാക്കിയായപ്പോൾ, ഇന്ദ്രൻ വിമാനവുമായി ഇറങ്ങിവന്നു യുധിഷ്ഠിരനെ ഉടലോ ടെ സ്വർഗ്ഗത്തിലേക്കു ക്ഷണിച്ചു. യുധിഷ്ഠിരൻ ഭ്രാതാക്കളു ടെയും, ദ്രൗപദിയുടെയും ഗതിയന്വേഷിച്ചതിൽ, അവരെ സ്വർഗ്ഗത്തിൽ കാണാമെന്നു കേട്ടു. പിന്നെ, തൻെറകൂടെ ആ നായയെക്കൂടി കൂട്ടണമെന്നായി. ഇന്ദ്രൻ ആ അഭി പ്രായത്തെ പുച്ഛിച്ചു. ഭക്താനുകമ്പിയായ യുധിഷ്ഠിരൻ നിർബന്ധം പിടിച്ചു. "ദീനനായി ഭക്തനായി, 'മററാ രും തുണയില്ലെ'ന്നു് അഴല്പെട്ടു ജീവനിൽക്കൊതിയോടെ ആശ്രയിച്ചുനില്ക്കുന്ന ഒരുവനെ പ്രാണത്യാഗം ചെയ്യേണ്ടി വന്നാലും ഞാനുപേക്ഷിക്കില്ല—ഇതെൻെറ വ്രതമാണു്."

ഇതു കേട്ടപ്പോൾ, ആ നായയുടെ രൂപം പൂണ്ടുവന്ന ധർമ്മദേവൻ പ്രസാദിച്ചു. പണ്ടു ദ്വൈതവനത്തിൽവെച്ചു പരീക്ഷിച്ചതിനുശേഷം ഇതു തൻെറ രണ്ടാം പരീക്ഷയാ ണെന്നും, ഇതിലും യുധിഷ്ഠിരൻ ജയിച്ചു എന്നും അറി യിച്ചു. എല്ലാവരുംകൂടി വിമാനത്തിലേറിത്തിരിച്ചു.

സ്വർഗ്ഗത്തിലെത്തിയപ്പോൾ യുധിഷ്ഠിരൻ ആദ്യം കണ്ടതു, ദേവന്മാർക്കു നടുവിൽ ഒരു സിംഹാസനത്തിൽ വീരശ്രീപൂണ്ടു സൂര്യനെപ്പോലെ ശോഭിച്ചരുളുന്ന ദുര്യോ ധനനെയാണു്. ഇതു തനിക്കു സഹിക്കാൻ കഴിഞ്ഞില്ല, അദ്ദേഹം മുഖംതിരിച്ചു് ഉറക്കെപ്പറഞ്ഞു : "എനിക്കു

വേണ്ട, ലുബ്ധനും അദീർഘദർശിയുമായ ദുര്യോധന നോട്ടകൂടിയുള്ള ഒരു ലോകവും. ഇയ്യാൾ കാരണമാണ്, വനവാസക്ലിഷ്ടരായ ഞങ്ങൾക്കു ഭൂമിയിലുള്ള ബന്ധുക്ക ളെയും, സുഹൃത്തുക്കളെയുമെല്ലാം കൊന്നൊടുക്കേണ്ടി വന്നതു്; ഇയ്യാളാണ് ഞങ്ങളുടെ ധർമ്മപത്നിയെ സഭാ മദ്ധ്യത്തിൽ ഗുരുസന്നിധിയിൽവെച്ചു വലിച്ചിഴപ്പിച്ചതു്. ദേവന്മാരേ, എനിക്കിയ്യാളെ കാണുകയേവേണ്ട, എനി ക്ക് എൻെറ സഹോദരന്മാരുള്ളേടത്തേക്കു പോകണം."

"അങ്ങനെയല്ല", നാരദൻ ഒരു പുഞ്ചിരിയോടു കൂടി പറഞ്ഞു. "സ്വർഗ്ഗത്തിൽ വൈരത്തിനു സ്ഥാനമില്ല. ഈ ദുര്യോധനൻ ആത്മത്യാഗം ചെയ്തു വീരഗതിയടഞ്ഞ വനാണ്. ഏതു വലിയ ഭയത്തിലും ഇയ്യാൾ ഭയപ്പെട്ടി ട്ടില്ല; പഴയ കഥയൊക്കെ മറക്കൂ; ദുര്യോധനനോട് ഇണങ്ങിക്കഴിയൂ."

യുധിഷ്ഠിരൻ പറഞ്ഞു: "ഈ അധർമ്മിഷ്ഠനു്, ഈ പാപിക്കു, സനാതനമായ വീരലോകമാണെങ്കിൽ, മഹാ ത്മാക്കളും മഹാവ്രതരുമായ എൻെറ സഹോദരന്മാൎക്കും ധൃഷ്ടദ്യുമ്നാദികൾക്കുമുള്ള ലോകം ഏതാണ്? എനിക്ക വരെ കാണണം. എൻെറ ജ്യേഷ്ഠൻ, ഞാൻ അറിയാതെ കൊല്ലിച്ച കൎണ്ണൻ, എവിടെയായാലും എനിക്കദ്ദേഹത്തെ കാണണം. എനിക്കിവിടെ നില്ക്കാൻ വയ്യ."

ദേവന്മാർ ഉടനെ ഒരു ദൂതനെ വിളിച്ചു യുധിഷ്ഠി രനെ സഹോദരന്മാരുടെ അടുക്കലെത്തിപ്പാൻ ചൊല്ലിയ യച്ചു.

മുമ്പിൽ ദേവദൂതനും വഴിയെ യുധിഷ്ഠിരനുമായി നടന്നു. വഴി ക്രമേണ നടക്കാൻ കൊള്ളരുതാത്തതായി, ഇരുട്ടു കൂടിത്തുടങ്ങി, ദുർഗ്ഗന്ധം വന്നേററു തുടങ്ങി, വഴിയി ലെമ്പാടും തലനാരും, ചണ്ടിയും, ഇറച്ചിയും, ചോരയും ചിന്നിക്കാണായി. പുഴ, കൊതുക്, ഈച്ച, തേള് മുത ലായി നികൃഷ്ടങ്ങളും ഹിംസ്രങ്ങളുമായ ജന്തുക്കൾ എമ്പാടും നിറഞ്ഞു കാണായി. അങ്ങനെ അസഹ്യതകളും, ഭയങ്കര തകളും മേല്ക്കുമേൽ പെരുകിവരുന്നതു കണ്ടു യുധിഷ്ഠിരൻ

ദേവദൂതനോടു ചോദിച്ചു: "ഇനിയിങ്ങനെ എത്ര വഴി പോകണം? എവിടെയാണ് എൻെറ സഹോദരന്മാർ? ദേവന്മാരുടെ ഏതു ദേശമാണിതു്?"

ദേവദൂതൻ തിരിഞ്ഞുനിന്നു പറഞ്ഞു: "ഇവിടെ ത്തന്നെ; എനിക്കു മടങ്ങാനായി; അങ്ങേയ്ക്കു വിഷമം തോന്നു ന്നുണ്ടെങ്കിൽ, എൻെറകൂടെ മടങ്ങാം."

ദുർഗ്ഗന്ധംകൊണ്ടു തല തരിച്ചു മട്ടത്തമ്പിക്കഴിഞ്ഞിരുന്ന യുധിഷ്ഠിരൻ മടങ്ങാൻ നിശ്ചയിച്ചു തിരിഞ്ഞു. അപ്പോഴതാ, ചുററുംനിന്നു് ഒരു കൂട്ടനിലവിളി! "ഭോ ഭോ ധർമ്മജ, രാജശ്രേഷ്ഠ, ഞങ്ങളെ അനുഗ്രഹിപ്പാൻ തെല്ലിട നില്ക്കണേ! അങ്ങു വന്നപ്പോൾ വീശിയ നറുമണംപൂണ്ട തെളികാററിനാൽ ഞങ്ങൾക്കു സുഖം തോന്നുന്നു; വളരെ കാലത്തിനുശേഷമാണു ഞങ്ങൾക്കു്. അങ്ങയെ കണ്ട സുഖം കിട്ടിയതു്. തെല്ലിടകൂടി നില്ക്കണേ! അങ്ങു നില്ക്കുമ്പോൾ ഞങ്ങൾ വേദനയറിയുന്നില്ല."

യുധിഷ്ഠിരൻ ദയ തോന്നി, "അയ്യോ, കഷ്ടം" എന്നു നിലകൊണ്ടു. അദ്ദേഹത്തിനു് ആ ഒച്ചയെല്ലാം കേട്ടു പരിചയം തോന്നി; പക്ഷേ വേവലാതിപ്പെട്ട നില വിളിയാകയാൽ ഒന്നും തിരിച്ചറിവാൻ സാധിച്ചില്ല. അദ്ദേഹം ചോദിച്ചു: "ആരാണു് നിങ്ങളൊക്കെ?"

"ഞാൻ കർണ്ണനാണു്, ഞാൻ ഭീമസേനനാണു്, ...ദ്രൗപദിയാണു് ഞാൻ, ധൃഷ്ടദ്യുമ്നനാണു് ഞാൻ ....." അങ്ങനെ തുടർന്നു ആ ശബ്ദങ്ങൾ.

യുധിഷ്ഠിരൻ നിന്നു് ഇതിനെപ്പററി പലതും ആലോചിച്ചു, ദുഃഖിച്ചു, കലശലായി ശുണ്ഠിയെടുത്തു്, ദേവന്മാരെയും ധർമ്മത്തെപ്പോലും പഴിച്ചു; ഒടുക്കം ആ ദുസ്സഹ ഗന്ധം സഹിച്ചുകൊണ്ടുതന്നെ ദേവദൂതനോടു പറഞ്ഞു: "പൊയ്ക്കോളൂ, താങ്കളെ ചൊല്ലിയയച്ചവരുടെ അടുക്കലേക്കു പൊയ്ക്കോളൂ. ഞാനങ്ങോട്ടില്ല. ഞാനിവിടെ നില്ക്കയാണെന്നു പറഞ്ഞേക്കൂ; ദീനരായ ഈ സഹോദരന്മാർ എന്നെ ആശ്രയിച്ചു സുഖിക്കുന്നു."

ദൂതൻ പോയി കുറച്ചുനേരം കഴിഞ്ഞു; ഇന്ദ്രാദികളായ ദേവന്മാരൊക്കെ അങ്ങോട്ടു വന്നു; പ്രകാശം പരന്നു. അക്കണ്ട നരകം പോയ്മറഞ്ഞു, പുണ്യഗന്ധമായ കാററു വീശി.

ഇതു യുധിഷ്ഠിരനുള്ള മൂന്നാം പരീക്ഷയായിരുന്നു ഇന്ദ്രനും ധർമ്മദേവനും അതദ്ദേഹത്തിനു വിവരിച്ചു കൊടുത്തു. എന്നിട്ട് ഇന്ദ്രൻ പറഞ്ഞു: "ഇതാ, ഈ ആകാശഗംഗയിൽ മുങ്ങുക. ഇതിൽ കുളിച്ചാൽ നിന്റെ മനുഷ്യഭാവം പോവും; ശോകവും ആയാസവും വൈരവും തീരും."

യുധിഷ്ഠിരൻ അപ്രകാരം ചെയ്തു, ദിവ്യവപുസ്സായി, നിർവൈരനും ശമിതസന്താപനുമായി. അദ്ദേഹം ജ്ഞാതിസുഹൃൽഗണങ്ങളോടുകൂടി സ്വർഗ്ഗം വാണു.

ഭാരതപര്യടനം] [കുട്ടിക്കൃഷ്ണമാരാർ

അഭ്യാസം

1. ധർമ്മപുത്രർ പറയുന്നതായി സങ്കല്പിച്ചുകൊണ്ടു ധർമ്മപരീക്ഷകളെക്കുറിച്ചു ചുരുക്കി എഴുതുക.
2. വിഗ്രഹിച്ചു സമാസം നിർണ്ണയിക്കുക:—
   (a) സവിസ്തരം. (c) താമരക്കണ്ണൻ.
   (b) ഭൗതികപിണ്ഡം. (d) സുഖാസുഖങ്ങൾ

പാഠം 17

സൗഗന്ധികപ്പൊയ്ക

[പാഞ്ചാലിയുടെ ആഗ്രഹം നിറവേററാൻ കല്ഹാരപുഷ്പം കൊണ്ടുവരുന്നതിനുവേണ്ടി അതിന്റെ സൗരഭ്യത്തെ ആശ്രയിച്ചു് ഉത്തരദിക്കിലേക്കു തിരിച്ച

ഭീമൻ വൈശ്രവണൻെറ സൗഗന്ധികപ്പൊയ്ക കാണുന്നതാണു സന്ദർഭം.]

കല്ലോലജാലം കളിക്കുന്നു കണ്ടു;
*കമലമണി നിറമുടയ കമലമതു കണ്ടു;

കല്യാണിമാരും കളിക്കുന്നു കണ്ടു;
പൊലിമയൊടു ചടുല ജലവടിവുമതു കണ്ടു;

അന്നങ്ങളങ്ങു പറക്കുന്നു കണ്ടു;
അനവരതമവരുടയ നടനമതു കണ്ടു;

ചക്രവാകങ്ങടെ വിക്രമം കണ്ടു;
ചടുല മലർ മിഴികളുടെ കളിവിരുതു കണ്ടു;

മത്സ്യങ്ങളോടി നടക്കുന്നു കണ്ടു;
മണമിയലുമണികുസുമനിരകളതു കണ്ടു;

മത്തഭൃംഗോദ്യൽ പ്രയാണങ്ങൾ കണ്ടു;
മലർമധുരതരുനിരകളഥ സപദി കണ്ടു;

ചക്രവാകങ്ങടെ ചാപലം കണ്ടു;
നടുവിലതി ചടുലമതി വടിവുമഥ കണ്ടു;

വക്രങ്ങളായുള്ള തീരങ്ങൾ കണ്ടു;
വലിയ ജലനിര തിരകൾ വിരവിനൊടു കണ്ടു;

ഗന്ധദ്വിപം വന്നു മുങ്ങുന്നു കണ്ടു;
ഗളഗളിതവരരണിതകളപൊലിമ കണ്ടു;

ഗന്ധർവ്വിമാർ വന്നു നീന്തുന്നു കണ്ടു;
ഗഗനചരകുലമഖിലമുപരി ബത കണ്ടു;

കല്ഹാര പുഷ്പം നിരന്നങ്ങു കണ്ടു;
പുളിന ഭുവി നളിനികടെ തെളിവു മഥ കണ്ടു;

* പത്മരാഗം.

ഐരാവതം വന്നിറങ്ങുന്ന കണ്ടു ;
അവനുടയ വിഹരണവുമിഹ സപദി കണ്ടു ;

മാരാരിക്കുററൻ മദിക്കുന്ന കണ്ടു ;
മദനനുടെ കൊടിയുടയ മകരമതു കണ്ടു ;

ആദിദേവൻെറ തുരഗങ്ങൾ കണ്ടു ;
അരികിലുടനവരുടയ നടനമതു കണ്ടു ;

ഇങ്ങനെ സൗഗന്ധികപ്പൊയ്കു കണ്ടു ;
ഇരുപുറവുമഥ രജനിചരവസതി കണ്ടു ;

ഇംഗിതം ചേരുന്ന പുഷ്പങ്ങൾ കണ്ടു ;
ഇതു സകലമിഹ സുലഭമിതി മനസി കണ്ടു.

കല്യാണസൗഗന്ധികം] [കുഞ്ചൻ നമ്പ്യാർ

അഭ്യാസം

1. സൗഗന്ധികപ്പൊയ്കയിൽ ഭീമൻ കണ്ട കാഴ്ചകൾ എന്തെല്ലാമായിരുന്നു ?
2. അർത്ഥമെഴുതുക :—
   കമലമണി; ഗന്ധദീപം ; രണിതം ; പൊലിമ.

പാഠം 18

മഞ്ഞുകാലം

ശീതന്തഴപ്പൊരു ഹേമന്തകാലവു-
മാമന്ദം പോന്നിങ്ങു വന്നിതപ്പോൾ.

പാലാഴിത്തുവെള്ളം തൂകുന്നപോലെ നൽ
പ്രാലേയം തൂകിത്തുടങ്ങീതെങ്ങും.

ചണ്ഡനായുള്ളോരു പങ്കജനാഥമന്ത-
ന്മണ്ഡലം മങ്ങിച്ചമഞ്ഞു കൂടി.
കെല്പില്ലായാതവക്കൊപ്പുണ്ടായ് മേവുകിൽ
കെല്പരെ വെന്നിടാമെന്നേയുള്ളൂ.
വാർറ കാന്തി കലന്നുള്ള വാരിജ-
മോരോന്നേ മങ്ങി മയങ്ങിയപ്പോൾ.
കാന്തനു കാന്തി കുറഞ്ഞതു കാണുമ്പോൾ
കാന്തമാർ കാന്തിയും മങ്ങുമല്ലോ.
ചീത്തു നിന്നുള്ളോരു ശീതത്തെപ്പേടിച്ചു നി-
ന്നാത്തന്മാരായിച്ചമഞ്ഞെല്ലാരും.
കൈത്തലം കൊണ്ടു തന്മാറത്തു നന്നായി
സ്വസ്തിക ബന്ധം തുടങ്ങിതെങ്ങും.
വാസ്സാന്നു നിന്നുള്ള കാർപ്പാസം കൊണ്ടുള്ള
കൂർപ്പാസം മേനിയിൽച്ചേരത്തപ്പോഴം
ആദിത്യ സേവയും പാവകന്മേവയു-
മായിത്തുടങ്ങി പലക്കുമപ്പോൾ.

കൃഷ്ണഗാഥ] [ചെറുശ്ശേരി

അഭ്യാസം

1. മഞ്ഞുകാലത്തിൻെറ വണ്ണനം സ്വന്തം വാക്യങ്ങളിലെഴുതുക.
2. പരാവത്തനം ചെയ്യുക :—
   വാരുററ കാന്തി.......................
   .... മങ്ങുമല്ലോ.
3. അർത്ഥമെഴുതുക :—
   പ്രാലേയം; സ്വസ്തികബന്ധം; കാർപ്പാസം; കൂർപ്പാസം.
4. മഞ്ജരീ വൃത്തത്തിൻെറ ലക്ഷണമെഴുതുക.

പാഠം 19

അമ്മയും മകനും

[വനവാസത്തിനൊരുങ്ങിയ ശ്രീരാമൻ പ്രിയപ്പെട്ട അമ്മയോടു വിടവാങ്ങുന്നതിനെപ്പററിയാണു പ്രസ്തുത ഭാഗം.]

"ഇപ്പോൾ ഭുജിപ്പാനവസരമില്ലമ്മേ,
ക്ഷിപ്രമരണ്യവാസത്തിന്നു പോകണം;

മുല്പാടു കേകയ പുത്രിയാമമ്മയ്ക്കു
മൽപിതാ രണ്ടുവരം കൊടുത്തീടിനാൻ.

ഒന്നു ഭരതനെ വാഴിക്കയെന്നതു-
മെന്നെ വനത്തിന്നയക്കെന്നു മററേതും.

തത്ര പതിന്നാലു സംവത്സരം വസി-
ച്ചത്ര വന്നീടുവൻ പിന്നെ ഞാൻ വൈകാതെ.

സന്താപമേതും മനസ്സിലുണ്ടാകാതെ
സന്തുഷ്ടയായ് വസിച്ചീടുക മാതാവും."

ശ്രീരാമ വാക്യമേവം കേട്ടു കൌസല്യ
പാരിൽ മോഹിച്ചു വീണീടിനാളാകുലാൽ.

പിന്നെ മോഹം തീർന്നിരുന്നു ദുഃഖാർണ്ണവം-
തന്നിൽ മുഴുകിക്കരഞ്ഞു കരഞ്ഞുടൻ

തന്നുടെ നന്ദനന്തന്നോടു ചൊല്ലിനാ-
"ളിന്നു നീ കാനനത്തിന്നു പോയീടുകിൽ

എന്നെയും കൊണ്ടു പോകേണം മടിയാതെ
നിന്നെപ്പിരിഞ്ഞാൽ ക്ഷണാർദ്ധം പൊറുക്കുമോ?

ദണ്ഡകാരണ്യത്തിനാശു നീ പോകിൽ ഞാൻ
ദണ്ഡധരാലയത്തിന്നു പോയീട്ടുവൻ.

പൈതലെ വേറിട്ടു പോയ പശുവിനു-
ള്ളാധി പറഞ്ഞറിയിച്ചീടരുതല്ലോ!

നാട്ടു വാഴേണ്ടും ഭരതനെന്നാകിൽ നീ
കാട്ടു വാഴേണമെന്നുണ്ടോ വിധിമതം?

എന്തു പിഴച്ചതു കൈകേയിയോടു നീ
ചിന്തിക്ക ഭൂപനോടും കുമാര! ബലാൽ.

താതനും ഞാനുമൊക്കും ഗുരുതാകൊണ്ടു
ഭേദം നിനക്കു ചെറ്റില്ലെന്നു നിർണ്ണയം.

പോകേണമെന്നു താതൻ നിയോഗിക്കിൽ ഞാൻ
പോകരുതെന്നു ചെറുക്കുന്നുണ്ടല്ലോ;

എന്നുടെ വാക്യത്തെ ലംഘിച്ചു ഭൂപതി-
തന്നുടെ വാചാ ഗമിക്കുന്നതാകിലോ

ഞാനുമെൻ പ്രാണങ്ങളെത്യജിച്ചീടുവൻ
മാനവവംശവുമിന്നേ മുടിഞ്ഞുപോം."

അദ്ധ്യാത്മ രാമായണം] [എഴുത്തച്ഛൻ

അഭ്യാസം

1. ശ്രീരാമൻ വിടവാങ്ങാൻ ചെന്നപ്പോൾ കൗസല്യാദേവി പറഞ്ഞതു സ്വന്തം വാക്യങ്ങളിലെഴുതുക.

2. സൂചിത കഥ എഴുതുക:—

മുൽപാടു കേകയ പുത്രീയാമമ്മയ്ക്കു
മൽപിതാ രണ്ടു വരം കൊടുത്തീടിനാൻ.

3. സന്ദർഭം കാണിച്ചു് ആശയം വിശദമാക്കുക :—

താതനും ഞാനുമൊക്കും ഇന്ദ്രതുല്യംകൊണ്ടു
ഭേദം നിനക്കു ചെററില്ലെന്നു നിർണ്ണയം

4. സന്ധി ചെയ്യുക :—

ദുഃഖ + അർണ്ണവം
ഭംഗ + ഉദ്യത്.

5. കാകളിയുടെ ലക്ഷണമെഴുതുക.

പാഠം 20

സൗഹൃദമാതൃക

[ബ്രാഹ്മണശിശുവിനെ രക്ഷിക്കാൻ സാധ്യമാകാതെ വരികയാൽ പ്രതിജ്ഞയനുസരിച്ചു് അഗ്നികുണ്ഡത്തിൽ ചാടാൻ ഒരുങ്ങിയ അർജ്ജുനനെ തടഞ്ഞുകൊണ്ടു ശ്രീകൃഷ്ണൻ പറയുന്നതാണു താഴെ ഉദ്ധരിച്ചിട്ടുള്ളതു്.]

"വത്സ, വത്സ, വിജയ, സഖേ, സഖേ!
പാർത്ഥ, പാർത്ഥ, ധനഞ്ജയ, ഫൽഗുന !

അവിവേകം തുടങ്ങൊല്ലാ നിന്നുടെ
സഖിയല്ലയോ ഞാൻ പശുപാലകൻ ?

ഉലകീരേഴും കീഴ്മേൽ മറിപ്പാനും
പണിയില്ല നിനക്കു ഹിതമെങ്കിൽ.

പിഴയേതാനും ചെയ്തു പോയെങ്കിലും
കഴിവുണ്ടല്ലോ കൂടിനിരൂപിച്ചാൽ.

കരുവുള്ളന്നേ പോരുള്ളുവെന്നതു
നിനച്ചല്ലോയിരിക്കുന്നു നീയെടോ.
ബന്ധം കൂടാതെ നിന്റെ ഹിതത്തിനു
ദൂതകർമ്മത്തെ ചെയ്തതും ഞാനല്ലോ.
തേർത്തടത്തിൽത്തളർന്നു നീ വീണപ്പോ-
ളുക്ക വെള്ളിച്ചു കൊണ്ടതും ഞാനല്ലോ.
പോർക്കളത്തിൽ ജയിപ്പിച്ചു നല്ലോരു
കീർത്തിയുണ്ടാക്കിത്തന്നതും ഞാനല്ലോ.
ഇതു പിഢിച്ചതൊക്കെ മറച്ചതി-
നിത്രപാരുഷ്യ മെന്തെന്റെ ഫൽഗുനാ ?
ഇപ്രതിജ്ഞ നിനക്കു ഫലിപ്പിപ്പാൻ
കല്പിച്ചാലെന്തു ബന്ധം നമുക്കെടോ ?
മുടിഞ്ഞീടൊല്ല വല്ലാതെ ചെന്നു നീ
അടങ്ങീടെന്നുരയ്ക്കുന്നു മാധവൻ.
ഒരു കോപം കൊണ്ടങ്ങോട്ടു ചാടിയാ-
ലിരുകോപംകൊണ്ടിങ്ങോട്ടു പോരാമോ ?
പരിപാലിച്ചുകൊൾക നീ ദേഹത്തെ
പരിപാലിച്ചുകൊൾവൻ ഞാൻ കീർത്തിയെ. "

കുമാരാഹരണം പാന] [പൂന്താനം

അഭ്യാസം

1. അർജ്ജുനനെ പിൻതിരിപ്പിക്കുന്നതിനുവേണ്ടി ശ്രീകൃഷ്ണൻ പറഞ്ഞതു സ്വന്തം വാക്യങ്ങളിൽ എഴുതുക.
2. സൂചിതകഥ എഴുതുക :—
   തേർത്തടത്തിൽത്തളർന്നു നീ വീണപ്പോ-
   ളുക്കവെള്ളിച്ചു കൊണ്ടതും ഞാനല്ലോ.

3. സന്ദർഭം കാണിച്ച് ആശയം വിശദമാക്കുക :—

ഒരു കോപംകൊണ്ടങ്ങോട്ടു ചാടിയാ-
ലിരു കോപംകൊണ്ടിങ്ങോട്ടു പോരാമോ ?

4. ഉചിതമായ ചിഹ്നങ്ങൾ ചേർക്കുക :—

(a) ജ്ഞാനമാണു ശക്തി.

(b) അദ്ദേഹം വന്നിട്ടുണ്ടോ.

(c) വേല ആദ്യം കൂലി പിന്നീട്.

പാഠം 21

കുചേലന്റെ യാത്ര

[ഭാര്യയുടെ നിർദ്ദേശമനുസരിച്ചു സതീർത്ഥ്യനായ ശ്രീകൃഷ്ണനെ കാണാൻ ദ്വാരകയിലേക്കു പുറപ്പെടുന്ന കുചേലനെ ഈ ഭാഗം പരിചയപ്പെടുത്തുന്നു.]

അക്കാലത്തൊന്നിച്ചു ഗുരുകുലവാസം ചെയ്കമൂലം
ചിൽക്കാതൽക്കു സതീർത്ഥ്യനായിരുന്ന വിപ്രൻ

ചൊല്ലൊണ്ട കുചേലൻ ഭക്തികൊണ്ടു ദാരിദ്ര്യദുഃഖവു-
മുൾക്കൊള്ളാതെകണ്ടില്ലത്തു ഭജിച്ചിരുന്നു.

ഭക്തിയേറും ഭഗവാങ്കലെങ്കിലുമവന്റെ ഭാര്യ
ഭർത്താവോളം വിരക്തയായില്ല, ഭക്ഷിച്ചേ

ശക്തിയുള്ളു ശുശ്രൂഷിപ്പാനെന്നായിട്ടേകദാ സതി
സക്തിയോടുകൂടെ പതിയോടു പറഞ്ഞു :

“ചില്ലീനമാനസപതേ, ചിരന്തനനായ പുമാൻ
ചില്ലി ചുളിച്ചൊന്നു കടാക്ഷിപ്പാനോക്കേണം.

ഇല്ല ദാരിദ്ര്യാൎത്തിയോളം വലുതായിട്ടൊരാൎത്തിയും
ഇല്ലം വീണു കുത്തുമാറായതും കണ്ടാലും.

വല്ലഭ, കേട്ടാലും പരമാത്മമഗ്നനായ ഭവാൻ
വല്ലഭയുടെ വിശപ്പുമറിയുന്നില്ല.

സൎവ്വവേദശാസ്ത്രപുരാണജ്ഞൻ ഭവാൻ; ബ്രഹ്മശക്ര-
ശൎവ്വവന്ദ്യനായ ശൗരി തവ വയസ്യൻ.

നിൎവ്വാണദനായ ലക്ഷ്മീപതിയെച്ചെന്നുകണ്ടാലീ
ദുൎവ്വാര ദാരിദ്ര്യ ദുഃഖമൊഴിയും നൂനം.

ഗുരുഗൃഹത്തിങ്കൽനിന്നു പിരിഞ്ഞതിൽപ്പിന്നെജ്ജഗൽ-
ഗുരുവിനെയുണ്ടോ കണ്ടു? വെറുതേ ഗുണം

വരികയില്ലാൎക്കും, ഭഗവാനെക്കാണ്മാൻ കാലേതന്നെ
വിരയേ യാത്രയാകേണമെന്നു തോന്നുന്നു."

"പറഞ്ഞതങ്ങനെതന്നെ, പാതിരാവായല്ലോ, പത്നി,
കുറഞ്ഞൊന്നുറങ്ങട്ടെ ഞാനലകീരേഴം

നിറഞ്ഞ കൃഷ്ണനെക്കാണ്മാൻ പുലർകാലേ പുറപ്പെടാം
അറിഞ്ഞു വല്ലതും കൂടെത്തന്നയക്കേണം.

ത്രിഭുവനമടക്കി വാണിരുന്നരുളുന്ന മഹാ-
പ്രഭുവിനെക്കാണ്മാൻ കൈക്കലേതും കൂടാതെ

സ്വഭവനത്തിങ്കൽനിന്നു ഗമിക്കരുതാരും, കൈപ്പു-
ലിഭവുമാം, ഇലയുമാം, കുസുമവുമാം.

അവിലുമാം മലരുമാം ഫലവുമാം, യഥാശക്തി
മലക്കിന്ന്യാമണവാളനൊക്കെയുമാകും."

ഇപ്രകാരം ഭൎത്താവിൻെറ വാക്കു കേട്ടിട്ടനന്തരം
വിപ്രഭാമിനി യാചിച്ചുകൊണ്ടുവന്നു ധാന്യം

ക്ഷിപ്രമിരുട്ടത്തിടിക്കകൊണ്ടു കല്ലും നെല്ലുമേറു
മപ്പൃഥുകം പൊതിഞ്ഞൊരു തുണിയിൽക്കെട്ടി,
കാലത്തെഴുന്നേററു കുളിച്ചുത്തുവന്നു പതിയുടെ
കാലടി വന്ദിച്ചു പൊതി കൈയിൽക്കൊടുത്തു.
കുലംകഷ കുതുഹലം കുടയുമെടുത്തിട്ടനു-
കുലയായ പത്നിയോടു യാത്രയും ചൊല്ലി,
ബാലാദിത്യവെട്ടം തുടങ്ങിയനേരം കൃഷ്ണനാമ-
ജാലങ്ങളെ ജ്ജപിപ്പതും ചെയ്തു കുചേലൻ,
ചാലേ വലത്തൊട്ടൊഴിഞ്ഞ ചകോരാദി പക്ഷികടെ
കോലാഹലം കേട്ടുകൊണ്ടു വിനിർഗ്ഗമിച്ചു.

കുചേലവൃത്തം വഞ്ചിപ്പാട്ട്]   [രാമപുരത്തു വാര്യർ

അഭ്യാസം

1. കുചേലപത്നിയുടെ വാക്യം സംഗ്രഹിച്ചെഴുതുക.
2. കുചേലൻ ഭാര്യയോടു പറഞ്ഞ മറുപടി സ്വന്തം വാക്യങ്ങളിൽ എഴുതുക.
3. സന്ദർഭം കാണിച്ച് ആശയം വിശദമാക്കുക :—
   'വെറുതെ ഋണം വരികയില്ലാർക്കും !'
4. അർത്ഥമെഴുതുക :—
   ചിത്തു്; ദുർവാരം; ഇഭം; പൃഥുകം; കുലംകഷം; ചകോരം.
5. സന്ധികാര്യം വിവരിക്കുക :—
   ചിത് + ലീനം
   ദാരിദ്ര്യ + അർത്തി
   ഋതു + ഉത്സവം
6. നതോന്നതയുടെ ലക്ഷണമെഴുതുക

പാഠം 22

മാതൃഭൂമിയോട്

പച്ചയാം വിരിപ്പിട്ട സഹ്യനിൽത്തല വെച്ചും,
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും,
പള്ളികൊണ്ടീടുന്ന നിൻ പാർശ്വ യുഗ്മത്തെക്കാത്തു
കൊള്ളുന്നു കുമാരിയും, ഗോകർണ്ണേശനുമമ്മേ!

ആഴിവീചികളനുവേലം വെൺനുരകളാൽ
തോഴികൾ പോലെ തവ ചാരുതൃപ്പദങ്ങളിൽ
ഉവെള്ളിച്ചിലമ്പുകളിട്ടുവിക്കുന്നു തൃപ്തി
കൈവരാഞ്ഞഴിക്കുന്നു പിന്നെയും തുടരുന്നു.

ചന്ദനവനക്കുളിർ തെന്നലിൻ കളികളാൽ
മന്ദമായ്ത്തലയാട്ടിക്കൊണ്ടു മാമലകളിൽ
ഉല്ലസിച്ചീടും ജയവൈജയന്തികളേലാ-
വല്ലികൾ നിൻ്റുമണമെങ്ങെങ്ങു വീശാതുള്ളു ?

ഹ ഹ ! നിൻ തോട്ടങ്ങളിൽ താംബൂലലതകളാൽ
ഗൃഹസ്ഥാശ്രമികളായ്ച്ചമഞ്ഞ കമുങ്ങുകൾ
കായ്കൾതൻ കനംകൊണ്ടു നമ്രമൗലികളായി
ലോകോപകാരോന്മേഷാൽ ചാഞ്ചാടി നിന്നീടുന്നു.

പഴുപ്പു കായ്കൾക്കെത്തും കാലത്തു പവിഴച്ചാ-
ർത്തഴകിലണിയുന്ന മുളകിൻ കൊടികളും,
കനകക്കുടങ്ങളെച്ചുമക്കുന്ന കേരങ്ങളും
നിനക്കിൽ നിതാന്താഭിരാമമേ നിന്നാരാമം.

സാഹിത്യമഞ്ജരി] [വള്ളത്തോൾ

അഭ്യാസം

1. കേരളഭൂമിയുടെ വർണ്ണന സ്വന്തം വാക്യങ്ങളിലെഴുതുക.
2. അർത്ഥമെഴുതുക:—
   ആഴിവീചികളനവേലം..........
   ....പിന്നെയും തുടരുന്നു.
3. ഉചിതമായ ചിഹ്നങ്ങൾ ചേർക്കുക:—
   (a) ദൈവമേ എന്നെ അനുഗ്രഹിക്കേണമേ
   (b) അദ്ധ്യാപകൻ പറഞ്ഞു നിങ്ങളെല്ലാം പേരും നാളെ നേരത്തെ വരണം.
4. കേകയുടെ ലക്ഷണമെഴുതുക.

പാഠം 23

നാട്ടിൻപുറത്തെ പ്രഭാതം

താക്കോൽ കൊട്ടക്കാതരുണോദയത്തിൽ-
ത്താനേ മുഴങ്ങും വലിയോരലാറം
പൂങ്കോഴിതൻ പുഷ്കലകണ്ഠനാദം
കേട്ടിങ്ങുണർന്നേററു കൃഷീവലന്മാർ. 1

പാഞ്ഞേപോയ്പ്പാംസുല പാദചാരി
കൃഷീവലൻ വേല തുടങ്ങി നൂനം
സോത്സാഹമായ് കാലികളെത്തെളിക്ക-
മവന്റെ താരസ്വരമുണ്ടു കേൾപ്പൂ. 2

നിശാന്ത സങ്കീർത്തന ശീതികൊണ്ടു
നിർമ്മാല്യമായ്ത്തീർന്ന നികേതനങ്ങൾ
കാണായി ബാലാരുണ രഞ്ജിതങ്ങൾ
വൃക്ഷാന്തരാളം വഴിയങ്ങുമിങ്ങും. 3

മഞ്ഞിൻകണം ചാർത്തി മരങ്ങൾതോറും
തട്ടിത്തടഞ്ഞാർത്ത വിഹംഗനാദം
പാടേ ചരിക്കുന്ന കൃഷീവലന്റെ
കിടാവിനോടൊത്തു വിഭാതവാതം. 4

നിശ്ശേഷ വിശ്രാമവശാൽ വിശുദ്ധ-
ചൈതന്യമൊന്നേറിയപോലെ വീണ്ടും
ഇരമ്പവും കമ്പവുമൊന്നുമില്ലാ-
തുണർന്ന നാട്ടിൻ പുറമെത്ര രമ്യം! 5

കാവ്യോപഹാരം] [കുററിപ്പുറത്തു കേശവൻനായർ

അഭ്യാസം

1. നാട്ടിൻപുറത്തെ പ്രഭാതത്തിൽ കാണുന്ന കാഴ്ചകൾ സ്വന്തം വാക്യങ്ങളിലെഴുതുക.
2. പരാവർത്തനം ചെയ്യുക :—
   നിശാന്തസങ്കീർത്തനശീതികൊണ്ടു
   ....
   ....
   വൃക്ഷാന്തരാളം വഴിയങ്ങുമിങ്ങും.
3. അർത്ഥമെഴുതുക :—
   പുഷ്കലം ; പാംസുലം ; നിർമ്മാല്യം ; നികേതനം.
4. വിഗ്രഹിച്ചർത്ഥമെഴുതുക :—
   വൃക്ഷാന്തരാളം ; താരസ്വരം.
5. വൃത്തം നിർണ്ണയിക്കുക :—
   “ താകേന്ദ്രൽ കൊട്ടക്കാതരുണോദയത്തിൽ ”

പാഠം 24

കാക്ക

ക്കുരിരുട്ടിൻെറ കിടാത്തി, യെന്നാൽ
സൂര്യപ്രകാശത്തിനുററ തോഴി;
ചീത്തകൾ കൊത്തിവലിക്കുകില്ല-
മേററവും വൃത്തി വെടിപ്പെഴുന്നോൾ.

കാക്ക നീ ഞങ്ങളെ സ്നേഹിക്കിലും
കാക്കണം സ്വാതന്ത്ര്യമെന്നറിവോൾ!
പൊന്നുപുലരിയുണന്നെണീററു
ചെന്നു കിഴക്കു തീ പൂട്ടിടുമ്പോൾ,

കാളുന്ന വാനത്തു നാളികേര-
പ്പൂക്കളൊന്നു വാടിക്കിടന്നിട്ടുമ്പോൾ
മുത്തൊക്കെമത്താഴവററു വാനിൻ
മുററത്തു ചിന്നിയടിഞ്ഞിട്ടുമ്പോൾ,

കേൾക്കാം പുളിമരക്കൊമ്പിൽനിന്നും
കാക്ക കരഞ്ഞിട്ടും താരനാദം
"ആരാണുറങ്ങുന്ന,തേൽക്കു," കെന്നായ്
കാരണവത്തിതന്നുക്തിപോലെ!

പാടികളിക്കട്ടെ നാലുകെട്ടിൽ
മാടത്ത, തത്ത, കുയിൽ,പ്പിറാക്കൾ;
ഉൾപ്രിയമെങ്കിലും ഗേഹലക്ഷ്മി-
ക്കെപ്പൊഴും കാക്കയോടെന്നു ന്യായം!

ഉള്ളിലടുപ്പത്തു മൺകലത്തിൽ
നല്ലരി വെള്ളിയായ്ത്തുള്ളിട്ടുമ്പോൾ

അങ്ങാളു കോലായിലമ്മ ചോറിൻ
ചങ്ങാതിമാരെച്ചമച്ചിടുമ്പോൾ,

ആഞ്ഞുതിമക്കമൊരുണ്ണി, മണ്ണിൽ
ഞാഞ്ഞൂളുമായ് പ്പടവെട്ടിടുമ്പോൾ ;

ചോടുകൾ വെച്ചു ചെരിച്ചുനോക്കി-
ച്ചൂടെഴും പൂട ചൊറിഞ്ഞു വീഴ്ത്തി

നീട്ടി വിളംബരം ചെയ്വു കാക്ക
നാട്ടിൻപുറത്തെക്കുടുംബസൗഖ്യം.

ചേല്യകൾ നോക്കുവോളല്ല, നാനാ-
വേലകൾ ചെയ്യുവോളിക്കിടാത്തി.

ലോലമായ് മൂപ്പിതളുള്ള നീല-
ക്കാലടിയെങ്ങു പതിഞ്ഞിടുന്നോ

ആ നിലമൊക്കെയും ശുദ്ധിയേൽപ്പ
ചാണകവെള്ളം തളിച്ച പോലെ!

കന്നിക്കൊയ്ത്ത്] [വൈലോപ്പിള്ളി ശ്രീധരമേനോൻ

അഭ്യാസം

1. മററു പക്ഷികളോടുള്ളതിനേക്കാൾ കാക്കയോടു ഗൃഹലക്ഷ്മിക്കു പ്രിയം ഉണ്ടാകാൻ കാരണമെന്ത്?
2. ആശയം വിശദമാക്കുക :—

(a) പൊന്നുപുലരിയുണർന്നെണീററ
. . . .
കാക്ക കരഞ്ഞിടും താരനാദം.

(b) ലോലമായ് മൂപ്പിതളുള്ള നീല-
ക്കാലടിയെങ്ങു പതിഞ്ഞിടുന്നോ
ആ നിലമൊക്കെയും ശുദ്ധിയേൽപ്പ
ചാണകവെള്ളം തളിച്ചപോലെ!

പാഠം 25

അശ്രുധാര

[ഒരു പിതാവിൻെറ വിലാപമാണ്ഃ ഈ കവിത]

സ്നേഹത്താലുള്ളം തുള്ളും
    തായതൻ മുഖമൊന്നു
മോഹനേ ! നോക്കാതെ നീ
    മറഞ്ഞതെന്തീവിധം ?
അകലത്തെങ്ങോ നിന്നിൽ
    സ്വൎഗ്ഗീയസുഖം കാണ്മാൻ
അതിയായ്ക്കൊതിപൂണ്ടു
    ദിനരാത്രങ്ങളെല്ലാം
നിന്നുടെ പിതാവിനെ
    യൊരുനോക്കു നോക്കാതെ
മിന്നൽപോലെന്തേ മറ–
    ഞ്ഞെൻ പ്രിയതനയേ, നീ?
പാവയും കളിക്കോപ്പും
    നിനക്കു നല്കീടാനും,
പാട്ടുകൾ പാടി നിന്നെ–
    ത്തൊട്ടിലിലാട്ടീടാനും,
പൂവുപോൽ സുകുമാര–
    മായ കാലുകൾ നീട്ടി
താവുമൗത്സുക്യത്തോടെ
    നിന്നെ ഹാ ! കിടത്താനും,
അമ്മതന്നുദരത്തിൽ
    നീ കിടക്കുമ്പോൾ മുതൽ
ഉണ്മയിൽ നിന്നെക്കൊഞ്ചി–
    ച്ചീടുവാൻ കൊതിയാൎന്നും.

നിന്നാഗമോത്സവത്തെ
ക്കാത്തൊരക്കുഞ്ഞേട്ടനെ-
ത്തന്നെയും മുന്നെന്തേ
സ്വപ്നം പോൽ മറന്നു നീ?

വസന്തകാന്തി] [നാലാങ്കൽ

അഭ്യാസം

1. ഈ കവിതയെ പരാവർത്തനം ചെയ്യുക.

പാഠം 26

എന്റെ പിച്ചി

(1)

തമാലനീലച്ഛവി ചേൎന്ന വിണ്ണിൽ
ക്രമാൽ സ്ഫുരിച്ചീട്ടുമുഡുക്കൾ പോലെ
സുമങ്ങളോരോന്നു വിടൎന്നു പിച്ചി-
യമേയമാം നൂതനകാന്തിയാൎന്നു.

(2)

നിരന്ന സൂനങ്ങൾ വിരിഞ്ഞതൊട്ടു
നിരീക്ഷണം ചെയ്തുളവെന്റെ ചിത്തം
പരന്ന മോദത്തിരയിങ്കൽ മുങ്ങി-
മുറിഞ്ഞു, പുത്രാപ്തിയിലമ്മ പോലെ.

(3)

അനന്തസൗഭാഗ്യരസം ചൊരിഞ്ഞു
മനം മയക്കുന്ന സുമങ്ങളിപ്പോൾ
നനച്ചു പാലിച്ചതിനെന്നെ നോക്കി-
യനാരതം പുഞ്ചിരി തൂകിടുന്നു.

(4)

അട്ടത്തു ഞാൻ ചെല്ലുകിലാത്മതുഷ്ടി
തുട്ടത്ത പൂമൊട്ടുകളാലെ കാട്ടി
പട്ടത്വമോടെൻ ചെടി ശാഖയാട്ടി
നടിച്ചിട്ടും നന്ദിയവാച്യമായി.

(5)

വിശേഷബോധം ചെറുതും പെടാത്ത
വിശുദ്ധയാം വല്ലരി, നിൻെറ തത്ത്വം
പരോപകാരസ്മൃതിയററ ധൂർത്ത-
നരാനന്വയം കണ്ടു പഠിച്ചിടട്ടെ!

(6)

ഇളം കുളിർക്കാററിലലഞ്ഞുലഞ്ഞു
ദളങ്ങൾതൻ മഞ്ജുളമർമ്മരത്താൽ
മിളൽപ്രമോദം ഭുവനാധിനാഥ-
വിലാസഗാനങ്ങൾ പൊഴിച്ചിട്ടും നീ;

(7)

നിതാന്തസൗരഭ്യമണച്ചെവർക്കു-
മതുല്യമാം മോദമുയത്തി നിന്നും,
പ്രകാമ്യമാം സേവനവൃത്തിയാർന്നും
സ്വകീയജന്മം സഫലീകരിപ്പൂ!   (യുഗ്മകം)

(8)

പ്രസന്നഭാവം, പരിതുഷ്ടി,യാത്മ-
വിശുദ്ധിയെന്നീ ഗുണരശ്മി വീശി
ലസിക്ക! നീ മഞ്ജുലതേ! ജഗത്തിൽ
പ്രശസ്തമാം മാതൃകയായി നീണാൾ.

[മുതുകുളം പാർവ്വതി അമ്മ

അഭ്യാസം

1. പിച്ചിച്ചെടി ലോകത്തിന്റ മാതൃകയായി ശോഭിക്കട്ടെ എന്നു പറയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം ?
2. വിഗ്രഹിച്ചർത്ഥമെഴുതുക :—
   തമാലനീലച്ഛവി ; നിതാന്തസൗരഭ്യം.
3. ഒന്നാം ശ്ലോകത്തിന്റെ വൃത്തവും അലങ്കാരവും നിർണ്ണയിക്കുക.

പാഠം 27

ഹൃദയസ്മിതം

കാളമേഘാളികൾ കാലപ്പകച്ചയാൽ
നീലാംബരത്തിൽ നിരന്നെന്നാലും
വാർമഴവില്ലൊളി സ്വപ്നം കണ്ടംബരം
രുമിന്നൽക്കോൾമയിർക്കൊണ്ടിട്ടുന്നു !

കൂരിരുൾക്കൂട്ടങ്ങൾ കൂത്തടിച്ചെമ്പാട്ടും
പാരം ഭയാനകമാക്കിയാലും
താരകഹീരങ്ങൾ നിശ്ശബ്ദസംഗീത-
ധാരയൊഴുക്കിച്ചിരിച്ചിട്ടുന്നു !

വേനലിൻ കാഠിന്യാൽ സന്തപ്തരായാലും
കാനനച്ചോലകൾ പുഞ്ചിരിയാൽ
ആത്മസംഗീതം പൊഴിച്ചുകൊണ്ടെപ്പോഴു-
മാത്മനാഥാന്തികം തേടിട്ടുന്നു !

ഏകാന്തജീവിയാ, യേററം ചവപ്പേറും
മാകന്ദപല്ലവമാസ്വദിച്ചും
പൂങ്കുയിലാനന്ദമഗ്നനായെപ്പൊഴും
തേങ്കുളിർ സംഗീതം പെയ്തിടുന്നു!
മോഹനമാകുന്ന ദീപകലികയിൽ
സ്നേഹപ്രവാഹം നശിച്ചെന്നാലും
അസ്തമിച്ചീടാൻ തുടങ്ങുന്ന നേരത്തും
നിസ്തുലകാന്തി ചൊരിഞ്ഞിടുന്നു!
അല്ലലിന്നന്ത്യത്തിലാനന്ദമാണെന്ന-
തല്ലാതെയെന്തിവസ്ത്വാന്തരാർത്ഥം?
സത്യമതിങ്ങനെയാണെങ്കിലെന്നുടെ
ദഗ്ദ്ധഹൃദയമേ! നീ ചിരിക്കു.

[ഇടപ്പിള്ളി രാഘവൻപിള്ള

അഭ്യാസം

1. കവി തൻെറ ഹൃദയത്തോടു ചിരിക്കാൻ പറയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

2. പരാവർത്തനം ചെയ്യുക:—

കാളമേഘാളികൾ..............
തൂമിന്നൽക്കോൾമയിർക്കൊണ്ടിടുന്നു!

3. അർത്ഥമെഴുതുക:—

ഹീരം; കലിക; ദഗ്ദ്ധം.

പാഠം 28

സന്ധ്യാംബരം

(1)

ചിത്രാംശുവെന്നു പുകളേറിയ ചിത്രകാരൻ
മുമ്പേ കുറിച്ച ഘനചിത്രപടത്തെയെല്ലാം
ആകാശ ഭിത്തിയിലെടുത്തു നിവൎത്തിനേരേ
ചായം കൊടുത്തു മിഴിവേകി മിനുക്കിടുന്നോ!

(2)

മായാമയ പ്രകൃതി വീട്ടിനു തട്ടുപോലെ
കാണുന്ന കജ്ജളനിറം കലരും നഭസ്സിൽ
വണ്ണ പ്രകാശനിധി വൽഗു കരങ്ങളാലേ
വാണ്ണീഷിടുന്നതിനിനിൻ തുടരുന്നുവെന്നോ!

(3)

ആകാശ, മംബുധി, മരക്കുടിലെന്നിവററി-
ലൊന്നിച്ചു വഹ്നി പിടിപെട്ടു വളൎന്നുവെന്നോ!
മിന്നും കതിർക്കനക പിഞ്ഛികയിട്ടിളക്കി-
ക്കാണിക്കയോ കതിരവൻ പരമിന്ദ്രജാലം!

(4)

അങ്ങോട്ടു നോക്കുക! ചുവപ്പു, വെളുപ്പു, പച്ച-
യെന്നീ നിറങ്ങളിടതിങ്ങിയൊരംബരാന്തം
ചെന്താരു മാമ്പല്യമൊരേ സമയം വിരിഞ്ഞു
പൊന്തുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നോ!

(5)

കല്ലോല മാലകളടിച്ചുടി വിട്ടയന്നു
വാരാശി ഉദ്ഗ നവരത്ന നിറക്കുടങ്ങൾ

വാനത്തടിഞ്ഞുടല്പടഞ്ഞുതിരുന്ന നേരം
ജാജ്ജ്വല്യമാനമണിരാശി പരന്നതാമോ

(6)

ആദിത്യദീപമെരിയുന്നതു കണ്ടു ചുററും
മോഹിച്ചു ചിത്രശലഭങ്ങളണഞ്ഞതാമോ!
അല്ലെങ്കിലസ്തമയ പർവത മസ്തകത്തിൽ
ഗോമേദകച്ചെറു പുഴക്കളിഴഞ്ഞിട്ടന്നോ!

(7)

ലോകൈകശില്പി രജനീവനിതയ്ക്കു ചാർത്താൻ
നക്ഷത്രമാല പണിചെയ്യുവതിന്നുവേണ്ടി
സൗവർണ്ണപിണ്ഡമതുതക്കിയെടുത്തു നീരിൽ
മുക്കുന്നിതാ തപനമണ്ഡല കൈതവത്താൽ.

വിശ്വരൂപം] [വി. സി. ബാലകൃഷ്ണപ്പണിക്കർ

അഭ്യാസം

1. സന്ധ്യാംബരവർണ്ണന സ്വന്തം വാക്യങ്ങളിലെഴുതുക.
2. പരാവർത്തനം ചെയ്യുക:—
   (a) മായാമയ.......................
   .... തുടരുന്നുവെന്നോ!
   (b) ലോകൈക ശില്പി.................
   ......തപനമണ്ഡലകൈതവത്താൽ.
3. അർത്ഥമെഴുതുക:—
   അംശു; കഞ്ജം; വൽഗു; രജനി; തപനൻ.
4. വസന്തതിലകവൃത്തത്തിൻെറ ലക്ഷണമെഴുതുക.
5. ഒന്നും ഏഴും ശ്ലോകങ്ങളിലെ അലങ്കാരം നിർണ്ണയിക്കുക.

എൻെറ അമ്മ

വാക്കിനാൽ സ്നേഹം പകരാൻ പലരുണ്ടാം;
വാത്സല്യമൂർത്തിയെന്നമ്മയില്ല.
കാവിലെന്നാകിലും വേരററാൽ പാദപം
പൂവിടുന്നില്ല തളിക്കുന്നില്ല.
നാനാവിധാമയാധീനനാമെൻസമാ-
ധാനമനുദിനം കാത്തതേതോ,
പ്രേമവാത്സല്യശബളമജ്ജീവിതം
വാർമഴവില്ലുപോൽ മാഞ്ഞുപോയി.
നിർമ്മലസ്നേഹത്തിൻ സേവനനൈപുണ്യ-
മമ്മേ, ഞാനന്നേയറിഞ്ഞതുള്ളു.
മുത്തു തിരഞ്ഞു തണുത്തലഞ്ഞീടുന്ന
മുക്കുവനെന്നപോൽ സ്നേഹധീരം
എന്നെ നിനച്ചോട്ടു വൈശസം കൊണ്ടൊരെ-
ന്നമ്മ സജീവമാം ത്യാഗമായി.
ഏതോ കിനാവിൽ മുഴുകും മിഴികളും,
ഖേദമകററുമധരങ്ങളും,
നീളെച്ചുളിവുകൾ തന്നിൽ നിറഞ്ഞെത്തി
സ്വേദം വഴിയുമത്തുനെററിയും,
മാരിയും മാരുതശല്യവും താങ്ങുമ-
ത്താമര പോലുള്ളോരാനനവും,—
ദീനമനോഹരമായ തവ രൂപം
ഞാനെപ്പൊഴെങ്ങനെ വിസ്മരിക്കും?

മാതൃസ്മരണ] [സി. എ. ജോസഫ്

അഭ്യാസം

1. ഈ കവിതയിലെ ആശയം ചുരുക്കിയെഴുതുക.
2. അർത്ഥമെഴുതുക :—

ശബളം ; വൈശസം.

പാഠം 30

പുരോഗതി

(1)

ഉറക്കം മതി ; ചങ്ങാതി !
യുത്ഥാനം ചെയ്തിടാമിനി ;
എഴുന്നേററിട്ടു വേണ്ടേ നാ-
മെങ്ങോട്ടും സഞ്ചരിക്കുവാൻ.

(2)

നില്പുമീനില്പിൽ നില്ക്കാതെ
നീങ്ങി മുന്നോട്ടു പോയിടാം ;
പിടിച്ചു തള്ളുമല്ലെങ്കിൽ-
പ്പിന്നിൽനിന്നു വരുന്നവർ.

(3)

പറന്നിടേണ്ട പക്ഷേ നാം
പകലോനെപ്പിടിക്കുവാൻ ;
എടുത്തു ചാട്ടക്കാരന്റെ-
യെല്ലൊടിച്ചു വിടും വിധി.

(4)

വിപ്ലവംകൊണ്ടു നേടുന്ന-
വിജയം ക്ഷണഭംഗുരം
അമൃതായ്ക്കാഴ്ചയിൽത്തോന്നു-
മതു നഞ്ഞാണശിക്കുകിൽ.

(5)

‘ചത്തുംകൊന്നു’മടക്കേണ്ട ;-
സാമം സർവ്വസ്വവും തരും ;
ഏവൻ കുടിക്കും ദാഹിച്ചാ-
ലെരിതീമലതൻദ്രവം?

(6)

പയ്യെപ്പോവോർക്കണഞ്ഞീടാം
പ്രാപ്യസ്ഥാനമതിദ്രുതം,
സങ്കല്പദാർഢ്യമുണ്ടെങ്കിൽ-.
സതതോദ്യോഗശീലവും.

(7)

തലയെത്രയ്ക്കുയർന്നാലും
തറയിൽക്കാലുറയ്ക്കണം ;
വൃക്ഷമെത്ര വളർന്നാലും
വേരററാൽ വീണുതന്നെപോം.

(8)

പരക്കംപാച്ചിൽകൊണ്ടുള്ള
ഫലം കാലിന്നു നൊമ്പലം ;
ഏകാഗ്രമാകണം ചിത്ത-
മെങ്കിലേ നന്മവന്നിടൂ.

കല്പശാഖി] [ഉള്ളൂർ

അഭ്യാസം

1. ഈ കവിതയിലെ ആശയം സംഗ്രഹിച്ചെഴുതുക :—
2. അർത്ഥമെഴുതുക :—
   ഉ[illegible]നം ; സാമം ; സതതം.

ദേശീയ സമ്പാദ്യ പദ്ധതി

1 നിങ്ങളുടെ ഭാവിക്കുവേണ്ടിയും ഇന്ത്യയുടെ ഭാ
വേണ്ടിയും മിച്ചം പിടിക്കുക.

2. നിങ്ങൾ പതിവായി സമ്പാദിക്കാറുണ്ടോ ?
ദേശീയ സമ്പാദ്യ പദ്ധതി സർട്ടിഫിക
കളിൽ മുതൽ നിക്ഷേപിക്കുക.

3. നിങ്ങളുടെ നിക്ഷേപങ്ങൾക്ക് പോസ്റ്റാഫീ
സേവിംഗ്സ് ബാങ്ക് ഉപയോഗിക്കുക.

4. നിങ്ങളുടെ സമ്പാദ്യം രാഷ്ട്രത്തിന്റെ സമ്പാദ്യമാ

5. സമ്പാദ്യം നിങ്ങൾക്കും രാഷ്ട്രത്തിനും അഭിവൃ
കൈവരുത്തുന്നു.

6. ആ ചെലവു യഥാർത്ഥത്തിൽ ആവശ്യമുള്ളതാണോ
സമ്പാദിക്കുക ; നിക്ഷേപിക്കുക.

7 നിങ്ങളുടെ ഭാവി ഐശ്വര്യത്തിന് നിങ്ങളു
സമ്പാദ്യങ്ങൾ നിങ്ങളുടെ ഗവണ്മെന്റിനാവ
മാണ്.

PRINTED BY THE S.G.P. AT THE GOVERNMENT PRESS,
ERNAKULAM—1962